

# സ്നേഹയജ്ഞം

Book-a-Month Club

32

D4 24
2264

# സ്നേഹയജ്ഞം
(Jesus Son of David)

Malayalam *All rights reserved*

# SNAHAYENJEM

A free translation from English of
Jesus Son of David
*by* Mother Mary Eleanor - S. H C J

BY
*Kind permission*

Copy rights — 1955 The Bruce Publishing Company
MILWAUKEE

*First Impression November 1960*

*Translated by S Abraham*

*Free to members*

**Price Rs. 2 : 25**

Printed at The Sahodaran Press and Published
by Se-retary, Book-A-Month Club, Ernakulam.

പ്രതിമാസഗ്രന്ഥക്ലബ്ബ്

എറണാകുളം

Series 8 November 1960 No. 5

# സ്നേഹയജ്ഞം

(Jesus Son of David
*by* Mother Mary Eleanor)

വിവ: എസ്സ്. അബ്രഹാം

15583

വില രൂ. 2 : 25 Free to members.

Book-A-Month Club, ERNAKULAM.

പ്രതിമാസഗ്രന്ഥക്ലബ്ബ്

എട്ടാം വയസ്സിലേക്ക പ്രവേശിക്കുന്നു.

M/232

എല്ലാമാസവും ഇതുപോലൊരു ഗ്രന്ഥം
നിങ്ങളുടെ മുമ്പിൽ

വാഷിക വരിസംഖ്യ രൂ. 18

ആയുഷ്കാല വരിസംഖ്യ രൂ. 200

18 രൂപായോ 10 രൂപായോ മണിയോർഡർ ചെയ്ത് നിങ്ങളുടെ മേൽവിലാസവും പോസ്റ്റാഫീസും ഡിസ്ട്രിക്റ്റും വ്യക്തമായി എഴുതി ആവശ്യപ്പെടുക.

സിക്രട്ടറി,

പ്രതിമാസ ഗ്രന്ഥക്ലബ്ബ്

KERALA RAM...

# സ്നേഹയജ്ഞം

## I

## ദിവ്യദർശനം

ഒരു നിമിഷനേരം മേരി നിന്നു, എന്തോ ചിന്തിച്ചുകൊണ്ട്. എന്തെങ്കിലും മറന്നിട്ടുണ്ടാവുമോ അവൾ? ഉണങ്ങിയ മത്സ്യം വാങ്ങിയിട്ടുണ്ടവൾ – ബാർലിയും ഉപ്പും വാങ്ങിയിട്ടുണ്ട്. ഇല്ല - ഒന്നും മറന്നിട്ടില്ല; ആവശ്യമുള്ള സാധനങ്ങളെല്ലാം ആ കുട്ടയിലുണ്ട്. കുട്ട വലത്തേത്തോളിൽനിന്നു ഇടത്തേതിലേക്ക് മാററിയതിനുശേഷം ജനനിബിഡമായ വീഥിയിൽ കൂടി അവൾ നടന്നുതുടങ്ങി.

"കുഞ്ഞേ, അത്തിപ്പഴം ഉണങ്ങിയതു വേണ്ടേ? പാൽക്കട്ടിയും തേനുമുണ്ട്. അങ്ങനെ വല്ലതും വാങ്ങി അമ്മയ്ക്കു കൊണ്ടുകൊടുക്കു, കുഞ്ഞേ.–" കച്ചവടക്കാരിയായ ഒരു വൃദ്ധ മേരിയെ ക്ഷണിച്ചു.

അപ്പോൾ മററൊരുവൾ ആ വൃദ്ധയോടു പറയുകയാണ്: "ശ്ശൂ. അവളുടെ അമ്മ മരിച്ചുപോയി. അച്ഛനും. ആ പെൺകുട്ടി ആരാണെന്നു അമ്മൂമ്മയ്ക്കു് അറിവില്ലേ?"

"ഇല്ലല്ലോ. അവൾ ഏതാണ്, മകളേ?"– വൃദ്ധ ആരാഞ്ഞു.

"ജോയാക്കീമിന്റെയും അന്നയുടേയും മകളാണ് അവൾ. ദേവാലയത്തിലായിരുന്നു അവൾ ഇതുവരെ താമസം. പേര് മേരിയെന്നാണ്."

"നല്ലോരു അരുമപ്പെൺകുട്ടി"— ഈ വിശദീകരണം കേട്ട വൃദ്ധ സംതൃപ്തി രേഖപ്പെടുത്തി. "ആ അമ്മയുടെ കണ്ണുകളും വിനയവും. നല്ലൊരു കൊച്ചുസുന്ദരി." വൃദ്ധ വീണ്ടും കച്ചവടക്കാ

ശ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു: – "അത്തിപ്പഴം — പാൽക്കട്ടി — തേനു്."

ഒരു സുമന്ദഹാസത്തോടെ മേരി നടന്നകലുകയാണു്. മാർക്കററിൽ മണ്ണിട്ടാൽ താഴാത്തവണ്ണം ആൾക്കൂട്ടം. അവരുടെയിടയിൽക്കൂടി ആവതും വേഗം അവൾ നടക്കുന്നു ശിരസ്സിൽ കിടന്ന തുണി അവൾ അല്പംകൂടി നെററിത്തടത്തിലേയ്ക്കു വലിച്ചിട്ടു. മാർക്കററു കടന്നു് ഗ്രാമമദ്ധ്യത്തിലുള്ള കിണററിനു സമീപമെത്തിയപ്പോൾ അവൾക്കു് സന്തോഷമായി അവൾക്കു കൂടുതൽ പരിചിതമായ ഒരു രംഗമാണല്ലോ അതു്. കിണററിനു ചുററും കൂടിയിട്ടുണ്ടു്, അവളുടെ പ്രായത്തിലുള്ള യുവതികൾ. അവരിൽ ഒരുവൾ മേരിയെ വിളിച്ചുചോദിച്ചു:– "മേരി, പോകയാണോ? ഇവിടെ അല്പം നിന്നിട്ടു പോയാൽ പോരേ?"

മധുരമായൊന്നു മന്ദഹസിച്ചു് നിഷേധഭാവത്തിൽ തലയാട്ടി അവൾ മറുപടി പറഞ്ഞു ഇമ്പമേറിയ ശബ്ദത്തിൽ:– "ഇല്ല, ഇന്നു ഞാൻ പോകട്ടെ." അവൾ മുന്നോട്ടുനടന്നു.

"ഏതാണാവോ, ആ പെൺകുട്ടി?" കിണററുകരയിൽ നിന്ന ഒരു യുവതി ആരാഞ്ഞു.

"അതോ– അതാണു മേരി. മരയാശാരി ജോസഫിനെ വിവാഹം ചെയ്യാൻ ഈയിട യറുശലേമിൽനിന്നു അവൾ ഇവിടെ വന്നതാണു്"

"മരയാശാരി ജോസപ്പോ? അയാളെ എനിക്കു പരിചയമാണു്. അയാളോളം സമത്ഥനായ ഒരു തൊഴിലാളി ഈ ഗലീലിയ പ്രദേശത്തെങ്ങുമില്ലാ. നല്ല ഒരു മനുഷ്യൻ."

ഒരിടുങ്ങിയ ഇടവഴിയിൽ മേരി എത്തിക്കഴിഞ്ഞിരുന്നു. ആ ഭാഗത്തു മാക്ക്റററിലേയോ പൊതുനിരത്തിലെയോ പോലെ ആൾക്കൂട്ടമില്ല. അതുകൊണ്ടു നടപ്പിൻെറ ഗതിവേഗം അവൾ തെല്ലൊന്നു കുറച്ചു. ആനന്ദസംദായകമായ ഒരുദിനം. ആക്കും തോന്നും, ഒന്നു പാടിയാൽ കൊള്ളാമെന്നു്. നിരനിരയായി കാണപ്പെട്ട കൊച്ചുവീടുകളുടെ ഭിത്തികളിൽ പ്രതിബിംബിച്ചു കൊണ്ടിരുന്ന സൂയ്യപ്രകാശം കണ്ണുകൾ അഞ്ചിയ്ക്കും. ദേവാല

യത്തിൽ വച്ച് അവൾ ഹൃദിസ്ഥമാക്കിയിരുന്ന ആ രാജാവ്, ദാവീദിന്റെ ഒരുപാട്ട് അവളുടെ ഓർമ്മയിലുയർന്നു:—

"കർത്താവിനു് ഒരു പുതിയ പാട്ടു പാടുവിൻ—

എന്തുകൊണ്ടെന്നാൽ അദ്ദേഹം അൽഭുതകാര്യങ്ങൾ നിർവ്വഹിച്ചിരിക്കുന്നു"

ആ ഇടവഴി കടന്നു അല്പദൂരം വന്നാൽ ഒലിവുമരങ്ങൾ നില്ക്കുന്ന ഒരുദ്യാനം കാണാം. ആ ഉദ്യാനത്തിലുണ്ടായിരുന്ന ഏതാനും വീടുകളിൽ ഒന്നിന്റെ മുൻപിൽ മേരി നിന്നു. മുൻവാതിൽ തുറന്നു. ചുററുപാടും അവളൊന്നു നോക്കി. എന്നിട്ടവൾ വീട്ടിനുള്ളിൽ പ്രവേശിച്ചു.

വീട്ടിനുള്ളിൽ ആരുമില്ല. ആ ഏകാന്തത അവൾക്കു ആനന്ദപ്രദമായിരുന്നു. മാതാപിതാക്കരം അന്തരിച്ചുപോയതുകൊണ്ടു് അവൾ ബന്ധുക്കളുടെ കൂടെയാണു താമസം. അവരാണെങ്കിൽ അതിയായ വാത്സല്യത്തോടെയാണു അവളോടു പെരുമാറി വന്നതു്. എന്നാലും ദേവാലയത്തിലെ പ്രശാന്തതയും, ഗ്രാമത്തിലെ ശബ്ദായമാനമായ അന്തരീക്ഷവും തമ്മിലുള്ള അന്തരം— അവൾ താരതമ്യപ്പെടുത്താറുണ്ടായിരുന്നു. അയൽക്കാർ ഓരോരുത്തരായി ആ ഗൃഹത്തിൽ വന്നുകൊണ്ടിരിക്കും—നാട്ടുവർത്തമാനം പറയാൻ. "നീ അറിഞ്ഞോ, കുഞ്ഞേ, നമ്മുടെ റാഹേൽ ആ വിഞ്ഞുകച്ചവടക്കാരൻ ലേവിയെ വിവാഹം കഴിക്കാൻ പോകുന്ന കാര്യം?" എന്നാരംഭിക്കും ഒരുവൾ. അപ്പോഴായിരിക്കും മററൊരുവൾ അറിയിക്കുന്നതു്:— "എന്റെ മേരി, നീ അറിഞ്ഞില്ലായിരിക്കും. ഞങ്ങളുടെ കൊച്ചുയാക്കോബിനു പനിയാണെന്നുള്ള കാര്യം. എനിക്കൊന്നു മാർക്കററിലേക്കു പോകയും വേണം. കുറച്ചുസമയം നീ അവന്റെ അടുക്കലൊന്നിരിക്കാമോ?" അപ്പോരം മൂന്നാമതൊരുവൾ വന്നെത്തിക്കഴിഞ്ഞു ഒരു നിവേദനവുമായി:— "എന്റെ മേരീ, ഇന്നു ഞങ്ങളുടെ കോഴി മുട്ടയിട്ടില്ല. രണ്ടു മുട്ടകരം കടം തരാമോ?" ഇങ്ങനെയുള്ള ആവശ്യങ്ങളുമായാണു് അയൽക്കാർ മേരിയെ സമീപ്പിക്കുക. മടികൂടാതെ മേരി മുട്ട കൊടുക്കും — കൊച്ചുയാക്കോ

ബിൻെറ പാർശ്വത്തിലിരുന്നു അവനെ ഉറക്കുന്നതും മേരിയായിരിക്കും. നസ്രേത്തിലെ ജീവിതം, സ്നേഹവും സന്മനോഭാവവും കൊണ്ടു സമ്പന്നമായിരുന്നു. എന്നാലും ദേവാലയത്തിലെ ജീവിതം അവൾക്കു നൽകിയ വശ്യമായ പ്രശാന്തത വിസ്മരിക്കാൻ അവളെക്കൊണ്ടാവില്ല. അതുകൊണ്ടുതന്നെയായിരിക്കണം ആ വീട്ടിലെ അപ്പോഴത്തെ ഏകാന്തതയിൽ അവൾ സംതൃപ്തയായതു്.

മുൻവാതിൽ അടച്ചശേഷം അവൾ കുട്ട തറയിൽവച്ചു. മാർക്കററിൽ പോകുന്നതിനുമുമ്പ് അവൾ വീട്ടിലെ സാധനങ്ങൾ അടുക്കിവച്ചിരുന്നു അങ്ങനെതന്നെ ആ മുറിയിലിരിപ്പുണ്ടു്. റൊട്ടിയുണ്ടു് – പാൽക്കട്ടിയുണ്ടു്. അത്തിപ്പഴമുണങ്ങിയതുമുണ്ടു്. ഏതെങ്കിലും കുഞ്ഞുങ്ങൾ വിരുന്നു വരികയാണെങ്കിൽ കൊടുക്കാനാണ് അവൾ അവ സംഭരിച്ചു വച്ചതു്. ഇനി ആ വിഭവങ്ങളെല്ലാം അത്താഴത്തിനാകട്ടെയെന്നവൾ തീരുമാനിച്ചു.

അത്താഴം കഴിക്കാൻ ബന്ധുക്കൾ വന്നെത്തുംവരെ അവൾക്കു് ജോലിയൊന്നും ചെയ്തു തീർക്കാനില്ല.

മുൻവശത്തെ തളത്തിനുനേരേ പിൻപിലാണു കലവറ. കണ്ടാൽ തോന്നും, അതൊരു ഗുഹയാണെന്നു്. മേരി അതിനുള്ളിൽ പ്രവേശിച്ചു വാതിലടച്ചു. അടുത്തനിമിഷം കണ്ണുകളടച്ചു്, കൈകൾകൂപ്പി മുട്ടുകളിന്മേൽനിന്നു ആ യുവതി പ്രാർത്ഥനാനിരതയായി. ഭിത്തിയിൽക്കൂടി ഒരു പല്ലി ഇഴഞ്ഞിറങ്ങിവന്നു് അവളെയൊന്നു സൂക്ഷിച്ചുനോക്കി; അവിടെ ഉണ്ടായിരുന്ന ഒരു ദ്വാരത്തിനുള്ളിൽ അതങ്ങു പ്രവേശിക്കുകയും ചെയ്തു. നിമിഷങ്ങൾ അങ്ങനെ സാവധാനം മുന്നോട്ടു നീങ്ങുകയാണു്.

പെട്ടെന്നൊരു ചലനംകേട്ടു മേരി മേല്പോട്ടുനോക്കി. ആരോ ഒരാൾ ആ മുറിയ്ക്കുള്ളിലുണ്ടു്. അമാനുഷികമായ സൗന്ദര്യത്താൽ പ്രശോഭിതനായിരുന്ന ഒരു അപരിചിതൻ. എങ്ങനെ വന്നു അയാളവിടെ. മേരി അടച്ചിരുന്ന കതകു ആരും തുറന്നിട്ടില്ല. അക്കാര്യം നോക്കി അവൾ തിട്ടപ്പെടുത്തി. അവൾ വീണ്ടും കണ്ണുകളടച്ചു. എന്നിട്ടവൾ അവ തുറന്നു ചുററുപാടു

മൊന്നു നോക്കി. ആ അപരിചിതൻ അപ്പോഴും അവിടെത്തന്നെ നില്ക്കുന്നുണ്ടു്—പ്രഭാപൂരം വിതറുന്ന ആ കോമളൻ. ദിവ്യസൗന്ദര്യത്താൽ അനുഗ്രഹീതമായിരുന്ന ആ സുന്ദരരൂപം ഒരു മനുഷ്യൻേറതായിരിക്കാൻ തരമില്ല—മേരി വിചാരിച്ചു. അപ്പോഴാണു അവൾക്കു തോന്നുക:– അതൊരു ദൈവദൂതൻ ആയിരിക്കുമോയെന്നു്. ജീവിതവിശുദ്ധിയുള്ളവരെ ചിലപ്പോഴൊക്കെ ദൈവദൂതർ സന്ദർശിക്കാറുണ്ടെന്നു് അവൾ കേട്ടിട്ടുള്ളതാണല്ലോ. യാക്കോബു്, ഏലിയാ തുടങ്ങിയുള്ള വിശുദ്ധവ്യക്തികളുടെ ചിത്രം അപ്പോളവളുടെ മനസ്സിലുയൻു. അവൾ സ്വയം ചോദിക്കയാണു്, ഒരു ദൈവദൂതൻ അവളുടെ മുൻപിലും പ്രത്യക്ഷപ്പെട്ടോയെന്നു്. ആ തേജഃപുഞ്ജത്തിൻെറ സാമീപ്യം അവളെ അസ്വസ്ഥയാക്കി; അവളുടെ ദേഹം വിറച്ചു. ഈ ഭാവഭേദത്തിനിടയിൽ ആ കോമളസ്വരൂപം അവളെ അഭിവാദനം ചെയ്യുകയാണു്:– "നന്മനിറഞ്ഞവളേ, നിനക്കു സ്വസ്തി! കർത്താവു നിന്നോടുകൂടെ. സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ നീയാകുന്നു"

അപ്പോൾ മേരിക്കു ബോദ്ധ്യമായി, ആ സന്ദർശകൻ ഒരു മാലാഖ തന്നെയാണെന്നു്; ദൈവസന്നിധിയിൽനിന്നു ആഗതനായ ഒരു സന്ദേശവാഹകൻ തന്നെയാണെന്നു്. അദ്ദേഹമാണു് അവളെ അഭിസംബോധനം ചെയ്യുന്നതു്:– "നന്മനിറഞ്ഞ മറിയമേയെന്നു്; വാഴ്ത്തപ്പെട്ടവളെന്നു്." അവളമ്പരന്നു. ശ്വാസോച്ഛ്വാസംതന്നെ അവൾക്കു വിഷമകരമായി.

ആദരവോടെ, സ്നേഹത്തികവോടെ ആ ദിവ്യസന്ദേശവാഹകൻ മേരിയെ നോക്കി മധുരമായി ഒന്നു മന്ദഹസിച്ചു. അദ്ദേഹം ഒന്നുരണ്ടു അടികൂടി അവളെ സമീപിച്ചു. എന്നിട്ടദ്ദേഹം പറയുകയാണു്: —

"മേരീ, നീ ഭയപ്പെടേണ്ട. എന്തുകൊണ്ടെന്നാൽ ദൈവത്തിൻെറയടുക്കൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു."

അതു കേട്ടപ്പോൾ മേരിയുടെ സംഭ്രാന്തി തെല്ലൊന്നടങ്ങി.

ശ്വസിക്കാനുള്ള വൈഷമ്യം ഏറെക്കുറെ നീങ്ങി. വീണ്ടും ദൈവദൂതൻ അവളോടു് സംസാരിക്കയാണു്: —

"ഇതാ, നീ ഗർഭംധരിച്ചു് ഒരു പുത്രനെ പ്രസവിക്കും. അവനു യേശുവെന്നു നീ പേരിടണം."

ആ വാക്കുകൾ കേട്ടപ്പോൾ മേരിയുടെ മുഖം വിളറി. പക്ഷേ, ദൈവദൂതനാകട്ടെ സംഭാഷണം തുടന്നു: — "അവൻ വലിയവനായിരിക്കും. അത്യുന്നതൻെറ പുത്രനെന്നു വിളിക്കപ്പെടും. ദാവീദിൻെറ സിംഹാസനം ദൈവമായ കർത്താവു് അവനു കൊടുക്കും. യാക്കോബിൻെറ ഭവനത്തിന്മേൽ അവൻ എന്നേക്കും ഭരണം നടത്തും. അവൻെറ രാജ്യത്തിനു അന്ത്യമുണ്ടാകയുമില്ല."

ആ വാക്കുകളുടെ സൂചനയും ആന്തരാർത്ഥവും മനസ്സിലാക്കാൻ മേരിക്കു വിഷമമുണ്ടായില്ല. ആ സൂചനയുടെ പൊരുൾ അറിയുവാൻ പാടില്ലാത്ത യഹൂദയുവതികൾ അക്കാലത്തുണ്ടായിരുന്നില്ല. മനുഷ്യരാശിയെ രക്ഷയിലേക്കാനയിക്കാൻ ആഗതനാകാനിരിക്കുന്ന ദിവ്യരക്ഷകൻെറ നിർവ്വചനം അതായിരുന്നു. യെശായാ പ്രവാചകൻെറ പുസ്തകച്ചുരുളുകളിൽനിന്നു സംഗതമായ ആ ഭാഗം സാബ്ബത്തിൽ ദേവാലയത്തിൽ വായിക്കുന്നതു് എത്രയെത്ര പ്രാവശ്യമാണു് അവൾ കേട്ടിട്ടുള്ളതു്!

ആഗതനാകാനിരിക്കുന്ന രക്ഷകൻെറ മാതാവായിത്തീരുമെന്നു സ്വപ്നംകാണാത്ത കന്യകകളില്ല, അക്കാലത്തു്. അതിനുവേണ്ടി പ്രാർത്ഥിക്കാത്ത അവിവാഹിതകളുമില്ല.

ഇപ്പോഴിതാ അത്യുന്നതനായ ദൈവത്തിൻെറ ഒരു സന്ദേശവാഹകൻ അവളുടെ മുമ്പിൽ നിൽക്കുന്നു — സ്വപുത്രൻെറ മാതാവായി ദൈവം തിരഞ്ഞെടുത്തതു് അവളെയാണെന്ന മഹാസന്ദേശവുമായി. അവൾ അമ്പരന്നു. ഇടറുന്ന ശബ്ദത്തിൽ അവൾ ആ ദൈവദൂതനോടു ചോദിക്കയാണു്: — "പുരുഷൻ എനിക്കറിയപ്പെടാത്തവനായിരിക്കയാൽ ഇതെങ്ങിനെ സംഭവിക്കും?"

അതിനു ആ സന്ദേശവാഹകൻ അസന്ദിഗ്ദ്ധം പ്രത്യുത്തരം നൽകി. അദ്ദേഹം ദൈവത്തിൽനിന്നു കൊണ്ടുവന്ന ദൂതിന്റെ ഒരു ഭാഗമായിരുന്നു ആ പ്രത്യുത്തരം.

"പരിശുദ്ധാത്മാവു വരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ഇതിനാൽ നിന്നിൽനിന്നു് ജനിക്കുന്നവൻ പരിശുദ്ധനാകുന്നു. ദൈവത്തിന്റെ പുത്രനെന്നു അവൻ വിളിക്കപ്പെടുകയും ചെയ്യും. ഇതാ, നിന്റെ ചാച്ചക്കാരി എലിശ്ബായും അവളുടെ വാർദ്ധക്യത്തിൽ ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. മച്ചിയെന്നു വിളിക്കപ്പെടുന്ന അവൾക്കിതു് ആറാം മാസമാകുന്നു. ദൈവത്തിനു ഒരു കാര്യവും പ്രയാസമുള്ളതല്ലല്ലോ!"

ഇത്രയും പറഞ്ഞശേഷം ആ ദൂതൻ ഒരടി പിന്നോക്കം വച്ചു്, മേരിയുടെ മറുപടിക്കു കാത്തുനിന്നു. മാധുര്യം വഴിഞ്ഞൊഴുകുന്ന നാദവിശേഷത്തോടെ ആ കന്യകയുടെ അധരങ്ങളിൽ നിന്നു മറുപടിയുണ്ടായി: — "ഇതാ ഞാൻ, കർത്താവിന്റെ കൈത്തോഴി. നിന്റെ വാക്കുപോലെ എന്നിൽ ഭവിക്കട്ടെ."

ഒരു രാജ്ഞിയുടെ മുൻപിലെന്നപോലെ ദൈവദൂതൻ മേരിയുടെ മുൻപിൽ ശിരസ്സു നമിച്ചു. അടുത്ത നിമിഷം അദ്ദേഹം അപ്രത്യക്ഷനായി. നിശ്ചലയായി മേരി അവിടെത്തന്നെ നിന്നു – ഏകാന്തതയിൽ അവളുടെ രഹസ്യവുമായി. ലോകം അറിഞ്ഞിട്ടുള്ളതിൽ ഏററവും ഗംഭീരവും ശക്തവുമായ രഹസ്യം. റോമാനഗരിയിലെ കൊട്ടാരത്തിൽ വാണരുളിയ കൈസർ ആ രഹസ്യം അറിഞ്ഞിട്ടില്ല. യറുശലേം നഗരത്തിലെ രമ്യഹർമ്മ്യത്തിലിരിയ്ക്കുന്ന ഹെറോദാവും അറിയുന്നില്ല, ആ മഹാരഹസ്യം. ദേവാലയത്തിലെ മഹാപുരോഹിതക്കും ഗ്രഹിക്കാൻ സാധിച്ചില്ല ആ രഹസ്യം. അതവൾ പരസ്യമാക്കുകയില്ല. പരസ്യമാക്കാൻ അതു് അവളുടെ രഹസ്യമല്ല – ദൈവത്തിന്റെ പരിശുദ്ധ രഹസ്യമാണതു്. ലോകരാഷ്ട്രങ്ങളുടെ പ്രത്യാശയായ യേശു വരുന്നു. ആഗതനാകുന്ന ആ ദിവ്യരക്ഷകൻ അവളുടെ പുത്രനായിട്ടാണു് അവതരിക്കാൻ ഭാവിക്കുന്നതു്.

ഒരു ചുംബനം അപ്പിച്ച ശേഷം ഒരു ചിത്രശലഭം മേരിയെ കടന്നുപോയി. പക്ഷേ അവളതു അറിഞ്ഞില്ല. സൂര്യാസ്തമന സമയത്തെ നിഴലുകരംക്കു് ദൈഘ്യം വദ്ധിക്കുന്നു. അതും അവ ളറിയുന്നില്ല. അപ്പോഴതാ മുൻമുററത്തു കാൽപ്പെരുമാററശബ്ദം കേരംക്കുന്നു. മനുഷ്യർ സംസാരിക്കുന്ന ശബ്ദം അവളുടെ കാതു കളിലെത്തി. ആ വാതിൽ തുറന്നു. ഉറക്കുണരുന്ന ഒരാളെപ്പോ ലെ ആ ദിവ്യദശ്നത്തിൻെറ മാസ്മരവശ്യതയിൽനിന്നു അവ ളുണന്നു. പെട്ടെന്നവരംക്കു ഓമ്മവന്നു, എവിടെയാണവരം നിൽക്കുന്നതെന്നു്; എന്തെല്ലാമാണു് സംഭവിച്ചതെന്നു്. അതി വേഗം അവരം വാതില്ക്കൽ നടന്നെത്തി. അത്താഴത്തിനു സമയ മായിരിക്കുന്നു.

# II

## ബന്ധുഗൃഹത്തിൽ

ഒരു ചെറുസംഘം സഞ്ചാരികരം നസ്രേത്തിനു സമീപ മുള്ള കിഴ്ക്കാംതൂക്കായ വഴിയിൽക്കൂടി യാത്രചെയ്യുകയാണു്. നാലഞ്ചു പുരുഷന്മാർ കാൽനടയായും, ഏകദേശം അത്രയും തന്നെ സ്ത്രീകരം കഴുതകളിലേറിയും. കുറെ ബാലികാബാല ന്മാരുമുണ്ടു്, ആ സംഘത്തിൽ.

സന്തോഷചിത്തരായി ഓടിയും നടന്നും, മുന്നേറുന്ന ആ കുഞ്ഞുങ്ങരം ഏകകണ്ഠമായി പറയുകയാണു്:—"മേരി, ഞങ്ങരം ക്കെത്ര സംതൃപ്തിയാണെന്നോ, മേരിയും ഞങ്ങളുടെ കൂടെ വരു ന്നതു്? മേരി എന്തിനാണു് അയിൻകരീമിലേക്കു പോകു ന്നതു്?"

മേരി ആ കുഞ്ഞുങ്ങളെ ഓരോരുത്തരെയും നോക്കി മധുര മായി, സ്നേഹത്തികവോടെ പുഞ്ചിരിച്ചു:- "അവിടെ എൻെറ ഒരു ബന്ധുവുണ്ടു് — ഏലീശ്ബാ. അവരെ കാണാനാണു് ഞാൻ പോകുന്നതു്."

"ആ ബന്ധുവും മേരിയെപ്പോലെയായിരിക്കുമോ?" അതായി ആ ജിജ്ഞാസുക്കളുടെ അടുത്ത അന്വേഷണം.

"അല്ലല്ലോ, കുഞ്ഞുങ്ങളെ."–സാവധാനം മേരി പറഞ്ഞു. "ഏലിശ്ബാ വൃദ്ധയാണ്. ഏറ്റം സ്നേഹവും ദയയുമുള്ളവരാണെന്നോ, അവർ."

"കുഞ്ഞുങ്ങളേ, നിങ്ങൾ മേരിയെ ശല്യപ്പെടുത്താതിരിക്കുക."– പ്രായം കൂടിയ ഒരു സ്ത്രീ ആ ചോദ്യകർത്താക്കളെ അല്പമൊരു ശാസനാരൂപത്തിൽ വിലക്കി. ഒരു ചെറുമന്ദഹാസത്തോടെ മേരി ആ ശാസനയിൽ പ്രതിഷേധം രേഖപ്പെടുത്തി. കുഞ്ഞുങ്ങളാണെങ്കിൽ, അല്പനേരം മൗനമവലംബിച്ചു. ഓരോ കാര്യങ്ങൾ ചിന്തിച്ചുകൊണ്ടു മേരി സാവധാനം മുന്നോട്ടുപോകയാണ്. ദൈവദൂതൻ ആ മഹാ സന്ദേശവുമായി അവളെ സന്ദർശിച്ചിട്ടു കഷ്ടിച്ചു ഒരു വാരമേ ആയുള്ളു. പക്ഷേ, അതു വളരെക്കാലം മുൻപുണ്ടായ ഒരു സംഭവമായവൾക്കു തോന്നി. യേശുവാണ് അവളുടെ ചിന്തകളുടെ കേന്ദ്രം. മാവു പൊടിക്കുമ്പോഴും, റൊട്ടിയുണ്ടാക്കുന്ന വേളയിലും, നൂൽനൂൽക്കുന്ന അവസരത്തിലും യേശുതന്നെയായിത്തീർന്നു അവളുടെ ചിന്ത. ആ ചിന്താമണ്ഡലത്തിലെ രാജാവ് ജനിക്കാനിരിക്കുന്ന ആ ദിവ്യശിശുവാണ്.

ഏലിശ്ബായെ സന്ദർശിക്കുന്നതു സംബന്ധിച്ച് മേരിക്കു ദൈവദൂതൻ യാതൊരു നിർദ്ദേശവും നല്കിയിരുന്നില്ല. എന്നാലും അവർ വൃദ്ധയല്ലേ; മേരിയെപ്പോലെതന്നെ ആ വൃദ്ധയും ഒരു മഹാരഹസ്യം ഉൾക്കൊള്ളുന്നില്ലേ? ദൈവദൂതന്റെ സന്ദർശനത്തിനുശേഷം ആ രാത്രിയിൽത്തന്നെ ഉറങ്ങുന്നതിനു മുൻപു അവൾ നിശ്ചയിച്ചുറച്ചതാണ്, ഏലിശ്ബായെ കാണണമെന്ന്. അവൾ ചെന്നാൽ ആ വൃദ്ധയ്ക്കു് ഗൃഹജോലികളിൽ അല്പമെങ്കിലും സഹായം ലഭിക്കാതിരിക്കുമോ? പ്രകാശം വിതറുന്ന പ്രഭാതവേളകളിൽ അവർക്കൊരുമിച്ചിരുന്നു നൂലു നൂല്ക്കാം. ഏലിശബായ്ക്കു പ്രതീക്ഷിതനായ ശിശു ജനിക്കുന്നതിനു മുൻപു ഒരു നൂറുകൂട്ടം ജോലികൾ ചെയ്തുതീർക്കാൻ ഉണ്ടാവുമല്ലോ.

ദക്ഷിണഭാഗത്തേക്കു ഒരു സംഘം സഞ്ചാരികഠം പോകുന്നെന്നു കേട്ടപ്പോഠം മേരിക്കു സന്തോഷമായി. സ്നേഹവും സഹോദരത്വവുമുള്ളവരായിരുന്നു, ആ സംഘത്തിലെ അംഗങ്ങഠം. യറുശലേമിലേക്കാണ് അവരുടെ യാത്ര. അക്കൂട്ടത്തിൽ അയിൻകരീമിൽ മേരിയെ കൊണ്ടാക്കാമെന്നു ആ അയൽക്കാർ സ്നേഹപൂർവ്വം മേരിയോടു പറഞ്ഞു. കുഞ്ഞുങ്ങഠം മേരിയുടെ ഇരു പാർശ്വങ്ങളിലും കൂടി ആഹ്ലാദചിത്തരായി നടക്കുന്നു, ഇളംകരങ്ങളാൽ മേരിയുടെ കൈകളെയോ വസ്ത്രങ്ങളെയോ സ്പർശിച്ചുകൊണ്ടു്. യേശുവും അവളുടെ കരങ്ങഠം ഗ്രസിക്കാനും, വസ്ത്രങ്ങളിൽ പിടിച്ചു വലിക്കാനും ഇനി ഏതാനും മാസങ്ങഠം കൂടിയല്ലേ വേണ്ടു; ചാരിതാർത്ഥ്യത്തോടെ ആ യുവതി ചിന്തിച്ചു.

"ഒരു കഥ പറഞ്ഞു കേഠംപ്പിക്കു, മേരി"- ആ കുഞ്ഞുങ്ങഠം ഒരു നിവേദനം സമർപ്പിച്ചു.

"ഏതു കഥയാണ് എന്റെ കുഞ്ഞുങ്ങളെ?"- വാത്സല്യപൂർവ്വം അവഠം ആരാഞ്ഞു. പക്ഷെ, അപ്പോഴും അവഠം ചിന്തിക്കയാണ് – "അത്യുന്നതന്റെ പുത്രനെന്നും അത്ഭുതപ്രവർത്തകനെന്നും, ആലോചനക്കാരനെന്നും, ശക്തനായ ദൈവമെന്നും സമാധാനത്തിന്റെ രാജാവെന്നും അദ്ദേഹം വിളിക്കപ്പെടും."

യാത്രയുടെ ഒന്നാം ദിവസം നമ്മുടെ സഞ്ചാരികഠം ഫലഭൂയിഷ്ഠമായ എസ്‌ഡ്രലോൻ സമതലത്തിൽക്കൂടി കടന്നു പോയി. യാത്രാമദ്ധ്യേ ചിലപ്പോഠം അവർ മൗനമവലംബിക്കും - ചിലപ്പോഠം അവർ സംഭാഷണത്തിലേർപ്പെടും. സ്വന്തം കുഞ്ഞുങ്ങഠംക്കു പല്ലുവന്നു തുടങ്ങിയതും, അവർ പിച്ചപ്പിച്ച വെച്ചു തുടങ്ങിയതുമായിരിക്കും സ്ത്രീകളുടെ പ്രധാന സംഭാഷണ വിഷയം. യേശുവും ആ ഘട്ടങ്ങളിലൂടെ കടന്നുപോകുമല്ലോ എന്നു ചിന്തിക്കും, മേരി ആ സംഭാഷണം കേഠംക്കുമ്പോഠം. കാഴ്ചകവിളവുകഠം, വിഭവങ്ങളുടെ വില, കൈസർ പ്രഖ്യാപിച്ച ചില നൂതന നിയമങ്ങഠം, അതല്ലെങ്കിൽ സ്വപുത്രരിൽ രണ്ടുപേരെ വധിച്ച് മൂന്നാമതൊരുവനെക്കൂടി വധിക്കാൻ ആലോചിക്കുന്ന

ഹെരോദേസിൻെറ ക്രൂരത-എന്നിങ്ങനെ പോകും പുരുഷന്മാരുടെ സംഭാഷണം. അതിലൊന്നും മേരിക്കു താല്പര്യമില്ല. എന്നാൽ മിശിഹായുടെ ആഗമനകാര്യത്തിലേക്കു സംഭാഷണം തിരിയുമ്പോൾ അവൾ അതിൽ പൂർണ്ണശ്രദ്ധയും കേന്ദ്രീകരിക്കും.

"മിശിഹായല്ലേ-ഉവ്വ്-അദ്ദേഹം ആഗതനാകാൻ ഇനി കുറച്ചു കാലമേ വേണ്ടൂ. അതുതന്നെയാണു നമ്മുടെ റബ്ബികളുടേയും അഭിപ്രായം. റോമൻനുകത്തിൽ നിന്നു അദ്ദേഹം നമ്മെ സ്വതന്ത്രരാക്കുകതന്നെ ചെയ്യും.'' വഴിയിൽവച്ചു അവരൊരു പരീശനെ കണ്ടുമുട്ടി. ആ മനുഷ്യൻ അവരുടെ അഭിപ്രായത്തെ അനുകൂലിച്ചു:-"മിശിഹായുടെ വരവു് അടുത്തിരിക്കുന്നു. കാര്യങ്ങളുടെ ചുമതലയൊക്കെ ഏറ്റെടുക്കാൻ അദ്ദേഹം വരുന്നതു പ്രതീക്ഷിച്ചിരിക്കയാണു ഞങ്ങൾ."

അവരുടെ പ്രതീക്ഷകളും പ്രത്യാശകളും ഇങ്ങനെ പ്രകടിപ്പിച്ചു കേട്ടപ്പോൾ മേരി മന്ദഹസിച്ചു. പക്ഷേ, അവളുടെ രഹസ്യം ആ അവസരത്തിലും രഹസ്യമായിത്തന്നെ അവൾ സൂക്ഷിച്ചു. അങ്ങകലെ ചക്രവാളത്തിൽ ശമരിയായിലെ മനോഹരമായ കുന്നുകൾ ആ സഞ്ചാരികൾക്കു കാണാം. അതേ-മിശിഹാ അടുത്ത അവസരത്തിൽത്തന്നെ ആഗതനാകും. ആ യഥാർത്ഥം മററാരേയുംകാൾ കൂടുതൽ ഖണ്ഡിതമായി അവൾക്കറിവുണ്ടു്. പക്ഷേ, അവളതാരോടും പറയാൻ സന്നദ്ധയായില്ല.

രണ്ടാംദിവസം യാത്രക്കാർ ശമരിയായയിൽ പ്രവേശിച്ചു. അവരെ സംബന്ധിച്ചിടത്തോളം അതൊരു സുഹൃത്പ്രദേശമല്ലായിരുന്നു. അതുകൊണ്ടു മുൻകരുതലോടെ ആവശ്യത്തിനുമാത്രം സംസാരിച്ചുകൊണ്ടു് അവർ ആ പ്രദേശത്തുകൂടി കടന്നുപോയി. യാത്രയുടെ മൂന്നാമത്തെയും നാലാമത്തെയും ദിവസങ്ങളിൽ ഒലിവുവൃക്ഷങ്ങൾ തിങ്ങിവളരുന്ന യഹൂദിയായിൽക്കൂടി അവർ യാത്ര ചെയ്തു. പാറക്കെട്ടുകളുള്ള നിരപ്പല്ലാത്ത ഒരു പ്രദേശമായിരുന്നു അതു്. എന്നാൽ അവിടത്തെ കുന്നുകൾ ഓരോന്നും യഹൂദർ പരിശുദ്ധമായി കണക്കാക്കിപ്പോന്നു.

വഴിയിൽ ഒരു വളവു കടന്നു അവർ മുന്നോട്ടു നീങ്ങിയപ്പോൾ കുഞ്ഞുങ്ങളോടായി മേരി പറയുകയാണു്:- "ഇതാണു് ബെഥേൽ. ആകാശത്തോളമെത്തുന്ന ഗോവണി നമ്മുടെ പൂർവ്വപിതാവായ യാക്കോബു കണ്ടതു ഈ സ്ഥലത്തുവച്ചാണു്."

"അതൊന്നു ഞങ്ങളോടു പറയണേ" - കുട്ടികൾ നിർബന്ധം പിടിച്ചു. "അവിടെ അപ്പോൾ മാലാഖമാരുണ്ടായിരുന്നോ?"

"ഉവ്വ്, നിരവധി മാലാഖമാരുണ്ടായിരുന്നു. അവർ ആ ഗോവണിവഴി സ്വർഗ്ഗത്തിലേക്കു കയറുകയും, സ്വർഗ്ഗത്തിൽ നിന്നിറങ്ങുകയും ചെയ്തുകൊണ്ടിരുന്നു."

അങ്ങനെ കഥ പറഞ്ഞുകൊണ്ടു് അവർ കിഴ്ക്കാംതൂക്കായ ഒരു കുന്നിന്റെ മുകളിലെത്തിച്ചേർന്നു. ആ കുന്നിന്റെ ഉപരിതലത്തിൽനിന്നു നോക്കിയാൽ കാണാം, യറുശലേം നഗരിയിലെ ഗോപുരങ്ങളും മണിമേടകളും സൂര്യപ്രകാശത്തിൽ വെട്ടിത്തിളങ്ങുന്നതു്. അവയെല്ലാററിനും ഉപരിയായി ദേവാലയത്തിന്റെ മണിമാളികകൾ അവർ കണ്ടു. മനോഹരവും ഭക്തിദ്യോതകവുമായ ആ കാഴ്ച നോക്കി സഞ്ചാരികൾ ഏതാനും നിമിഷനേരം നിശ്ശബ്ദരായി നിശ്ചലരായി നിലകൊണ്ടു. അതിനുശേഷം അവർ കുന്നിറങ്ങിത്തുടങ്ങി. സമൃദ്ധമായി തിങ്ങി വളർന്നിരുന്ന ഒലിവുവൃക്ഷങ്ങൾ യറുശലേമിനെ അവരുടെ കാഴ്ചയിൽ നിന്നു മറച്ചു. അല്പദൂരംകൂടി മുന്നോട്ടു പോയപ്പോൾ അയിൻകരീമിലേക്കുള്ള വഴിയിലേക്കു അവർ തിരിഞ്ഞു. അതോടെ യറുശലേം അവരുടെ ദൃഷ്ടികളിൽനിന്നു പൂർണ്ണമായി മറയുകയും ചെയ്തു.

വീണ്ടും കുഞ്ഞുങ്ങൾ മേരിയെ നിർബ്ബന്ധിച്ചു തുടങ്ങി:- "ഒരു കഥകൂടി ഞങ്ങളോടു പറയണേ."

"ഒരിക്കൽ ഇസഹാക്കു എന്നു പേരുള്ള ഒരു മനുഷ്യനുണ്ടായിരുന്നു"- മേരി കഥ ആരംഭിച്ചു. വെയിലിന്റെ ചൂടു് അത്യുഗ്രം. പക്ഷേ, ആ കുഞ്ഞുങ്ങളുണ്ടോ അതു വകവയ്ക്കുന്നു? അത്ര കണ്ടു രസകരമായിത്തോന്നി അവർക്കു മേരി പറഞ്ഞ കഥ.

മേരിക്കു ലക്ഷ്യസ്ഥാനത്തെത്തിച്ചേരാൻ ഇനി നാലു മൈലേയുള്ളൂ. വഴിയുടെ ഒരു വളവു കടന്നു ചെന്നപ്പോൾ ചുററും മതിലുകൾ കെട്ടി സുരക്ഷിതമാക്കപ്പെട്ടിരുന്ന അയിൻകരീം അവരുടെ കണ്ണുകൾക്കുമുമ്പിൽ പ്രത്യക്ഷപ്പെട്ടു.

സഞ്ചാരികളിൽ ഒരാൾ എതിരേ വന്ന ഒരു മനുഷ്യനോടു ആരാഞ്ഞു:–“സ്നേഹിതാ, സ്കറിയായുടെ വീട്ടിലേക്കു പോകുന്ന വഴി ഏതാണ്?–പുരോഹിതനായ സ്കറിയാ.”

എതിരേവന്നയാൾ അവിടെ നിന്നു:– “പുരോഹിതനായ സ്കറിയായോ? ദേവാലയത്തിൽ ധൂപം അർപ്പിച്ചുകൊണ്ടു നിൽക്കവേ പെട്ടെന്നു ഊമനായിത്തീർന്ന സ്കറിയായായിരിക്കും. മാർക്കററിൽക്കൂടി ദേവാലയം കടന്നു ഇടത്തുവശം തിരിയുമ്പോൾ കാണുന്ന മൂന്നാമത്തെ വീട്.”

“മേരീ, ആ മനുഷ്യൻ പറഞ്ഞതു കേട്ടോ?”–കൂട്ടത്തിലുണ്ടായിരുന്ന ഒരു സ്ത്രീ ചോദിച്ചു.

തീർച്ചയായും–ആ മനുഷ്യൻ പറഞ്ഞ വാക്കുകൾ മേരി കേട്ടു. അവളുടെ കണ്ണുകളിൽ വിഷാദം നിഴലിട്ടു. സ്കറിയാ ഊമനായിത്തീർന്നെന്ന്–ഒരു പുത്രനെ പ്രസവിക്കാൻ ദാഹിക്കുന്ന എലീശ്ബായുടെ ഭർത്താവ് സ്കറിയാ. ആ ദമ്പതികളുടെ സന്തോഷത്തിൽ പങ്കാളിയാകുന്നതിനു പകരം അവരുടെ സങ്കടത്തിൽ ഭാഗഭാക്കാകാനാണോ അവൾ അതിഥിയായി ചെന്നെത്തുന്നത്?

കൂട്ടുയാത്രക്കാരോടു മേരി യാത്ര പറയാൻ ഭാവിക്കയാണ്. കൈവശമുണ്ടായിരുന്ന ഒരു സഞ്ചിയിൽനിന്നു കുറെ അത്തിപ്പഴങ്ങളെടുത്ത് അവൾ ആ കുഞ്ഞുങ്ങൾക്കു സമ്മാനിച്ചു. അക്കൂട്ടത്തിൽ പ്രായംകുറഞ്ഞ ഒരു കുട്ടിയെ എടുത്തവൾ ചുംബിച്ചു. “ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.”–അവൾ അവരോടു യാത്ര പറഞ്ഞു. ആ സഞ്ചാരികൾക്കു നേരേ യറുശലേമിലേക്കു പോകാമായിരുന്നു. എന്നാൽ അവൾക്കു തുണയായാണ്. അവർ വഴിവിട്ട് അവളെ അയിൻകരീം വരെ അനുഗമിച്ചത്.

അവർ വന്ന വഴിക്കുതന്നെ തിരിച്ചു യാത്രയായി. അവരെ നോക്കി മേരി അല്പസമയം നിശ്ചലയായി നിന്നു. വഴിയുടെ വളവു് അവരെ അവളുടെ കാഴ്ചയിൽ നിന്നു മറച്ചു. ജനനിബിഡമായിരുന്ന വീഥിയിൽക്കൂടി അവരം മന്ദം മുന്നോട്ടു നടന്നു. മാക്കററും ദേവാലയവും കടന്നു് ഇടത്തോട്ടുള്ള വഴിയിൽ മൂന്നാമത്തെ വീടു്-അതല്ലേ അവൾക്കു ലഭിച്ച നിർദ്ദേശം? ഇടുങ്ങിയ ആ വഴിയിൽക്കൂടി അവൾ സാവധാനം മുന്നോട്ടു നീങ്ങി. നിരവധി കുട്ടികൾ ആ വഴിയിൽ കളിക്കുന്നുണ്ടു്.

"ധമ്മം തരണേ"-ഒരു ദൈന്യസ്വരം അവളെ സ്പർശിച്ചു. കീറവസ്ത്രങ്ങൾ ധരിച്ചു് എല്ലുകളുന്തിയ ഒരു ബാലൻ. അവളുടെ കൈവശം പണം അധികമില്ല. കഷ്ടിച്ചു യാത്രച്ചെലവിനുള്ള തുക മാത്രം. മടിശീലയിൽനിന്നൊരു നാണയമെടുത്തു അവൾ ആ സാധുബാലനു കൊടുത്തു. മാക്കററു കടന്നു് അവൾ ദേവാലയത്തിനു സമീപമെത്തി. ദേവാലയത്തോടനുബന്ധമായുള്ള വിദ്യാലയത്തിൽ ഉത്സാഹഭരിതരായ വിദ്യാർത്ഥികൾ ന്യായപ്രമാണത്തിലെ വാക്യങ്ങൾ ഇമ്പകരമായ ശബ്ദത്തിൽ ഉരുവിടുന്നതു അവൾക്കു കേൾക്കാം. യേശുവും ഈ വിധം പഠിക്കേണ്ടിവരുമോ-അതോ ആ ദൈവപുത്രനു പഠിക്കാതെതന്നെ ഇതെല്ലാം അറിവുണ്ടായിരിക്കുമോ?

ഇടതുവശം മൂന്നാമത്തെ വീടു്. ഊമനായിത്തീർന്ന സ്ഖറിയായേയും, ഒരു മാതാവായിത്തീരാൻ ഭാവിക്കുന്ന ഏലീശ്ബായേയും പററിയായി മേരിയുടെ അടുത്ത ചിന്ത. ആ ദമ്പതികൾ ശാന്തരാണു്-ക്ഷമാശീലരാണു്. സ്ഖറിയായുടെ വീടിനു മുൻമ്പിലെത്തി മുൻവാതിലിൽ മുട്ടാൻ ഇനി അവൾക്കു നിമിഷങ്ങളേ വേണ്ടൂ. ഏലീശ്ബാ അവളെ കാണുമ്പോൾ അത്ഭുതപ്പെട്ടമായിരിക്കാം.

* * * *

മതിൽക്കെട്ടിനുള്ളിൽ ഗൃഹത്തിനു പിൻഭാഗത്തുള്ള ഉദ്യാനത്തിൽ ആലോചനയിൽ മുഴുകിയിരിക്കയാണു് സ്ഖറിയാ. ഈ

യിടെയായി പലതിനെപ്പററിയും അദ്ദേഹത്തിനു ചിന്തിക്കാനുണ്ട്. ആറുമാസം മുൻപ് ദേവാലയത്തിൽ ധൂപം അപ്പിച്ചുകൊണ്ടിരിക്കവേ താൻ മൂകനായി ഭവിച്ച ദിവസം മുതൽ അദ്ദേഹത്തിൻെറ ജീവിതത്തിൽ ഒരു മഹാ പരിവത്തനം – അത്യത്ഭുതകരമായ ഒരു പരിവത്തനം–തന്നെ സംഭവിച്ചിരിക്കുന്നു. ധൂപം കാട്ടാനൊരു സന്ദഭം ലഭിക്കുന്നതിനു അത്രയും കാലം അദ്ദേഹം കാത്തിരുന്നതാണ്. അന്നാണ് ആ സുവണ്ണാവസരം അദ്ദേഹത്തിനു ലഭിക്കുക. പുരോഹിത വസ്ത്രങ്ങൾ ധരിക്കുന്നതിനും, വിശുദ്ധ സ്ഥലത്തു പ്രവേശിച്ച് സ്വണ്ണനിമ്മിതമായ പാത്രത്തിൽ ധൂപം അപ്പിക്കാനുമുള്ള മഹാ ഭാഗ്യം! അദ്ദേഹം വിശുദ്ധ സ്ഥലത്തു പ്രവേശിച്ചു. ദേവാലയാങ്കണത്തിൽ കാഹളധ്വനി മുഴങ്ങി. മററു പുരോഹിതരും ജനങ്ങളും ഭക്തിനിഭരമായ ആ അന്തരീക്ഷത്തിൽ മൗനമായി കാത്തു നിൽക്കയാണ്. സ്കറിയാ അകത്തു പ്രവേശിച്ചു പക്ഷേ, സമയമായിട്ടും അദ്ദേഹം വെളിയിൽ വന്നില്ല. ജനങ്ങൾ കാത്തു നിൽക്കയാണ്. ദേവാലയഗായകർ അസ്വസ്ഥരായി, അവരുടെ സ്ഥാനത്തു നില്ക്കുന്നു. മററു പുരോഹിതർ ആശങ്കാഭരിതരായി പുറം നോക്കി. സ്കറിയാ എവിടെ? എന്തുകൊണ്ട് അദ്ദേഹം പുറത്തേക്ക് വന്നു ആശീവ്വാദവചസ്സുകൾ ഉച്ചരിക്കുന്നില്ല. അങ്ങനെ ജനം സംഭീതരായി നിൽക്കവേ, സ്കറിയാ പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തിൻെറ മുഖഭാവത്തിൽ കാണുന്ന ഈ വ്യത്യാസം എന്തായിരിക്കാം? ആശീവ്വാദവചനങ്ങൾ ഉച്ചരിക്കാൻ കരങ്ങൾ ഉയത്തി, അദ്ദേഹം നില്ക്കയാണ്. പക്ഷേ, ഒരു വാക്കുപോലും ആ അധരങ്ങളിൽനിന്നു പുറത്തേക്ക് വരുന്നില്ല. പുരോഹിതരിൽ ഒരാൾ സ്കറിയായെ സമീപിച്ച്, അദ്ദേഹത്തെ ദേവാലയത്തിനു പുറത്തു കൂട്ടിക്കൊണ്ട് വരുന്നതുവരെ, അദ്ദേഹം വിളറി, വിറച്ച് നിശ്ചേഷ്ടനായി നിന്നു. “അദ്ദേഹത്തിനൊരു ദശ്നമുണ്ടായതായിരിക്കാം!” – ആളുകൾ അന്യോന്യം മന്ത്രിച്ചു. പക്ഷേ, എന്തായിരുന്നു ആ ദശ്നമെന്നു പറയാൻ സ്കറിയായുടെ നാവു പൊങ്ങുന്നില്ല.

അദ്ദേഹം സ്വഭവനത്തിൽ മടങ്ങിയെത്തിയപ്പോൾ ഭാര്യ എലിശ്ബായെ എഴുത്തുപലകയിൽ എഴുതികാണിച്ചു:— "നമുക്കു് ഒരു പുത്രൻ ജനിക്കാൻ ഭാവിക്കുന്നു!" എന്നു്. ആ ദമ്പതികളുടെ ചിരകാലപ്രാർത്ഥന അതായിരുന്നു. ഇപ്പോഴാണെങ്കിൽ അവരിരുവരും വാർദ്ധക്യദശയിൽ പ്രവേശിച്ചു കഴിഞ്ഞിരുന്നു. ഒരു പുത്രനുവേണ്ടിയുള്ള പ്രത്യാശ അസ്ഥാനസ്ഥിതമാക്കിത്തീർക്കുന്ന വാർദ്ധക്യദശ. "അവൻെറ പേരു യോഹന്നാനെന്നായിരിക്കണം." അദ്ദേഹം വീണ്ടുമെഴുതി ഭാര്യയെ കാണിച്ചു. അതേത്തുടർന്നു അദ്ദേഹത്തിൻെറ മുഖത്തു ആനന്ദഭാവം കളിയാടി. വീണ്ടും അദ്ദേഹമെഴുതി:—"അവൻ ദൈവത്തിൻെറ മുൻമ്പാകെ വലിയവനായിരിക്കും." എന്നാൽ ഈ വിവരങ്ങൾ തന്നെ ധരിപ്പിച്ച ഗബ്രിയേൽ ദൈവദൂതനേയോ, അദ്ദേഹത്തോടു താൻ പറഞ്ഞ വാക്കുകളെയോ പററി യാതൊന്നും തന്നെ സ്കറിയാ ഭാര്യയെ അറിയിച്ചില്ല. "ഞാനിതെങ്ങനെ അറിയും? എന്തുകൊണ്ടെന്നാൽ ഞാൻ വൃദ്ധനാകുന്നു. എൻെറ ഭാര്യയും പ്രായം ചെന്നവൾ." ഒരെഴുത്തുപലകയിൽ രേഖപ്പെടുത്താൻ സാധിക്കുന്നതിലപ്പുറമുള്ള രഹസ്യമായിരുന്നതു്. എന്നാൽ ആ രഹസ്യത്തെപ്പററി അന്നുമുതൽ ഇന്നോളം അദ്ദേഹം ചിന്തിക്കയും ധ്യാനിക്കയും ചെയ്തുവന്നു. ഇന്നും വൃക്ഷത്തണലിൽ ഇരുന്ന ആ അവസരത്തിലും ദൈവദൂതൻ തന്നെ അറിയിച്ച ആ മഹാകാര്യത്തെപ്പററിയായിരുന്നു അദ്ദേഹത്തിൻെറ ചിന്ത.

എലിശ്ബാ ഗൃഹത്തിനുള്ളിൽ ഗോതമ്പു പൊടിക്കയാണു്. ആ ചെറു തിരികല്ലു തിരിയുന്ന ശബ്ദം സ്കറിയായ്ക്കു കേൾക്കാം. ഉത്തമയും ശാന്തയുമാണു് എലിശ്ബാ. പ്രായം അത്രയുമായിട്ടും ഗൃഹത്തിനുള്ളിലെ ജോലികളെല്ലാം സ്വയം ചെയ്തുതീർക്കണമെന്ന നിർബ്ബന്ധക്കാരിയാണു് ആ സാധ്വി.

പെട്ടെന്നു സ്കറിയായുടെ ചിന്തകൾ പ്രതിബന്ധിക്കപ്പെട്ടു. ആരോ ആ ഗൃഹത്തിൻെറ മുൻവാതിക്കൽ തട്ടുന്നു. അദ്ദേഹം എഴുന്നേററു ശ്രദ്ധിച്ചു. വീട്ടിനുള്ളിൽ ഗോതമ്പു പൊടിച്ചുകൊ

ണ്ടിരുന്ന എലീശ്ബാ ആ ശബ്ദം കേട്ടിരിക്കയില്ല. എന്നാൽ മുൻമുറിയിലേക്കു നടക്കുന്ന ഭാര്യയുടെ കാൽപ്പെരുമാററശബ്ദം അദ്ദേഹത്തിന്റെ കാതുകളിലെത്തി. എലീശ്ബാ സക്ഷാ എടുത്തു കതകു തുറക്കുന്നു അതേത്തുടർന്നു, എലീശ്ബായുടെ അൽഭുതസൂചകമായ ശബ്ദം. അദ്ദേഹം തത്രപ്പെട്ടു വീട്ടിനുള്ളിൽ പ്രവേശിച്ച് മുൻവാതിൽക്കലേക്കു നടന്നു. അതാ, എലീശ്ബാ ആ വാതിൽക്കൽ നിൽക്കുന്നു. ആ ചുക്കിച്ചുളുങ്ങിയ മുഖത്തു അത്ഭുതത്തിന്റെയും ആനന്ദത്തിന്റെയും ആശങ്കയുടെയും പാരവശ്യം സമ്മിശ്രമായി കാണാം. മററൊരാളും ആ വൃദ്ധയ്ക്കു അഭിമുഖമായി നില്ക്കുന്നുണ്ട്—അവരുടെ ബന്ധു, നസ്രേത്തിലെ മേരി.

അതിവേഗമാണ് എലീശ്ബാ ശ്വാസോച്ഛ്വാസം നിർവ്വഹിക്കുന്നത്—അത്രകണ്ട് അപ്രതീക്ഷിതമായിരുന്നു മേരിയുടെ ആഗമനം. പെട്ടെന്നു അവർ ശബ്ദമുയർത്തി. ആഗതയെ അഭിവാദനം ചെയ്തു:— "സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ നീ; നിന്റെ ഉദരഫലവും വാഴ്ത്തപ്പെട്ടതു്."

ഒരു നിമിഷനേരത്തെ മൗനം. എലീശ്ബായുടെ വികാരവൈവശ്യം ഒട്ടു ശമിച്ചു. ശാന്തയായി—പ്രസന്നയായി അവർ ചോദിക്കയാണ്, സ്വയം എന്നപോലെ:— "എന്റെ കർത്താവിന്റെ ജനനി എന്റെ അടുക്കൽ വരുവാൻ അർഹത എനിക്കെവിടെനിന്ന്?"

മേരിയാണ് ഈ സന്ദർഭത്തിൽ അത്ഭുതാധീനയായതു്. "എന്റെ കർത്താവിന്റെ ജനനി!" ആശ്ചര്യകരമായ സംബോധനാരീതി. മേരിയുടെ രഹസ്യം എലീശ്ബാ അറിഞ്ഞിരിക്കുന്നു എന്നല്ലേ അതിന്റെ സൂചന? എലീശ്ബായുടെ അഭിവാദനത്തിനു മേരി പ്രത്യുത്തരം നൽകിയില്ല. അവൾ അവഗാഢം ആലോചിക്കയാണ്. ദൈവദൂതന്റെ സന്ദേശത്തെപ്പററി അവൾ ആരോടും യാതൊന്നും തന്നെ പറഞ്ഞിട്ടില്ല. അങ്ങനെയിരിക്കെ ആ രഹസ്യം എലീശ്ബായെ ആരായിരിക്കാം ധരിപ്പിച്ചതു്? ഒരേ ഒരു നിഗമനത്തിലെത്തിച്ചേരാനേ

അവാംക്കു സാധിക്കുന്നുള്ളു. ദൈവംതന്നെയായിരിക്കണം ആ രഹസ്യം അറിയിച്ചതു്. അവളുടെ ആലോചന അത്രടം എത്തിയപ്പോഠം അതാ ഏലീശ്ബാ തുടന്നു പറയുന്നു:– "എന്തുകൊണ്ടെന്നാൽ, ഇതാ നിന്റെ സ്വസ്തിയുടെ സ്വരം എന്റെ ചെവികളിലെത്തിയപ്പോഠം പ്രജ എന്റെ ഉദരത്തിൽ വലിയ സന്തോഷത്തോടെ കുതിച്ചുചാടി. കത്താവിന്റെ പക്കൽനിന്നു തന്നോടു അരുളിച്ചെയ്യപ്പെട്ടവ നിവത്തിയാകുമെന്നു വിശ്വസിച്ചവഠം ഭാഗ്യവതി."

ആ വൃദ്ധയുടെ മുഖത്തുകൂടി ആനന്ദബാഷ്പമൊഴുകി. മേരി നിശ്ചലയായി നിൽക്കയാണു്. ഏലീശ്ബായുടെ അഭിവാദനവാക്കുകഠം അവഠം കേഠംക്കുന്നുണ്ടു്–എന്നാൽ അവ ചെവിയിൽ പതിയുന്നുമില്ല — അത്രമാത്രം ചിന്തകളിലാണ്ടിരുന്നു അവഠം.

ഒരു നിമിഷനേരമേ അങ്ങനെ മേരി നിന്നുള്ളു. സംഭ്രമവും, അൽഭുതവും, പെട്ടെന്നവളെ വിട്ടകന്നു. ദൈവദൂതന്റെ സന്ദശ്നാനന്തരം, ഉള്ളിൽ പുഷ്ടിപ്പെട്ടുകൊണ്ടിരുന്ന മൂകമായ ആനന്ദം വാഗ്രൂപത്തിൽ അവളുടെ അധരങ്ങളിൽനിന്നു പ്രവഹിച്ചു. ദൈവപുത്രനെ വഹിക്കാനുള്ള മാതാവായി ദൈവം അവളെ തിരഞ്ഞെടുത്തതിലുള്ള അഭികാമ്യത — അതിൽ പ്രകടമായിരുന്ന ദൈവിക കരുണ — ഒരു രക്ഷകനുവേണ്ടിയുള്ള മനുഷ്യരാശിയുടെ തീവ്രമായ അഭിവാഞ്ഛ — അഹങ്കാരികളും സ്വാത്ഥമോഹികളും, നിഷ്ഠുരരുമായ അധികാരിവഗ്ഗത്തിന്റെ മദ്ദനമേററ് അവശരായ നിരാലംബരുടെ ദയനീയരോദനം — ഈ വികാരങ്ങളുടെ പ്രതിബിംബനമായിരുന്നു അവളുടെ അധരങ്ങളിൽനിന്നു പൊട്ടിപ്പുറപ്പെട്ട മധുരഗാനം. ദേവാലയത്തിൽ വച്ചു അവഠം കേട്ടിട്ടുണ്ടു്, ദാവീദിന്റെ ഗാനങ്ങഠം ആലപിക്കപ്പെടുന്നതു്. പക്ഷേ, ഇപ്പോഴത്തെ ആ ഗാനം അവളുടെ ഹൃദയാന്തർഭാഗത്തുനിന്നു താനേ പൊട്ടിപ്പുറപ്പെട്ടതാണു്.

"എന്റെ ആത്മാവു് കത്താവിനെ മഹത്വപ്പെടുത്തുന്നു.

"എന്റെ ആത്മാവു് എന്നെ ജീവിപ്പിക്കുന്ന ദൈവത്തിൽ ആനന്ദിക്കുന്നു.

"എന്തുകൊണ്ടെന്നാൽ അവൻ തൻെറ ദാസിയുടെ താഴ്മയെ തൃക്കൺപാർത്തു.

"ഇതാ, ഇതുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതിയെന്നു പുകഴ്ത്തും

"ശക്തനായവൻ എന്നിൽ വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നുവല്ലോ.

"അവൻെറ നാമം പരിശുദ്ധമാകുന്നു............

"അവൻ ശക്തന്മാരെ അവരുടെ സിംഹാസനത്തിൽനിന്നു തട്ടി മറിച്ചിട്ടു.

"താഴ്മയുള്ളവരെ കരേററി.

"അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ടു തൃപ്തരാക്കി.

"ധനവാന്മാരെ വെറുതെ അയച്ചു."

ഇങ്ങനെയായിരുന്നു മേരിയുടെ ഗാനം–ദൈവത്തിൻെറയും മേരിയുടെയും സംയുക്തഗാനം. അതവസാനിച്ചു. ആ വൃദ്ധയും യുവതിയും അല്പനേരം മൗനമായി അന്യോന്യം നോക്കിനിന്നു. ആ മൗനം ഭേദിച്ചതു് ഏലിശ്ബായായിരുന്നു. "വരു, മേരീ"–ഏലിശ്ബാ സസ്നേഹം മേരിയുടെ തോളിൽ കരമണച്ചു് അവളെ വീട്ടിനുള്ളിലേക്കു കൂട്ടിക്കൊണ്ടുപോയി.

സ്ഖറിയാ ഗൃഹത്തിനുള്ളിൽ നിൽക്കയാണു് — ഊമനായ സ്ഖറിയാ. കാഴ്ച മങ്ങിയിരുന്ന ആ വൃദ്ധനയനങ്ങളിൽ കണ്ണീർതുള്ളികൾ തങ്ങിനിൽക്കുന്നുണ്ടു്. ഒരു പിതാവു പുത്രിയേയെന്നപോലെ അദ്ദേഹം മേരിയെ ആശ്ലേഷിച്ചു. പെട്ടെന്നു അദ്ദേഹം അവളിൽനിന്നു അകന്നുമാറി — ഭയസംഭ്രമത്തോടെ. എന്തോ പറയുവാൻ ശ്രമിച്ചതു് അദ്ദേഹത്തിൻെറ മുഖത്തു ചില ഭാവഭേദങ്ങൾ സംഭവിപ്പിക്കുന്നുണ്ടു്. അതിനുശേഷം എഴുത്തുപലകയെടുത്തു അദ്ദേഹം എഴുതി:— "ഇസ്രായേലിൻെറ ദൈവമായ കർത്താവു് അനുഗ്രഹിക്കപ്പെട്ടവൻ."

തുടർന്നുള്ള ദിവസങ്ങളിൽ നൂൽനൂൽക്കുക, നെയ്യുക, തുന്നുക, മാവു പൊടിക്കുക എന്നിങ്ങനെയുള്ള സാധാരണങ്ങളായ ഗാർഹിക ജോലികൾ നിർവ്വഹിച്ചു് ആ വൃദ്ധയും യുവതിയും സമയം

ചെലവഴിച്ചു. ഓരോ നിമിഷവും പ്രതീക്ഷകൾകൊണ്ടു് പരിപാവനമായിരുന്നു. മാതാക്കളാകാൻ ഭാവിക്കുന്ന ആ സ്ത്രീകളിരുവരും സായാഹ്നത്തിലെ മൃദുലമായ സൂര്യപ്രകാശത്തിലിരുന്നു് ജനിക്കാനിരിക്കുന്ന ശിശുക്കൾക്കുവേണ്ടി ചെറുകുപ്പായങ്ങൾ തുന്നിയും, അവരെപ്പറ്റി സംസാരിച്ചും, ചിലപ്പോൾ മൗനമായി ചിന്തിച്ചും കഴിച്ചുകൂട്ടും. ചില അവസരങ്ങളിൽ എഴുത്തുപലക മുൻപിലും ഒരു വിദൂരവീക്ഷണം കണ്ണുകളിലുമായി സ്ഖറിയായും അവരോടൊപ്പം ഉദ്യാനത്തിലുണ്ടാവും. അങ്ങനെ വസന്തവും വന്നണഞ്ഞു. പകലിന്റെ ദൈർഘ്യവും പ്രകാശവും വർദ്ധിച്ചു. ഉദ്യാനത്തിലെ ഫലവൃക്ഷങ്ങളിൽ കനികൾ കണ്ടുതുടങ്ങി.

ഒരുദിവസം ആ വലിയ കെട്ടിടത്തിനുള്ളിൽനിന്നു ഒരു ശിശുവിന്റെ കരച്ചിൽ അയൽക്കാർ കേട്ടു. ഉദ്യാനഭിത്തികളിൽക്കൂടി എത്തിനോക്കിക്കൊണ്ടു അവർ അന്യോന്യം പറയുകയാണു്: — "എലിശ്ബായ്ക്കും സ്ഖറിയായ്ക്കും ഒരു പുത്രൻ ജനിച്ചു." സ്ത്രീകൾ സമ്മാനങ്ങളുമായി ആ ഗൃഹത്തിനുള്ളിൽ ഓടിയെത്തി. പുരുഷന്മാർ വന്നു അനുമോദനവചസ്സുകൾകൊണ്ടു് സ്ഖറിയായെ കൃതാർത്ഥനാക്കി. അദ്ദേഹം സന്തോഷത്തോടെ ശിരസ്സു ചലിപ്പിച്ചു മന്ദഹസിച്ചശേഷം എഴുത്തുപലകയെടുത്തു അതിലെഴുതി: — ''ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ" എന്നു്.

കുട്ടിക്കു നാമകരണം ചെയ്യേണ്ട എട്ടാം ദിവസം അയൽക്കാരെല്ലാം ആ വീട്ടിലെത്തി. ''സ്ഖറിയാ എന്ന പിതാവിന്റെ പേരുതന്നെ അവനു നൽകണ"മെന്നു പുരുഷന്മാർ അഭിപ്രായം രേഖപ്പെടുത്തി. പക്ഷേ, ആ അഭിപ്രായത്തോടു വിയോജിച്ചുകൊണ്ടു് നിഷേധഭാവത്തിൽ സ്ഖറിയാ തലയാട്ടി. കുട്ടിയുടെ പേരു ദൈവദൂതൻതന്നെ നിർദ്ദേശിച്ചിട്ടുള്ളതദ്ദേഹത്തിനറിയാം.

ബന്ധുക്കൾ എലിശ്ബായുടെ മുഖത്തു ദൃഷ്ടികളുറപ്പിച്ചു. ''കുട്ടിക്കു സ്ഖറിയാ എന്നുതന്നെ പേരിടണം'' —ഏകകണ്ഠമായി അവർ പറയുകയാണു്.

"അല്ല — യോഹന്നാൻ" ആ മാതാവു തീർത്തുപറഞ്ഞു. മുമ്പൊരവസരത്തിൽ ഭർത്താവു് ആ പേരു അവളെ എഴുതിക്കാണിച്ചതല്ലെ?

ഈ സന്ദർഭത്തിൽ സ്കറിയാ എഴുത്തു പലകയെടുത്തു. അതിൽ അദ്ദേഹമെഴുതി:– "കുട്ടിയുടെ പേരു യോഹന്നാനെന്നായിരിക്കണം." പെട്ടെന്നാണു് അദ്ദേഹത്തിനു തോന്നിയതു് തൻെറ നാവിൻെറ ബന്ധനം അഴിഞ്ഞെന്നു്. അദ്ദേഹത്തിൻെറ ഉള്ളിൽ ഏതോ ഒന്നു സ്വതന്ത്രമായി. സംസാരിക്കാനുള്ള പ്രതിബന്ധം വിട്ടകന്നു. അദ്ദേഹം നിവർന്നു നിന്നു. സന്തോഷംകൊണ്ടു ആ മുഖം തുടുത്തു, കണ്ണുകൾ പ്രകാശിതങ്ങളായി. സ്തുതിയുടെ ഒരു മധുരഗാനം ആ അധരങ്ങളിലുദിച്ചുയന്നു.

"തൻെറ ജനത്തെ സന്ദർശിച്ചു് അവർക്കു രക്ഷ നൽകിയ ഇസ്രായേലിൻെറ ദൈവമായ കർത്താവു വാഴ്ത്തപ്പെട്ടവനാകുന്നു."

അതിനുശേഷം ആ ശിശുവിനെ അദ്ദേഹം നോക്കി. ബലവും, ആരോഗ്യവും, തൻേറടവുമുള്ള ഒരു ഓമനക്കുട്ടി. ആ ചെറുമുഖത്തുതന്നെ വാത്സല്യത്തോടെ ദൃഷ്ടികളുറപ്പിച്ചുകൊണ്ടു അദ്ദേഹം പറയുകയാണു്:—

"നീയോ, പൈതലേ, അത്യുന്നതൻെറ പ്രവാചകനെന്നു വിളിക്കപ്പെടും."

"തൻെറ വഴിയൊരുക്കുവാൻ കർത്താവിൻെറ മുൻപിൽ നീ പോകും."

ഏലിശ്ബായുടെ പ്രസവത്തിനുശേഷം ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ മേരി നസ്രേത്തിലുള്ള സ്വഗൃഹത്തിലേക്കു യാത്രയായി. ഇനി അവളുടെ സേവനസഹായങ്ങൾ ഏലിശ്ബായ്ക്കു് ആവശ്യമില്ല. കൂടാതെ വീട്ടിൽ അവൾക്കു മടങ്ങിയെത്തേണ്ടിയുമിരിക്കുന്നു. വടക്കോട്ടേക്കു യാത്രയാകുന്ന ഒരു സംഘം സഞ്ചാരികളുടെ അടുക്കൽ അവൾ എത്തിച്ചേരുന്നതുവരെ സ്കറിയായും അവളെ അനുഗമിച്ചു. അതിനുശേഷം അദ്ദേഹം എന്താണു് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നു മേരിക്കു

റിയാം. അദ്ദേഹം യറുശലേം ദൈവാലയത്തിലെത്തി സന്താന ലബ്ധിയിൽ ദൈവത്തോടു ഭക്തിയും കൃതജ്ഞതയും രേഖപ്പെടുത്തും. അദ്ദേഹത്തിന്റെ ദിവസങ്ങൾ അവിരാമമായ സ്തോത്ര ഗാനത്തിന്റെ പല്ലവികളായിത്തീന്നിരിക്കയാണ്.

സ്കറിയായുടെ പാശ്ചത്തിലായി കഴുതപ്പുറത്തു യാത്രചെയ്യവേ മേരി അദ്ദേഹത്തിന്റെ വാക്കുകളെപ്പററി ചിന്തിച്ചു. "നീയോ, പൈതലേ, അത്യുന്നതന്റെ പ്രവാചകനെന്നു വിളിക്കപ്പെടും. തന്റെ വഴി ഒരുക്കുവാൻ കത്താവിന്റെ മുൻപിൽ നീ പോകും." അത്ഥഗഭമായ ആ വാക്കുകൾക്കു യേശുവുമായി ബന്ധമുണ്ടെന്നു അവൾക്കറിയാം. കിഴക്കോട്ടുക്കായ വഴിത്താരയിൽക്കൂടെ പോകുമ്പോൾ അവൾ സ്വയം പറയുകയാണ്:- "ദൈവം നല്ലവനാണ് — വളരെ വളരെ നല്ലവൻ."

യഹൂദിയാ, ശമേരിയാ, വേനൽകൊണ്ടു് ഉണങ്ങിവരണ്ടിരുന്ന എസ്ഡ്രലോൺ എന്നീ പ്രദേശങ്ങൾ കടന്നാണ് അവൾക്കു പോകേണ്ടതു്. അവൾ വീട്ടിലെത്തി ജോസഫിനെ വിവാഹം ചെയ്യും. അവരിരുവരും ചേന്നു പ്രാത്ഥനയോടെ യേശുവിന്റെ ആഗമനത്തെ പ്രതീക്ഷിക്കും. അത്തിപ്പഴങ്ങൾ പഴുത്തു പാകമാകുകയും, ഒലിവുമരങ്ങളിൽനിന്നു് ഇലകൾ ഉണങ്ങി പൊഴിയുകയും ചെയ്യുന്ന ദിവസങ്ങളിൽ യേശു ജനിക്കും. ശിശുവായ യോഹന്നാൻ ഒരിക്കൽ യേശുവിന്റെ മാഗ്ഗം ഒരുക്കുകയും ചെയ്യും.

# III

## അവതാരമഹോൽസവം

ജോസഫ് ആ കലപ്പയിൽ ഒരാണി അടിച്ചുകയററുകയാണ്. എന്തു കഷ്ടപ്പം ആ തടിക്കഷണത്തിനു്. കലപ്പയുണ്ടാക്കാൻ അതു അത്യുത്തമം തന്നെ. ആണി അടിച്ചുകയററിക്കഴിഞ്ഞു് ചുററിക താഴെ വച്ചു് ആ മരയാശാരി ദേഹത്തിന്റെ

ഭാരം മുഴുവൻ കലപ്പയിൽ കൊള്ളിച്ച് അതിൻെറ ബലമൊന്നു പരിശോധിച്ചു. കലപ്പയ്ക്കു തകരാറൊന്നുമില്ല എത്ര ഉറച്ച മണ്ണിലും ഉഴാനതു കൊള്ളാം. കലപ്പ നിർമ്മിക്കാൻ ആ തടിക്കഷണം തന്നെ എല്പിച്ച ഏലിയാക്കാരണവർക്കു തൃപ്തിയാകും. അതിൻെറ പിടിഭാഗം ജോസഫ് മണൽക്കടലാസ്സു പിടിച്ച് മിനുക്കിയതാണ്. ആ പിടിച്ചുഴുതാൽ ഏലിയായുടെ കൈകൾ വേദനിക്കുകയില്ല.

ആ മുറിയുടെ ഒരു മൂലയിൽ കലപ്പ ജോസഫ് ചാരിവച്ചു. പണിയായുധങ്ങൾ മറെറാരു മൂലയിൽ അടുക്കിവയ്ക്കാൻ അദ്ദേഹം ആരംഭിച്ചു. മഞ്ഞുകാലം തുടങ്ങിക്കഴിഞ്ഞിരുന്നു. മഞ്ഞുകാലത്തു പകൽ കുറവാണ്. അന്നു മറെറന്തെങ്കിലും പണി പുതുതായി തുടങ്ങാൻ സമയമില്ല. കൂടാതെ നേരത്തേ വീട്ടിൽ മടങ്ങിയെത്തണമെന്ന് അദ്ദേഹത്തിനാഗ്രഹവുമുണ്ട്. ആ അഢു സന്ധ്യാവേളയിൽ അത്താഴവും തയ്യാറാക്കി മേരി കാത്തിരിക്കും. ഇരുട്ടായാൽ അവൾ തുന്നൽസാധനങ്ങൾ മാററിവയ്ക്കും. ഭർത്താവു വന്നുകയറാത്ത താമസമേയുള്ളൂ, അവൾ വിളക്കു തെളിക്കും; കൈകാലുകൾ കഴുകാൻ വെള്ളം കൊണ്ടുവരും. എന്നിട്ടവർ ഒരുമിച്ചു ഭക്ഷണത്തിനുള്ള പ്രാർത്ഥന നിർവ്വഹിക്കുകയായി — യഹൂദന്മാർക്കെല്ലാം ഏദിസ്ഥമായിരുന്ന ആ ചെറുപ്രാർത്ഥന: — "സകല ലോകത്തിൻെറയും അധിപനായ ദൈവമേ, ഭൂമിയിൽനിന്നു ഞങ്ങൾക്കു ഭക്ഷണം ദാനം ചെയ്യുന്ന നാഥാ........"

"ഏലിയാക്കാർന്നോരുടെ കലപ്പ പൂർത്തിയായി, കേട്ടോ?" — അദ്ദേഹം ഭാര്യയെ അറിയിക്കും. അതിനു അവളുടെ മറുപടി അദ്ദേഹത്തിനറിയരുതോ?

"നാളെ അദ്ദേഹത്തിനൊരു റൊട്ടി ഞാൻ കൊണ്ടുകൊടുക്കാം"—ഏലിയാ സാധുവാണ്. ആ വൃദ്ധൻെറ കാഴ്ച ഏറെക്കുറെ നശിച്ചും കഴിഞ്ഞിരിക്കുന്നു.

"കൊയ്ത്തുകാലത്തു ഒരളവു ഗോതമ്പു അദ്ദേഹം നമുക്കു തരും." — ജോസഫ് മേരിയോടു പറയും. ഏലിയായുടെ സപ

ഭാവം അങ്ങനെയാണ്. എന്തെങ്കിലും പകരം കൊടുക്കാതെ ആരുടേയും ഔദാര്യം അദ്ദേഹം സ്വീകരിക്ക പതിവേയില്ല.

പണിയായുധങ്ങൾ ഭംഗിയായി അടുക്കി ജോസഫ് ഒരു കോണിൽ ഒതുക്കിവച്ചു. അതു കഴിഞ്ഞു പണിപ്പുരയുടെ തറ തൂത്തദ്ദേഹം വൃത്തിയാക്കി. അദ്ദേഹത്തെ പരിചയമുള്ളവർ സാധാരണ പറയാറുണ്ട്: —"ജോസഫിന്റെ പണിപ്പുര എപ്പോൾ നോക്കിയാലും വൃത്തിയായിരിക്കും." ദൈവാനുഗ്രഹം പ്രാപിക്കാനുള്ള ഒരു മാർഗ്ഗമതാണ് – ശ്രദ്ധാപൂർവ്വം കർത്തവ്യങ്ങൾ നിർവ്വഹിക്കുക.

ആ തറ തൂത്തുകൊണ്ടിരിക്കുമ്പോഴും യേശുവിനെപ്പറ്റിയായിരുന്നു ജോസഫിന്റെ ചിന്ത. യേശുവിന്റെ ജനനത്തിനു ഇനി ഏതാനും മാസങ്ങളേ വേണ്ടു. ജോസഫിന്റെ ജോലി മുഴുവൻ ആ ശിശുവിനുവേണ്ടി പ്രതിഷ്ഠിതമാണിപ്പോൾ. വീട്ടിനുള്ളിൽ തണുപ്പു കടക്കാതിരിക്കാൻ അദ്ദേഹം വേണ്ട പ്രതിരോധനടപടികളെല്ലാം സ്വീകരിച്ചുകഴിഞ്ഞിരുന്നു. ഒരു ചെറു തൊട്ടിലും അദ്ദേഹം നിർമ്മിച്ചു സൂക്ഷിച്ചിട്ടുണ്ട്. കഴിയുന്നത്ര സുഖസൗകര്യങ്ങൾ മേരിക്കും കുഞ്ഞിനും ലഭിക്കണം – അതാണ് അദ്ദേഹത്തിന്റെ ഇപ്പോഴത്തെ ചിന്ത. അതിനുവേണ്ടിയായിരുന്നു കുറെ മാസങ്ങളായി അദ്ദേഹത്തിന്റെ പ്രധാന പ്രയത്നം. മേരി — ആ പേരിനുള്ള മാധുര്യം, വശ്യത — അവളെ സുരക്ഷിതയായി കാത്തുകൊള്ളാൻ ദൈവം അദ്ദേഹത്തെയല്ലേ ചുമതലപ്പെടുത്തിയിരിക്കുന്നതു്? മേരി – യേശുവിന്റെ മാതാവാകാൻ ഭാവിക്കുന്ന മേരി!

അവരുടെ വിവാഹത്തിനു ഏതാനും ദിവസം മുൻപാണ് ദൈവദൂതൻ ജോസഫിനു പ്രത്യക്ഷപ്പെട്ട് മേരിയുടെ രഹസ്യം അദ്ദേഹത്തെ അറിയിച്ചതു്. നിദ്രാവേളയിലായിരുന്നു ദൈവദൂതന്റെ സന്ദർശനം. ആ ദൂതൻ പറയുകയാണ്:– "ദാവീദിന്റെ പുത്രനായ ജോസഫേ, നിന്റെ ഭാര്യയായി മേരിയെ സ്വീകരിക്കാൻ ശങ്കിക്കേണ്ട. എന്തുകൊണ്ടെന്നാൽ അവളിൽ ഉത്ഭവിച്ചിരിക്കുന്ന ശിശു പരിശുദ്ധാത്മാവിൽ നിന്നാകുന്നു.

അവാം ഒരു പുത്രനെ പ്രസവിയ്ക്കും. നീ അവനു യേശു എന്നു പേർ വിളിക്കണം. എന്തുകൊണ്ടെന്നാൽ അവൻ തൻെറ ജനത്തെ അവരുടെ പാപത്തിൽ നിന്നു രക്ഷിക്കും.

ജോസഫ് ഉറക്കമുണർന്നു–ദേഹമാസകലം വിറച്ചുകൊണ്ടു്, "നീ അവനു യേശു എന്നു പേർ വിളിക്കണം. എന്തുകൊണ്ടെന്നാൽ അവൻ തൻെറ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കും." പരിശുദ്ധമായ സംഭ്രാന്തിമൂലം അദ്ദേഹം ഭയവിഹ്വലനായി. കിടക്കയിൽ അദ്ദേഹം എഴുന്നേററിരുന്നു. ശരീരം അപ്പോഴും വിറയ്ക്കുന്നുണ്ടു്. ഭയം വിട്ടകലുന്നില്ല. ആ അന്ധകാരത്തിൽ അദ്ദേഹം മുട്ടുകുത്തി പ്രാർത്ഥിച്ചു; ദൈവത്തിനു കൃതജ്ഞത പറഞ്ഞു. ദീർഘനേരം അദ്ദേഹം മുട്ടിന്മേൽ നിന്നു. "കർത്താവേ, അങ്ങനെ തന്നെ സംഭവിക്കട്ടെ–" രാത്രിയിലെ മൃദുലമായ ശബ്ദങ്ങാം അദ്ദേഹത്തിൻെറ കാതുകളിൽ ചെന്നെത്തുന്നില്ല. "കർത്താവേ, എന്നെ അതിനർഹനാക്കണമേ." ഇടതടവില്ലാതെ പ്രവഹിച്ചുകൊണ്ടിരുന്ന കണ്ണീർ ആ മുഖത്തു രണ്ടു ചാലുകാംതന്നെ സൃഷ്ടിച്ചു.

എത്ര മാസങ്ങാം മുൻപു നടന്ന സംഭവമാണതു്. പക്ഷേ, ഇന്നും ജോസഫിൻെറ ആവർത്തിച്ചുള്ള പ്രാർത്ഥന അതുതന്നെ:— "കർത്താവേ, എന്നെ അതിനർഹനാക്കണേ."

പണിപ്പുരയിലുത്തു വൃത്തിയാക്കിക്കൊണ്ടിരുന്ന ആ അവസരത്തിൽ ഏശയാ പ്രവാചകൻെറ വാക്കുകാം അദ്ദേഹത്തിൻെറ മനസ്സിലുദിച്ചുയന്നു:—

"കണ്ടാലും, ഒരു കന്യക ഗർഭം ധരിച്ചു് ഒരു മകനെ പ്രസവിക്കും. അദ്ദേഹത്തിൻെറ പേരു ഇമ്മാനുവേലെന്നായിരിക്കും."

പക്ഷേ, ആ പ്രവചനത്തിൽ പ്രത്യക്ഷമായ ഒരു വൈരുദ്ധ്യം കാണാനുണ്ടു്. ആ വാക്കുകളോടു ചേർന്നുള്ള ശേഷം ഭാഗം അദ്ദേഹം ഉരുവിട്ടു:

"നീയോ, ബത്ലഹേമേ,
"ഇസ്രായേലിൻെറ രാജാവായ അദ്ദേഹം
"നിന്നിൽ നിന്നുൽഭവിക്കും."

ബതലഹേമിനുപകരം നസ്രേത്തു എന്നു പ്രവാചകൻ പറയുന്നില്ല. ഈ സന്ദേഹം ജോസഫിനുണ്ടായിട്ടും—അതേ സംശയം തന്നെ മേരിയ്ക്കും ഉണ്ടാകാറുണ്ട് — അക്കാര്യത്തെപ്പററി അവർ അന്യോന്യം സംസാരിച്ചില്ല. മനസാ അവർ അൽഭുതപ്പെട്ടു—അത്രമാത്രം. വി. ഗ്രന്ഥത്തിലെ വാക്കുകളെ ചോദ്യംചെയ്യാൻ അവരാരാണ്? പ്രവാചകരുടെ നിഗൂഢവചസ്സുകളുടെ പൊരുറം അവക്കു മനസ്സിലാകാതെ വന്നുകൂടെന്നുണ്ടോ?

പണിപ്പുരയിലെ ഫ്ലിളകറം ജോസഫ് ഭംഗിയായി ത്തുത്തു ഒരു മൂലയിൽ കൂട്ടിവച്ചു. അപ്പോഴും അദ്ദേഹം സ്വയം പറയുകയാണ്:—

"നീയോ ബത്ലഹേമെ,

"നിന്നിൽനിന്നു് അദ്ദേഹമുൽഭവിക്കും."

ആ സായംവേളയിൽ ആ വാക്കുകറം അദ്ദേഹത്തിൻെറ മനസ്സിൽനിന്നു മാറുന്നില്ല—മായുന്നില്ല. അതിൻെറ കാരണം അദ്ദേഹത്തിനൊട്ടു മനസ്സിലാകുന്നുമില്ല. പണിചെയ്യുമ്പോറം ധരിക്കപതിവുള്ള വസ്ത്രങ്ങറം മാററി ഭിത്തിയിലുണ്ടായിരുന്ന ഒരാണിയിൽ അദ്ദേഹം തൂക്കിയിട്ടു. സാധാരണ വസ്ത്രങ്ങറംധരിച്ച് പണിപ്പുരയ്ക്കു പുറത്തുവന്നു് അദ്ദേഹം കതകുകറം ബന്ധിച്ചു. അപ്പോഴതാ ശക്തിയായി ഒരു കാററടിക്കുന്നു. റോഡിലെ പൊടി അദ്ദേഹത്തിൻെറ കണ്ണുകളിൽ കടന്നുകൂടി. പക്ഷേ ആ കാററിൻെറ ശബ്ദത്തെ കവിഞ്ഞുള്ള ഒരാരവം മാക്കററുഭാഗത്തുനിന്നു പുറപ്പെടുന്നതു അദ്ദേഹത്തിനു കേറക്കാൻ സാധിച്ചു— കുറെ ആളുകറം ഒരേ അവസരത്തിൽ സംസാരിക്കുന്ന ശബ്ദം. വസതിയിലെത്താൻ അദ്ദേഹത്തിനു മാക്കററിൽക്കൂടിപോകേണ്ട ആവശ്യമില്ല. എന്നാലും ആ ആരവത്തിൻെറ കാരണമാരായുവാൻതന്നെ അദ്ദേഹം തീരുമാനിച്ചു.

വീഥിയിൽക്കൂടി അദ്ദേഹം അതിവേഗം നടന്നു. മാർക്കററിനു സമീപമെത്തിയപ്പോറം വികാരവിവശരായ ഒരുക്കൂട്ടം ആളുകളെയാണു അദ്ദേഹം കാണുക—ഉന്തിയും തള്ളിയും മുൻപന്തിയിലെത്താൻ സാഹസപ്പെട്ടുകൊണ്ടിരുന്ന ഒരു ജനസഞ്ചയ

ത്തെ. നിമിഷങ്ങളെ വേണ്ടിയിരുന്നുള്ള അദ്ദേഹവും ആ ആൾത്തിരക്കിലകപ്പെടാൻ. അപ്പോൾ പരിചിതനായ ഒരാൾ ചോദിക്കയാണ്:—"ജോസഫേ, അങ്ങു കേട്ടോ വിശേഷം?"

"എന്തുവിശേഷം?"—ജിജ്ഞാസയോടെ ജോസഫ് ആരാഞ്ഞു. ആൾത്തിരക്കിൽ ഞെരുങ്ങാതിരിക്കാൻ അദ്ദേഹം ശ്രമിക്കയാണ്.

"കൈസറിൻെറ പുതിയ ആജ്ഞ. ഇന്നാട്ടിലെ ജനസംഖ്യ തിട്ടപ്പെടുത്തണമെന്ന്. ഓരോരുത്തരും അതിനായി സ്വദേശത്തേക്കു മടങ്ങണമത്രെ. മരം കോച്ചുന്ന ഈ മഞ്ഞുകാലത്തു സ്ത്രീകളേയും കുഞ്ഞുങ്ങളേയുംകൊണ്ടു യാത്രചെയ്യുന്നതിനുള്ള വിഷമമുണ്ടോ, അധികാരികൾ മനസ്സിലാക്കുന്നു."

"പരമാർത്ഥമാണ്."—ജോസഫ് സമ്മതിച്ചു. "ഈ കാലാവസ്ഥയിൽ യാത്ര ക്ലേശകരം തന്നെയാണ്."

"നിങ്ങളുടെ സ്വദേശം ഏതാണ്, ജോസഫേ?"—ഒരാൾ ചോദിച്ചു.

"ദാവീദിൻെറ നഗരം." അതേ, അദ്ദേഹത്തിൻെറ ജന്മദേശം ദാവീദിൻെറ നഗരമാണ്. അദ്ദേഹത്തിൻെറയും മേരിയുടെയും പൂർവ്വപിതാവാണ് ആ രാജാവ്. അതു മാത്രമോ? ഏതാണ് ദാവീദിൻെറ നഗരം—ബത്ലഹേം!

കാററൊന്നുകൂടി ആഞ്ഞടിച്ചു. ആ തണുപ്പേററ ജോസഫു് അല്പമൊന്നു വിറച്ചു. പക്ഷെ, അപ്പോഴും ഒരു ചെറു പുഞ്ചിരിയാണു അദ്ദേഹത്തിൻെറ മുഖത്തു ദൃശ്യമായിരുന്നതു്.

"നിങ്ങൾക്കു പുഞ്ചിരിയാണ്, അല്ലേ"- അല്പം പരിഭവത്തോടെ ഒരാൾ പറഞ്ഞു.

"പക്ഷെ, ഈ മഞ്ഞുകാലത്തു യാത്ര ചെയ്യുമ്പോൾ കാണാം പുഞ്ചിരിയൊക്കെ മാറുന്നതു്. എൻെറ ഭാര്യ സാറായ്ക്കു് കടുത്ത പനിയാണ്. എനിക്കാണെങ്കിൽ വാതം."

"എനിക്കറിയാം, സഹോദരാ, ഈ കാലാവസ്ഥയിൽ ഒരു ദീർഘയാത്ര വളരെ ക്ലേശകരമാണെന്നു്" ജോസഫ് ഖേദം

പ്രകടിപ്പിച്ചു. പക്ഷെ, അപ്പോഴും അദ്ദേഹത്തിന്റെ ചിന്തയിൽ മുഴങ്ങി:—

"നീയോ, ബത്ലഹേമേ,
"ഇസ്രായേലിന്റെ രാജാവായവൻ
"നിന്നിൽ നിന്നുത്ഭവിക്കും."

തുന്നിക്കൊണ്ടിരുന്ന ഒരു കുട്ടിയുടുപ്പ് മടിത്തട്ടിൽ വച്ചുകൊണ്ടു മേരി കാത്തിരിക്കയാണ്—ജോസഫ് പണിസ്ഥലത്തുനിന്നു മടങ്ങിയെത്താൻ. ഇന്നദ്ദേഹം പതിവിൽ കൂടുതൽ താമസിക്കുന്നു. അത്താഴം അടുപ്പിനു സമീപം വച്ചിരിക്കയാണ്. പാത്രത്തിൽ വിളമ്പി വച്ചാൽ അതു തണുത്തു പോവില്ലേ? നിശ്ചലയായി അവളിരിക്കയാണ്. ഭിത്തിയിലെ നിഴലുകൾ അവൾ കാണുന്നുണ്ട്. എന്നാലും അവളുടെ ചിന്തകൾ മറ്റേതോ ദിക്കിലാണ് ചരിക്കുന്നത്. ഈ വാരത്തിൽ നടക്കുമോ ആ സംഭവം? അതോ അടുത്ത വാരം വരെ അതു ദീർഘിക്കുമോ? പ്രസവസമയത്തു എലീശ്ബായെ സഹായിക്കാൻ അവൾ അവരുടെ പാർശ്വത്തിലുണ്ടായിരുന്നു. അവളുടെ മറെറാരു ബന്ധു അതുപോലെ സഹായവാഗ്ദാനം ചെയ്തിട്ടുണ്ട്. "സമയമാകുമ്പോൾ ജോസഫിനെ അങ്ങോട്ടയച്ചേക്കു. എപ്പോൾ വേണമെങ്കിലും ഓടിയെത്താൻ എനിക്കു സന്തോഷമേയുള്ളു" കൂരിരുൾ സാർവ്വത്രികമായി വ്യാപിച്ചു. മേരി അതറിയുന്നില്ല. അവിടിരുന്നു അവൾ ദൈവദൂതന്റെ വാക്കുകളോർക്കുകയാണ്.

"അവൻ വലിയവനായിരിക്കും.
"അത്യുന്നതന്റെ പുത്രനെന്നു അവൻ വിളിക്കപ്പെടും.
"അവന്റെ രാജ്യത്തിനു അന്ത്യമുണ്ടാകയുമില്ല."

അപ്പോഴാണു മേരി കേൾക്കുക, പരിചിതമായ ആ കാൽപെരുമാററശബ്ദം. ജോസഫ് വരുന്നു. അവളെഴുന്നേററു വിളക്കു തെളിച്ച് അദ്ദേഹത്തെ സ്വീകരിക്കാൻ വാതിൽക്കലേക്കു നടന്നു. സാവധാനം അദ്ദേഹം മുറിക്കുള്ളിൽ പ്രവേശിച്ചു. "മേരീ"—അദ്ദേഹം വിളിച്ചു. തുടർന്നൊന്നും പറഞ്ഞില്ല. ബത്ലഹേമിലേക്കുള്ള ദീർഘയാത്ര മേരിക്ക്—അല്ല, അവർക്കിരുവർക്കും

തന്നെ എത്രകണ്ട ക്ലേശകരമായിരിക്കുമെന്നു അദ്ദേഹം ചിന്തിക്കയാണ്. അതാ, ആ മൂലയിൽ വിശ്രമം കൊള്ളുന്നു, കുഞ്ഞുയേശുവിനായി അദ്ദേഹം നിർമ്മിച്ച മനോഹരമായ കൊച്ചു തൊട്ടിൽ. അതിനടുത്തുതന്നെ ഒരു പെട്ടിയിൽ അടുക്കി വച്ചിട്ടുണ്ട് കുട്ടിയുടുപ്പുകളും കമ്പിളിക്കഷണങ്ങളും. യേശുവിൻെറ ആഗമനത്തിനാവശ്യമായ സകലതും ശക്തിക്കനുസരണം ആ ദമ്പതികൾ കരുതി വച്ചിട്ടുണ്ട്. എന്നാൽ അപ്രതീക്ഷിതമായി അവർ അഭിമുഖീകരിക്കാൻ നിർബന്ധിതരായിരിക്കുന്ന ദീർഘയാത്രയുടെ ഫലമായി ആൾത്തിരക്കുമൂലം ദുസ്സഹമായ ഏതൊരു സത്രമായിരിക്കും തങ്ങളുടെ കുഞ്ഞിൻെറ ജനനസ്ഥലമെന്നു ജോസഫിനു നിശ്ചയമില്ല. "മേരീ" അദ്ദേഹം വീണ്ടും ഭാര്യയെ വിളിച്ചു. "അല്പം വിഷമകരമായ ഒരു കാര്യം അറിയിക്കാനുണ്ട്. അതു കേൾക്കുമ്പോൾ നീ സങ്കടപ്പെടരുത്."

ശാന്തയായി, സശ്രദ്ധം അവൾ ജോസഫ് പറഞ്ഞതു കേട്ടു. പെട്ടെന്നു അവളുടെ മുഖത്തു അമാനുഷികമായ ഒരു ദീപ്തിയുദിച്ചു. അവളുടെ മനസ്സിൽക്കൂടി പായുന്ന ചിന്തകൾ ജോസഫ് ഊഹിച്ചുകഴിഞ്ഞു.

"നീയോ ബത്‌ലഹേമേ,
"ഇസ്രായേലിൻെറ രാജാവായവൻ
"നിന്നിൽനിന്നുൽഭവിക്കും."

* * * *

രണ്ടു ദിവസങ്ങൾ കഴിഞ്ഞതേയുള്ളു, തെക്കോട്ടേക്കു യാത്രയാകുന്ന ഒരു സംഘം സഞ്ചാരികളുടെ കൂടെ ചേരുവാൻ മേരിയും ജോസഫും സ്വഗൃഹം വിട്ടിറങ്ങി. അയീൻകരിമിലേക്കു തന്നെ വഹിച്ചുകൊണ്ടുപോയ കഴുതപ്പുറത്തു തന്നെയാണ് മേരി യാത്രചെയ്യുന്നതു്. ജനിക്കാനിരിക്കുന്ന ശിശുവിനായി കരുതപ്പെട്ടിരുന്ന കുട്ടിയുടുപ്പുകളും, കമ്പിളിത്തുണ്ടുകളും അവൾ കൊണ്ടുപോന്നിട്ടുണ്ട്. പക്ഷേ, ജോസഫ് നിർമ്മിച്ച ആ ചെറു തൊട്ടിൽ ഒഴിഞ്ഞു കിടന്നിരുന്ന അവരുടെ വീടിൻെറ ഒരു മൂല

യിൽ ഇരിക്കുന്നതേയുള്ളൂ. ജോസഫ് അവളുടെ പാർശ്വത്തിൽ നടക്കുകയാണ്.

"യാത്രയായിക്കഴിഞ്ഞു, ഇല്ലേ? ജോസഫും—മേരിയുംകൂടെയുണ്ടല്ലോ" – ഒരു അയൽക്കാരൻ വിളിച്ചുചോദിച്ചു.

"ദൈവം നിങ്ങളുടെകൂടെയുണ്ടായിരിക്കട്ടെ!" – മററൊരാൾ മംഗളം നേന്നു.

സ്നേഹസമ്പന്നരായിരുന്നു ആ നസ്രായർ. ജോസഫും മേരിയും അവരോടും സസ്നേഹം പെരുമാറിപ്പോന്നു. എന്നാൽ, മൗനമായി ചിന്തകളിൽ ലയിച്ചു കഴിച്ചുകൂട്ടാൻ ലഭിക്കുന്ന സന്ദർഭങ്ങൾ ജോസഫ് സ്വാഗതം ചെയ്തു. അവർ യാത്രചെയ്യേണ്ട വഴി മഞ്ഞുകാലത്തു അത്യന്തം ദുർഘടമായിരുന്നു. ഉൽക്കണ്ഠയോടെ ആ ഭർത്താവ് എപ്പോഴും ഭാര്യയുടെ മുഖത്തു നോക്കും – യാത്രാക്ലേശംമൂലം അവൾ പരിക്ഷീണിതയാകുന്നോയെന്ന്. ആ ദിവസം പകുതി സമയം യാത്രചെയ്തപ്പോൾത്തന്നെ മേരിയുടെ മുഖം വിളറിവശായിരുന്നു. എന്നാലും അവൾ ആവലാതിപ്പെട്ടില്ല. മാത്രമല്ല, ഭർത്താവിനെ നോക്കി അവൾ മധുരമായി മന്ദഹസിക്കുകയും ചെയ്തു; കാര്യം ഗ്രഹിച്ചുള്ള ഒരു മന്ദഹാസം.

"നീയോ ബത്‌ലഹേമേ,

"ഇസ്രായേലിന്റെ രാജാവായവൻ............"

അതവരുടെ ഇരുവരുടേയും വിലതീരാത്ത രഹസ്യമാണ്. അതിനു മുൻപിൽ യാത്രാക്ലേശമുണ്ടോ അവർ കാര്യമായി പരിഗണിക്കുന്നു.

എസ്ഡ്രലോൺ സമതലത്തിൽകൂടി അവർ കടന്നുപോയി. എന്തൊരു ഉത്സാഹമായ തണുപ്പ്. അതിനുശേഷം ശമരിയാപ്രദേശം പിന്നിലാക്കി മൂന്നാം ദിവസം അവർ യഹൂദിയായിലെത്തി. ഇലകളെല്ലാം പൊഴിഞ്ഞു നഗ്നമായി നിൽക്കുന്ന ഒലിവുവൃക്ഷങ്ങൾ. നാലാം ദിവസമാണ് പരിശുദ്ധനഗരമായ യറുശലേമിനെ അവർ സമീപിക്കുക. കൂട്ടയാത്രക്കാർ അങ്ങോട്ടാണ് പോകുന്നതു്.

"ഇന്നു രാത്രിയിൽ നമുക്കു യറുശലേമിൽ താമസിക്കരുതോ?"– ജോസഫ് മേരിയോടു ചോദിച്ചു.

''വേണ്ട, നമുക്കു യാത്ര തുടരുകതന്നെ ചെയ്യാം."– സൗമ്യയായി മേരി പറഞ്ഞു. അവളുടെ മുഖം നന്നാ വിളറിയിരുന്നു. എന്നാലും ആ മധുരമന്ദഹാസം അവളുടെ ചുണ്ടുകളിൽ അപ്പോഴും സ്ഥാനംപിടിച്ചിട്ടുണ്ട്. കുറെയൊക്കെ ബുദ്ധിമുട്ടേണ്ടതായിവന്നാലും ആവതും വേഗം ലക്ഷ്യസ്ഥാനത്തെത്തിച്ചേരുകയല്ലേ നന്ന്? അങ്ങനെ അവരിരുവരും യറുശലേം നഗരത്തിൽ പ്രവേശിക്കാതെ ബത്‌ലഹേം ലക്ഷ്യമാക്കി തെക്കോട്ടു യാത്ര തുടന്നു. ആ സ്ഥലത്തെത്തണമെങ്കിൽ ഇനി നാലുമൈൽ കൂടി യാത്രചെയ്യണം. മാർഗ്ഗമദ്ധ്യേ അവരിരുവരും മിക്കവാറും മൗനമവലംബിച്ചു എന്തെല്ലാം കാര്യങ്ങളേപ്പററിയാണ് അവക്കു ചിന്തിക്കാനുള്ളതു്. അല്പം മുൻപാണ് മേരി ജോസഫിനെ അറിയിച്ചതു്:– "അതു ഇന്നു രാത്രിയിലായിരിക്കുമെന്നു തോന്നുന്നു." ആനന്ദസംപൂർണ്ണമായിരുന്നു അവളുടെ ശബ്ദം.

''ബത്‌ലഹേമിൽ സൗകര്യപ്രദമായ സത്രങ്ങളുണ്ടായിരിക്കുമല്ലോ!" – റാഹേലിൻെറ ശവകുടീരത്തിനു സമീപം കണ്ട ഒരാളോട് ജോസഫ് ആരാഞ്ഞു.

"തീച്ചയായും; അതാ ആ നാലുവഴികളും സന്ധിക്കുന്ന സ്ഥാനമില്ലേ? അവിടെയുണ്ടൊരു നല്ല സത്രം.'' – ആ അപരിചിതൻ ജോസഫിനെ അറിയിച്ചു.

അവർ ആ സ്ഥലത്തോടു സമീപിച്ചു. യൂറിയാ കുന്നിൻമുകളിലേക്കുള്ള വഴിയേ അവർ മുന്നോട്ടുപോയി. സഹിക്കവയ്യാത്ത തണുപ്പ്. താഴെ മോവാബ്യ സമതലം. നേരം രാത്രിയാകുന്നതിനനുസരിച്ചു ആ പ്രദേശത്തെ ഫലഭൂയിഷ്ഠതയുടെ വർണ്ണം ഇരുണ്ടുതുടങ്ങി. ആകാശമണ്ഡലത്തിൽ നക്ഷത്രലക്ഷങ്ങൾ മിന്നിമിനുങ്ങി പ്രകാശിക്കുന്നു. ഇടയന്മാർ ആട്ടിൻപററങ്ങളെ കുന്നിൻചരുവുകളിൽ ഓരോ സ്ഥാനത്തെത്തിച്ചു. ആഴി കൂട്ടി ഉറക്കത്തിനു വട്ടംകൂട്ടുകയാണ്. അവരിൽ ചിലർ തീയ്യു

സമീപമിരുന്നു് തീപ്പൊരികൾ പറക്കുന്നതു നോക്കിയും ഓടക്കുഴൽ വായിച്ചും രസിക്കുന്നു

ഓടക്കുഴലിന്റെ ആ നാദം എത്ര ഹൃദ്യമായിരിക്കുന്നു. അതുകേട്ടപ്പോൾ യാത്രാക്ഷീണം അല്പമൊന്നകന്നില്ലേ എന്നുപോലും ആ ദമ്പതികൾക്കു തോന്നി. ആട്ടിടയർ പൊതുവേ സ്നേഹമുള്ളവരാണു്. എത്ര വാത്സല്യത്തോടെയാണു് അവർ ആടുകളെ തീററിപ്പോററുന്നതു്. രാജാവാകുന്നതിനു മുൻപു് ദാവീദു് ഇവരെപ്പോലെ ഒരു ആട്ടിടയനായിരുന്നു. നൂററാണ്ടുകൾക്കു മുൻപു ഒരു മധുരകീർത്തനത്തിൽ അദ്ദേഹം വിവരിക്കുകയുണ്ടായി, ദൈവം ഒരു ആട്ടിടയനു തുല്യനാണെന്നു്. എത്ര ആകർഷകമായ ഒരാശയം!

കല്ലുകളിൽ തട്ടിയും, മുള്ളുകൾ കൊണ്ടും ജോസഫിന്റെ പാദങ്ങളിൽ മുറിവുകൾ ധാരാളമുണ്ടു്. മേരിക്കാണെങ്കിൽ ശരീരമെല്ലാം സഹിക്കവയ്യാത്ത വേദനയും. പക്ഷേ, ഈ ക്ലേശങ്ങളൊന്നും അവർ അന്യോന്യം പറഞ്ഞില്ല. ബത്‌ലഹേം അതാ സമീപിക്കുന്നു. കുന്നുകളുടെ അരികുചേർന്നു് വഴിയുടെ അവസാനവളവിൽ അവരെത്തി. ആ ചെറുനഗരത്തിൽ വിളക്കുകൾ പ്രകാശിക്കുന്നതു അവർക്കു കാണാം. നഗരത്തിനുള്ളിൽ അവർ പ്രവേശിച്ചു. അവർക്കാശ്വാസമായി. ഗതിവേഗം അല്പം കൂടി വർദ്ധിപ്പിച്ചു. സത്രത്തിലെത്താൻ ഇനി അധികദൂരമുണ്ടാവില്ല. എന്നാൽ, സാധാരണ സന്ദർഭങ്ങളിലെപ്പോലെ ആ രാത്രിയിൽ നഗരം പ്രശാന്തമായിരുന്നില്ല. ആളുകളുടെ ഉച്ചത്തിലുള്ള സംസാരം - കഴുതകളുടെ കുളമ്പടിശബ്ദം - ഒട്ടകങ്ങളുടെ കഴുത്തിൽനിന്നുള്ള മണിനാദം - അങ്ങനെ ശബ്ദായമാനമായിരുന്നു അന്തരീക്ഷം. ജനസംഖ്യയെടുപ്പിൽ പേരു ചേർക്കാൻ നിരവധി ജനങ്ങൾ ദാവീദിന്റെ നഗരത്തിൽ ആ രാത്രിയിൽ എത്തിച്ചേർന്നിട്ടുണ്ടു്.

സത്രത്തിന്റെ മുൻവശത്തെ മുററത്തു ജോസഫും മേരിയും പ്രവേശിച്ചു. അപ്പോഴേ അവർക്കു മനസ്സിലായി, അതിനുള്ളിൽ

ആളുകൾ തിങ്ങിക്കൂടിയിട്ടുണ്ടെന്നു്. മുററത്തു കഴുതകളുടെ ബഹളം. ഒട്ടകക്കാർ അട്ടഹസിക്കയും അന്യോന്യം ശകാരിക്കയും ചെയ്യുന്നു സത്രത്തിലെ ജോലിക്കാർ മൃഗങ്ങൾക്കു തീററിയും വെള്ളവുമായി പാഞ്ഞു നടക്കയാണ്. സത്രത്തിനുള്ളിലാണെങ്കിൽ, ആളുകളുടെ ഉച്ചത്തിലുള്ള സംസാരവും ചിരിയും കേൾക്കാം. അവിടെ ആ രാത്രി കഴിച്ചുകൂട്ടാമെന്ന വലിയ ആശയൊന്നും ജോസഫിനില്ല. എന്നാലും അദ്ദേഹം മുൻവാതിലിൽ മുട്ടി. സത്രമുടമസ്ഥൻ വാതിൽ തുറന്നു. ജോസഫ് കാര്യം പറഞ്ഞു. പക്ഷേ, സത്രമുടമസ്ഥൻ നിഷേധഭാവത്തിൽ തലകുലുക്കുകയാണു ചെയ്തതു്. "സ്ഥലമില്ല. മറെറവിടെയെങ്കിലും അന്വേഷിക്കൂ." — അയാൾ ജോസഫിനു് ഒരുപദേശം സമ്മാനിച്ചു. അവരതു മുൻകൂട്ടി പ്രതീക്ഷിച്ചതാണ്.

ജോസഫ് മേരിയെ വീണ്ടും കഴുതപ്പുറത്തു കയററി. അവർ പല സ്ഥാനങ്ങളിൽ അന്വേഷണം തുടർന്നു, വഴിയിൽ കാണുന്നവരോടൊക്കെ അവർ ആരായും:– "ഈ രാത്രി ഒന്നു കഴിച്ചുകൂട്ടാൻ ഒരു സ്ഥലം പറഞ്ഞുതരാമോ? സത്രങ്ങളെല്ലാം നിറയെ ആളാണ്.

"എന്തു പറയാനാണ്''—അവരെല്ലാം പറഞ്ഞൊഴിയും. "അടുത്ത വീഥിയിലൊന്നു അന്വേഷിച്ചാൽ തരക്കേടില്ല. അവിടെ മൂന്നാമത്തെ വീട്ടിൽ. ആ വീട്ടുകാർ ചിലപ്പോഴൊക്കെ യാത്രക്കാരെ സ്വീകരിക്കാറുണ്ടു്."

ജോസഫ് മൂന്നാമത്തെ വീട്ടിലെത്തി അന്വേഷണം നടത്തും. പക്ഷേ, അവിടത്തെ അവസ്ഥയും വിഭിന്നമല്ല. "ഒരു നിവൃത്തിയുമില്ലല്ലോ. അല്പം മുൻപാണ നാലഞ്ചു് ആളുകൾ വന്നെത്തിയതു്."

രാത്രി നീളുന്നു. തണുപ്പുകൊണ്ടു മേരി വിറയ്ക്കുകയാണ്.

"ഇതാ, ഈ പുതപ്പുകൊണ്ടു ദേഹം മൂടു"–ജോസഫു ഉപദേശരൂപേണ ഭാര്യയോടു പറഞ്ഞു. പക്ഷേ, ആ ഉപദേശം അവൾ സ്വീകരിച്ചില്ല. വൃദ്ധനായ ജോസഫിനാണല്ലോ പുത

പ്പ കൂടുതൽ ആവശ്യമുള്ളതു്, അല്പനേരം അവർ വഴിയിൽ നിന്നാലോചിച്ചു—ഇനി എന്താണുമാർഗ്ഗം?

ആരോ മേരിയുടെ വസ്ത്രാഗ്രത്തിൽ പിടിച്ചു് സാവധാനം വലിച്ചു. ''ജ്യേഷ്ഠത്തീ, എനിക്കൊരു സ്ഥലമറിയാം''— ഒരു ബാലൻ പറയുകയാണു്.

കീറിപ്പറിഞ്ഞ വസ്ത്രങ്ങരം ധരിച്ചിരുന്ന ആ സാധുബാലന്റെ മുഖത്തേക്കു് മേരി നോക്കി. ''ഉവ്വോ, കുട്ടീ?"—ആശ്വാസത്തോടെ അവരം ചോദിച്ചു

"ഉവ്വ്, എനിക്കറിയാം. അത്ര വിശേഷപ്പെട്ട സ്ഥലമൊന്നുമല്ലതു്. എന്നാലും ബുദ്ധിമുട്ടിനുപകരിക്കും. ഇന്നുരാത്രി മറെറാരിടത്തും നിങ്ങരംക്കു സ്ഥലം കിട്ടുകയില്ല. ഞാൻ പറയുന്ന സ്ഥലത്തു വൈയ്ക്കോലുണ്ടു്. അതിൽ കിടന്നുറങ്ങുകയും ചെയ്യാം."

മേരി ജോസഫിന്റെ മുഖം സൂക്ഷിച്ചു. അദ്ദേഹം സമ്മതഭാവത്തിൽ തലകുലുക്കി. എന്നിട്ടു ആ ബാലനോടു് പറയുകയാണു്: —''അങ്ങനെയാവട്ടെ, മകനേ. നീ തന്നെ മുൻപേ നടക്കു."

കുന്നിന്റെ ഒരുവശത്തെ ചരിവിൽക്കൂടിയുള്ള ഒരുവഴിയേ ആ ബാലൻ അവരെക്കൂട്ടിക്കൊണ്ടുപോയി. കാററങ്ങനെ ശക്തിയായി അടിക്കുന്നുണ്ടു്. വഴിപോലും കാണാൻ പാടില്ലാത്ത വണ്ണമുള്ള കൂരിരുട്ടു്. ഒരു കാൽമണിക്കൂർ നേരം തപ്പിത്തടഞ്ഞു അങ്ങനെ അവർ നടന്നുകാണും. ആ ബാലൻ നിന്നു. ''ഇതു തന്നെ സ്ഥലം." കുന്നിന്റെ ഒരുഭാഗത്തുള്ള ഒരു ഗുഹ അവൻ ചൂണ്ടിക്കാട്ടി. ഗുഹാമുഖത്തുണ്ടായിരുന്ന കല്ലു അവൻ ഉരുട്ടി മാററി. ''വേണ്ടത്ര വലിപ്പമുണ്ടു്. നല്ലതുപോലെ ഉണങ്ങിയ വയ്ക്കോലും." അവൻ അവരുടെ മുഖത്തേക്കു മാറിമാറി നോക്കി, അല്പം ഉൽക്കണ്ഠയോടെ.

ആ ഗുഹയ്ക്കു് ഉയരം കുറവാണു്. കുനിഞ്ഞുവേണം ഉള്ളിൽ പ്രവേശിക്കാൻ. അകത്തു കൂരിരുട്ടു്. തറയിൽ ഈർപ്പവുമുണ്ടു്.

പിൻഭാഗത്തൊരു പുൽത്തൊട്ടിയും. എന്നാലും സാധാരണ കാലിത്തൊഴുത്തുകൾപോലെ അതത്ര വൃത്തിഹീനമായിരുന്നില്ല.

"ധാരാളം മതിയാകും, മകനേ"–ദീർഘമായി ഒന്നു നിശ്വസിച്ചുകൊണ്ടു് ജോസഫ് ആ ബാലനോടു പറഞ്ഞു. ക്ഷീണിതയായിരുന്നിട്ടും മേരി ആ കുട്ടിയുടെ മുഖത്തുനോക്കി കൃതജ്ഞതാസൂചകമായി ഒന്നു മന്ദഹസിച്ചു. അവളുടെ കോമളമുഖത്തു് ഇമവെട്ടാതെ ആ ബാലൻ നോക്കി. "ആവൂ, ഇങ്ങനെയും അഴകുണ്ടോ"– അവൻ ചിന്തിക്കയായിരുന്നു. "ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!"–അല്പം സങ്കോചത്തോടെ പറഞ്ഞു് അവൻ വിടവാങ്ങി കൂരിരുളിൽ മറഞ്ഞു.

*　　　*　　　*　　　*

ബത്ലഹേം നഗരത്തിൻെറ പ്രാന്തപ്രദേശത്തുള്ള ഒരു കുന്നിൻെറ ചരുവിൽ ഒരുസംഘം ആട്ടിടയർ കിടന്നു സുഖമായുറങ്ങുകയാണ്. അവർ കൂട്ടിയിരുന്ന തീകുണ്ഡം അപ്പോഴും കത്തുന്നുണ്ടു്. ഉറക്കമിളച്ചു് ഒരാൾ മാത്രമേ അവിടെ ഇരിക്കുന്നുള്ളു–പ്രായത്തിൽ കവിഞ്ഞു ഉയരമുള്ള ഒരു ബാലൻ. ആട്ടിടയരുടെ പരുപരുത്ത വസ്ത്രമാണ് അവൻ ധരിച്ചിരിക്കുന്നതു്. അന്നു രാത്രി കാവലിനുള്ള തവണ അവനാണ്. ഉറങ്ങാതിരിക്കാൻ പണിപ്പെട്ടുകൊണ്ടു അവൻ തീയ്ക്കു സമീപമിരിക്കുന്നു. തീപ്പൊരികൾ പറന്നു മുകളിലേക്കു പായുന്നതു എണ്ണിത്തിട്ടപ്പെടുത്താൻ അവനൊരു വൃഥാ ശ്രമം നടത്തി. ആ പണി പരിത്യജിച്ചു ആകാശവിരിപ്പിൽ മിന്നങ്ങിത്തിളങ്ങുന്ന നക്ഷത്രങ്ങളെ അവൻ സൂക്ഷിച്ചു. അവനേപ്പോലെ തന്നെ ആട്ടിടയനായി ജീവിതം ആരംഭിച്ചു് പിന്നീടു രാജാവായിത്തീർന്ന ദാവീദിൻെറ ഒരു മനോഹരഗാനം ആ അവസരത്തിൽ അവനോർത്തു.

"ആകാശം ദൈവത്തിൻെറ മഹത്വത്തെ വർണ്ണിക്കുന്നു.

"ആകാശവിതാനം അവൻെറ കൈവേലയെ പ്രകീർത്തിക്കുന്നു."

അഗ്നികുണ്ഡത്തിൻെറ പ്രകാശവലയത്തിനല്പം അകലെ

ആടുകൾ ഒന്നോടൊന്നു തൊട്ടുകിടക്കയാണ്. അവയും സുഖമായുറങ്ങുന്നു. ഈ രാത്രിയിൽ അവയെ സൂക്ഷിക്കേണ്ട ചുമതല അവനാണ്. അവയ്ക്കു് ആപത്തൊന്നും സംഭവിക്കരുതു് – ഒന്നുപോലും നഷ്ടപ്പെടുകയുമരുതു്. സാവധാനം അവനെഴുന്നേററ് അവയുടെ സമീപമെത്തി. അവനവയെ എണ്ണിനോക്കി. ഉല്ല-ഒന്നുപോലും കുറവില്ല. മടങ്ങിയെത്തി ചുററുപാടുമുള്ള കുന്നുകളിലൊന്നു അവൻ കണ്ണോടിച്ചു–വന്യമൃഗങ്ങൾ അവിടെയെങ്ങാനുമുണ്ടോയെന്നറിയാൻ. അപ്പോഴാണ് കുന്നിൻെറ ഒരു ഭാഗത്തുണ്ടായിരുന്ന അസാധാരണമായ ഒരു പ്രകാശം അവനെ ആകർഷിച്ചതു്. അത്ഭുതദ്യോതകമായ ഒരു ശബ്ദം അവൻെറ കണ്ഠത്തിൽനിന്നും പുറപ്പെട്ടു.

മററു് ആട്ടിടയർ ആ ശബ്ദംകേട്ടു ഞെട്ടിയുണർന്നു. ആശങ്കാഭരിതരായി അവർ ഏകസ്വരത്തിൽ ചോദിച്ചു:– "എന്താണതു്–ചെന്നായോ?"

"നോക്കു–നോക്കു!" ഉദ്വേഗത്തോടെ, വിറച്ചുകൊണ്ടു ആ ബാലൻ പ്രകാശം കണ്ട സ്ഥലം ചൂണ്ടിക്കാണിച്ചു. അല്പം മുൻപു ആ ഭാഗത്തു അവൻ പ്രകാശംമാത്രമല്ലേ കണ്ടുള്ളു. എന്നാൽ ഇപ്പോഴാണെങ്കിൽ ആ ഉജ്ജ്വലദീപ്തിയുടെ മദ്ധ്യത്തിലായി പ്രകാശം വിതറിക്കൊണ്ടു ഒരു പുരുഷൻ നിൽക്കുന്നു. ആട്ടിടയർ കമിഴ്ന്നുവീണു. ഭയംകൊണ്ടു അവർ വിറയ്ക്കുയാണ്.

ആ തേജഃപുഞ്ജം അവരെ സമീപിച്ചു. എന്നിട്ടു് അദ്ദേഹം ആ ഇടയരോടു പറയുകയാണ്:–"ഭയപ്പെടേണ്ട" എന്നു്. മൃദുലമനോഹരവും സംഗീതതുല്യവുമായ ശബ്ദം. അപ്പോഴും വിറച്ചുകൊണ്ടു അവർ ആഗതൻെറ മുഖത്തുനോക്കി. ഒരു ദൈവദൂതനായിരിക്കുമോ അവരുടെ മുമ്പിൽ നിൽക്കുന്നതു്? വഴിയിലും, മററു പൊതുസ്ഥാനങ്ങളിലുംവച്ചു ആട്ടിടയരെ കണ്ടാൽ മററാളുകൾ മാറിപ്പോകും. ദേവാലയത്തിലാണെങ്കിൽ ഏററവും പിന്നിലേ അവക്കു ഇരിപ്പിടം വിധിച്ചിട്ടുള്ളു. അഴുക്കുപിടിച്ചു് കീറിപ്പറിഞ്ഞ വസ്ത്രങ്ങളല്ലേ ആ സാധുക്കൾ ധരിക്കപതിവു്? അങ്ങനെ സാമൂഹ്യമായി തിരസ്കൃതരായിരുന്ന അവ

രുടെ സമീപത്തുണ്ടോ ഒരു മാലാഖ പ്രത്യക്ഷപ്പെടുന്നു! അവർക്കതു വിശ്വസിക്കവയ്യാ.

പക്ഷേ, അത്യുന്നതനായ ദൈവത്തിൽനിന്നുള്ള മഹാസന്ദേശവുമായി അവിടെ പ്രത്യക്ഷപ്പെട്ടതു ഒരു മാലാഖതന്നെയാണ്. ആ സന്ദേശം കേൾക്കാൻ അവർ സന്നദ്ധരായി. ഒരു കാലിത്തൊഴുത്തിൽ രാജാധിരാജനായ ദൈവപുത്രൻ ആ രാത്രിയിൽ ജനിച്ചെന്നു് യറുശലേമിലെ പരിശരേയും സാദ്ദുക്യരേയും അറിയിച്ചതുകൊണ്ടൊരു പ്രയോജനവുമില്ല. കൈസറിനെയോ ഹേറോദാവിനെയോ ആ വാർത്ത അറിയിച്ചതുകൊണ്ടും ഫലമില്ല. ദൈവം തൻെറ സന്ദേശവാഹകനെ നിയോഗിച്ചതു അജ്ഞരും സാധുക്കളുമായ ആ ആട്ടിടയന്മാരുടെ അടുക്കലേക്കാണ്. അദ്ദേഹം തുടൎന്നു അവരെ അറിയിച്ചു:–

"ഭയപ്പെടേണ്ടാ– ഇതാ സർവ്വലോകത്തിനും വേണ്ടിയുള്ള ഒരു മഹാസന്തോഷവാർത്ത നിങ്ങളെ ഞാൻ അറിയിക്കുന്നു. മിശിഹാകർത്താവായിരിക്കുന്ന രക്ഷകൻ ദാവീദിൻെറ പട്ടണത്തിൽ നിങ്ങൾക്കിടയിൽ അവതരിച്ചിരിക്കുന്നു. നിങ്ങൾക്കിതു അടയാളമായിരിക്കും. പിള്ളക്കച്ചകൾകൊണ്ടു ചുററി പുൽത്തൊട്ടിയിൽ കിടത്തപ്പെട്ടിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും."

ഭക്തിപൂർവ്വം മുട്ടിന്മേൽനിന്നുകൊണ്ടു് ആട്ടിടയർ ദൈവദൂതൻെറ വാക്കുകൾ ശ്രദ്ധിച്ചു. അവരുടെ ഹൃദയങ്ങൾ ആനന്ദാധിക്യംകൊണ്ടു് അതിവേഗം സ്പന്ദിച്ചു. ദൈവദൂതൻ പറഞ്ഞുതീരേണ്ടതാമസം – അതിമധുരമായ സംഗീതം വായുമണ്ഡലത്തിൽ മുഴങ്ങി. നിരവധി മാലാഖമാർ ഒന്നിച്ചുപാടിയ ദിവ്യഗീതം.

"ഉന്നതത്തിൽ ദൈവത്തിനു മഹത്വം–
ഭൂമിയിൽ സന്മനസ്സുള്ളവൎക്കു സമാധാനം"–

ക്രമേണ ആ സംഗീതത്തിൻെറ മാറെറാലി നിലച്ചു, ആ തേജസ്സും മറഞ്ഞു. അന്ധകാരത്തിൽ മുട്ടിന്മേൽനിന്നു് വിറക്കുന്ന ഒരു സംഘം സാധു ആട്ടിടയർമാത്രം ആ കുന്നിൻ ചരിവിൽ

അവശേഷിച്ചു. ആ സ്വൎഗ്ഗീയസൈന്യത്തിൻെറ നാദവിശേഷം ഇപ്പോഴും അവരുടെ കാതുകളിൽ മുഴങ്ങുന്നുണ്ട്.

പെട്ടെന്നു അവൎക്കു യാഥാൎത്ഥ്യം മനസ്സിലായി. മിശിഹാ അവതരിച്ചു. സാധുക്കളും അജ്ഞരുമായ ആട്ടിടയരാണവർ. എന്നാലും പ്രവാചകരുടെ പുസ്തകങ്ങൾ ദേവാലയത്തിൽ വായിക്കുന്നതു്, പിൻസ്ഥാനത്തിരുന്നാണെങ്കിലും, അവരും കേട്ടിട്ടുണ്ടല്ലോ. ആഗതനാകുന്ന മിശിഹാ അത്ഭുതപൂൎണ്ണൻ, ആലോചനക്കാരൻ, സൎവ്വശക്തനായ ദൈവം, സമാധാനത്തിൻെറ രാജാവു് എന്നൊക്കെ വിളിക്കപ്പെടുമെന്നു അവരും കേട്ടിട്ടുണ്ട്.

സംസാരശക്തി അവൎക്കു വീണ്ടും ലഭിച്ചു. അമ്പരപ്പും അത്ഭുതവും ഏറെക്കുറെ അവരെ വിട്ടകന്നു. അപ്പോൾ അവരിൽ ഒരുവൻ പറയുകയാണ്:- "സഹോദരന്മാരേ, ആ ദിവ്യശിശുവിനെ നമുക്കു കണ്ടേ മതിയാകൂ. പിള്ളക്കച്ചകൾകൊണ്ടു ചുററി പുൽത്തൊട്ടിയിൽ കിടക്കുന്ന ഒരു കുഞ്ഞിനെയാണ് അന്വേഷിച്ചു നാം കണ്ടുപിടിക്കേണ്ടതു്."

"ഞാൻ ഈ ആട്ടിൻതുകൽ ആ കുഞ്ഞിനു കൊടുക്കും."- ഒരുവൻ പറഞ്ഞു.

"ഞാൻ ഈ റൊട്ടിയാണു കൊടുക്കാനുദ്ദേശിക്കുന്നതു്."- രണ്ടാമതൊരാൾ ഏററു.

"ഈ നാണയമാണ് സമ്മാനിക്കാൻ ഞാൻ തീൎച്ചപ്പെടുത്തിയിരിക്കുന്നതു്"- എന്നായി മൂന്നാമതൊരുവൻ.

"എൻെറ ഓടക്കുഴൽ കൊടുക്കുമല്ലോ ഞാൻ" — ദൈവത്തെ ആദ്യം കണ്ട ബാലൻ മനസ്സിലുറച്ചു. പക്ഷേ അക്കാൎയ്യം അവൻ പുറത്തു പറഞ്ഞില്ല. അതു കൂട്ടുകാരെ അറിയിക്കാൻ അവനു എന്തെന്നില്ലാത്ത മടി. കുപ്പായത്തിനുള്ളിലാണ് ആ സംഗീതോപകരണം അവൻ നിക്ഷേപിച്ചിരുന്നതു്. സ്വന്തമെന്നു അവനു അഭിമാനിക്കാൻ സാധിക്കുന്ന ചുരുക്കം ചിലവയിൽ അവനു കൂടുതൽ ഇഷ്ടമുള്ള സാധനം. അങ്ങനെ പാറക്കെട്ടുകളുടെ ഇടയിൽകൂടിയുള്ള ഇടുങ്ങിയ വഴിത്താരയിലൂടെ

ആ ആട്ടിടയർ അന്വേഷണയാത്ര ഉൽഘാടനം ചെയ്തു. പൊതുനിരത്തിലെത്തിയപ്പോഠം അവർ നിന്നു. അല്പനേരം ആലോചിച്ചു, എങ്ങോട്ടാണു് ഇനി തിരിക്കേണ്ടതെന്നു്. ആരോടെങ്കിലും വഴി ചോദിച്ചു മനസ്സിലാക്കാമെന്നുവച്ചാൽ ആ ദിക്കിലെങ്ങും ആരെയും കാണാനുമില്ല. മററാരും തങ്ങളെപ്പോലെ ആ അത്ഭുത ശിശുവിനെ അന്വേഷിച്ചിറങ്ങിയിട്ടില്ലേ- അവർ ആശ്ചയ്യപ്പെട്ടു.

ഏതു വഴിയാണു പോകേണ്ടതു്? അവർ തലകാഞ്ഞാലോചിച്ചു. പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശു! ബെത്ലഹേമിൽ ആയിരക്കണക്കിനു പുൽത്തൊട്ടികളുണ്ടു്. പുൽത്തൊട്ടികളില്ലാത്ത ഒരു വീടുപോലും അവിടെ കാണുകയില്ല. അങ്ങനെ സംശയിച്ചു നിൽക്കവേ അവരിലൊരാഠം സംഭ്രമത്തോടെ വിളിച്ചു പറയുകയാണു്:-"സഹോദരന്മാരേ, നോക്കു- നോക്കു- അതാ അങ്ങോട്ടേയ്ക്കു്." അയാഠം ചൂണ്ടിക്കാണിച്ച ദിക്കിലേക്കു അവർ നോക്കി. ആകാശവിരിപ്പിൽ ചക്രവാളത്തെ തൊട്ടും വിധം അത്യുജ്ജ്വലമായ പ്രകാശമുള്ള ഒരു നക്ഷത്രം. അങ്ങനെ പ്രകാശിക്കുന്ന ഒരു നക്ഷത്രം അവർ ഇന്നോളം കണ്ടിട്ടില്ല. കണ്ണുകഠം തിരുമ്മി അവർ വീണ്ടും നോക്കി. അതിൻെറ ദീപ്തി വദ്ധിച്ചുവദ്ധിച്ചു വരുന്നു. അതവരെ വിളിക്കുകയാണോ? പിന്നെ കൂടുതലൊന്നുമാലോചിക്കാൻ അവർ അവിടെ നിന്നില്ല. നക്ഷത്രത്തെ ലക്ഷ്യമാക്കി അവർ അതിവേഗം നടന്നു തുടങ്ങി.

അപ്പോഴാണു് അവരിൽ ഒരുവൻ പറയുന്നതു്:- "ആ-ആ ഗുഹ! നക്ഷത്രം നമ്മെ ആ ഗുഹയുടെ അടുത്തേക്കാണു കൂട്ടിക്കൊണ്ടുപോകുന്നതു്."

ആ ഗുഹ അവർക്കു അപരിചിതമല്ല. അതിനുള്ളിൽ ഒരു പുൽക്കൂടുണ്ടെന്നുള്ള വിവരവും അവക്കറിയാം. വഴിയുടെ ദൂഘടത തൃണവൽഗണിച്ചു് അവർ അതിവേഗം മുന്നോട്ടു നടന്നു തുടങ്ങി.

"എന്തുകൊണ്ടെന്നാൽ, ഇതാ സവ്വലോകത്തിനും

ഉണ്ടാകാനിരിക്കുന്ന സന്തോഷം നിങ്ങളെ ഞാനറിയിക്കുന്നു."

കുന്നിന്റെ മുകളിലത്തെ ചെരുവിലെത്തിയപ്പോഴം ആട്ടിടയർ അണയ്ക്കുന്നുണ്ടായിരുന്നു. ഗുഹാമുഖത്തോടു അവർ സമീപിച്ചു. ആ നക്ഷത്രം അവിടെ നിന്നു, അവരുടെ ശിരസ്സുകൾക്കു മുകളിൽ വെട്ടിത്തിളങ്ങുന്ന പ്രഭാപൂരം വിതറിക്കൊണ്ടു.

ഗുഹയുടെ വാതിൽക്കൽ അവരല്പനേരം നിന്നു, പരിഭ്രമം തെല്ലെങ്കിലും ഒന്നു നീങ്ങാൻ. വസ്ത്രങ്ങളിലെ പൊടി തട്ടിക്കളഞ്ഞ് അവയൊക്കെ അവരൊന്നു നേരേയാക്കി. അതിനുശേഷം കാഴ്ചസ്സാധനങ്ങൾ കൈയ്യിലെടുത്തുകൊണ്ടു കുനിഞ്ഞു അവരോരോരുത്തരായി ഗുഹയ്ക്കുള്ളിൽ പ്രവേശിച്ചു.

ഗുഹയ്ക്കുള്ളിൽ അവർ കണ്ട കാഴ്ച! പുൽത്തൊട്ടിയിലെ വൈയ്ക്കോലിൽ ഒരു ശിശു കിടക്കുന്നുണ്ട്. ദൈവദൂതൻ അവരോടു പറഞ്ഞതുപോലെ തന്നെ സമീപത്തു ഒരു പുരുഷനും സ്ത്രീയും ഒരു കഴുതയും, സാധാരണവും ലളിതവും; എന്നാൽ മനോമോഹനവുമായിരുന്നു അവിടെയുള്ളതെല്ലാം. സാധു ആട്ടിടയർ. ധാരധാരയായി കണ്ണുകളിൽനിന്നു പ്രവഹിച്ച കണ്ണീരു അവരുടെ മുഖം മുഴുവൻ നനച്ചു.

ജോസഫാകട്ടെ മേരിയാകട്ടെ ഏതാനും നിമിഷനേരത്തേക്കു ആഗതരെ കണ്ടില്ല. പെട്ടെന്നു മേരി കണ്ണുകളുയർത്തി; അവൾ ഭർത്താവിനെ വിളിച്ചു. അപ്പോഴാണു അദ്ദേഹവും അവരെ കാണുക. അവർ നിന്ന സ്ഥലത്തേക്കു അദ്ദേഹം നീങ്ങി. ആ വൃദ്ധന്റെ കൺപീലികളും നനഞ്ഞിരുന്നു–ആ ചുണ്ടുകളിൽ ഒരു മന്ദഹാസം നിഴലിട്ടിട്ടുണ്ട്.

"സ്നേഹനിധിയായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ"—ആട്ടിൻതുകൽ താഴെവച്ചു ശിരസ്സ് നമിച്ചുകൊണ്ട് പ്രായം കൂടിയ ഇടയൻ പറഞ്ഞു. "നിസ്സാരമായ ഒരു കാണിക്കയാണിതു്. എന്നാലും കുഞ്ഞിനു തണുപ്പേൽക്കാതിരിക്കാൻ അതുപകരിക്കും."

"ദൈവം ഈ കുഞ്ഞിനെ അനുഗ്രഹിക്കട്ടെ!"–റൊട്ടിക്കഷണം തറയിൽ വച്ചുകൊണ്ട് രണ്ടാമൻ പറഞ്ഞു. ഓടക്കുഴൽ ആ ബാലനും കാഴ്ചവച്ചു. മററു ഇരുവരെപ്പോലെ ആ അവസ

രത്തിൽ ഒരു വാക്കുപോലും അവൻ ഉച്ചരിച്ചില്ല. പിള്ളക്കച്ചെ കൾ പുററിയിരുന്ന ആ ഓമന ശിശു—ദൈവപുത്രനായ ആ രക്ഷകൻ – ശാന്തമായുറങ്ങുകയാണ്.

"നോക്കൂ" - ശിശുവിൻെറ ദേഹം മൂടിയിരുന്ന കമ്പിളിക്കഷണം മാററിക്കൊണ്ടു് ആ മാതാവു ആട്ടിടയരോടു പറയുകയാണ്. മുഷ്ടി ചുരുട്ടിപ്പിടിച്ചിരുന്ന ഒരു ചെറുകരം അവൾ പുറത്തെടുത്തു. കൈവെള്ള തുറന്നു ആ ശിശു മാതാവിൻെറ ഒരു വിരൽ കരസ്ഥമാക്കി. കറുത്തിരുണ്ട ആ ചെറുനയനങ്ങൾ ഒരു നിമിഷനേരത്തേക്കു തുറന്നു. വീണ്ടും ശിശു ഉറക്കമായി. "അവൻെറ പേരു യേശുവെന്നാണ്." – ശബ്ദമടക്കി മാതാവു സന്ദർശകരോടു പറഞ്ഞു.

ആട്ടിടയർ പരുങ്ങലോടെ ഒന്നുരണ്ടു ചുവടുകൾ മുന്നോട്ടുവച്ചു. "കുഞ്ഞിനെ ഒന്നു തൊടാൻ ഞങ്ങളെ അനുവദിക്കണേ."– അവരൊരു നിവേദനം വിനീതമായി സമർപ്പിച്ചു.

മേരി അനുവദിച്ചു. ശിശുവിൻെറ മൃദുലമായ കപോലങ്ങളിൽ അവരുടെ വലിയ പരുപരുത്ത കൈവെള്ളകൾ തലോടി. കുഞ്ഞിൻെറ ചെറുകരങ്ങളിലും, ഉടുപ്പിൻെറ അഗ്രത്തിലും, കിടക്കയിലും അവർ ചുംബനങ്ങൾ അർപ്പിച്ചു. അതിനുശേഷം ആ മാതാവിനെ സമീപിച്ചു്, അവളുടെ വസ്ത്രാഗ്രം ഭക്ത്യാദരവുകളോടെ അവർ ചുണ്ടുകളോടു് അടുപ്പിച്ചു.

അത്ഭുതം കഴിഞ്ഞശേഷം അക്കൂട്ടത്തിലെ മൂപ്പൻ പറഞ്ഞു:– "ഇനി നമുക്കു മടങ്ങാം. ഈ വിവരം ബത്‌ലഹേമിലെ മററാളുകളേയും അറിയിക്കണം. അവരും വന്നു് ഈ ദിവ്യശിശുവിനെ വണങ്ങട്ടെ." ഓരോരുത്തരായി അവർ ആ ശിശുവിൻെറ മുൻപിൽ ശിരസ്സു നമിച്ചു്, സാവധാനം ഗുഹവിട്ടിറങ്ങി. കിഴക്കേ ചക്രവാളത്തിൽ വെള്ളവീശിത്തുടങ്ങി. എന്നാൽ അതിപ്രകാശമാനമായ ആ നക്ഷത്രം ആകാശമണ്ഡലത്തിൽ അപ്പോഴും തങ്ങിനില്ക്കുന്നുണ്ടു്. ആ ഗുഹാമുഖത്തിനു ചരിയായി നാലു ദിക്കിലേക്കും അതു പ്രകാശം വിതറുന്നു.

"ഉന്നതത്തിൽ ദൈവത്തിനു മഹത്വം
ഭൂമിയിൽ സന്മനസ്സുള്ളവക്കു സമാധാനം-"

ആ ആട്ടിടയരുടെ സ്മരണയിൽ നിന്നു്, മരിക്കുന്നതുവരെ, ആ രാത്രി മായുകയില്ല-മറയുകയില്ല.

മാക്കറ്റിൽ അവരെത്തിയപ്പോഴും നേരം പുലന്നിട്ടില്ല. നഗരവാസികളിൽ ഭൂരിഭാഗവും ഗാഢനിദ്രയിലാണ്ടിരിക്കയാണു്. എന്നാൽ ഉത്സാഹശീലരായ ചുരുക്കം ചില ചെറുകച്ചവടക്കാർ അവരുടെ സ്ഥാനങ്ങളിലെത്തി നേരത്തേതന്നെ സാധനങ്ങൾ നിരത്തിവയ്ക്കുന്നുണ്ടു്.

"നിങ്ങൾ ആ കൊച്ചുരാജാവിനെ കണ്ടോ?"-ഒരാട്ടിടയൻ ചോദിച്ചു.

"ആരു്-കൊച്ചുരാജാവോ?" ഒരു കച്ചവടക്കാരൻ ചോദിക്കയാണു്. അയാളുടെ മുഖം ഒരുനോക്കു കണ്ടാൽമതി, ആക്കും മനസ്സിലാകും, അയാളൊരു തണ്ടനും കോപിയുമാണെന്നു്.

"അതെ, കൊച്ചുരാജാവുതന്നെ. ദൈവം വാഗ്ദത്തം ചെയ്തിട്ടുള്ള രക്ഷകൻ. ദൈവദൂതർ ഈ സദ്വത്തമാനം നിങ്ങളെ അറിയിച്ചില്ലേ?"

അത്രയുമായപ്പോഴേക്കും കൂടുതൽ ആളുകൾ അവിടെക്കൂടി കഴിഞ്ഞിരുന്നു. ആ വാത്തയിൽ ചുരുക്കം ചിലർ സന്തുഷ്ടി പ്രദശിപ്പിച്ചു. എന്നാൽ കൂടുതൽ ആളുകളും ആ ആട്ടിടയരെ ഭർത്സിക്കയും പരിഹസിക്കയുമാണു ചെയ്തതു്. "നിങ്ങൾ കൊച്ചുരാജാവിന കണ്ടു-ഇല്ലേ? ദൈവദൂതർ വിവരം നിങ്ങളെ അറിയിച്ചു-ഇല്ലേ? എന്നാലും, ഇത്രയും ലഹരിയുള്ള മദ്യം ആടിനെ തീററാൻപോയ നിങ്ങൾക്കേ കുടിക്കാൻ സാധിച്ചിട്ടുള്ളു."

ആട്ടിടയരുടെ മുഖം മ്ലാനമായി. അവർ പറയുന്നതു ആരും വിശ്വസിക്കയില്ലെന്നോ? "അങ്ങനെ പറയരുതേ."-അഭ്യത്ഥനാരൂപത്തിൽ ഒരുവൻ പറഞ്ഞു. "മദ്യം ഞങ്ങൾ ഉപയോഗിച്ചില്ല. മാലാഖമാർ വന്നു ഞങ്ങളെ ഉണത്തുന്നതുവരെ ഞങ്ങൾ നല്ല ഉറക്കമായിരുന്നു." നടന്ന സംഭവം വിവരിച്ചു പറയാനവർ ഒരു ശ്രമം നടത്തി.

പക്ഷേ, ജനക്കൂട്ടം അതൊന്നും കേൾക്കാൻ സന്നദ്ധരായില്ല. അവർ ആട്ടിടയരെ ആട്ടിപ്പായിച്ചു. "പോകുന്നുണ്ടോ ഇവിടെനിന്നു്?"—കോപത്തോടെ ജനങ്ങൾ അവരെ ഭീഷണിപ്പെടുത്തി. "കുടിയന്മാരുടെ ലക്ഷക്കേടുകൾ കേൾക്കാൻ ഞങ്ങൾക്കു സമയമില്ല."

ആട്ടിടയർ പിന്നെ അവിടെ നിന്നില്ല. അവർ പട്ടണം വിട്ടിറങ്ങി നടന്നു—അവരുടെ കുന്നിൻപുറങ്ങളിലേക്കു്—ചെററക്കുടിലുകളിലേക്കു് ആടുകളുടെ സമീപത്തേക്കു്. അവരുടെ ഭാര്യമാരും കുഞ്ഞുങ്ങളും അവർ പറയുന്നതു വിശ്വസിക്കുമല്ലോ—അതുമതി. മാലാഖമാർ ഗുഹ, പുൽത്തൊട്ടിയിൽ കിടന്ന പിള്ളക്കച്ചകെട്ടിയ ശിശു—ഇവയെപ്പററിയുള്ള വിവരണം—വർഷങ്ങൾ എത്ര കഴിഞ്ഞാലും ആ വിവരണം അവരുടെ കുടിലുകളിൽ തങ്ങിനിൽക്കും.

# IV

## പിതൃഗൃഹത്തിൽ

ശീതകാലത്തു യറുശലേം ദേവാലയത്തിലോ പരിസരങ്ങളിലോ പറയത്തക്കവിധം തിക്കും തിരക്കുമൊന്നുമില്ല. പ്രഭാതത്തിലെ ബലി കഴിഞ്ഞാൽ അവിടത്തെ വെൺകൽത്തറ കഴുകി ശുചിയാക്കപ്പെടുന്നു. ബലിപീഠത്തിന്മേലുള്ള അഗ്നി എരിഞ്ഞു്, മന്ദമന്ദം താനേ അടങ്ങിക്കൊള്ളും. ഒന്നു രണ്ടു പുരോഹിതരൊഴികെ മററുള്ളവർ ഓരോ ആവശ്യങ്ങൾക്കായി പുറത്തു പോയിരിക്കും. ദേവാലയത്തിലെ പാറാവുകാരാണെങ്കിൽ അവരവരുടെ സ്ഥാനത്തിരുന്നു ഉറക്കം തൂങ്ങുന്നുമുണ്ടാവും.

ആ കാലാവസ്ഥയിൽ ചുരുക്കം ആളുകളേ ദേവാലയവളപ്പിൽ സന്നിഹിതരായിരിക്കു. പെരുനാളുകളുടെ കാലമൊന്നുമല്ലതു്. നിയമം അനുശാസിക്കുന്നതിൻപ്രകാരം പുരോഹിതരെ സ്വയം കാണിക്കാൻ വരുന്ന കുഷ്ഠരോഗികളും പാപപ്രായശ്ചി

ത്തനാലികളുമായെത്തുന്ന ചുരുക്കം ചില ഭക്തജനങ്ങളുമേ ഈ അവസരത്തിൽ അവിടെ ഉണ്ടായിരിക്കു. ആദ്യജാതരായ തങ്ങളുടെ ആൺകുട്ടികളെ ദൈവത്തിനായി പ്രതിഷ്ഠിക്കാനെത്തിയിട്ടുള്ള മാതാക്കളെയും ചിലപ്പോഴൊക്കെ അവിടെ കാണാം. ദേവാലയത്തിൽത്തന്നെ സ്ഥിരതാമസമാക്കിയിരിക്കുന്ന ഹന്നാ അവിടെയുണ്ട്. എല്ലാ പ്രഭാതത്തിലും വേച്ചുവിറച്ച്, വൃദ്ധനായ ശിമയോൻ ദേവാലയത്തിലെത്തും. വടിയും കുത്തി വരും. അദ്ദേഹം നടന്നുപോകുന്നതു കാണുമ്പോഠം പാറാവുകാർ അദ്ദേഹത്തെ ആദരപൂർവ്വം അഭിവാദനം ചെയ്യും. മിശിഹായുടെ ആഗമനത്തിനായി പ്രാർത്ഥിച്ചാണ് ആ വന്ദ്യവയോവൃദ്ധൻ തൻെറ സമയം മുഴുവൻ ചെലവഴിക്കുന്നതു്. ആ പ്രത്യാശ തൻെറ ആയുഷ്കാലത്തുതന്നെ സഫലമാകുമെന്നു ദൈവം അദ്ദേഹത്തോടു വാഗ്ദത്തം ചെയ്തിട്ടുണ്ടായിരുന്നത്രേ. "കാദീശ്" എന്ന പ്രാർത്ഥനയാണ് അദ്ദേഹത്തിനു ഏററവും പ്രിയംകരം. എപ്പോഴും അതു അദ്ദേഹം ഉരുവിട്ടുകൊണ്ടിരിക്കും.

"അവിടത്തെ ശ്രേഷ്ഠമായ നാമം മഹത്വീകരിക്കപ്പെടുകയും ശുദ്ധമാക്കപ്പെടുകയും ചെയ്യട്ടെ.

"നിൻെറ ജീവകാലത്തുതന്നെ അദ്ദേഹത്തിൻെറ രാജ്യം സംസ്ഥാപിതമാകട്ടെ."

ഈ അവസരത്തിൽ ദേവാലയത്തിൻെറ പുറത്തെ അങ്കണവും ഏതാണ്ടു നിർജീവമായിരിക്കും. ബലിമൃഗങ്ങഠം വിൽക്കുന്ന കച്ചവടക്കാരുടെ കൈവശം വളരെ കുറവായേ ഉരുക്കളുണ്ടായിരിക്കയുള്ളു. പെസഹാക്കാലം സമീപിക്കുന്നതിനുമുമ്പ് കൂടുതൽ ഉരുക്കളെ അവർ കരുതേണ്ടതില്ല. നാണയമാററക്കാരും അവശ്യമുള്ളപ്പോഴാണ് ആ അങ്കണത്തിലെത്തുക.

ഒരു ദിവസം ഗലീലിയാതൊഴിലാളിയുടെ വേഷത്തിൽ ഒരു പുരുഷനും ഒരു ചെറു ശിശുവിനെ കരങ്ങളിലെടുത്തുകൊണ്ടു യൗവ്വനയുക്തയായ ഒരു മാതാവും ആ വഴികടന്നു ദേവാലയത്തിലേക്കു പോകയാണ്. അവിടെയുണ്ടായിരുന്നവരാരും ആഗതരെ കണ്ടെന്നുപോലും തോന്നുന്നില്ല. ദേവാലയത്തിൽ

പ്രവേശിക്കുന്നതിനുമുമ്പ് അവർ പ്രാക്കളെ വില്ക്കുന്ന സ്ഥല ത്തേക്കാണു പോയതു്. ഒരു പൊളിഞ്ഞ കൂട്ടിൽ കുറെ പ്രാക്ക ളുമായി ഒരു വൃദ്ധ അവിടെയിരിക്കുന്നുണ്ടു്. കച്ചവടക്കാരി ഇരുന്നുറക്കംതൂങ്ങുകയാണ്. എന്നാൽ അത്രയടുത്തു കാൽ പ്പെരുമാററശബ്ദം കേട്ടപ്പോഠം അവരുണർന്നു്, പല്ലില്ലാത്ത മോ ണകഠംകൊണ്ടു, ഒന്നു മന്ദഹസിച്ചു.

"ഒന്നുവേണോ—അതോ രണ്ടോ?"—അവർ ആരാഞ്ഞു ധനി കർ ഈവിധ സന്ദർഭങ്ങളിൽ ഒരു പ്രാവിനേയും ഒരാട്ടിൻകുട്ടി യേയുമാണു ബലിക്കുവേണ്ടി വാങ്ങുക പതിവു്. സാധുക്കളാ ണെങ്കിൽ രണ്ടു പ്രാവുകളെക്കൊണ്ടു് തൃപ്തരാകും

കിഴവിയുടെ അന്വേഷണത്തിനു മറുപടി നൽകിയതു ആ പുരുഷനായിരുന്നു:— "രണ്ടു്."

"അങ്ങനെതന്നെ—രണ്ടുപ്രാക്കഠം."—സ്നേഹഭാവത്തിൽ കച്ച വടക്കാരി എണ്ണമൊന്നാവർത്തിച്ചു. "നമ്മേപ്പോലുള്ള സാധു ക്കഠംക്കു അത്രയല്ലേ വിധിച്ചിട്ടുള്ളു." കുഞ്ഞിനെ ഞാനൊന്നു കാണട്ടെ. ആവു, നല്ല ഓമനക്കുട്ടൻ—അമ്മയുടെ തൽസ്വരൂപം. "കൂട്ടു് തുറന്നു രണ്ടു പ്രാക്കളെ അവർ വെളിയിലെടുത്തു. ആ പക്ഷികഠം ചിറകടിച്ചും, ശബ്ദം പുറപ്പെടുവിച്ചും, സ്വാത ന്ത്ര്യത്തിനുള്ള അഭിലാഷം പ്രകടിപ്പിച്ചു. വൃദ്ധ, അവ പുരു ഷനെ ഏല്പിച്ചു. ആ മനുഷ്യൻ അവയെ വാങ്ങി. അദ്ദേഹ ത്തിൻെറ കൈക്കുള്ളിൽ അവ ശാന്തമായി വിശ്രമിച്ചു. മുത്തു പോലുള്ള കണ്ണുകഠംകൊണ്ടു അവ ചുററപാടുമൊന്നുനോക്കി. പുരുഷൻ കൊടുത്ത നാണയം കച്ചവടക്കാരി അരികെയുണ്ടാ യിരുന്ന ഒരു ചെറുപെട്ടിയിൽ നിക്ഷേപിച്ചു. ശാന്തമായ ഒരു നോട്ടം അവരുടെ കണ്ണുകളിൽ നിഴലിട്ടു. "ഇസ്രായേലി ൻെറ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!"—പുരുഷനും സ്ത്രീയും കുഞ്ഞും ദേവാലയത്തിലേക്കു പോകാൻ തിരിഞ്ഞപ്പോഠം കച്ച വടക്കാരി അവക്കു മംഗളമാശംസിച്ചു. അതുകഴിഞ്ഞു, ഒന്നുകൂടി മയങ്ങാൻ അവർ തയാറായി.

ദേവാലയത്തിനുള്ളിൽ സ്ത്രീകഠംക്കായുള്ള വിശാലമായ

ഭാഗത്തു നൂതനാഗതർ പ്രവേശിച്ചു ചുററും ഒന്നുനോക്കി. ദേവാലയത്തിലെ ഒരു സാധാരണജീവനക്കാരൻ ഒരു തൂണിൽ ചാരി അല്പമകലെ നിൽക്കുന്നുണ്ടു്. അവർ അയാളുടെ സമീപത്തേക്കു നടന്നു. അവരെ കണ്ടപ്പോൾ അയാൾ നിവർന്നുനിന്നു. അവരുടെ ആവശ്യം എന്താണെന്നു ആരും അയാളെ പറഞ്ഞു മനസ്സിലാക്കേണ്ടതില്ല. പുരുഷൻെറ കൈയ്യിൽ രണ്ടു പ്രാക്കൾ– ഒരു ചെറുകുഞ്ഞിനെ എടുത്തുകൊണ്ടു കൂടെ ഒരു സ്ത്രീ- അവർക്കൊരാവശ്യമേ ഉണ്ടാകാനിടയുള്ളു.

"അല്പം താമസിച്ചേ പററൂ."– ആഗതരെ അയാൾ അറിയിച്ചു. "ഒന്നോ രണ്ടോ പുരോഹിതരേ ഇപ്പോളിവിടെയുള്ളു. അവർ മറെറന്തോ ജോലിയിൽ ഏർപ്പെട്ടിരിക്കയുമാണു്." ആ സ്ത്രീയുടെ മുഖത്തേക്കു ജോലിക്കാരൻ ഒന്നു സൂക്ഷിച്ചുനോക്കി. ഏതോ ഒരു പൂർവ്വകാലസ്മരണ അയാളുടെ മനസ്സിലുയർന്നു. എവിടെവെച്ചോ ആ സ്ത്രീയെ ഇതിനു മുൻപു അയാൾ കണ്ടിട്ടുണ്ടു്. ഒരിക്കൽ കണ്ടാൽ മറക്കാനാവില്ല, ആ മുഖം. പക്ഷേ എവിടെവച്ചാണു് അവളെ കണ്ടതെന്നു അയാൾക്കു അത്രതിട്ടമില്ല. സാരമില്ല–എത്രയെത്ര മുഖങ്ങളാണു് പ്രതിവർഷം ദേവാലയത്തിൽ വച്ചു അയാൾ കാണുന്നതു്.

"പിതാവിൻെറപേരു്?"– യാന്ത്രികമായി അയാൾ ചോദിച്ചു.

സ്ത്രീയുടെ കൂടെയുണ്ടായിരുന്ന പുരുഷൻ അല്പനേരം സംശയിച്ചുനിന്നു. എന്നിട്ടദ്ദേഹം പറയുകയാണു്-: "ജോസഫ്; നസ്രേത്തുകാരനായ ജോസഫ് — യാക്കോബിൻെറ പുത്രൻ — ദാവീദിൻെറ വംശജൻ."

"മാതാവിൻെറ പേരോ?"

"നസ്രേത്തുകാരി മേരി–ജോയാക്കിമിൻെറ പുത്രി–വംശം ദാവീദിൻേറതു തന്നെ."

"കുട്ടിയുടെ പേരോ?"

"യേശു."

"ജനനം നസ്രേത്തിൽത്തന്നെ, അല്ലേ?"

"അല്ല- ബേത്ലഹേമിൽ."

"ഇവിടെ ഇരിക്കൂ."- അയാൾ ഒരു കരിങ്കൽബെഞ്ചു ചൂണ്ടിക്കാണിച്ചു. "ഇസ്രായേലിന്റെ അങ്കണത്തി"ലേക്കു അയാൾ നടന്നുകഴിഞ്ഞു. പോകുമ്പോഴും ആ മുഖത്തെപ്പററിയുള്ള ചിന്തയാണു അയാളുടെ ഉള്ളിൽ.

മേരിയും ജോസഫും ആ ബെഞ്ചിലിരുന്നു. മേരിയുടെ കരവലയത്തിനുള്ളിൽ യേശു സുഖമായുറങ്ങുകയാണ്. നേർച്ചയിടാൻ വരുന്ന ആളുകളുടെ മെതിയടിശബ്ദമെ അവിടെ കേൾക്കാനുള്ളു. അല്ല അങ്ങിനെയിരിക്കുമ്പോൾ കേൾക്കാം ദേവാലയത്തിനനുബന്ധമായ വിദ്യാലയത്തിൽ വിദ്യാത്ഥികൾ ന്യായപ്രമാണത്തിലെ വാക്യങ്ങൾ സംഗീതരൂപത്തിൽ ഉരുവിടുന്നതു്. ആ ശബ്ദങ്ങളും കുന്തുരുക്കത്തിന്റെ മണവും എത്രയെത്ര പൂർവ്വകാല സ്മരണകളെയാണു മേരിയിൽ തട്ടിയുണർത്തിയതു്. കിടക്കയിലിരുന്നുള്ള അവളുടെ പ്രാത്ഥന-നൂൽനൂല്പ്-പ്രഭാതബലികർമ്മത്തിന്റെ ജനാലയിൽക്കൂടിയുള്ള ദശനം. അന്നത്തെപ്പോലുള്ള ഒരു ചെറുകുട്ടിയായി ഇപ്പോൾ സങ്കല്പത്തിൽ അവൾ രൂപാന്തരപ്പെട്ടു. കുഞ്ഞു അവളുടെ കൈയ്യുള്ളിലിരുന്നൊന്നനങ്ങി. അവൾ വത്തമാനകാലത്തിലേക്കു മടങ്ങിയെത്തുകയും ചെയ്തു.

യേശു അന്നാദ്യമായാണ് ദേവാലയത്തിൽ പ്രവേശിക്കുന്നതു്. സ്വപിതാവിന്റെ ഗൃഹത്തിലേക്കാണു ആ ശിശു വന്നെത്തിയതു്. മേരി തന്റെ പുത്രനെ ദൈവത്തിനായി പ്രതിഷ്ഠിക്കാൻ ഭാവിക്കയാണ്.

"അവൻ വലിയവനായിരിക്കും — അത്യുന്നതന്റെ പുത്രനെന്നു വിളിക്കപ്പെടും-ദാവീദിന്റെ സിംഹാസനം ദൈവം അവനു കൊടുക്കും."

അപ്പോഴും അമ്മയുടെ കൈകളിൽ സസുഖമുറങ്ങുകയാണ് ആ ശിശു. അല്പംകഴിഞ്ഞപ്പോൾ ആ പരിചാരകൻ അവിടെയെത്തി അറിയിച്ചു:- "പുരോഹിതൻ നിങ്ങളെ പ്രതീക്ഷിച്ചു നിൽക്കുന്നു. ഇതുവഴി വരണം." അവർക്കു മുൻപായി അയാൾ

നടന്നു. "ഇസ്രായേൽക്കാരുടെ അങ്കണ"ത്തിൽ അവരെത്തിച്ചേർന്നു. "പടി കയറി മുകളിൽ പോയി നിൽക്കുക." അയാൾ നിർദ്ദേശിച്ചു.

പടി കയറവേ, മേരിയുടെ ഹൃദയം ത്രസിച്ചു. ദൈവദൂതന്റെ സന്ദർശനത്തിനു ശേഷം ദൈവസാമീപ്യം ഇത്രത്തോളം അവൾക്കു അനുഭവവേദ്യമായിട്ടില്ല. അടർന്നു വീഴാൻ വിസമ്മതിച്ച കണ്ണീർക്കണം കൊണ്ടു അവളുടെ കാഴ്ച തടയപ്പെട്ടു. ഒന്നോ രണ്ടോ നിമിഷമേ ഇനി വേണ്ടു. അത്യുന്നതന്റെ പുരോഹിതൻ അവളുടെ മുൻപിലെത്തി, അവളുടെ ശിശുവിനെ കൈയ്യിൽ വാങ്ങി അനുഗ്രഹിക്കാൻ. ഈ ശിശു മററു കുട്ടികളിൽ നിന്നു വ്യത്യസ്തനാണെന്നു പുരോഹിതൻ മനസ്സിലാക്കിയിരിക്കയില്ല. ദൈവത്തിനും അവൾക്കുമല്ലേ ആ രഹസ്യം അറിവുള്ളു.

"ഇതാ ഞാൻ കർത്താവിന്റെ ദാസി-
നിന്റെ വാക്കുകൾപോലെ എന്നിൽ ഭവിക്കട്ടെ."

ആ വാഗ്ദാനം ഇന്നവൾ ആവർത്തിക്കയാണ്. ദൈവത്തിനു തന്നെ അവിടത്തെ പുത്രനെ അവൾ കൊടുക്കുന്നു. കുഞ്ഞിനെ മാറോടണച്ചു അവൾ ആ പടിയിൽ നിന്നു.

അതാ കേൾക്കുന്നു, കാൽപ്പെരുമാററശബ്ദം. തല ഉയർത്തി അവൾ നോക്കി. അപ്പോഴേക്കു പുരോഹിതൻ അവളുടെ മുമ്പിൽ എത്തിക്കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ മുഖം പരിചിതമായി അവൾക്കു തോന്നി. ശിരസ്സു നമിച്ചു മേരി വീണ്ടും നിന്നു. ആ ശിരസ്സിനുപരിയായി ശുദ്ധീകരണത്തിന്റെ പ്രാർത്ഥനകളാണ് പുരോഹിതൻ ആദ്യം നിർവ്വഹിച്ചതു്. അതിനുശേഷം കുട്ടിയെ അദ്ദേഹം അവളിൽനിന്നു വാങ്ങി. പ്രാർത്ഥനയോടെ അവനെ മേല്പോട്ടുയർത്തി ദൈവത്തിനായുള്ള പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ചു. ആയിരമായിരം വർഷങ്ങൾ പഴക്കമുള്ളവയല്ലേ ആ പ്രാർത്ഥനകൾ? ഇതാ യുവതിയായ ഒരു യഹൂദമാതാവിന്റെ ആദ്യജാതൻ കൂടി ദൈവത്തിനു പ്രതിഷ്ഠിതനാകുന്നു. പക്ഷേ, ആ കുട്ടിയെ സംബന്ധിച്ചുള്ള ദൈവിക രഹസ്യമുണ്ടോ ആ പുരോഹിതൻ മനസ്സിലാക്കുന്നു!

ആ പ്രാർത്ഥനയ്ക്കു ശേഷം കുഞ്ഞിനെ പുരോഹിതൻ മേരിയുടെ കൈയിൽ കൊടുത്തു. കരങ്ങളുയർത്തി അവരെ മൂവരെയും അദ്ദേഹം ആശീർവദിച്ചു. പുരോഹിതൻ തിരിഞ്ഞു നടന്നു. പ്രാക്കളെ ജോസഫ് ഭൃത്യനെ ഏല്പിച്ചു. അങ്ങനെ ആ പ്രതിഷ്ഠാകർമ്മവും അവസാനിച്ചു.

അല്പസമയം മേരി നിശ്ചലയായി അവിടെത്തന്നെ നിന്നു. അവൾ പ്രാർത്ഥനയിൽ ലയിച്ചിരിക്കയാണ്.

"എന്റെ ആത്മാവു കർത്താവിനെ മഹത്വപ്പെടുത്തുന്നു.

"എന്റെ ആത്മാവു ജീവിപ്പിക്കുന്ന ദൈവത്തിൽ ആനന്ദിക്കുന്നു."

യേശു അവളുടെ കൈയ്ക്കുള്ളിൽ അനങ്ങി. മേരി ചിന്താലോകത്തിൽ നിന്നു് മടങ്ങിയെത്തി. കുഞ്ഞു പൂർണ്ണമായും ഉണന്നു കഴിഞ്ഞിരുന്നു. നക്ഷത്രതുല്യമായ ആ ചെറുനയനങ്ങളിൽ അൽഭുതത്തിന്റെ ഒരു ഭാവം ദൃശ്യമായി. അപ്പോഴാണു മേരി മനസ്സിലാക്കുന്നതു്, പുരോഹിതൻ കർമ്മം കഴിഞ്ഞു മടങ്ങിപ്പോയെന്നു്. അവൾ സാവധാനം പടികളിറങ്ങി. ആരോ വടിയൂന്നി ക്ലേശിച്ചു മന്ദംമന്ദം നടക്കുന്ന ശബ്ദം അവളുടെ കാതുകളിലെത്തി. ആ ശബ്ദം അവൾ അതിനു മുൻപും പല പ്രാവശ്യം കേട്ടിട്ടുള്ളതാണ് — ദേവാലയത്തിൽ അവൾ ജീവിച്ചിരുന്ന കാലത്തു് അതു കേൾക്കുമ്പോൾ ഹന്നാ അവളോടു പറയാറുണ്ടായിരുന്നു:– "അതു് ശെമ്ഓൻ ആണു കുഞ്ഞേ. മിശിഹായുടെ ആഗമനത്തിനായി പ്രാർത്ഥിക്കാൻ അദ്ദേഹം വരികയാണ്. നമുക്കും 'കാദീശ്' പ്രാർത്ഥന നിർവ്വഹിക്കാം". ആ വൃദ്ധൻ കടന്നുപോകവേ ഹന്നായും മേരിയും 'കാദീശ്' പ്രാർത്ഥന നിർവ്വഹിക്കയും ചെയ്യും. "ശെമ്ഓനെപ്പോലെ ഒരു പരിശുദ്ധൻ ഇസ്രായേലിലുണ്ടോയെന്നു സംശയമാണ്"– ഒരു ദീർഘനിശ്വാസത്തോടെ ഹന്നാ അവളോടു പറയും. "തീർച്ചയായും അദ്ദേഹത്തിന്റെ പ്രാർത്ഥന ദൈവം സ്വീകരിക്കും."

പടികളിറങ്ങി മേരി താഴെയെത്തി. ജോസഫ് അവളുടെ പിന്നിലുണ്ടു്. പ്രായാധിക്യംകൊണ്ടു കുനിയിരുന്ന ശെമ്ഓൻ

വടിയും കുത്തി വിറച്ച് അവർക്കഭിമുഖമായി നടന്നു വരുന്നു. മേരി ശിശുവിൻെറ ദേഹത്തുനിന്നു കമ്പിളിക്കഷണം മാററി അവനെ അല്പമൊന്നു പൊക്കിപ്പിടിച്ചു. പെട്ടെന്നു ആ വയോവൃദ്ധൻ നിശ്ചലനായി നിന്നു. മങ്ങിയിരുന്ന അദ്ദേഹത്തിൻെറ കണ്ണുകൾ സജീവങ്ങളായി. ചുക്കിച്ചുളുങ്ങിയിരുന്ന കരങ്ങൾ നീട്ടി അദ്ദേഹം ശിശുവിനെ മേരിയുടെ കൈയിൽ നിന്നു വാങ്ങി. അവ്യക്തമായിരുന്ന അദ്ദേഹത്തിൻെറ ശബ്ദം, സുവ്യക്തമായി അവിടെ മുഴങ്ങി.

"എൻെറ കർത്താവേ, നിൻെറ വചനംപോലെ നിൻെറ ദാസനെ
ഇപ്പോൾ നീ സമാധാനത്തിൽ വിട്ടയയ്ക്കുന്നു.
ജാതികൾക്കു വെളിപ്പെടാനുള്ള പ്രകാശവും നിൻെറ ജനമായ
ഇസ്രായേലിനുള്ള മഹത്വവുമായി സകല ജാതികളുടെയും മുൻപിൽ
നീ ഒരുക്കിയിരിക്കുന്ന നിൻെറ കരുണയെ ഇതാ എൻെറ
കണ്ണുകൾ കണ്ടിരിക്കുന്നു."

ആദ്യഘട്ടത്തിൽ അദ്ദേഹം മേരിയുടെ സാന്നിദ്ധ്യം മനസ്സിലാക്കിയില്ലെന്നേ ആർക്കും തോന്നുമായിരുന്നുള്ളു. അദ്ദേഹത്തിൻെറ പൂർണ്ണ ശ്രദ്ധയും ആ ശിശുവിലാണ് പതിഞ്ഞിരുന്നതു്. പെട്ടെന്നു അദ്ദേഹം ആ യുവമാതാവിനെ നോക്കി. സൗമ്യമായ ആ മുഖത്തു ഒരു ഗൗരവഭാവം കാണാനുണ്ട്. അദ്ദേഹം തുടർന്നു പറയുകയാണ്:—

"ഇതാ ഇവൻ ഇസ്രായേലിൽ പലരുടേയും
വീഴ്ചയ്ക്കും എഴുന്നേല്പിനും തക്കതിൻെറ
അടയാളത്തിനുമായി വയ്ക്കപ്പെട്ടിരിക്കുന്നു.
നിൻെറ സ്വന്തം ആത്മാവിൽ കൂടിയും പലരുടേയും
വിചാരങ്ങൾ വെളിപ്പെടുമാറ് ഒരു വാൾ കടക്കും."

ഏതാണ്ടൊരു കാർക്കശ്യത്തോടെയാണ് ശെമ്ഓൻ അവസാനവാക്കുകൾ ഉച്ചരിച്ചതു്. പക്ഷേ അതു സ്നേഹത്തിൻെറ

കാക്ഷ്യമായിരുന്നു. അല്പസമയത്തിനുള്ളിൽ കാഴ്ചമങ്ങിയ കണ്ണുകളും, വിറയ്ക്കുന്ന കൈകാലുകളുമുള്ള ബലഹീനനായ വയോവൃദ്ധനായിത്തീർന്നദ്ദേഹം ആ പിഞ്ചുകുഞ്ഞിന്റെ ഭാരം വഹിക്കാൻപോലും അദ്ദേഹത്തിനു സാധിച്ചില്ല. മേരി ശിശുവിനെ വാങ്ങി. വടിയെ അവലംബമാക്കി മന്ദമന്ദം ആ വന്ദ്യവയോവൃദ്ധൻ അവിടെനിന്നു നടന്നകലുകയും ചെയ്തു.

കുഞ്ഞിനെ മുറുകെ കൈക്കുള്ളിൽ പിടിച്ചുകൊണ്ടു മേരി അവിടെ നിന്നു. അവളുടെ ഹൃദയം അതിവേഗം തുടിക്കുന്നു. ദൈവം അവളുടെ മഹാരഹസ്യം ശെമയോനേ അറിയിച്ചിരുന്നു—ഇനി ആ ഭക്തശിരോമണിക്കു സമാധാനത്തോടെ മരിക്കാം. എന്നാൽ അദ്ദേഹം പറഞ്ഞ വാക്കുകളോ?

"ശിശു പലരുടേയും വീഴ്ചയ്ക്കും എഴുന്നേല്പിനും വയ്ക്കപ്പെട്ടിരിക്കുന്നു.

"നിന്റെ ആത്മാവിൽക്കൂടി ഒരു വാളു കടക്കും."

ചിന്തിക്കാൻപോലും ശക്തിയില്ലാതെ അവൾ ഒരു നിമിഷനേരം നിശ്ചലയായിത്തീർന്നു. സാവധാനം ജോസഫ് അവളുടെ ഭുജത്തിൽ തൊട്ടു. "വരിക",—അദ്ദേഹം അവളെ ഒരു ഇരിപ്പിടത്തിലേക്കു ആനയിച്ചു. "അല്പനേരം വിശ്രമിക്കു അതു കഴിഞ്ഞു നമുക്കു ഹന്നായെ കാണാൻപോകാം". ഒന്നുരണ്ടു ചുവടുകൾ മേരി മുന്നോട്ടുവച്ചതേയുള്ളു. അപ്പോൾ അവളുടെ പിൻപിൽ കേൾക്കാം, അൽഭുതസൂചകമായ ഒരു ചെറുശബ്ദം. അവരിരുവരും തിരിഞ്ഞുനോക്കി. ഹന്നാ അതാ അവരുടെ അടുക്കലേക്കു അതിവേഗം വരുന്നു—ചുളുങ്ങിയ ആ മുഖത്തു സ്നേഹപൂർവ്വമായ ഒരു മന്ദഹാസത്തോടെ. കരങ്ങൾ രണ്ടും ആ വൃദ്ധ നീട്ടിയിട്ടുണ്ട്. "മേരി"—എന്ന വിളിയോടെ അവളെ ആശ്ലേഷിക്കാൻ ഒരുമ്പെട്ടു. പെട്ടെന്നു ആ സംരഭത്തിൽനിന്നവർ പിൻവാങ്ങി. അവരുടെ മുഖം വിളറി. അവർ മൂർഛിച്ചു വീഴുമോ എന്നുപോലും മേരി ഭയപ്പെട്ടു. എന്നാൽ അല്പസമയത്തിനുള്ളിൽ ആ ബലഹീനത അവരെ വിട്ടുമാറി. വ്യക്തമായി ഉറക്കെ അവർ പറയുകയാണ്:— "ഇസ്രായേലിന്റെ രക്ഷ ഇതാ

സമീപസ്ഥിതമായിരിക്കുന്നു'' അവിടെയുണ്ടായിരുന്ന മററാളുകൾ തിരിഞ്ഞു് ആ ചെറുസംഘത്തെ നോക്കി. ''ദൈവത്തിൻെറ മുഹൂർത്തം ഉദയംചെയ്യാൻ ഇനി താമസമില്ലെന്നു നിങ്ങൾ മനസ്സിലാക്കുന്നില്ലേ?''– അവിടെ വന്നെത്തിയവരോടു ഹന്നാ ചോദിച്ചു. അവർക്കാകട്ടെ ആ വാക്കുകൾ ദുർഗ്രഹങ്ങളായിരുന്നു. ''ഹന്നായ്ക്കു ഒരു ദർശനമുണ്ടായതാവാം''– അവർ അന്യോന്യം പറഞ്ഞു അവിടെനിന്നു പിരിഞ്ഞുപോയി.

അല്പം കഴിഞ്ഞപ്പോൾ ഹന്നാ ശാന്തയായി. പക്ഷേ, ആ വൃദ്ധയുടെ കണ്ണീരടങ്ങിയില്ല.

''എൻെറ മേരീ, കുഞ്ഞേ, നിൻെറയും എൻെറയും പ്രാർത്ഥനകൾ ദൈവം ചെവിക്കൊണ്ടിരിക്കുന്നു. ദൈവം നിന്നെ അനുഗ്രഹിക്കട്ടെ.'' അവർ മേരിയെ സസ്നേഹം ചുംബിച്ചു. എന്നിട്ടവർ ചോദിക്കയാണു്:– ''പരിശുദ്ധനായ ഈ ശിശുവിനേയും എനിക്കു ചുംബിക്കാമോ?''

മറുപടി പറയാൻ വാക്കുകൾ മേരിക്കു ലഭിച്ചില്ല. അവൾ കുഞ്ഞിനെ ഉയർത്തിപ്പിടിച്ചു. ഹന്നാ ആ ഇളംനെററിത്തടത്തിൽ ഭക്തിയോടെ ഒരു ചുംബനം അർപ്പിച്ചു. അതിനുശേഷം ആ വൃദ്ധ അവിടെ നിന്നില്ല.

ദേവാലയം വിട്ടിറങ്ങി പുറത്തുള്ള അങ്കണത്തിലേക്കു മേരി ജോസഫിനെ അനുഗമിക്കവേ, അവൾ യാതൊന്നും പറഞ്ഞില്ല. യേശു ഇപ്പോൾ ജോസഫിൻെറ കരങ്ങളിലാണു് വിശ്രമം കൊള്ളുന്നതു്. ആ കറുത്ത കണ്ണുകൾ തുറന്നു് ഒരു സുമന്ദഹാസത്തോടെ ശിശു ചുററുപാടും നോക്കുകയാണു്. വീഥികളിൽ ജനങ്ങൾ ധാരാളമുണ്ടു്. സ്ത്രീകൾ മാർക്കററിലേക്കു്– പുരുഷന്മാർ ജോലിസ്ഥലങ്ങളിലേക്കു്– പരീശർ ദേവാലയത്തിലേക്കു്. മേരി ജോസഫിൻെറ പിന്നിൽ നടക്കുന്നു. പക്ഷേ, അവളുടെ ചിന്തകൾ വിദൂരതയിലാണ്ടിരുന്നു. ജനക്കൂട്ടത്തെ അവളുടെ കണ്ണുകൾ കാണുന്നില്ല. ശിശുവിനെ കൈയിലെടുത്തുകൊണ്ടു് ശെമ്ഓൻ പറഞ്ഞ അഗാധസമാനമായ വാക്കുകളെപ്പററി അവൾ ചിന്തിക്കയാണു്.

"ശിശ്രു പലരുടേയും വീഴ്ചയ്ക്കും എഴുന്നേല്പിനും
വയ്ക്കപ്പെട്ടിരിക്കുന്നു.
"നിന്റെ ആത്മാവിൽക്കൂടി ഒരു വാറം കടക്കും."

# V

## ഈജിപ്തിലേക്കുള്ള പ്രയാണം

ഉത്തരഈജിപ്തിൽ യഹൂദർ കുടിയേറിപ്പാർക്കുന്ന പ്രദേശങ്ങളിലെ നഗരങ്ങൾ ഐക്യത്തിനും സൗഹൃദത്തിനും പേരുകേട്ടവയായിരുന്നു. ഒരേ വർഗ്ഗത്തിൽപ്പെട്ടവരാണ് തങ്ങളെന്ന ബോധം ആ ജനതയിൽ ദൃഢമൂലമായിട്ടുണ്ട്. അതനുസരിച്ച അവർ സ്നേഹവും സാഹോദര്യവും മുൻനിറുത്തി ആ വിദേശത്തു ജീവിച്ചുപോന്നു. ഈജിപ്തിലെ യഹൂദർക്ക് അക്കാലത്ത് സ്വന്തം മാർക്കററുകളുണ്ട്. തൊഴിലാളികളുണ്ട്-റബ്ബികളും, പെരുന്നാളുകളും, ദേവാലയങ്ങളും സ്വന്തമായിത്തന്നെയുണ്ട്. എന്നാൽ സഹജീവികളുടെ രഹസ്യങ്ങൾ അറിയുന്നതിൽ അവർ ജിജ്ഞാസുക്കളായിരുന്നില്ല.

മരയാശാരി ജോസഫും, അദ്ദേഹത്തിന്റെ യുവതിയായ ഭാര്യ മേരിയും, അവരുടെ മകൻ യേശുവും എന്തിനു സ്വദേശം വിട്ട ഈജിപ്തിൽ വന്നെത്തി എന്നാരും അവരോടു ചോദിച്ചില്ല. എന്നാലും രണ്ടു വയസ്സിനു താഴെയുള്ള ബെത്ലഹേമിലെ ആൺകുട്ടികളെയെല്ലാം ഒന്നടങ്കം കൊന്നൊടുക്കണമെന്ന ഹേരോദേസ് രാജാവിന്റെ ക്രൂരാജ്ഞയാണ് ഇവരുടെ പ്രയാണത്തിനു കാരണമെന്ന കിംവദന്തി ആ പ്രദേശത്തു പരന്നിട്ടുണ്ട്.

വിസ്മരിക്കാൻ മേരിയും ജോസഫും തീവ്രമായി അഭിലഷിച്ച ഒരു സ്മരണയും അനുഭവവുമായിരുന്നതു്. വിദ്വാന്മാരായ മൂന്നു രാജാക്കന്മാരുടെ സന്ദർശനത്തെ തുടർന്നാണ് അതെല്ലാം ആരംഭിച്ചതു്. യഥാർത്ഥത്തിൽ ആ സന്ദർശകർ രാജാക്ക

ന്മാരായിരുന്നില്ല. വിവിധ വിഷയങ്ങളിൽ അഗാധമായ പാണ്ഡിത്യം ആർജിച്ച മൂന്നാളുകളായിരുന്നു അവർ. അവരെ മൂവരെയും പൊതുവെ "മാഗി" എന്നാണു വിളിച്ചുപോന്നതു്. അവർ ബത്‌ലഹേമിലെത്തി, ഒട്ടകപ്പുറത്തുനിന്നിറങ്ങവേ അവരെ കണ്ട സ്ഥലത്തുള്ള ആളുകൾ സങ്കല്പിച്ചു അവർ തീർച്ചയായും രാജാക്കന്മാർ തന്നെയാണെന്നു്. കുഞ്ഞുങ്ങൾ ഓടി മാതാക്കളുടെ സമീപമെത്തി വിളിച്ചു പറഞ്ഞു:—"നോക്കു-നോക്കു ഇത്ര മനോഹരമായ വസ്ത്രങ്ങൾ കണ്ടിട്ടുണ്ടോ"?. അതോടൊപ്പം ആഗതരുടെ കറുപ്പുനിറവും കറുത്ത മീശയും താടിയും ആ കുഞ്ഞുങ്ങളെ ഭയപ്പെടുത്തുകയും ചെയ്തു.

പട്ടണത്തിന്റെ താഴ്ന്ന ഭാഗത്തു ഒരു ചെറുഗൃഹത്തിലായിരുന്നു മേരിയും ജോസഫും കുഞ്ഞുയേശുവും താമസം. വീട്ടിൽനിന്നു അധികമൊന്നുമകലത്തല്ല, ജോസഫിന്റെ പണിസ്ഥലം. മേരി മാവു പൊടിച്ചുകൊണ്ടിരിക്കുന്നു. അപ്പോൾ കേൾക്കാം മുൻവാതിലിൽ ആരോ തട്ടുന്ന ശബ്ദം. അല്പം അമ്പരപ്പോടെ മേരി വാതിൽ തുറന്നു. ജോസഫും മേരിയും ആ പട്ടണത്തിൽ ഏറെക്കുറെ അപരിചിതരായിരുന്നെന്നുതന്നെ പറയാം. അതുകൊണ്ടു അവരെ ചുരുക്കം അയൽപുരങ്ങളിലെ ആരെങ്കിലും സന്ദർശിക്കാനെത്താറുണ്ടായിരുന്നുള്ളു. വാതിൽ തുറന്നപ്പോൾ മേരി കണ്ട കാഴ്ച, അവളെ കൂടുതൽ അമ്പരപ്പിച്ചു വിലയേറിയ മനോഹരവസ്ത്രങ്ങൾ ധരിച്ച മൂന്നു പുരുഷന്മാർ ആ വാതുക്കൽ നിൽക്കുന്നു. ഒന്നു നോക്കിയപ്പോഴേ, മേരിക്കു മനസ്സിലായി അവരാദേശത്തെങ്ങുമുള്ളവരല്ലെന്നു്. അവരുടെ കൈവശം മനോഹരമായ കൊത്തുപണികളുള്ള ഓരോ പെട്ടിയുമുണ്ടു്.

മേരി ഒരടി പിന്നോക്കം വച്ചു—ഏതാണ്ടൊരു ഭയത്തോടെ. അവൾക്കാ അവസരത്തിൽ പതിനഞ്ചു വയസ്സേ പ്രായമുള്ളു. അപരിചിതർ മൂവരും ശിരസ്സുകൾ നമിച്ചു ആദരവോടെ അവളെ വണങ്ങി. "ഞങ്ങൾ അങ്ങകലെ പൗരസ്ത്യദേശത്തു നിന്നു വരികയാണു്". അവരിൽ ഒരാൾ സംഭാഷണമാരംഭിച്ചു. "ഒരു

രാജാവിനെ വന്ദിക്കാൻ ഞങ്ങളെ ഇവിടെ ഒരു നക്ഷത്രം കൂട്ടിക്കൊണ്ടുവന്നു. ഹെറോദേശിന്റെ ഉപദേഷ്ടാക്കൾ ബെത്‌ലഹേമിലേക്കു പോകാൻ ഞങ്ങളെ ഉപദേശിച്ചു. അതനുസരിച്ചു ഞങ്ങൾ ഇവിടെയെത്തി. ഈ വീട്ടിനു മുൻപിലെത്തിയപ്പോൾ നക്ഷത്രം നിന്നു. ആ രാജാവു ഈ ഗൃഹത്തിലുണ്ടോ?"

മേരി യാതൊന്നും പറഞ്ഞില്ല. അത്ഭുതത്തോടെ അവൾ അവരെ ഗൃഹത്തിനുള്ളിലേക്കു കൂട്ടിക്കൊണ്ടുപോയി. കളിച്ചുകൊണ്ടിരുന്ന പുത്രനെ എടുത്തു അവൾ അവരോടു പറഞ്ഞു:- "ഇതാ എന്റെ യേശു" അപ്പോഴും അവൾ സ്വയം പറയുകയാണ്:-"എന്റെ മകൻ ഒരു രാജാവായിരിക്കണം. മാലാഖ പറഞ്ഞില്ലേ?"

"യാക്കോവിന്റെ ഭവനത്തിന്മേൽ അവൻ എന്നേക്കും ഭരണം നടത്തും.

"അവന്റെ രാജ്യത്തിനു അന്ത്യമുണ്ടാകയുമില്ല."

യേശു മാതാവിന്റെ തോളിൽ കൈവച്ചു പുഞ്ചിരിച്ചു. മററു കുഞ്ഞുങ്ങളിൽ നിന്നു അവനൊരുവിധത്തിലും വ്യത്യസ്തനല്ല.

എന്നാൽ കുഞ്ഞിനെ കണ്ട നിമിഷത്തിൽ വിദേശികളായ ആ വിദ്വാന്മാർ മുട്ടിന്മേൽ നിന്നു തല കുനിച്ചു. അവരിൽ ഒരുവൻ പറയുകയാണ്:-"ഇസ്രായേലിന്റെ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ ഞങ്ങളുടെ രാജ്യത്തു വച്ചു ഞങ്ങൾ അന്യദൈവങ്ങളെ ആരാധിച്ചു പോന്നു. എന്നാൽ ഇതൊരു മഹാൽഭുതം തന്നെയാണ്."

"അതെ, ദേവി, ഇത്ര ചെറിയ ഒരു ശിശു ഇത്രത്തോളം മഹാനായി കാണപ്പെടുക യഥാർത്ഥത്തിൽ അൽഭുതം തന്നെ,"- രണ്ടാമൻ അറിയിച്ചു.

മൂന്നാമൻ ശിരസ്സു ചലിപ്പിച്ചുകൊണ്ടു പറഞ്ഞു:-"പരമാത്ഥം. ഞങ്ങളുടെ അറിവും പാണ്ഡിത്യവും നിസ്സാരം-കേവലം നിസ്സാരം. ഞങ്ങൾക്കു കാണാനും ഗ്രഹിക്കാനും സാധിക്കാത്ത

സംഗതികൾ ഈ ശിശു അറിയുകയും ഗ്രഹിക്കയും ചെയ്യുന്നുണ്ട്.”

അവരുടെ വാക്കുകൾ മേരിയെ ആശ്ചര്യപ്പെടുത്തി. “ശിശു പലരുടെയും വീഴ്ചയ്ക്കും എഴുന്നേല്പിനും വയ്ക്കപ്പെട്ടിരിക്കുന്നു”-എന്ന ശെമ്ഓന്റെ വാക്കുകളാണു ആ അവസരത്തിൽ അവളുടെ ഓർമ്മയിലുദിച്ചതു്.

അല്പനേരത്തെ മൗനം. അതിനുശേഷം അവരിലൊരാൾ മേരിയെ അറിയിച്ചു:-“ഈ രാജശിശുവിനു ഞങ്ങൾ കാഴ്ചകൾ കൊണ്ടുവന്നിട്ടുണ്ടു്. ഞങ്ങളുടെ ദേശത്തെ ഒരു നടപടിയാണതു്. അവ ആ ചെറുപാദങ്ങളിൽ സമർപ്പിക്കാൻ ഞങ്ങളെ അനുവദിച്ചാലും.” മനോഹരമായ കൊത്തുപണികളുണ്ടായിരുന്ന പെട്ടികൾ അവർ തുറന്നു അവയിൽ നിന്നു സ്വർണ്ണവും മുത്തും കുന്തുരുക്കവും എടുത്തു അവർ യേശുവിന്റെ മുൻപിൽ കാഴ്ച വച്ചു. ഒരു ശിശുവിനെ സംബന്ധിച്ചിടത്തോളം ഈ സമ്മാനങ്ങൾ അനുയോജ്യമല്ലായിരിക്കാം; എന്നാൽ ഒരു രാജാവിനു തികച്ചും അനുയോജ്യം തന്നെയായിരുന്നു ഈ കാഴ്ചദ്രവ്യങ്ങൾ. യേശുവിനെ കരങ്ങളിലേന്തി മേരി നില്ക്കയാണു്. അവളുടെ മുൻപിൽ നടക്കുന്ന ഓരോ രംഗവും ഓരോ സ്വപ്നമായി അവൾക്കു തോന്നി.

രാജസന്നിധിയിലെത്തിയ വിനീതപ്രജകളെപ്പോലെ വീണ്ടും ആ വിദ്വാന്മാർ മുട്ടുകുത്തി. അവർ യേശുവിന്റെ കരങ്ങളിലും, പാദങ്ങളിലും വസ്ത്രങ്ങളിലും മുട്ടലമനോഹരമായിരുന്ന തലമുടിയിലും ചുംബനങ്ങൾ അർപ്പിച്ചു. “ഞങ്ങൾ അന്വേഷിച്ചതു കണ്ടെത്തി. ഇനി ഞങ്ങൾ യാത്രയാകട്ടെ”-വിനീതരായി വിടവാങ്ങി അവർ പോകയും ചെയ്തു

ഇടുങ്ങിയ ആ വഴിയിൽകൂടി തങ്ങളുടെ ഒട്ടകങ്ങൾ നിന്ന സ്ഥലത്തേക്കു വിദ്വാന്മാർ നടന്നു. വീടുകൾക്കുള്ളിൽനിന്നു അത്ഭുതത്തോടെ ആളുകൾ അവരെ നോക്കി. “അതാ പോകുന്നു രാജാക്കന്മാർ!”-കുട്ടികൾ വിളിച്ചു പറഞ്ഞു. എന്നാൽ ആ വി

പോന്മാരുടെ ആഗമനത്തെപ്പററിയുള്ള സ്മരണ മററൊരു ഭയങ്കര സംഭവംമൂലം ആ നാട്ടിലെ ജനങ്ങരം വേഗം വിസ്മരിക്കാനാണ സംഗതിയായതു്. ബത്ലഹേമിലേക്കുള്ള യാത്രാമദ്ധ്യേ വിദ്വാന്മാർ യറുശലേംമിൽ താമസിക്കാനിടയായി. പുതുതായി അവതരിച്ച കൊച്ചുരാജാവ് എവിടെയായിരിക്കുമെന്നു ആ നഗരത്തിൽ അവരൊരു അന്വേഷണം നടത്തി. അവക്കു കാണേണ്ടതു് ഒരു രാജാവിനേയല്ലേ? അതുകൊണ്ടു് ഹേരോദേസിൻെറ കൊട്ടാരത്തിലാണ് അവർ ആദ്യന്വേഷണം നടത്തിയതെങ്കിൽ അതിൽ അത്ഭുതത്തിനവകാശമില്ലല്ലോ.

"എന്താണ് നിങ്ങളീപ്പറയുന്നതു്?"- ക്രൂരനും ദുരധികാരപ്രവണനുമായ ഹേരോദേസ് ആക്രോശിച്ചു. "പുതുതായി ജനിച്ച രാജാവോ? ഹെരോദേസല്ലാതെ മററാരാണു രാജാവ്?"

ഉപദേഷ്ടാക്കളിൽ ഒരാരം ഹേരോദേസിനോടു പറഞ്ഞു:- "തിരുമേനീ, ആഗതനാകാനിരിക്കുന്ന മിശിഹായെപ്പററിയായിരിക്കും ഇവർ പറയുന്നതു്." പക്ഷേ, അതുകൊണ്ടു ആ രാജാവിൻെറ കോപവും ആശങ്കയും അസ്തമിച്ചില്ല. തൻെറ ഉപദേശസംഘത്തിൻെറയും സാദ്ഗുക്യരുടേയും ഒരു സംയുക്തസമ്മേളനം രാജാവ് വിളിച്ചുകൂട്ടി അവരോടു ചോദിക്കയാണ്:— "മിശിഹാ എവിടെ ജനിക്കുമെന്നാണ് പ്രവാചകൻ പറഞ്ഞിരിക്കുന്നതു്?"

"ബെത്ലഹേമിൽ ആണെന്നാണേ, തിരുമേനീ."

"അങ്ങനെയെങ്കിൽ ബത്ലഹേമിലെ ആൺകുട്ടികളെല്ലാം വധിക്കപ്പെടട്ടെ."

"ഉത്തരവ്, എന്തു പ്രായമുള്ള കുട്ടികരം, തിരുമേനീ?"

"ഉം—നോക്കട്ടെ. രണ്ടുവയസ്സിനുതാഴെയുള്ള കുട്ടികരം."

"ഉത്തരവ്."

ഹേറോദേസ് ഭ്രാന്തനായിരുന്നു. അസൂയാലുവായിരുന്നു. രോഗിയായിരുന്നു. വൃദ്ധനായിരുന്നു സവ്വോപരി ഒരു ഭീരുവുമായിരുന്നു. അങ്ങനെയുള്ള ഒരു ഭരണാധികാരിയാണ് രാക്ഷസീയമായ ഈ ആജ്ഞ സേവകിങ്കരക്കു നൽകിയതു്. പക്ഷേ,

അതുകൊണ്ടുണ്ടോ, ഉദ്ദേശസിദ്ധി ആ മനുഷ്യനു കൈവരുന്നു? രണ്ടുവയസ്സിനു താഴെയുള്ള ബത്ലഹേമിലെ പിഞ്ചു കുഞ്ഞുങ്ങളെ ആ ക്രൂരന്റെ കിങ്കരന്മാർ കൂട്ടക്കൊലചെയ്തു. പക്ഷേ, യേശു അക്കൂട്ടത്തിലുൾപ്പെട്ടില്ല. മാതാവിന്റെ വാൽസല്യകരങ്ങളിലമന്ന് ജോസഫിനാൽ അനുഗതനായി അവൻ ഈജിപ്തിലേക്കു പലായനം ചെയ്തു. അവനു സംഭവിക്കാനിരുന്ന വിപത്തു ദൈവം മുൻകൂട്ടിക്കണ്ടു. അതേപ്പററി ജോസഫിനു മുന്നറിവു നൽകാൻ അദ്ദേഹം ഒരു ദൈവദൂതനെ നിയോഗിക്കയും ചെയ്തു. ദൂതൻ വിവരം ജോസഫിനെ അറിയിച്ചു.

"നീ എഴുന്നേററ് ശിശുവിനെയും അവന്റെ അമ്മയേയും കൂട്ടിക്കൊണ്ട് ഈജിപ്തിലേക്കു ഓടിപ്പോയി, ഞാൻ പറയുവോളം അവിടെ പാർക്കുക. എന്തുകൊണ്ടെന്നാൽ ഹേരോദേസ് അവനെ നശിപ്പിക്കുന്നതിനു അവനെ അന്വേഷിക്കുന്നു."

ആ മുന്നറിയിപ്പനുസരിച്ചു പ്രവർത്തിക്കാൻ ജോസഫു ഒരു നിമിഷംപോലും താമസിച്ചില്ല. അദ്ദേഹം ഉടൻതന്നെ മേരിയെ വിളിച്ചുണർത്തി ഉറങ്ങിക്കിടന്ന യേശുവിനെ എടുത്തുകൊണ്ടു യാത്രയായി. ഹേരോദേസിന്റെ പടയാളികൾ ബത്ലഹേമിലെ കുഞ്ഞുങ്ങളെ കശാപ്പുചെയ്തുതുടങ്ങിയപ്പോൾ ജോസഫും, മേരിയും, യേശുവും നഗരാതിർത്തിവിട്ടു കുറെദൂരം എത്തിക്കഴിഞ്ഞിരുന്നു. ജനസഞ്ചാരം കുറഞ്ഞ ഊടുവഴികളിൽക്കൂടെയാണ് അവർ യാത്രചെയ്തതു്.

"മുന്നോട്ടുപോകാൻ പ്രയാസം തോന്നുന്നുണ്ടോ?"— ജോസഫു മേരിയോടു ചോദിച്ചു. നേരം രാത്രിയായിക്കഴിഞ്ഞിരുന്നു. അവരൊരു സത്രത്തിന്റെ മുൻപിൽ അല്പനേരം നിൽക്കയാണ്.

"ഇല്ല—പ്രയാസമൊന്നുമില്ല. നമുക്കു യാത്ര തുടരാം."—ശാന്തതയോടെ മേരി മറുപടി നൽകി. പക്ഷെ, അവൾ പരിക്ഷീണിതയായിരുന്നു.

ക്ലേശകരമായിരുന്നു ആ യാത്ര. ഏതാനും ദിവസങ്ങൾകൊണ്ടു അവർ ഈജിപ്തിന്റെ അതിർത്തി പ്രദേശത്തിലെത്തിയ

പ്പോൾ സുരക്ഷിതത്വബോധം അവരെ ആശ്വസിപ്പിച്ചു. അവിടെ യഹൂദർ താമസിക്കുന്ന പ്രദേശം അവർ അന്വേഷിച്ചു കണ്ടുപിടിച്ചു. അങ്ങനെ അധികകാലം കഴിയുന്നതിനു മുൻപു ഈജിപ്തിലെ യഹൂദലോകത്തിൻെറ ഒരു ഭാഗമായിത്തീർന്നു ആ ചെറുകുടുംബം. ബത്ലഹേമിലെ ജീവിതത്തോടു ഈ നൂതന ജീവിതത്തിനു തുല്യതയുണ്ട്. എന്നാൽ അതോടൊപ്പം അന്തരവുമുണ്ട്. ജോസഫു ആശാരിപ്പണി തുടർന്നു. മുന്നെപ്പോലെ മേരി നൂൽനൂൽക്കും, നെയ്യും, തുന്നും. ഗോതമ്പു പൊടിക്കും. വീടും പരിസരങ്ങളും വൃത്തിയാക്കും. പഴയ പ്രാൎത്ഥനകൾ തന്നെ ഏകസ്വരത്തിൽ ആ ദമ്പതികൾ ദൈവസന്നിധിയിൽ അർപ്പിച്ചുപോന്നു-ദാവീദിൻെറ സങ്കീർത്തനങ്ങൾ, കാദീശു്, പതിനെട്ടു ആശീൎവ്വാദങ്ങൾ. എന്നാൽ "ഞാനെൻെറ കണ്ണുകളെ കുന്നുകളിലേക്കുയർത്തും" എന്നുള്ള കീൎത്തനം പാടുമ്പോൾ ഉണങ്ങി വരണ്ടിരുന്ന ഈജിപ്തിലെ ചക്രവാളം അവർ പരിശോധിക്കും. അവിടെ കുന്നുകളില്ല. അഗ്നിസമാനം ചൂടുള്ള ആകാശവിരിപ്പിനെ നോക്കി നിൽക്കുന്ന അഗ്രം കൂൎത്തു് ഉയരമുള്ള സ്തൂപികകൾ മാത്രം. അങ്ങനെ പ്രശാന്തമായി മുന്നോട്ടു പോയി, പരിപാവനമായ അവരുടെ കുടുംബജീവിതം.

യേശു വളരുകയാണ്. നല്ല ആരോഗ്യവും കോമളമായ നിറവുമുള്ള ഒരു ഓമനക്കുട്ടി. മഞ്ഞുകാലമായപ്പോൾ അവൻ പിച്ചവച്ചു നടന്നു തുടങ്ങി. "വരു, യേശു-നടക്കാൻ" വാൽസല്യത്തോടെ ജോസഫ് അവനു പ്രേരണ നൽകും. അവൻ തെന്നിയും തെറിച്ചും നടന്നു തുടങ്ങും. മററു കുഞ്ഞുങ്ങളെപ്പോലെ ഇടയ്ക്കിടെ അവൻ വീഴുകയും ചെയ്യും. ജോസഫിൻെറ പണിപ്പുരയിലെത്തി ചുരുണ്ട മരച്ചീളുകളെടുത്തു അവൻ കളിക്കും. ചിലപ്പോൾ മേരിയുടെ മടിത്തട്ടിലിരുന്നു് അവളുടെ തലമുടി അവൻ താലോലിക്കും. എന്നിട്ടവൻ വിളിക്കും-"അമ്മേ" എന്നു്. അപ്പോഴും പതിനേഴു വയസ്സു പൂർത്തിയായിട്ടില്ലാത്ത ആ മാതാവു സസ്നേഹം അവനെ ചുംബിക്കും.

മാസങ്ങൾ മുന്നോട്ടു നീങ്ങി. ബത്‌ലഹേം വിദൂരസ്ഥിതമായ ഒരു സ്മരണയായി അവർക്കു തോന്നി-നസറേത്ത് ഒരു സ്വപ്നവും. ആ പ്രദേശത്തെ ആളുകൾ പറയും:- "ജോസഫു ഒരു നല്ല പണിക്കാരൻ-ഒരു നല്ല മനുഷ്യനും.-മേരിയാണെങ്കിൽ, എത്ര സൌമ്യശീലമുള്ള ഒരു ഭാര്യ!'' ജോസഫിനു ജോലി ധാരാളമുണ്ട്. കുഞ്ഞുങ്ങൾക്കു രോഗമുണ്ടാകുമ്പോൾ മാതാക്കൾ മേരിയുടെ സഹായം തേടും. യേശുവിനെ സംബന്ധിച്ചാണെങ്കിൽ ആ വീടു കടന്നു പോകുന്നവർ അല്പനേരമെങ്കിലും അവിടെ നിന്നു അവനെ ഒന്നു നോക്കാതെ മുന്നോട്ടു പോകാറില്ല.

"മേരിയുടെ മകൻ കരയാറില്ലേ?"- സ്ത്രീകൾ മേരിയോടു ചോദിക്കും.

"ഇല്ല, എന്റെ മകൻ കരയുക പതിവില്ല."

മകനെ എടുത്തവൾ ചുംബിക്കും. അപ്പോഴും അവൾ ചിന്തിക്കുന്നതു് വന്ദ്യവയോവൃദ്ധനായ ശെമ്ഓന്റെ വാക്കുകളായിരിക്കും.

"ഇവൻ പലരുടെ വീഴ്ച്ചയ്ക്കും എഴുന്നേല്പിനും

"വയ്ക്കപ്പെട്ടിരിക്കുന്നു.

"നിന്റെ സ്വന്തം ആത്മാവിൽക്കൂടി ഒരു വാളു കടക്കും."

എന്നാൽ അടുത്തദിവസം യേശു ഇദംപ്രഥമമായി കരയാൻ സംഗതിയായി. ആരോ ഒരു ഒട്ടകത്തെ അടിക്കുന്നതു അവൻ കണ്ടു. അവൻ കരയാൻ കാരണം അതായിരുന്നു. അതായിരുന്നു അവൻ ആദ്യം അനുഭവിക്കാൻ സംഗതിയായ സങ്കടം. മാതാപിതാക്കൾ അവനെ പ്രാൎത്ഥനകൾ പഠിപ്പിച്ചുതുടങ്ങി. പ്രായമാകുംതോറും അവൻ "ആത്മാവിൽ ബലപ്പെട്ടും വിവേകംകൊണ്ടു നിറഞ്ഞും വന്നിരുന്നു. ദൈവത്തിന്റെ കൃപയും അവന്റെ മേലുണ്ടായിരുന്നു."

അങ്ങനെയിരിക്കെ ഒരു രാത്രിയിൽ ജോസഫിനു വീണ്ടും ഒരു ദൎശനമുണ്ടായി. ഒരു ദൈവദൂതൻ അദ്ദേഹത്തിനു പ്രത്യക്ഷനായി പറയുകയാണ്:- "നീ എഴുന്നേററു് ശിശുവിനെയും

അവൻെറ മാതാവിനെയും കൂട്ടിക്കൊണ്ടു ഇസ്രായേൽ ദേശത്തേക്കു പോകുക. എന്തുകൊണ്ടെന്നാൽ ശിശുവിൻെറ പ്രാണനെ അന്വേഷിച്ചുകൊണ്ടിരുന്നവർ മരിച്ചുകഴിഞ്ഞു."

ജോസഫു് മേരിയെ ഉണർത്തി ദൈവദൂതൻെറ നിർദ്ദേശം അറിയിച്ചു. "അങ്ങനെതന്നെയാവട്ടെ."– സൗമ്യമായി അവൾ പറഞ്ഞു. ദൈവികമായ നേരിട്ടുള്ള ആജ്ഞകൾ ഇതിനകം അവൾക്കു സുപരിചിതങ്ങളായി കഴിഞ്ഞിരുന്നു. അവ ഒന്നോടൊന്നു അനുബന്ധമാക്കി അവയെപ്പററി അവൾ ചിന്തിക്കും. അപ്പോൾ അവൾക്കു മനസ്സിലാകും, ഈ ആജ്ഞകളെല്ലാം പ്രവചനങ്ങൾക്കു തികച്ചും അനുയോജ്യമാണെന്നു്. "ഞാനെൻെറ പുത്രനെ ഈജിപ്തിൽനിന്നു വിളിച്ചു." എന്ന പ്രവചനവാക്കുകൾ ആ സന്ദർഭത്തിൽ അവളുടെ ഓർമ്മയിലുദിച്ചു.

അടുത്ത പ്രഭാതത്തിൽത്തന്നെ യാത്രക്കുള്ള ഒരുക്കങ്ങൾ ആരംഭിച്ചു.

ഉയരംകൂടിയ സമത്ഥനായ ആ ആശാരിയും, ശാലീനയും ഉത്തമയുമായ അദ്ദേഹത്തിൻെറ ഭായ്യയും, സദാസന്തുഷ്ടനായ ആ കോമളശിശുവും ആ പ്രദേശം വിട്ടുപോകുന്നതു അവിടെയുള്ളവക്കു യഥാത്ഥത്തിൽ സങ്കടകരമായിരുന്നു. യാത്രാവേളയിൽ അവരെല്ലാം ആ ചെറുഗൃഹത്തിലെത്തി, അവക്കു മംഗളങ്ങൾ നേന്നു. വടക്കോട്ടു യാത്രയാകുന്ന ഒരു സഞ്ചാരസംഘത്തോടൊത്തു സ്വദേശത്തേക്കു മടങ്ങണമെന്നായിരുന്നു ജോസഫിൻെറ ഉദ്ദേശം.

തീപോലെ പൊള്ളുന്ന മണൽപ്രദേശത്തുകൂടി യാത്രചെയ്യവേ, ജോസഫു് മേരിയോടു ചോദിച്ചു:– "എങ്ങോട്ടാണു നമുക്കു പോകേണ്ടതു്– ബത്‌ലഹേമിലേക്കോ– അതോ നസ്രേത്തിലേക്കോ?" "അങ്ങയുടെ ഇഷ്ടാനുസരണം പ്രവത്തിക്കുക"– ആ ചോദ്യത്തിനു അതായിരുന്നു വിനീതമായി അവൾ നല്കിയ മറുപടി. ജോസഫിൻെറ തീരുമാനങ്ങൾ അതേപടി സ്വീകരിക്കാൻ അവൾ സദാ സന്നദ്ധയായിരുന്നു. ബത്‌ലഹേമെന്നായിരുന്നു അദ്ദേഹത്തിൻെറ തീരുമാനം. പരിശുദ്ധനഗരത്തിനു കൂടുതൽ സമീപമല്ലേ ബത്‌ലഹേം?

ഈജിപ്തിലെ മണലാരണ്യത്തിൽക്കൂടി ക്ലേശങ്ങൾ സഹിച്ച് മന്ദമന്ദം മുന്നോട്ടു നീങ്ങി, ആ ഭാര്യയും ഭർത്താവും ശിശുവും പാറക്കെട്ടുകൾകൊണ്ടു നിബിഡമായ യഹൂദിയായിൽ യഥാകാലം എത്തിച്ചേർന്നു. ഇനി ബത്‌ലഹേമിലേക്കു ദൂരം അധികമില്ല. ആ രാത്രിയിൽ വഴിയരികിലുള്ള ഒരു സത്രത്തിലാണു അവർ താമസിച്ചതു്. മുൻവശത്തെ വരാന്തയിൽ കിടക്കവിരിച്ചവർ കിടന്നു. മഴ പെയ്യുന്നുണ്ടു്. മേരിയും യേശുവും നല്ല ഉറക്കമാണ്. ജോസഫിനാണെങ്കിൽ ഉറക്കമില്ല. അദ്ദേഹത്തിന്റെ കാതുകളിൽ ഒരു ശബ്ദം മുഴങ്ങി:– "ബത്‌ലഹേമിലേയ്ക്കു പോകരുതു്. ഹേറോദേസു മരിച്ചു. എന്നാൽ അയാളുടെ മകനാണു ഭരിക്കുന്നതു്. ശിശു അവിടെ സുരക്ഷിതനല്ല."

ജോസഫു കിടക്കയിൽനിന്നെഴുന്നേററു് മേരിയേയും ശിശുവിനേയും നോക്കി. ഒരു ചെറുകുഞ്ഞിനെപ്പോലെ മേരി സുഖമായുറങ്ങുകയാണ്. അവളുടെ പാർശ്വത്തിൽ യേശുവും ഉറങ്ങുന്നു. അവരെ ഇരുവരേയും ജോസഫ് മാറി മാറി നോക്കി. വീണ്ടും അദ്ദേഹം കിടന്നു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ അദ്ദേഹവും ഉറക്കമായി.

അടുത്തദിവസം രാവിലെ ജോസഫു മേരിയെ അറിയിച്ചു:– "നസ്രേത്തിലേക്കു നമുക്കു പോകാം. ബത്‌ലഹേം സുരക്ഷിതമല്ല."

ആ പുതുനിർദ്ദേശത്തിനും പുഞ്ചിരിയോടെ മേരി സമ്മതം രേഖപ്പെടുത്തി. "അവൻ നസ്രായൻ എന്നു വിളിക്കപ്പെടും."– ആ പ്രവചനശകലം അപ്പോൾ അവളുടെ ഓർമ്മയിലെത്തി.

ഏതാനും വാരങ്ങൾ കഴിഞ്ഞപ്പോൾ നസ്രേത്തിൽ ഒരു സംസാരവിഷയമുണ്ടായി:–

"നിങ്ങൾ അറിഞ്ഞോ, നമ്മുടെ പഴയ ജോസഫിന്റെയും മേരിയുടേയും കാര്യം? ആശാരി ജോസഫും കുട്ടിക്കാലത്തു ദേവാലയത്തിൽ ജീവിച്ച മേരിയും. അവർ മടങ്ങിയെത്തി. ഇത്രയുംകാലം അവർ ഈജിപ്തിലായിരുന്നത്രേ താമസം."

"ഉവ്വോ— അവർക്കു് കുഞ്ഞുങ്ങളുണ്ടോ?"

"ഉണ്ടു്—ഒരാൺകുട്ടി. യേശുവെന്നാണു് അവൻെറ പേരു്. കൊഴുത്തു കോമളനായ ഒരു കുഞ്ഞു്. ജോസഫിൻെറ പണിപ്പുരയിൽ അവൻ കളിച്ചുകൊണ്ടിരിക്കുന്നതു കാണാം."

ആ സംഭാഷണവിഷയത്തിനുണ്ടായിരുന്ന പുതുമ ക്രമേണ തേഞ്ഞുമാഞ്ഞു മറന്നു. ദീർഘകായനായിരുന്ന ആ തൊഴിലാളി മകനുമൊത്തു പണിപ്പുരയിലേക്കു പോകുന്നതു് ആ ദിക്കിലുള്ളവക്കു് ഒരു സാധാരണ കാഴ്ചയായിത്തീന്നു. കിണററുകരയിൽ വെള്ളംകോരാൻ മേരി എത്തുക ഒരു പ്രതിദിന സംഭവവുമായി. അങ്ങനെ അവർ നസ്രായരായ ജോസഫും മേരിയും യേശുവുമായിത്തീന്നു- സ്നേഹസമ്പന്നമായ ആ ചെറുലോകത്തിലെ ഒരു ഭാഗം.

# VI

## ആ മൂന്നു ദിവസങ്ങൾ

നസ്രേത്തിൽനിന്നുള്ള തീത്ഥാടകർ യറുശലേമിൽനിന്നു മടങ്ങുകയാണു്. ആദ്യദിവസത്തെ യാത്ര അവസാനിപ്പിക്കാൻ അവർ ഭാവിക്കുന്നു. യാത്രാക്ലേശംകൊണ്ടു പരിക്ഷീണിതരായിരുന്നു അവരെല്ലാം. മന്ദം മന്ദമായാണു് ഒരോ അടിയും അവർ മുന്നോട്ടുവയ്ക്കുന്നതു്. യറുശലേം ദേവാലയത്തിൽ പെസഹാപ്പെരുനാളിൽ സംബന്ധിച്ചശേഷം അവർ തിരികെപ്പോകയാണു്. അന്നുരാവിലെ കുറെ താമസിച്ചുമാത്രമേ യാത്ര ആരംഭിക്കാൻ അവക്കു സാധിച്ചുള്ളു. ഒരു സ്ത്രീയ്ക്കു മാക്കററിൽനിന്നു എന്തൊക്കെയോ വാങ്ങണം—ഒരു പുരുഷനു ചെരുപ്പൊന്നു നന്നാക്കിച്ചേ മതിയാവൂ-മറെറാരുവനാണെങ്കിൽ കാലിലെ മുറിവിൽ പുരട്ടാൻ മരുന്നും വേണം- അങ്ങനെപോയി ആ താമസത്തിനുള്ള കാരണങ്ങൾ. ഏതായാലും ആ ആവശ്യങ്ങളെല്ലാം നിവ്വഹിക്കട്ടെ. അവർ യാത്രയും ആരംഭിച്ചു.

യേശുവിന്റെ അമ്മ മേരിയും സ്ത്രീകളുടെ കൂട്ടത്തിലുണ്ടു്. മുപ്പതുവയസ്സു തികയാറാകുന്നതേയുള്ളു അവൾക്കു്. മററുള്ള സ്ത്രീകളുടെ സംഭാഷണം ശ്രദ്ധിക്കമാത്രമേ മേരി ചെയ്യുന്നുള്ളു. തുന്നൽപ്പണി, വീട്ടുജോലികൾ, വളർന്നുവരുന്ന ആൺകുട്ടികളെക്കൊണ്ടുള്ള ശല്യം ഇവയെല്ലാം സംഭാഷണവിഷയങ്ങളായിരുന്നു. ആ കുട്ടികളുടെ കുസൃതികൾകൊണ്ടു മാതാക്കൾ വിഷമിച്ചു. ദേവാലയത്തിലെ വിദ്യാലയത്തിൽനിന്നു ചിലർ ഒളിച്ചുപോകും—ആരുടെയെങ്കിലും തോട്ടത്തിൽ കയറി അത്തിപ്പഴം മോഷ്ടിക്കയായി മററു ചിലർ. ഓരോ മാതാവിനും തന്റെ പുത്രന്മാരെപ്പററി ഒന്നിൽകൂടുതൽ ആവലാതിക്കു കാരണമുണ്ടായിരുന്നു. അതവർ വിശദമായിത്തന്നെ അന്യോന്യം ചർച്ച ചെയ്യുകയും ചെയ്തു. അതെല്ലാം കേട്ടു മേരി സ്വയം മന്ദഹസിച്ചു. അവളുടെ യേശു ഈ കുസൃതിക്കാരിൽനിന്നു എത്ര വ്യത്യസ്തൻ—ചാരിതാർത്ഥ്യത്തോടെ അവൾ ചിന്തിച്ചു. അവനിപ്പോൾ പന്ത്രണ്ടു വയസ്സുണ്ടു്. ഒത്ത കിളരം—ഒതുങ്ങിയ മെയ്യ് ആകർഷകമായ നിറം—കോമളമായ മുഖം. അവന്റെ ശൈശവകാലത്തെപ്പററി മാധുര്യമേറിയ സ്മരണകളാണു് മേരിയുടെ മനസ്സിൽ തങ്ങിനിൽക്കുന്നതു്.

യേശുവാണു് ആ കുടുംബത്തിൽ രാവിലെ ആദ്യം ഉറക്കമുണരുക. അവൻ തീ കത്തിക്കും—വെള്ളം കൊണ്ടുവരും—ഗോതമ്പു പൊടിക്കാൻ അമ്മയെ സഹായിക്കും. ആ ജോലികൾ പൂർത്തിയാകുമ്പോൾ യേശു ജോസഫിന്റെകൂടെ പണിസ്ഥലത്തു പോകുകയായി. അവൻ ചിന്തേരിട്ടു് പലകകൾ മിനുസ്സപ്പെടുത്തുന്നതു കാണുമ്പോൾ ജോസഫിന്റെ കണ്ണുകളിൽ അഭിമാനം വെട്ടിത്തിളങ്ങുന്ന ഒരു ഭാവം ഉദിക്കും. അതു കണ്ടു മേരി ആനന്ദം കൊണ്ടിട്ടുണ്ടു്. ബാലന്റെ ജോലിയിലുള്ള വൈദഗ്ദ്ധ്യം കണ്ടു ചാരിതാർത്ഥ്യത്തോടെ ജോസഫ് പലപ്രാവശ്യം മേരിയോടു പറഞ്ഞിട്ടുണ്ടു്:—"എത്ര ഭംഗിയായി ജോലിചെയ്യുന്നവൻ. ഇപ്പോൾത്തന്നെ അവൻ എന്നെക്കാൾ സമർത്ഥനായിക്കഴിഞ്ഞിരിക്കുന്നു." ഭംഗിയായി മാത്രമല്ല, അതിവേഗമായും അവൻ

ജോലി ചെയ്തുതീക്കും. എന്നാലും അവനെപ്പോഴും ശാന്തനാണ്. ജോലിചെയ്യുമ്പോഴോ മററവസരങ്ങളിലോ യാതൊരുവിധ ബഹളമൊ ഒച്ചപ്പാടൊ ഇല്ല. ഒരു യഹൂദനാവശ്യമായ മററു സംഗതികളും അതിവേഗം ആ ബാലൻ മനസ്സിലാക്കി. കൊച്ചു കുട്ടിയായിരിക്കുമ്പോഴുംതന്നെ മേരിയുടെ പുത്രൻ — ദൈവത്തിൻെറ പുത്രൻ– വേദപ്രമാണങ്ങളും, സങ്കീത്തനങ്ങളും മിക്കവാറും ഹൃദിസ്ഥമാക്കിയിരുന്നു.

യേശുവിനു പന്ത്രണ്ടു വയസ്സായി. ഒരു ദിവസം ജോസഫ് അവനെ അറിയിച്ചു:– "മകനേ, അടുത്ത വർഷം നീ നമ്മുടെ ന്യായപ്രമാണങ്ങൾക്കു വിധേയനാകും. അവയുടെ അനുശാസനങ്ങൾ നീ മനസ്സിലാക്കേണ്ടതു അത്യാവശ്യമാണ്. ഈ വഷം നീ പെസഹാപ്പെരുനാളിനു യറുശലേമിലേക്കു പോകണം."

അതു കേട്ടപ്പോൾ ബാലൻെറ മുഖം ആനന്ദംകൊണ്ടു തുടുത്തു. എന്നാൽ പെസഹാ സമീപിക്കുന്തോറും അവൻ കൂടുതൽ കൂടുതൽ ചിന്താശീലനായി കാണപ്പെട്ടു. മിക്കവാറും എല്ലാ സായാഹ്നങ്ങളിലും അവൻ ആ വീടിനു മുൻവശത്തുള്ള വിശാലമായ കുന്നിൻമുകളിലേക്കു പോകും. അവിടെ നിന്നു അവൻ ചുററും നോക്കും. മടങ്ങിയെത്തുമ്പോൾ മേരിക്കു മനസ്സിലാക്കാൻ സാധിക്കും, അവൻ പ്രാത്ഥിക്കയായിരുന്നെന്നു്. ആ മകൻെറ മനസ്സിൽ നിഗൂഢങ്ങളായ സ്ഥാനങ്ങളുണ്ട്. എന്നാൽ ആ സ്ഥാനങ്ങളിൽ പ്രവേശിക്കാനോ എത്തിനോക്കാൻപോലുമോ ആ മാതാവു ഉദ്യമിച്ചില്ല; സാഹസപ്പെട്ടില്ല. അപ്പോഴും അവൾ വിസ്മരിച്ചില്ല- അവളുടെ മകൻ ദൈവപുത്രനാണെന്നുള്ള യാഥാത്ഥ്യം.

തീത്ഥാടകസംഘം മന്ദം മന്ദം നടന്നു. പ്രഥമദിവസത്തെ യാത്രാന്ത്യസ്ഥാനത്തെത്തുമ്പോൾ ഈ സംഗതികളെപ്പററിയായിരുന്നു മേരിയുടെ ചിന്തകൾ. സന്ധ്യയായതോടെ ആ ദിവസത്തേക്കുള്ള യാത്ര അവർ മതിയാക്കി. യേശുവിനെ മേരി ആ അവസരത്തിൽ കണ്ടില്ല. പക്ഷേ, അവൾക്കതിൽ ആശങ്കയൊന്നുമില്ല. മററു ബാലന്മാരോടൊപ്പം അവൻ വിറകു ശേഖ

രിക്കാൻ പോയിരിക്കും. ധാരാളം വിറകുമായി അവൻ വേഗം മടങ്ങിയെത്തും. മററു സ്ത്രീകളോടു ചേർന്നു ഭക്ഷണം തയാറാക്കുന്ന ജോലിയിൽ മേരി വ്യാപൃതയായി. പുരുഷന്മാർ താൽക്കാലിക കൂടാരങ്ങൾ നിർമ്മിക്കുന്ന ജോലിയിലും ഏർപ്പെട്ടു.

വിറകിനു പോയ ബാലന്മാർ ഓരോരുത്തരായി മടങ്ങിയെത്തി. പുരുഷന്മാർ ആവി കൂട്ടി. യറുശലേമിനു അഭിമുഖമായി നിന്നുകൊണ്ടു തീർത്ഥാടകർ ഭക്ഷണത്തിനു മുൻപുള്ള പ്രാർത്ഥന നിർവ്വഹിച്ചു.

“ഭൂമിയിൽ നിന്നു ഭക്ഷണം ഉൽഭവിപ്പിക്കുന്ന ദൈവം അനുഗ്രഹിക്കപ്പെട്ടവൻ!”

അതു കഴിഞ്ഞു അവർ ഭക്ഷണത്തിനിരുന്നു. അപ്പോഴും യേശു മടങ്ങിയെത്തിയിട്ടില്ല. ആ കൂട്ടത്തിലെങ്ങും അവനെ കാണാനില്ല. ജോസഫു സൂക്ഷ്മമായ ഒരു പരിശോധന നടത്തി. “നിങ്ങളാരെങ്കിലും യേശുവിനെ കണ്ടോ?”–അദ്ദേഹം ഓരോരുത്തരോടും ചോദിച്ചു.

“ഇല്ലല്ലോ–ഞങ്ങളാരും അവനെ കണ്ടില്ല.”

“പകൽ സമയത്തും നിങ്ങളുടെ കൂടെ അവനില്ലായിരുന്നോ?”

“ഇല്ല–പകൽ സമയത്തുമില്ലായിരുന്നു.”

“യേശു എവിടെ?”

“നാളെ മടങ്ങിപ്പോയി അന്വേഷിച്ചു നമുക്കു അവനെ കണ്ടുപിടിക്കാം.” മേരിയെ ആശ്വസിപ്പിക്കാൻ ശ്രമിച്ചുകൊണ്ടു ജോസഫു പറഞ്ഞു. ആ രാത്രിയിൽ കൂടുതൽ അന്വേഷണങ്ങൾ നടത്തുക അപ്രായോഗികമായിരുന്നു. രാത്രികാലങ്ങളിൽ മലയിൽക്കൂടിയുള്ള വഴിയിൽകൂടി സഞ്ചരിക്കുക സാദ്ധ്യമല്ല. മുഖം വിളറി കൈകൾ തമ്മിൽ കൂട്ടിയുരുമ്മി വികാരവിവശയായിനിൽക്കുന്ന ഭാര്യയെ ജോസഫു നോക്കി. ശെമ്‌വോൻെറ വാക്കുകളാണു ആ സന്ദർഭത്തിൽ അദ്ദേഹം ഓർത്തതു്.

“നിൻെറ ആത്മാവിൽക്കൂടി ഒരു വാളു കടക്കും:”

തീച്ച്യയായും ആ അവസരത്തിൽ സാധ്വ മേരിയുടെ ആത്മാവിൽകൂടി ഒരു വാള കടക്കതന്നെ ചെയ്യുന്നുണ്ട്.

ആശ്വാസവചസ്സുകളുമായി ആ സംഘത്തിലെ സ്ത്രീകൾ മേരിയെ സമീപിച്ചു. "എൻെറ മേരിയല്ലേ—അല്പം ഭക്ഷണം കഴിക്കു."—"അവൻ അവൻെറ കൂട്ടുകാരുടെ ആരുടെയെങ്കിലും കൂടെയുണ്ടായിരിക്കും."—"നാളെ രാവിലെ തീച്ച്യയായും നമുക്ക അവനെ കണ്ടുപിടിക്കാം." എന്നിങ്ങനെയുള്ള വാക്കുകൾകൊണ്ടു ആ സ്നേഹസമ്പന്നർ ദുഃഖിതയായ മേരിയെ സമാശ്വസിപ്പിക്കാൻ ശ്രമിച്ചു.

ഭക്ഷണം കഴിഞ്ഞു ഉറക്കത്തിനു അവർ ഓരോസ്ഥാനങ്ങൾ അവലംബിച്ചു. മേരിയും കിടന്നു. എന്നാൽ ഉൽക്കണ്ഠകൊണ്ടു അവശയായ അവളെയുണ്ടോ ഉറക്കം സമീപിക്കുന്നു? യേശു എവിടെ? ദാവീദു രാജാവിൻെറ ഒരു പ്രാത്ഥന അവളുടെ ചുണ്ടുകളിലുദിച്ചു:—"ദൈവമേ, എൻെറ അപേക്ഷ കേൾക്കണമേ. എൻെറ പ്രാത്ഥന ചെവിക്കൊള്ളണമേ."

കിഴക്കെദിക്കിൽ വെള്ളക്കാൽ വീശുന്നതേയുള്ള—മേരിയും ജോസഫും യറുശലേമിലേക്കുള്ള മടക്കയാത്ര ആരംഭിച്ചുകഴിഞ്ഞു. ആരെയെങ്കിലും വഴിയിൽ കണ്ടാലുടൻ ജോസഫു ചോദിക്കും:—"നിങ്ങൾ യേശുവിനെ കണ്ടോ? പന്ത്രണ്ടു വയസ്സുള്ള ഒരു ബാലൻ—പ്രായത്തിൽ കവിഞ്ഞുള്ള ഉയരം അവനുണ്ട്. ഗലീലിയൻവേഷം. കയ്യിൽ ഒരു തുകൽസഞ്ചിയുണ്ട്." പക്ഷേ അവനെ കണ്ടവരാരുമില്ല.

അവർ യറുശലേം നഗരത്തിൽ പ്രവേശിച്ചപ്പോൾ നേരം വൈകിത്തുടങ്ങിയിരുന്നു. നഗരാതിൎത്തിയിൽ ഗത്സമൻതോട്ടത്തിനു സമീപം അവക്കു ചില സുഹൃത്തുക്കളുണ്ട്. ജോസഫും മേരിയും മടങ്ങിയെത്താനുള്ള കാരണമറിഞ്ഞപ്പോൾ ആ സുഹൃത്തുക്കളും ആശങ്കാഭരിതരായി. "എന്തു്! യേശുവിനെ കണ്ടില്ലെന്നോ? അവനിങ്ങോട്ടൊന്നും വന്നില്ലല്ലോ. ഏതായാലും നമുക്കെല്ലാവക്കും കൂടി അവനെ അന്വേഷിക്കാം. അവനെ കണ്ടുകിട്ടുന്നതുവരെ നിങ്ങൾ ഇവിടെത്തന്നെ താമസിക്കണം.

മാക്കററിലും ഗത്സമനത്തോട്ടത്തിലുമെല്ലാം അവർ അന്വേഷിച്ചു. പക്ഷേ, അതുകൊണ്ടൊന്നും ഒരു പ്രയോജനവുമുണ്ടായില്ല. ആ രാത്രിയും അസ്വസ്ഥരായി നിദ്രാവിഹീനരായി ആ മാതാപിതാക്കൾ തള്ളിനീക്കി. "ദൈവമേ, എന്റെ പ്രാർത്ഥന കേൾക്കണേ ..." കണ്ണീരോടെ മേരി പ്രാർത്ഥിച്ചു.

അടുത്തദിവസം രാവിലെ മേരി ജോസഫിനോടു പറയുകയാണ്:–"ഇന്നന്വേഷണം ആരംഭിക്കുന്നതിനു മുമ്പ് ദേവാലയത്തിലെത്തി നമുക്കു പ്രാർത്ഥിക്കാം. ആ നിർദ്ദേശം ജോസഫിനും സ്വീകാര്യമായിരുന്നു. അവരിരുവരും ദേവാലയത്തിലേക്കു നടന്നു. പെസഹാ കഴിഞ്ഞിട്ടും ദേവാലയവളപ്പിൽ ജനങ്ങൾ തിങ്ങിക്കൂടിയിട്ടുണ്ട്. കച്ചവടക്കാർ അവരുടെ സാധനസാമഗ്രികളുടെ വിവരങ്ങൾ വിളിച്ചുപറയുന്നു. നാണയമാററക്കാർ വിവിധരാജ്യങ്ങളിലെ നാണയങ്ങൾ മേശപ്പുറത്തു അടുക്കിവച്ചിട്ടുണ്ട്. ആടുകളുടെ കരച്ചിലും ആളുകളുടെ സംസാരവും കാതുകൾ ഭേദിക്കുന്നു. ആ ബഹളത്തിനിടയിൽ നിന്നു് ഒരുവിധം രക്ഷനേടി ജോസഫും മേരിയും ദേവാലയത്തിനുള്ളിൽ പ്രവേശിച്ചു. അവിടെ സ്ത്രീകൾക്കു വിധിച്ചിട്ടുള്ള ഭാഗത്തിരുന്നു് പ്രതിബന്ധമൊന്നും കൂടാതെ അവൾക്കു ചിന്തിക്കയും പ്രാർത്ഥിക്കയും ചെയ്യാമല്ലോ.

ഒരു കരിങ്കൽ ബഞ്ചിൽ അവരിരുന്നു. "ഞാൻ ശബ്ദമുയർത്തി ദൈവത്തോടു നിലവിളിച്ചു."– ദാവീദിന്റെ മറെറാരു സങ്കീർത്തനം ഉദ്ധരിച്ചു മേരി മനംനൊന്തു പ്രാർത്ഥിച്ചു. ജോസഫു എഴുന്നേററു് അല്പം അകലെയുള്ള നേർച്ചപ്പെട്ടിയെ സമീപിച്ചു ഒരു നാണയം അതിലിട്ടു. അദ്ദേഹം മടങ്ങിയെത്തിയപ്പോൾ മേരി ആ ബഞ്ചിലില്ല. ആലോചനാമണ്ഡപത്തിന്റെ വാതിൽക്കൽ അവൾ നിൽക്കയാണു്. പരീശരും സാദൂക്യരും മററു നിയമവിദഗ്ദ്ധരും സമ്മേളിച്ചു് ന്യായപ്രമാണസംബന്ധമായ വ്യാഖ്യാനങ്ങളും വാദപ്രതിവാദങ്ങളും നടത്തുന്നതു ആ മണ്ഡപത്തിൽ വച്ചാണു്. ആംഗ്യം കാട്ടി മേരി ജോസഫിനെ സമീപത്തേക്കു വിളിച്ചു.

"അതാ, ആ കേൾക്കുന്നതു യേശുവിൻെറ ശബ്ദമാണ്!"– ഉദ്വേഗത്തോടെ അവളറിയിച്ചു.

അതേ; യേശുവിൻെറ ഇമ്പകരമായ ശബ്ദം തന്നെയായിരുന്നതു്. അവൻ ശാന്തമായി സ്ഫുടമായി സംസാരിക്കയാണ്. മേരിയും ജോസഫും ശ്രദ്ധിച്ചു. പക്ഷേ, അവൻ എന്താണു പറയുന്നതെന്നു അവർക്കു വ്യക്തമായി കേൾക്കാൻ സാധിക്കുന്നില്ല. ഏതാനും നിമിഷനേരത്തേക്കു ആ ശബ്ദം നിലച്ചു. പ്രായം കൂടിയവരുടെ ശബ്ദമാണ് അതേത്തുടർന്നു അവർ കേട്ടതു്. അതാ, വീണ്ടും യേശു സംസാരിക്കുന്നു.

അവർ മുന്നോട്ടു നീങ്ങി. പക്ഷേ, വാതിൽക്കൽ ആളുകൾ തിങ്ങിക്കൂടിയിട്ടുണ്ടു്. ആ അവസരത്തിൽ മേരിയുടെയും ജോസഫിൻെറയും മുൻപിൽ നിന്നു ഒന്നുരണ്ടാളുകൾ അല്പമൊന്നു മാറി. അതുകൊണ്ടു യേശുവിനെ കാണാൻ അവർക്കു സാധിച്ചു. ശാന്തനായി, ഭയരഹിതനായി അവിടെ നിൽക്കയാണവൻ. കുറെ താടിക്കാർ ഗൗരവഭാവത്തിൽ അവൻെറ ചുററും കൂടിയിട്ടുണ്ടു്. അവർ യേശുവിനോടു ചോദ്യങ്ങൾ ചോദിക്കയും, യേശുവിൻെറ ചോദ്യങ്ങൾക്കു് മറുപടികൾ നല്കുകയും ചെയ്യുകയാണ്. ഇടയ്ക്കിടെ അവർ അന്യോന്യം പറയുന്നുണ്ടു്:–"ആ ബാലൻെറ വാക്കുകൾ ശ്രദ്ധിക്കൂ. അവൻ ഇതെല്ലാം എവിടെനിന്നു പഠിച്ചു? നമ്മുടെ ന്യായപ്രമാണത്തിൻെറ വിവിധവശങ്ങളും അവൻ ഈ പ്രായത്തിൽത്തന്നെ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു.''

യേശുവിൻെറ വാക്കുകൾ മേരിയും ജോസഫും ശ്രദ്ധിച്ചു. അവരും അൽഭുതസ്തബ്ധരായി. ഇതാ പുതിയ ഒരു യേശു!

"അവൻെറ പ്രവർത്തനത്തിനുള്ള സമയം വന്നെത്തിയോ?" മേരി സ്വയം ചോദിച്ചു. ഒരാൾ കൂടി അവരുടെ മുൻപിൽ നിന്നു മാറി. അപ്പോഴാണു യേശു മാതാപിതാക്കളെ കാണുക. ഒരു മന്ദഹാസത്തോടെ അവൻ അവരുടെ സമീപത്തെത്തി.

ഇതുവരെയും ഒതുങ്ങിയിരുന്ന കണ്ണീരു മേരിയുടെ കണ്ണുകളിൽ നിന്നു പൊട്ടിപ്പുറപ്പെട്ടു. "മകനേ, നീ ഞങ്ങളോടു ഇങ്ങ

നെ ചെയ്തതെന്ത്? ഇതാ, ഞാനും നിൻെറ പിതാവും വളരെ വേദനയോടെ നിന്നെ അന്വേഷിക്കയായിരുന്നു."

യേശു മാതാവിൻെറ മുഖത്തു നോക്കി അല്പനേരം മൗനമവലംബിച്ചു. എന്നിട്ടവൻ അമ്മയോടു ചോദിക്കയാണ്:–"നിങ്ങൾ എന്നെ അന്വേഷിച്ചതെന്തിന്? ഞാൻ എൻെറ പിതാവിൻെറ ജോലിയിലായിരിക്കണമെന്നു നിങ്ങളറിയുന്നില്ലേ?''

മേരി ആശ്ങ്കാഭരിതയായി. അവൻ അവളെ വിട്ടുപോകാനുള്ള സമയം വന്നെത്തിക്കഴിഞ്ഞോ? ''പൈതൽ പലരുടേയും വീഴ്ചയ്ക്കും എഴുന്നേല്പ്പിനും വച്ചപ്പെട്ടിരിക്കുന്നു.'' — ശെമ്ഓൻെറ വാക്കുകൾ അവളോർത്തു. അതിനുള്ള മുഹൂർത്തം വന്നണഞ്ഞെങ്കിൽ അവളതിനു വിധേയയാകാൻ സന്നദ്ധയാണ്. ''നിൻെറ വാക്കുപോലെ എന്നിൽ ഭവിക്കട്ടെ!"–വർഷങ്ങൾക്കുമുൻപ് ദൈവസന്നിധിയിൽ അവൾ സമപ്പിച്ച വാക്കുകളല്ലേ അവ?

യേശു ആലോചനാമണ്ഡപത്തിൽ നിന്നിറങ്ങി മാതാപിതാക്കളോടൊപ്പം ദേവാലയത്തിൽനിന്നും പുറത്തുവന്നു— ആ മാതാവിനു പരിചിതനും, ശാന്തനും, സ്നേഹനിധിയുമായ യേശു. അവരോടൊത്തു നസ്രേത്തിലേക്കു മടങ്ങാൻ അവൻ സന്നദ്ധനാണ്. മുഹൂർത്തം വന്നിട്ടില്ലായിരുന്നു.

# VII

## സ്നാനമേററ

''നല്ല ഒന്നാംക്ലാസ്സ് മത്സ്യം-ഇന്നലെ രാത്രിയിൽ പിടിച്ചതു്. ശാബദ്ഭക്ഷണത്തിനു കുറേ വാങ്ങുന്നില്ലേ?"

ആ മത്സ്യക്കച്ചവടക്കാരൻവൃദ്ധൻെറ മുമ്പിൽ മേരി നിന്നു. അവളുടെ കൈയ്യിൽ ഒരു കുട്ടയുണ്ടു്. ''ഇന്നലെ രാത്രിയിൽ പിടിച്ചതോ?" മന്ദഹസിച്ചുകൊണ്ടു അവൾ ആരാഞ്ഞു.

"അതേ, ആഴ്ച്ചയിൽ രണ്ടുപ്രാവശ്യം എന്റെ മകൻ വാങ്ങിക്കൊണ്ടുവരും. ബെത്സെദായിൽ ഒരു വയസ്സൻ കച്ചവടക്കാരനുണ്ട്. അയാളോടാണു ഞങ്ങൾ പതിവായി മീൻ വാങ്ങുന്നതു്. അല്ല– ഒരു വിശേഷം കേട്ടില്ലേ? ഇപ്പോൾ ആ ഭാഗത്തു ചില ഒച്ചപ്പാടുകളുണ്ടാക്കുന്ന യോഹന്നാനുണ്ടല്ലോ— അയാളിൽ ആകൃഷ്ടരായിരിക്കയാണ് കിഴവന്റെ പുത്രന്മാരെന്നു കേൾക്കുന്നു. യോഹന്നാൻ ഈയിടെയാണ് മരുഭൂമിയിൽ നിന്നു മടങ്ങിയെത്തിയതു്. ഇപ്പോൾ അയാൾ യോർദ്ദാൻ കരയിൽ പ്രസംഗിക്കുകയും ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്തു വരുന്നത്രേ. കുഞ്ഞു കേട്ടിട്ടുണ്ടോ, ഈ യോഹന്നാനെപ്പററി?"

പുഞ്ചിരിച്ചുകൊണ്ട് മേരി തലയാട്ടി. പക്ഷേ, അവളുടെ ഹൃദയം നൊമ്പരപ്പെട്ടു. അങ്ങനെ മരുഭൂമിയിൽനിന്നു യോഹന്നാൻ മടങ്ങിയെത്തി! സ്കറിയായുടേയും എലിശ്ബായുടേയും പുത്രനായ യോഹന്നാൻ! കൗമാര്യം കഴിയാത്ത താമസമേയുണ്ടായിരുന്നുള്ളു, അയാൾ യോർദ്ദാനിനപ്പുറമുള്ള മരുഭൂമിയിൽ അജ്ഞാതവാസം നിർവഹിക്കയായിരുന്നു; പ്രാർത്ഥിച്ചും ഉപവസിച്ചുംകൊണ്ട്. "ഉവ്വ്, യോഹന്നാനെപ്പററി ഞാൻ കേട്ടിട്ടുണ്ട്."–മേരി ആ മീൻകച്ചവടക്കാരനോടു പറഞ്ഞു.

"മീനെത്രവേണം, കുഞ്ഞേ?–കച്ചവടക്കാരൻ ചോദിച്ചു.

"ഇടത്തരംനോക്കി രണ്ടെണ്ണം മതിയാകും."–പക്ഷേ, അവളുടെ ചിന്തകൾ വിദൂരസ്ഥിതമായ ഭൂതകാലത്തു വിഹരിക്കയായിരുന്നു–യോഹന്നാനു പേരിട്ട ദിവസം സ്കറിയാ ഉച്ചരിച്ച ആ വാക്കുകൾ അവളുടെ കാതുകളിൽ മുഴങ്ങി.

"നീയോ, പൈതലേ, അത്യുന്നതന്റെ പ്രവാചകനെന്നു വിളിക്കപ്പെടും.

"അവന്റെ വഴി ഒരുക്കുവാൻ അവന്റെ മുൻപിൽ നീ പോകും."

"ഞാൻതന്നെ നോക്കി രണ്ടെണ്ണം തിരഞ്ഞെടുത്തു തരാമല്ലോ."–മീൻകച്ചവടക്കാരന്റെ ശബ്ദം മേരിയെ ചിന്തകളിൽ നിന്നു തട്ടിയുണർത്തി. പിടച്ചുകൊണ്ടിരുന്ന രണ്ടു മത്സ്യങ്ങളെ

വിദഗ്ദ്ധമായ കരങ്ങൾകൊണ്ടു ആ വൃദ്ധൻതന്നെ തിരഞ്ഞെടുത്തു് അവളുടെ കുട്ടയിലാക്കി.

മേരി അവയുടെ വില കൊടുത്തു. "ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!" — ആ അനുഗ്രഹവചസ്സുകൾ അവളുടെ അധരങ്ങളിൽ നിന്നു് അടൎന്നുവീണു. പക്ഷേ, ആ മത്സ്യങ്ങളെപ്പററിയായിരുന്നില്ല അവളുടെ ചിന്ത. യോഹന്നാൻെറ പ്രവർത്തനം ഇതാ ഉൽഘാടനം ചെയ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഇനി സ്വപ്രവൎത്തനം ആരംഭിക്കാൻ യേശുവിനു കാലതാമസമില്ല. യോഹന്നാനല്ലേ സ്വപുത്രൻെറ വഴി ഒരുക്കേണ്ടതു്?

ഇങ്ങനെ ചിന്തകളിലാണ്ടു മേരി മന്ദം നടന്നുതുടങ്ങി. തണ്ണിമത്തങ്ങാ വിററുകൊണ്ടിരുന്ന ഒരു കച്ചവടക്കാരി അടുത്തുണ്ടായിരുന്ന മററൊരുവളോടു ചോദിക്കയാണ്:—

"ആ പോകുന്ന സ്ത്രീയേതാണ്? സൗന്ദൎയ്യവും, സൽഗുണങ്ങളും ഒത്തിണങ്ങിയ മുഖം."

"അതോ?" — ഉള്ളിക്കച്ചവടം ചെയ്തുകൊണ്ടിരുന്ന അവർ മറുപടി നൽകി: "അതാണ് മരയാശാരി ഔസേപ്പിൻെറ വിധവ. ഗലീലയിൽ ആ മനുഷ്യനെപ്പോലെ സമൎത്ഥനായ മററൊരു ആശാരിയില്ലെന്നു എൻെറ അച്ഛൻ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ടു്. എന്നാലും, അവളുടെ പുത്രൻ യേശു അതിലും സമൎത്ഥനാണ്. യേശു എന്തെല്ലാമാണ് ചെയ്യുന്നതെന്നു പറഞ്ഞറിയിക്കാൻ പ്രയാസം. സാധുക്കൾക്കുവേണ്ടി സൗജന്യമായി സാധനങ്ങൾ അയാൾ നിൎമ്മിച്ചുകൊടുക്കുകയും നന്നാക്കി കൊടുക്കുകയും ചെയ്യും. വേണ്ടിവന്നാൽ ധരിച്ചിരിക്കുന്ന വസ്ത്രങ്ങൾ പോലും അയാൾ സാധുക്കൾക്കു കൊടുക്കും. മകനെപ്പോലെ തന്നെ അമ്മയും. രോഗികളെ പരിചരിച്ചു രാത്രികൾതന്നെ കഴിച്ചുകൂട്ടാൻ അവൾ സദാ സന്നദ്ധയാണ്. മുപ്പതുവയസ്സുള്ള ഒരു മകൻെറ മാതാവാകാൻ തക്ക പ്രായവുമില്ല അവൾക്കു്."

ഈ സംഭാഷണം അങ്ങനെ നടന്നുകൊണ്ടിരിക്കവേ മേരി മാൎക്കററു വിട്ടിറങ്ങി, മരയാശാരിമാർ പ്രവൎത്തനം നിൎവ്വഹിച്ചുകൊണ്ടിരുന്ന ഭാഗത്തെ സമീപിക്കയാണ്. അവിടെ ഒരു

സ്ഥാനത്തു പ്രവർത്തനനിരതനായി യേശു ഇരിക്കുന്നു. അവൻ ഒരു കാർപ്പെട്ടിക്കു് മിനുക്കുപണികൾ നടത്തിക്കൊണ്ടിരിക്കുകയാണു്. മേരിയെ കണ്ടപ്പോൾ അവൻ നടുവൊന്നു നീർത്തു് സ്നേഹസമ്പൂർണ്ണമായ ഒരു മന്ദഹാസത്തോടെ മാതാവിനു സ്വാഗതമരുളി. "എൻെറ അമ്മേ, എന്തൊരു ഭാരമുള്ള കുട്ട! ഒരു നിമിഷനേരം കഴിഞ്ഞാൽ ഞാനും അമ്മയുടെകൂടെ ആ കുട്ടയുമെടുത്തുകൊണ്ടു് വീട്ടിലേക്കു പോരാമല്ലോ." ആ യുവാവു് മാതാവിൽനിന്നു് കുട്ട ഏററുവാങ്ങി, ഒരു സ്ഥാനത്തുവച്ചു്, അമ്മയ്ക്കിരിക്കാൻ ഒരു കുരണ്ടി കൊണ്ടുവന്നു വച്ചു. അത്രയും കഴിഞ്ഞു് അവൻ വീണ്ടും പണിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. എന്നാൽ, ഇടയ്ക്കിടെ തലപൊക്കി അമ്മയെ നോക്കി സസ്നേഹം മന്ദഹസിക്കാൻ അവനൊട്ടു മറന്നുമില്ല.

മകൻെറ പണി നോക്കി മൗനമായി മേരി അവിടെയിരുന്നു. ആ കരങ്ങൾക്കുള്ള ശക്തിയും വൈദഗ്ദ്ധ്യവും! എന്നാൽ ആവശ്യമായിവരുന്ന സന്ദർഭങ്ങളിൽ ഒരു സ്ത്രീയുടെ കരങ്ങൾക്കുള്ള മൃദുലതയും പരിചരണവൈദഗ്ദ്ധ്യവുമുണ്ടു് അവയ്ക്കു്. ഒരു സ്ത്രീയേപ്പോലെ എത്ര സ്നേഹത്തികവോടെ മൃദുലമായി ആ മകൻ ജോസഫിനെ പരിചരിച്ചു — അക്കാര്യം അപ്പോൾ അവളോർത്തു.

മകൻെറ മുഖത്തു മാതാവു ദൃഷ്ടിയുറപ്പിച്ചു. എന്നിട്ടവൾ അവനെ വിളിച്ചു:— "യേശുവേ, നിൻെറ ബന്ധു യോഹന്നാൻ മരുഭൂമിയിൽ നിന്നു മടങ്ങിയെത്തി, യോർദ്ദാൻകരയിൽ പ്രസംഗിക്കുകയാണു്."

യേശു നിവർന്നിരുന്നു: ഒരു നിമിഷനേരം അവൻ മൗനമവലംബിച്ചു. അതു കഴിഞ്ഞു് തികഞ്ഞ പ്രശാന്തതയോടെ അവൻ പറയുകയാണു്:— "ആ വിവരം ഞാനറിഞ്ഞു, അമ്മേ. അതിൽ കൂടുതലൊന്നും പറയേണ്ട ആവശ്യമുണ്ടായിരുന്നില്ല. മേരി കാര്യം മുഴുവൻ ഗ്രഹിച്ചുകഴിഞ്ഞു. യേശു പെട്ടിയ്ക്കു ചിന്തേരിടുന്ന പണി തുടർന്നു. മൗനമായി ആ മാതാവു് മകനെ നോക്കിയിരിക്കയാണു്. പണി തീരുന്നതുവരെ അ

വനും മൗനമവലംബിച്ചു. അതു തീർന്നതോടെ അവൻ നിവ ന്നിരുന്നു്, അമ്മയെ സൂക്ഷിച്ചുകൊണ്ടു് സാവധാനം പറയുക യാണു്: — "അമ്മേ, എന്റെ സമയം സമീപസ്ഥിതമായിരി ക്കുന്നു."

"ഉവ്വു്, മകനെ, എനിക്കറിയാം." — ധീരചിത്തയായ ആ മാതാവിന്റെ പ്രത്യുത്തരം അതു മാത്രമായിരുന്നു.

പണിവസ്ത്രങ്ങൾ യേശു മാററി, ജോസഫ് പണ്ടു തൂക്കാറു പതിവുള്ള ആണിയിൽ തൂക്കിയിട്ടു. ആ പണിപ്പുരയിലെ ഓരോ സംഗതികളും പൂർവ്വകാലസ്മരണകളെ ഒന്നൊന്നായി മേരിയിൽ തട്ടിയുണർത്തി. അദ്ദേഹത്തിന്റെ ചരമത്തിനു ശേഷവും അവിടെ യാതൊന്നുംതന്നെ വ്യത്യാസപ്പെട്ടിട്ടില്ല.

യേശു ഒരു പുറംകുപ്പായമെടുത്തു ധരിച്ചു. അതിനുശേ ഷം അയാൾ ആ കുട്ടയെടുത്തു.

"നമുക്കു പോകാം."– ഒരു മന്ദഹാസത്തോടെ അയാൾ അമ്മയോടു പറഞ്ഞു. അന്നു പതിവിൽ നേരത്തേയാണു് അ യാൾ പണിപ്പുരവിട്ടു് വീട്ടിലേക്കു യാത്രയായതു്. സൂര്യൻ അപ്പോഴും അസ്തമിച്ചിട്ടില്ല ശാബത്തുവിശ്രമത്തെ പ്രഖ്യാപി ക്കുന്ന കാഹളം ഇതേവരെ മുഴങ്ങിയില്ല. കുറെ സമയംകൂടെ കഴിഞ്ഞേ അതിന്റെ മുഴക്കം അവിടെയുള്ളവർക്കു കേൾക്കാൻ സാധിക്കൂ. അതു സ്വാഗതാർഹമാണു്. അമ്മയ്ക്കും മകനും തനി യെ കുറെ സമയം കഴിച്ചുകൂട്ടാമല്ലോ. ഈയിടയായി അവ ർക്കിരുവർക്കും തനിയെ കഴിച്ചുകൂട്ടാൻ വിരളമായേ സന്ദർഭങ്ങൾ ലഭിക്കാറുള്ളു. ജോസഫിന്റെ ചരമത്തിനു ശേഷം അദ്ദേഹ ത്തിന്റെ സഹോദരന്റെ വിധവ മേരി ക്ലിയോപ്പായും പുത്ര ന്മാരും മിക്കവാറും തന്നെ ആ വസതിയിലായിരുന്നു താമസം. എന്നാൽ ആ അതിഥികൾ ഏതാനും ദിവസങ്ങളായി കഫർണ്ണ ഹൂമിലാണു്. അതുകൊണ്ടു് യേശുവിനും മേരിക്കും തനിയെ കഴിച്ചുകൂട്ടാൻ ഈയിടയായി സന്ദർഭം ലഭിക്കുന്നുണ്ടു്.

മേരി ശാബതാചരണത്തിനുള്ള ഭക്ഷണം പാകം ചെയ്യുക യാണു്. യേശു അവൾക്കു സമീപമിരുന്നു ഓരോ കാര്യങ്ങളെ

പ്പററി സംസാരിച്ചുകൊണ്ടിരുന്നു. ശാബത്ത് വിശ്രമത്തിനുള്ള കാഹളം മുഴങ്ങുന്ന അവസരത്തിൽത്തന്നെ ഭക്ഷണം തയാറാകത്തക്കവിധം അതു അടുപ്പിൽ വച്ചിരിക്കയാണ്. മൂന്നാമത്തെ കാഹളധ്വനി മുഴങ്ങിയപ്പോൾ മേരി ശാബത്ത് വിളക്കു കൊളുത്തി. അതിനുശേഷം ഭക്ഷണം കഴിക്കുന്നതിനു മുൻപ് പ്രാർത്ഥനയ്ക്കായി അവരിരുവരും എഴുന്നേററു.

> "ഞങ്ങളുടെ ആഹാരം ഭൂമിയിൽ നിന്നുല്പാദിപ്പിക്കുന്ന ദൈവമായ കർത്താവേ, അങ്ങു അനുഗ്രഹിയ്ക്കപ്പെട്ടവനാകുന്നു!"

അന്നു രാത്രിയിൽ അവരിരുവരും പതിവിൽ കൂടുതൽ സംഭാഷണത്തിലേർപ്പെട്ടു. യോഹന്നാൻ, യേശു, അദ്ദേഹത്തിൻെറ പ്രവർത്തനലക്ഷ്യം എന്നിവയായിരുന്നു അവരുടെ സംഭാഷണവിഷയങ്ങൾ. സാധാരണ ഈവിധ വിഷയങ്ങളെപ്പററി അവർ അന്യോന്യം സംസാരിക്ക പതിവില്ല. എന്നാൽ തന്നെയും ഈ കാര്യങ്ങൾ അവരുടെ മനസ്സിൽ നിന്നു അകലുമായിരുന്നില്ല.

അതിനുശേഷം കുറേക്കാലത്തേക്കു യേശുവിൻെറ പ്രതിദിനപരിപാടികളിൽ പറയത്തക്ക വ്യത്യാസമൊന്നും സംഭവിച്ചില്ല. എന്നാൽ തൻെറ പുത്രൻ പുതുതായി പണികളൊന്നും പിടിക്കുന്നില്ലെന്നു മേരി മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. കാനായിൽ ഒരു വധുവിനു നൽകപ്പെടേണ്ട ഒരു കാൽപ്പെട്ടി പണി തീരാനുണ്ട്. വൃദ്ധൻ റൂബനുള്ള കലപ്പയും, ദേവാലയമേധാവിക്കുള്ള കൊത്തുപണികളോടുകൂടിയ മേശയും തീരേണ്ട ജോലിയായി അവശേഷിക്കുന്നു. അതിനു പുറമെ കുറെ കട്ടിലപ്പടികളും, ജനാലപ്പലകകളും പൂർത്തിയാക്കേണ്ടിയിരിക്കുന്നു. ഇവയുടെ പൂർത്തീകരണത്തിൽ പ്രഭാതം മുതൽ പ്രദോഷം വരെ ഏർപ്പെട്ടിരിക്കയാണ്, യേശു. എന്നാൽ പുതുതായ പണികളൊന്നും അവൻ സ്വീകരിക്കുന്നില്ല.

മറെറാരു സംഗതി കൂടി മേരിയുടെ ശ്രദ്ധയിലെത്തി. നഗരത്തിനെതിർവശത്തു ഒരു കുന്നുണ്ട്. പ്രാർത്ഥനയ്ക്കായി യേശു

അവിടെയെത്തി, കൂടുതൽ കൂടുതൽ സമയം ചെലവഴിക്കുന്നതും ആ മാതാവു് സൂക്ഷിച്ചു. രാത്രി മുഴുവൻ അവൻ അവിടെ ചെലവഴിച്ചു പ്രാർത്ഥനാനിരതനാകുന്നതും ഒരു സാധാരണ സംഭവമായിത്തീർന്നു. എന്നാലും പ്രഭാതത്തിൽ പതിവനുസരണം അവൻ പണിപ്പുരയിലെത്തും-പതിവനുസരണം തന്നെ കാനായിലെ വധുവിനുള്ള കാൽപ്പെട്ടിയും, റബ്ബിയുടെ മേശയ്ക്കുള്ള കൊത്തുപണികളും പൂർത്തിയാക്കുന്ന ജോലിയിൽ ഏർപ്പെട്ടും.

ഒരു സായാഹ്നത്തിൽ യേശു വീട്ടിൽ മടങ്ങിയെത്തി. മുൻവാതിൽക്കൽ നിന്നുകൊണ്ടു സൂര്യാസ്തമനം സൂക്ഷിക്കയാണു് അമ്മയും മകനും. പെട്ടെന്നു യേശു മേരിയോടു പറയുകയാണു്:-

"അമ്മേ, ഞാൻ ആ പെട്ടിയുടെ പണി പൂർത്തിയാക്കി" അതു കഴിഞ്ഞു ഏതാനും ദിവസമായപ്പോൾ അവൻ വീണ്ടും അമ്മയെ അറിയിച്ചു-"റബ്ബിയുടെ മേശയുടെ പണിയും പൂർത്തിയായി, അമ്മേ." അതിന്റെ അർത്ഥവ്യാപ്തി മേരി മനസ്സിലാക്കി. സമയം ആസന്നമാകുന്നു. ഇനി ഏതൊരു ദിവസമാണു് പുത്രൻ വന്നു മാതാവിനെ അറിയിക്കുന്നതു്; "അമ്മേ, നാളെ ഞാൻ അമ്മയെ വിട്ടുപോകും; എന്റെ സമയം വന്നെത്തിയിരിക്കുന്നു."

ആ ദിവസവും വന്നണഞ്ഞു. സമയം സന്ധ്യയായി. മേരി നൂൽ നൂറ്റുകൊണ്ടിരിക്കയാണു്. സ്വഭർത്താക്കൾക്കായി, അല്ലെങ്കിൽ പ്രായപൂർത്തിയായ പുത്രന്മാർക്കായി നെയ്യുന്ന തുന്നലില്ലാത്ത ആ കുപ്പായം മിക്കവാറുംതന്നെ മേരി പൂർത്തിയാക്കി. അങ്ങനെയുള്ള കുപ്പായങ്ങൾ നെയ്തെടുക്കുന്നതിൽ നസ്രേത്തിലെ സ്ത്രീകൾക്കു ഒരു പ്രത്യേക സാമർത്ഥ്യമാണുള്ളതു്. സ്വപ്രവർത്തനങ്ങൾക്കായി രംഗപ്രവേശനം ചെയ്യുന്നതിനുമുമ്പു് അങ്ങനെയുള്ളൊരു കുപ്പായം യേശുവിനു ആവശ്യംതന്നെയാണു്. അതിനി ആ ചർക്കായിൽനിന്നു് മുറിച്ചെടുക്കയേ വേണ്ടു.

അവിടെയിരിക്കുമ്പോൾ മേരിയുടെ മനസ്സു കഴിഞ്ഞകാല സംഭവങ്ങളെപ്പറ്റി ചിന്തിക്കയാണു്. മണലാരണ്യത്തിൽ

നിന്നു് അവരം കൊണ്ടുവന്ന ശിശുവായ യേശു; ദേവാലയത്തിൽ വച്ചു് കാണാതായ പന്ത്രണ്ടുവയസ്സുള്ള യേശു; യേശുവും ജോസഫുംകൂടി ആശാരിപ്പണി നടത്തിക്കൊണ്ടിരുന്ന കാലഘട്ടം; ജോസഫ് യേശുവിനു നൽകുന്ന ഉപദേശം; ഇതൊന്നുമവരം മറന്നിട്ടില്ല. "മകനേ, പെസഹാ അത്താഴത്തിനു കുഞ്ഞാടിനെ അറക്കേണ്ടതു് ഇങ്ങനെയാണു്. എല്ലുകളൊന്നുംതന്നെ ഉടയരുതു്." ആ വർഷത്തോടടുത്തു് ജോസഫിന്റെ ആരോഗ്യം ക്ഷയിച്ചുതുടങ്ങി. അദ്ദേഹത്തെ ഇന്നലത്തെപ്പോലെ മേരിക്കു മനസ്സിൽ കാണാം. ഒലിവുവൃക്ഷത്തിന്റെ തണലിരിക്കയാണു് അദ്ദേഹം, പണിപ്പുരയിൽനിന്നു യേശുവിന്റെ തിരിച്ചുവരവിനെ പ്രതീക്ഷിച്ചു്. യേശു വരുമ്പോരം ഒരു നേരിയ പുഞ്ചിരിയോടെ അദ്ദേഹം ചോദിക്കും:-"എന്തുണ്ടു് മകനേ വിശേഷം? നീ കുസഹേലിന്റെ കലപ്പ പൂർത്തിയാക്കിക്കൊടുത്തോ?" യേശു അദ്ദേഹത്തിന്റെ പാർശ്വത്തിലിരുന്നു അന്നത്തെ ജോലിയെപ്പററിയുള്ള വിവരങ്ങളും മററു വിശേഷങ്ങളും പറഞ്ഞു കേരംപ്പിക്കും. അടുത്ത ശരൽക്കാലത്തു ജോസഫ് മരണമടഞ്ഞു. ഐകൃപൂർണ്ണമായ അവരുടെ ജീവിതം അങ്ങനെ അവസാനിച്ചു. വർഷങ്ങരം അങ്ങനെ മുന്നോട്ടുനീങ്ങി. ഓരോ വർഷവും ആ മാതാവു് അത്യുത്കണ്ഠകളോടെ സ്വയം ചോദിക്കും: - "എന്നാണു് എന്റെ മകൻ എന്നെ വിട്ടുപോകുക? എന്റെ മകന്റെ പ്രവർത്തനങ്ങരം എന്നായിരിക്കാമോ ആരംഭിക്കുക?" പക്ഷേ, മകൻ അതേപ്പററി യാതൊന്നും പറഞ്ഞില്ല; അമ്മ അതേപ്പററി യാതൊന്നും ചോദിച്ചുമില്ല. ആ പ്രശ്നത്തിന്റെ തീരുമാനം ദൈവകരങ്ങളിൽ അപ്പിക്കാൻ അവരിരുവരും തികച്ചും സന്നദ്ധരായിരുന്നു. ഇപ്പോഴാകട്ടെ, സമയം ആസന്നമാകുന്നു. അവരിരുവരും പ്രാർത്ഥനയോടെ പ്രതീക്ഷിച്ച ആ ഘട്ടം. എന്നാൽ ആ വേർപാടു് ഹൃദയഭേദകംതന്നെയായിരുന്നു.

അന്നുരാത്രി പതിവിൽ താമസിച്ചാണു് യേശു വീട്ടിൽ മടങ്ങിയെത്തിയതു്. അവൻ വാതിൽ തുറന്നു അകത്തുപ്രവേശിച്ച നിമിഷത്തിൽത്തന്നെ മേരിക്കു മനസ്സിലായി അവൻ പ്രാർത്ഥനയിൽ ലയിച്ചിരിക്കുകയായിരുന്നെന്നു്. യേശു മാതാ

വിൻെറ പാർശ്വത്തിലിരുന്നു. അല്പനേരത്തേക്ക് അവർ നിശബ്ദതയിൽ അന്യോന്യം നോക്കി. അതിനുശേഷം, സൗമ്യസ്വരത്തിൽ ആ പുത്രൻ മാതാവിനെ അറിയിച്ചു: – "യോഹന്നാനാൽ ജ്ഞാനസ്നാനപ്പെടുന്നതിനു ഞാൻ നാളെ യോർദ്ദാൻ നദീതീരത്തിലേക്കു പുറപ്പെടുകയാണ്."

പഴയ രീതിയനുസരിച്ച് ആ വീട്ടിൽ മാതാവും മകനും ഒരുമിച്ചുതാമസിക്കുക ഇനി സാദ്ധ്യമല്ലെന്നു മേരിയെ പറഞ്ഞു മനസ്സിലാക്കേണ്ട ആവശ്യം യേശുവിനുണ്ടായില്ല. മകൻ പറയാതെതന്നെ അക്കാര്യം അമ്മയ്ക്കറിവുണ്ടായിരുന്നു. മുപ്പതുവഷക്കാലമായില്ലേ ആ സാധ്വി ഈ വേർപാടിനു സന്നദ്ധയായിത്തീന്നിട്ട്?

* * * * * *

സ്നാപകയോഹന്നാൻ എന്നറിയപ്പെട്ട ആ മനുഷ്യൻ യോർദ്ദാൻനദീതീരത്തിൽ നില്ക്കയാണ്. അദ്ദേഹം പറയുന്നതു കേൾക്കാൻ ഒരുകൂട്ടം ആളുകളെയും അവിടെക്കാണാം. അദ്ദേഹം അവരെ നദിയിൽ ജ്ഞാനസ്നാനപ്പെടുത്തുകയാണ്. അദ്ദേഹത്തിൻെറ കോമളമായ ശരീരത്തിൽനിന്നു വെള്ളം ഇററിററു വീഴുന്നുണ്ട്. അദ്ദേഹം ധരിച്ചിരുന്ന പരുപരുത്ത ഒട്ടകരോമവസ്ത്രങ്ങളിൽ ഈ ജലബിന്ദുകൾ അങ്ങിങ്ങായി ഓരോ ചെറു അരുവികൾതന്നെ സൃഷ്ടിച്ചു. പക്ഷേ, അദ്ദേഹത്തിൻെറ കണ്ണുകളിൽ അതൊന്നും പെട്ടില്ല. ചുററും നില്ക്കുന്ന ശ്രോതാക്കളിലാണ് അദ്ദേഹത്തിൻെറ പൂണ്ണശ്രദ്ധയും കേന്ദ്രീകൃതമായിരുന്നതു്.

ആൾക്കൂട്ടം പിരിഞ്ഞുപോകയാണ്. മുട്ടററം വെള്ളം മാത്രമുണ്ടായിരുന്ന ആ നദിയിൽ ഇറങ്ങി ബെഥനിറോഡിലേക്ക് അവർ മറുകര കടക്കുന്നു. വിവിധവണ്ണങ്ങളിലുള്ള അങ്കികൾധരിച്ച പരീശരും, ഇരുവശങ്ങളിലും നിറഞ്ഞ ചാക്കുകൾ തൂക്കിയിട്ടുള്ള കഴുതകളുടെ പുറത്ത് ഉപവിഷ്ടരായ കച്ചവടപ്രഭുക്കളും, പരുപരുത്ത വസ്ത്രങ്ങൾധരിച്ച സാധുക്കളും, ഹെറോദാവിൻെറ കല്പനയനുസരിച്ചുള്ള പടച്ചട്ടധരിച്ച പടയാ

ളികളുമുണ്ട് അക്കൂട്ടത്തിൽ. ചിലരുടെ മുഖത്തു നോക്കിയാൽ കാണാം ഒരു ഗൗരവഭാവം. ചിലരാണെങ്കിൽ, കണ്ണീരൊഴുക്കുന്നു. അവരുടെ താടികളിൽക്കൂടി ബാഷ്പബിന്ദുക്കൾ അങ്ങനെ പ്രവഹിക്കയാണ്. പക്ഷേ, കോപിഷ്ഠരായി ഒരു സംഘമുണ്ട് ആ പുരുഷാരത്തിനിടയിൽ-പരീശർ. അവർ കോപംകൊണ്ടു കലിതുള്ളുകയാണ്. അതിനു മതിയായ കാരണവുമുണ്ട് പരിശുദ്ധരെന്ന അവരുടെ നാട്യം യോഹന്നാൻ വെളിപ്പെടുത്തി. ആ നാട്യത്തെ മറച്ചിരുന്ന മറ അദ്ദേഹം നിഷ്ഠുരണം ചീന്തിക്കീറി. അദ്ദേഹം എന്താണെന്നോ അവരെ വിളിച്ചതു്? "അണലിസന്തതിക"ളെന്നു്. അതോടെ അവക്കൊരു മുന്നറിയിപ്പും അദ്ദേഹം നൽകി. "പശ്ചാത്താപപ്പെടുക. എന്തുകൊണ്ടെന്നാൽ, ദൈവരാജ്യം സമീപിച്ചിരിക്കുന്നു."

"ഒന്നു ആലോചിച്ചുനോക്കുക-അവൻ നമ്മെ വിളിച്ചതെന്താണെന്നു്! അണലിസന്തതികളെന്നു്!" യോർദ്ദാൻനദിക്കപ്പുറമുള്ള കരയിൽ ഒലിവുമരങ്ങൾ കടന്നുപോകവേ, ആ പരീശർ അന്യോന്യം പറയുകയാണ് "അണലിസന്തതികൾപോലും!" കോപാവിഷ്ടരായ അവരുടെ നെററിത്തടങ്ങളിലെ ഞരമ്പുകൾ തെളിഞ്ഞുനിന്നു് ഒരു നൃത്തംതന്നെ നിർവഹിച്ചു.

ഇപ്പോഴാണെങ്കിൽ അവരെല്ലാം പൊയ്ക്കഴിഞ്ഞു. കുറച്ചു ആളുകൾമാത്രമേ ആ സ്ഥാനത്തു അവശേഷിക്കുന്നുള്ളു. പക്ഷേ അവക്കൊരു സവിശേഷതയുണ്ട്. യോഹന്നാൻെറ ഉൽബോധനങ്ങളാൽ ആകൃഷ്ടരാണവർ. സ്വപാപങ്ങളെ സംബന്ധിച്ച് അവക്കു ആത്മാത്ഥമായ പശ്ചാത്താപവുമുണ്ട്. കേവലം സാധുക്കളായ ജനങ്ങൾ-മുക്കുവർ, മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ, ചുരുക്കം ചില പടയാളികൾ. അക്കൂട്ടത്തിൽ ചില ചുങ്കക്കാരുമുണ്ട്. അവരെയാണെങ്കിൽ അവജ്ഞയോടെയാണ് ഉന്നതസ്ഥിതർ വീക്ഷിക്കുന്നതു്. എന്തായിരിക്കാം ഈ മനോഭാവത്തിനു കാരണം? അവർ ചുങ്കം പിരിക്കുന്നകാര്യത്തിൽ സത്യസന്ധത പാലിച്ചിരുന്നില്ലത്രേ! പക്ഷേ, യോഹന്നാനു് അവരോടു ലേശവും വെറുപ്പുണ്ടായിരുന്നില്ല. യഥാത്ഥത്തിലുള്ള

പശ്ചാത്താപം ഉണ്ടായെങ്കിൽ അവരും ദൈവരാജ്യത്തിനു അവകാശികളല്ലേ?

"എജമാനനേ, ഞങ്ങൾ എന്താണു ചെയ്യേണ്ടതു്?" അവർ അദ്ദേഹത്തോടു ചോദിച്ചു. ഗൗരവപൂർണ്ണമായ ആ മുഖത്തു സ്നേഹത്തിൻെറയും സഹതാപത്തിൻെറയും ശീതളരശ്മികൾ അപ്പോൾ വീശുകയായി. ശാന്തമായ ശബ്ദത്തിൽ അദ്ദേഹം അവരെ ഉപദേശിക്കും:—

"നികുതിയിൽ കവിഞ്ഞൊന്നും ഈടാക്കാതിരിക്കുക. ആരേയും ഉപദ്രവിക്കരുതു്. കള്ളസാക്ഷ്യം പറയരുതു്. നിങ്ങൾക്കു കിട്ടുന്ന വരുമാനംകൊണ്ടു തൃപ്തരാകുക." എന്നാൽ കൂടുതൽ ജിജ്ഞാസുക്കളായി തന്നെ സമീപിക്കുന്നവരോടു അദ്ദേഹം പറയും:—"രണ്ടുവസ്ത്രങ്ങൾ നിങ്ങൾക്കുണ്ടെങ്കിൽ ഒന്നുമില്ലാത്തവനു അവയിൽ ഒരെണ്ണം കൊടുക്കുക."

അദ്ദേഹം അവരെ ഓരോരുത്തരെയും നോക്കും. ആ ദൃഷ്ടികളിൽനിന്നു ആരും മറയുകയുമില്ല. അവർ ഓരോരുത്തരും ദൈവത്തിനു പ്രിയംകരരാണെന്നു അദ്ദേഹത്തിനറിവില്ലേ? അതിനുശേഷം ഉൽബോധനങ്ങൾക്കു അദ്ദേഹമൊരു വിരാമമിടും. വിസ്തൃതമായ യോർദ്ദാൻ നദിയിൽനിന്നു മറുകരയിലേയ്ക്കുള്ള പാതയിൽ അദ്ദേഹത്തിൻെറ ദൃഷ്ടികൾ പതിയും. കേററയിറക്കങ്ങളും, വളവുതിരിവുകളുമുള്ള ഒരു വഴിയാണതു്. പറയത്തക്ക പ്രാധാന്യമൊന്നുമില്ലതാനും. അതിൽ ഒരററം മുതൽ മറേറയററംവരെ ഉണ്ടായിരിക്കുന്ന വൃക്ഷച്ചുവടുകളും ഊക്കൻ പാറക്കല്ലുകളും മാററി, അതിനെ സുഗമമാക്കിത്തീർക്കാൻ ആരും ഒരുമ്പെട്ടിട്ടുമില്ല. സഞ്ചാരികളെ വട്ടംകറക്കുന്ന ഒരു വഴി.

യോഹന്നാൻ ആ വഴിയെ സൂക്ഷിച്ചു നോക്കി. മിശിഹായുടെ മാർഗ്ഗം നേരെയാക്കുന്നതിനുള്ള തൻെറ ചുമതലയെപ്പററി അതോടെ അദ്ദേഹം ചിന്തിക്കും. വളഞ്ഞുപുളഞ്ഞു ദുർഘടമായ ഒരുവഴി നേരെയാക്കാനുള്ള ഭാരിച്ച ചുമതല. ആ മാർഗ്ഗത്തിലുള്ള വൃക്ഷച്ചുവടുകളും ഭീമൻപാറകളും സഞ്ചാരികളുടെ പാപങ്ങളാണു്. മനുഷ്യാത്മാക്കൾക്കു ലക്ഷ്യത്തിലെത്തിച്ചേരാനുള്ള

പ്രയാണത്തെ പ്രതിബന്ധിക്കുന്ന മഹാപാപങ്ങൾ. ആ വഴി നേരെയാക്കണം; അദ്ദേഹം സ്വയം തീരുമാനിക്കും. രക്ഷകനായി അവതരിക്കേണ്ട മിശിഹായിക്കുവേണ്ടി ആ പാത അദ്ദേഹം സുഗമമാക്കണം. ആ രക്ഷകനെ അദ്ദേഹം ഇന്നോളം കണ്ടിട്ടില്ല. എന്നാൽ, അവിടുന്നു് ആസന്നഭാവിയിൽത്തന്നെ ആഗതനാകും. ചില അവസരങ്ങളിൽ അദ്ദേഹത്തിൻെറ ക്ഷമ അസ്തമിച്ചിട്ടുണ്ടു്—അദ്ദേഹത്തിൻെറ തീക്ഷ്ണത മന്ദീഭവിച്ചിട്ടുണ്ടു—പാപഭാരംകൊണ്ടു നിർബന്ധബുദ്ധികളും കോപാവിഷ്ടരുമായ ശ്രോതാക്കളോടു ആവർത്തിച്ചാവർത്തിച്ചു് ഒരേ ഉൽബോധനം നൽകി. അടുത്തനിമിഷം മിശിഹായെപ്പററിയുള്ള ചിന്ത അദ്ദേഹത്തിൻെറ മനസ്സിലുദിക്കും. അതോടെ അവസാനിച്ചു, അദ്ദേഹത്തിൻെറ അക്ഷമത. അപ്പോഴേ അവസാനിച്ചു അദ്ദേഹത്തിൻെറ ശാരീരികക്ഷീണം. അദ്ദേഹം അരവാറുമുറക്കുകയായി, പ്രസംഗം തുടരുകയായി:—"അനുതപിക്കുക—സ്വർഗ്ഗരാജ്യം സമീപസ്ഥിതമായിരിക്കുന്നു."

അങ്ങനെ അദ്ദേഹം നിശ്ചലനായി നില്ക്കയാണു്—വെള്ളിത്തകിടുപോലെ ശുഭ്രവർണ്ണമായ യോർദ്ദാൻജലത്തിൽ ദൃഷ്ടികൾ പതിച്ചുകൊണ്ടു്, വീണ്ടും സംസാരിക്കാൻ അദ്ദേഹം സന്നദ്ധനാകുന്നു. ആ ദൃഷ്ടികൾ അതാ ഉയരുന്നു. ആരോ നടന്നു അദ്ദേഹത്തെ സമീപിക്കുന്നുണ്ടു്. അവിടെ കൂടിയിരുന്നവരുടെയിടയിൽക്കൂടി, വേഗതയോടെ, എന്നാൽ പ്രശാന്തനായി നടന്നുവരുന്നു, ഒരു വ്യക്തി. ആഗതനു ഏകദേശം യോഹന്നാനോളം പ്രായംവരും. ഒതുങ്ങിയ മെയ്യ്—ഒത്തിണങ്ങിയ ശരീരഘടന. ഗലീലിയാക്കാർ ധരിക്കാറുള്ള തുന്നലില്ലാത്ത ഒരു അങ്കിയാണു് ആ മനുഷ്യൻ ധരിച്ചിരിക്കുന്നതു്. ആ മുഖം യോഹന്നാൻ സൂക്ഷിച്ചു. അത്ഭുതകരമായവിധം കോമളത്വം വഴിഞ്ഞൊഴുകുന്ന ഒരു മുഖം! യോഹന്നാൻെറ ഹൃദയം അതിവേഗം സ്പന്ദിച്ചുതുടങ്ങി. തന്നെ സമീപിക്കുന്ന ആ മനുഷ്യൻെറ കണ്ണുകൾ ഹൃദയത്തിൽ തുളച്ചുകയറുകയാണെന്നു് തോന്നി, യോഹന്നാനു്.

ആഗതൻ സംസാരിക്കയാണ്. എന്താണെന്നോ സംസാരത്തിൻെറ സാരം! യോഹന്നാൻ ആ മനുഷ്യനെ ജ്ഞാനസ്നാനപ്പെടുത്തണമെന്ന്. എന്നാൽ, ആ നിമിഷത്തിൽ യോഹന്നാനു സംശയങ്ങൾ പലതുമുണ്ടായി:– പാപത്താൽ കളങ്കിതമായിട്ടില്ലാത്ത ഒരു മനുഷ്യനാണ് തൻെറ മുൻപിൽ നില്ക്കുന്നത്. അങ്ങനെയുള്ള ഒരു മനുഷ്യനെ താനെങ്ങനെ ജ്ഞാനസ്നാനപ്പെടുത്തുന്നു? സ്വന്തം അയോഗ്യതകൾ വിസ്മരിച്ച് താൻ അതിനെങ്ങനെ ഒരുമ്പെടും?

"അങ്ങയിൽ നിന്നാണ് ഞാൻ സ്നാനം സ്വീകരിക്കേണ്ടതു്." —ഗദ്ഗദശബ്ദത്തിൽ യോഹന്നാൻ പറഞ്ഞു. "അപ്പോൾ സ്നാനത്തിനായി അങ്ങു് എന്നെ സമീപിക്കയോ?"

"ഇപ്പോഴത്തേക്കു അതു അങ്ങനെതന്നെ നടക്കട്ടെ." പ്രശാന്തതയോടെ ആ അപരിചിതൻ അറിയിച്ചു. യോഹന്നാൻ അദ്ദേഹത്തെ നദിയിലേക്കു കൂട്ടിക്കൊണ്ടുപോയി, ജ്ഞാനസ്നാനകർമ്മം നിർവ്വഹിച്ചു. അതിനുശേഷം അവരിരുവരും ആററിൻ കരയിലെത്തി. ആ മനുഷ്യൻ നിശ്ചലനായി, മൗനിനായി, പ്രാർത്ഥനാനിരതനായി നിന്നു. "ഇതു അദ്ദേഹമായിരിക്കുമോ!" —അത്ഭുതവിവശനായി യോഹന്നാൻ സ്വയം ചോദിക്കയാണ്. "ഇതായിരിക്കുമോ മിശിഹാ? പക്ഷേ, അതിനെ സ്ഥിരീകരിക്കാൻ അടയാളങ്ങളൊന്നുമില്ലല്ലോ. ദൈവംതന്നെ പറഞ്ഞിട്ടുള്ളതല്ലേ, ആ മഹാഗമനത്തെ സൂചിപ്പിക്കുന്ന അടയാളങ്ങളുണ്ടാകുമെന്ന്. മിശിഹായുടെ തോളിൽ ഒരുപ്രാവു് വിശ്രമം കൊള്ളുന്നതായുള്ള അടയാളം."

പെട്ടെന്നാണ് അതു സംഭവിച്ചതു്. അവരിരുവരും അവിടെ നില്ക്കുമ്പോൾതന്നെ ആകാശം തുറന്നു. ഒരു പ്രാവു അവിടെ നിന്നിറങ്ങി ആ അപരിചിതൻെറ ചുററും പറന്നു. അതു ആ മനുഷ്യൻെറ തോളിൽ വിശ്രമം കൊണ്ടു. ആകാശത്തിൽ നിന്നൊരു ശബ്ദം പൊട്ടിപ്പുറപ്പെട്ടു.

"ഇവനെൻെറ പ്രിയപുത്രൻ

"ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു."

നഖശിഖാന്തം വിറച്ചുകൊണ്ടു് യോഹന്നാൻ ഒന്നുരണ്ടടി പിന്നോക്കം വച്ചു. അതാ മുഹൂർത്തം ആഗതമായിക്കഴിഞ്ഞിരിക്കുന്നു. ഇത്രയും കാലം ഇതിനായല്ലേ അദ്ദേഹം പ്രാർത്ഥിക്കയും സ്വയം സന്നദ്ധനാകയും ചെയ്തതു്? തൻെറ മുന്നിൽ നില്ക്കുന്ന ആ മനുഷ്യൻെറ പേരു യോഹന്നാനു അറിവില്ല. അദ്ദേഹം നസ്രായനായ യേശു, മേരിയുടെ പുത്രൻ എന്ന വസ്തുത സ്നാപകനു് അജ്ഞാതമാണു്. പക്ഷേ, ഒരു യഥാർത്ഥം അദ്ദേഹത്തിനു ബോദ്ധ്യമായി:—ഈ മനുഷ്യൻ, വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ള ദൈവപുത്രനാണെന്നു്.

ഏതാനും നിമിഷനേരത്തേക്കു സംഭാരിക്കാൻപോലും യോഹന്നാനു സാദ്ധ്യമല്ലാതെ വന്നുകൂടി. സംസാരിക്കാനെന്നല്ലാ, കാണാൻപോലും സാധിക്കാത്ത ഒരവസ്ഥ. വീണ്ടും അദ്ദേഹം യേശുവിനെ നോക്കി. പ്രാവിനെ അവിടെ കാണാനില്ല എന്നാൽ പ്രാർത്ഥനാനിരതനായി യേശു അവിടെ നിൽക്കുന്നുണ്ടു്.

അവിടെ കൂടിയിരുന്ന ചെറിയ ജനക്കൂട്ടം ആകാശത്തേയും യേശുവിനേയും, യോഹന്നാനേയും മാറിമാറി നോക്കി.

"നിങ്ങളെന്തെങ്കിലും കേട്ടോ, സ്നേഹിതാ? ഏതെങ്കിലുമൊരു ശബ്ദം?"

"അതെന്തായിരുന്നു?"

"അതോ പോകട്ടെ. ആകാശമോ? അതു തുറക്കുന്നതുപോലെ കാണപ്പെട്ടില്ലേ?"

യോഹന്നാനും യേശുവും മുഖാഭിമുഖമായി നിന്നു. ആനന്ദംകൊണ്ടു യോഹന്നാൻെറ ഹൃദയം വികസിച്ചു. അദ്ദേഹം സ്വയം പറയുകയാണു്:-"എൻെറ പ്രവർത്തനം മിക്കവാറും അവസാനിച്ചു. ഇനി അദ്ദേഹം ഉയരണം-ഞാൻ താഴണം." യേശു സ്നാപകനെ സ്നേഹദൃഷ്ട്യാ നോക്കി. അദ്ദേഹം ചിന്തിക്കയാണു്: —"സ്ത്രീകളിൽ ജനിച്ചവരിൽ സ്നാപകയോഹന്നാനേക്കാൾ മഹാന്മാരാരുമില്ല."

# VIII

## കാനായിലെ കല്യാണം

ഒരല്പം കാററെങ്കിലും കിട്ടാൻ മേരി വാതിൽക്കലേക്കിറങ്ങി. ആ ഗൃഹത്തിനുള്ളിലുള്ള ഒച്ചപ്പാടിൽനിന്നു ഒരു നിമിഷമെങ്കിലും അകന്നുനിന്നാൽ അതിനുണ്ട് പ്രത്യേക ഒരു സൗഖ്യം. മണവാട്ടിയും തോഴിയും തയാറായിക്കഴിഞ്ഞു. ആതിഥേയകളായി ആ വീട്ടിനുള്ളിലെത്തിയ സ്ത്രീജനങ്ങളെല്ലാം മണവാട്ടിയുടെ ചുററും കൂടിയിരിക്കയാണ്.

"എൻെറ പൊന്നുകുഞ്ഞേ, നിൻെറ മണവാളനു് ഇതുപോലൊരു ഓമനയെ കിട്ടാനുണ്ടോ?"

"ആ തല അല്പമൊന്നു ഉയർത്തു. മുഖമൂടി ഇപ്പോഴാണ് ഭംഗിയായി കിടക്കുന്നതു്."

"മോതിരങ്ങളും കൈവളകളും എത്ര മനോഹരമായിരിക്കുന്നു! ദൈവത്തിൻെറ അനുഗ്രഹങ്ങൾ നിങ്ങൾ ഇരുവരുടെമേലും സദാ ഉണ്ടാകുമാറാകട്ടെ."

മണവാട്ടിയുടെ മാതാവു് ചാരിതാൎത്ഥ്യത്തോടെ പുഞ്ചിരിതൂകി അവിടെ നിൽക്കയാണ്. ആനന്ദാധിക്യംകൊണ്ടു് അവരും സംസാരിക്കുന്നുണ്ടു്:—"എൻെറ കൊച്ചുമകളല്ലേയതു്! ഒരു മണവാളൻെറ കുടുംബത്തിലേക്കു മകൾ കൂട്ടിക്കൊണ്ടുപോകപ്പെടുന്നതല്ലേ അമ്മയുടെ അത്യാനന്ദദിനം?"

ഇതൊക്കെ കേൾക്കുമ്പോൾ മേരി സ്വയം പുഞ്ചിരിക്കയാണ്. കല്യാണത്തിനുള്ള ഒരുക്കങ്ങളിൽ വേണ്ടത്ര സഹായങ്ങൾ നൽകാൻ അവൾ കാനായിൽ നേരത്തെ എത്തിയിരുന്നു. വിളക്കുകളിൽ മേരി സമയത്തുതന്നെ എണ്ണ ഒഴിച്ചുകഴിഞ്ഞു. വധുവിൻെറ ശിരോലങ്കാരമായ പുഷ്പംകൊണ്ടുള്ള റീത്തു സമൎത്ഥമായ ആ കരങ്ങൾതന്നെ നിൎമ്മിച്ചുകഴിഞ്ഞിട്ടു് മണിക്കൂറുകൾ എത്രയായി! ആ കല്യാണവീട്ടിൽ, ബഹളത്തിനിടയിൽ എ

വിടെനോക്കിയാലും കാണാം, മേരിയെ. ഏതൊരു ജോലിയിലും സഹായിക്കാനും സഹകരിക്കാനും സന്നദ്ധയാണവൾ.

"ഈ മൂടുപടം ഒന്നു ശരിപ്പെടുത്തി നോക്കണേ, മേരീ–" "ഈ കൈവളകൾ ഒന്നു മുറുക്കിക്കേ, മേരീ." അങ്ങനെ പുറപ്പെട്ടു, അവളുടെ സഹായസഹകരണങ്ങൾക്കുള്ള അഭ്യർത്ഥന. ആ അഭ്യർത്ഥനകൾ ഓരോന്നും അവൾ ആദരിക്കുകയും ചെയ്തു. ഒരു ഭാര്യയും ഭർത്താവുമായി ഒരു യുവതിയും യുവാവും ഒത്തുചേർന്നു കാണുക ആനന്ദപ്രദമാണ്. പുതിയൊരു കുടുംബം ഉൽഘാടനം ചെയ്യപ്പെടുന്നു–ദൈവനാമം മഹത്വീകരിക്കപ്പെടുന്ന ഇസ്രായേലിലെ ഒരു നൂതനകുടുംബം. ഉവ്വ്, അൽഭുതകരമായ ഒരു സംഭവമാണതു്. വധൂവരന്മാരെ ആശീർവദിച്ചുള്ള വാക്കുകളെപ്പററി അപ്പോൾ മേരി ചിന്തിച്ചു.

"മനുഷ്യൻെറ സ്രഷ്ടാവായ ഞങ്ങളുടെ ദൈവമായ കർത്താവേ,

''അങ്ങു അനുഗ്രഹീതനാകട്ടെ!''

"ഈ ദമ്പതികൾ ആനന്ദത്തിൽ സംതൃപ്തരാകാൻ സംഗതിയാക്കേണമേ.''

നേരം സന്ധ്യയാകുന്നു. വീട്ടിനുള്ളിലുള്ള ബഹളത്തിൽ നിന്നു അല്പമൊന്നു് അകന്നു, മേരി. എന്നിട്ടവൾ ആ അന്ധകാരത്തിൽ കൂടി വീഥിയിലേക്കു നോക്കുകയാണ്. മണവാളൻെറ വീടിനു വെളിയിൽ സമ്മേളിച്ചിട്ടുണ്ടു്, അതിഥികൾ. വിവാഹഘോഷയാത്രയ്ക്കു വേണ്ടതുവിധം രാത്രി ഇരുളാൻ അവർ അക്ഷമരായി നോക്കിനിൽക്കയാണ്. പന്തങ്ങൾ കൊളുത്തിയല്ലേ അവരാ ഘോഷയാത്ര നിർവ്വഹിക്കേണ്ടതു്. യേശുവന്നെത്തിയോ? ആ ആൾക്കൂട്ടത്തിൽ അദ്ദേഹമുണ്ടായിരിക്കുമോ? കല്യാണത്തിനുള്ള ക്ഷണം യേശുവിനു ലഭിച്ചില്ലെന്നും വന്നേക്കാം.

ജ്ഞാനസ്നാന സ്വീകരണത്തിനായി സ്വഗൃഹത്തിൽ നിന്നു് യേശു പുറപ്പെട്ടിട്ടു് ആഴ്ചകൾ ആറു കഴിഞ്ഞിരുന്നു. ജ്ഞാനസ്നാന ദിവസത്തിനുശേഷം അദ്ദേഹം അപ്രത്യക്ഷനായി.

"എത്ര ദിവസമായി യേശു പോയിട്ട്!"– ഒരു ദിവസം ക്ലിയോപ്പാമേരി പറഞ്ഞു. "എന്നിട്ടും ഒരു വാക്കുപോലും നമ്മെ അറിയിച്ചില്ലല്ലോ!" പക്ഷേ, അതുകൊണ്ടൊന്നും മാതാവായ മേരി അൽഭുതപ്പെട്ടില്ല; ആശങ്കാധീനയായുമില്ല. സ്വന്തം പ്രവൎത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപ് എന്തു ചെയ്യാനാണ് അദ്ദേഹം അഭിലഷിക്കുന്നതെന്നു ആ മാതാവിനു അറിയരുതോ? ഏതെങ്കിലും അജ്ഞാതമായ സ്ഥാനത്തെത്തി പ്രാർത്ഥിക്കണം; അതായിരിക്കും യേശുവിന്റെ അഭിവാഞ്ഛ. മേരിക്കതറിയാം. പ്രാർത്ഥന തന്നെയല്ലേ അവളുടെ അഭിവാഞ്ഛയും. അങ്ങനെയിരിക്കവേയാണ് അവർക്കു അറിവു ലഭിക്കുക, യേശു യോർദ്ദാൻ കരയിൽ മടങ്ങിയെത്തിയിട്ടുണ്ടെന്നു്; അദ്ദേഹത്തെ പിൻതുടരാൻ മററാളുകളും സന്നദ്ധരായിത്തീൎന്നിട്ടുണ്ടെന്നു്. അവരിൽ ചിലർ യോഹന്നാൻസ്നാപകന്റെ ശിഷ്യരായിരുന്നു. അനുചരന്മാരുടെ കൂട്ടത്തിൽ രണ്ടു മുക്കുവരുണ്ടായിരുന്നു– ശിമയോനും അന്ത്രയോസും. കൂടാതെ കപ്പർണ്ണഹോം സ്വദേശിയായ ഫിലിപ്പോസും, കാനായിൽ നിന്നു ഇന്നെത്തിയ നഥാനിയേലും. നഥാനിയേലിനു അറിവുണ്ടായിരിക്കണം, കാനായിലെ ഈ കല്യാണത്തെപ്പററി. യേശുവും വിവാഹച്ചടങ്ങിൽ സംബന്ധിക്കാതിരിക്കില്ല; മേരി പൂൎണ്ണമായി വിശ്വസിച്ചു.

മണവാളന്റെ വസതിക്കുമുമ്പിൽ പന്തങ്ങൾ ഒന്നൊന്നായി കത്താൻ ആരംഭിച്ചു. മേരി അതുകാണുകയും ചെയ്തു. ആവൂ, എന്തൊരു ആൾക്കൂട്ടം! അതേത്തുടൎന്നു സംഗീതവും–വീണകളും, കുഴലുകളും. വധുവിന്റെ വീട്ടിലേക്കുള്ള ഘോഷയാത്ര ആരംഭിക്കാൻ ഇനി നിമിഷങ്ങളേ വേണ്ടു. മേരി വീട്ടിനുള്ളിൽ പ്രവേശിച്ചു. "അവർ വരുന്നുണ്ട്!"– മൃദുലമോഹനമായ ശബ്ദത്തിൽ അവൾ വധുവിന്റെ കാതുകളിൽ മന്ത്രിച്ചു. "എന്റെ കുഞ്ഞേ, ദൈവം നിന്നെ അനുഗ്രഹിക്കട്ടെ."

പെട്ടെന്നു ആ വീട്ടിലെ ശബ്ദകോലാഹലം നിലച്ചു. "മേരി പറഞ്ഞു, അവർ വരുന്നുണ്ടെന്നു്."

വധുവിന്റെ അമ്മ അവൾക്കൊരു ചുംബനം സമ്മാനിച്ചു- സ്നേഹനിർഭരമായ ഒരു ചുംബനം. അതോടൊപ്പംതന്നെ വധു

വിന്റെ മുഖമൂടി ആ സ്ത്രീ ഒന്നുകൂടി താഴെയോട്ടിറക്കി ചുളുക്കുങ്ങൾ ശരിപ്പെടുത്തി. വരന്റെ ഗൃഹത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് അയാൾ വധുവിന്റെ മുഖം കാണുകയോ? അരുതു്—ഒരിക്കലും അരുതു്.

അവർ അണിനിരന്നു കാത്തുനിൽക്കയാണ്—വധു, തോഴ്മക്കാരികൾ, കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ. തികഞ്ഞ മൗനം. ആർക്കും തോന്നിപ്പോകും, അവർ ശ്വാസംപോലും വിടുന്നില്ലെന്ന്. ആ മൗനത്തിനിടയിൽ ആരോ ഒന്നു ചുമച്ചു; ഒരു ശിശു കരയാൻ വട്ടംകൂട്ടി. "അരുതേ, എന്റെ ഓമനക്കുഞ്ഞേ. ആ സംഗീതം കേൾക്കു. അവരതാ അടുത്തടുത്തു വരുന്നു." വീണയുടേയും കുഴലുകളുടേയും മധുരനാദം അടുത്തടുത്തുതന്നെ വരികയായിരുന്നു. അഴികളിട്ടിരുന്ന ജനാലകളിൽകൂടി നോക്കിയാൽ കാണാം, പന്തങ്ങളുടെ വെളിച്ചംമൂലമുണ്ടാകുന്ന നീണ്ട നിഴലുകൾ. തോഴ്മക്കാരികളുടെ വിളക്കുകൾ അവരുടെ കൈകളിലിരുന്നു വിറയ്ക്കുകയാണ്. അതാ കേൾക്കുന്നു, ഒരു ആഹ്വാനം—മണവാളന്റെ ക്ഷണം."

"വെളിയിൽ വരിക—മണവാളനാണ് നിന്നെ വിളിക്കുന്നതു്."

ആ ക്ഷണത്തിന്റെ ശബ്ദം ഒന്നടങ്ങാത്ത താമസമേയുള്ളു—ആ പുരുഷാരത്തിൽനിന്നു അട്ടഹാസങ്ങളും ഉച്ചത്തിലുള്ള ചിരിയും പുറപ്പെടാൻ. മണവാട്ടിയും തോഴ്മക്കാരികളും വാതിൽക്കൽകൂടി കടന്നു. ഇരുപക്ഷക്കാരും കൂടികലർന്നപ്പോൾ ഒന്നോ രണ്ടോ നിമിഷനേരത്തെ സന്തോഷകരമായ ഒരു തിക്കുംതിരക്കും സംഭവിച്ചു. അതുകഴിഞ്ഞപ്പോൾ ഘോഷയാത്ര പുന:സംഘടിതമായി. ആ ജനസഞ്ചയം, മന്ദീഭവിച്ച പന്തങ്ങളുടെ ദീപ്തിയിൽ, മണവാളന്റെ വീട്ടിലേക്കുള്ള മടക്കയാത്ര ആരംഭിച്ചു. പന്തങ്ങളുടെ പ്രകാശം അല്പമൊന്നു വർദ്ധിക്കുമ്പോൾ ആൾക്കൂട്ടത്തിനിടയിൽ മേരി സൂക്ഷ്മം നോക്കും — സുപരിചിതമായ ഒരു മുഖം അതിനിടയിൽ എവിടെയെങ്കിലുമുണ്ടോ എന്നറിയാൻ. പക്ഷെ, ആ മുഖം അവൾ കണ്ടില്ല. യേശു വന്നിട്ടില്ല..........

വരൻെറ വസതിക്കുള്ളിലേക്കു മളവാളനും മണവാട്ടിയും പ്രവേശിച്ചു. അതോടെ ആ ആൾക്കൂട്ടം ഒരു തിരമാലപോലെ ആ ഗൃഹത്തിന്നുള്ളിൽ പാഞ്ഞുകയറി. വീണയുടേയും കുഴലുകളുടേയും മധുരസംഗീതം വായുമണ്ഡലത്തിൽ മാറെറാലിക്കൊണ്ടു. അതേത്തുടന്നു്, സാർവത്രികമായ ഒരു നിശബ്ദത.

"കത്താവായ ദൈവം മഹത്വപ്പെടട്ടെ!

''മണവാളനും മണവാട്ടിയ്ക്കും ആനന്ദം നൽകിയ

''അങ്ങു വാഴ്ത്തപ്പെട്ടവനാകുന്നു!"

സുദീഘമായ ഒരു ആശീർവാദം—സുമോഹനമായ അനുഗ്രഹവചസ്സുകൾ. മണവാളൻ മണവാട്ടിയെ വിവാഹശയ്യയിലേക്കു കൂട്ടിക്കൊണ്ടു പോയപ്പോൾ അവളുടെ കൈവിരലുകൾ അല്പം വിറച്ചു. അവളുടെ മാതാവു് ഒരടി മുന്നോട്ടുവച്ചു-അവളെ ഒന്നു ചുംബിക്കാൻ.

''എൻെറ മകളല്ലേ—ആ മുഖമൂടി ഉയത്തു." മാതൃശാസന-സ്നേഹപൂർവ്വമായ ആ നിർദ്ദേശം നവവധു അനുസരിച്ചു. മുഖമൂടി അവളുയത്തി—വിറയ്ക്കുന്ന കൈകൾകൊണ്ടു്. പുഞ്ചിരിക്കുന്ന അവളുടെ മുഖം സൗന്ദര്യത്തിനു ഒരു പര്യായം തന്നെയായിരുന്നു അതോടെ അതിഥികൾ പാഞ്ഞെത്തി; ആ നവദമ്പതികൾക്കു ആശംസകൾ അപ്പിക്കാൻ. അവരിരുവരും ഭാര്യയും ഭത്താവുമായിക്കഴിഞ്ഞു!

എന്തൊരു ബഹളമാണവിടെ! ഏതായാലും ആ ബഹളം അല്പസമയത്തിനുള്ളിൽ ഒട്ടടങ്ങി. അതിഥികളെല്ലാം ഇരുന്നു. സദ്യയുമങ്ങനെ ആരംഭിച്ചു. വധുവിൻെറ ബന്ധുക്കൾക്കു് സമീപം വാതിലിനു അടുത്താണു മേരി ഇരിക്കുന്നതു്." യേശു വരാതെയിരിക്കയില്ല."—അവൾ സ്വയം പറഞ്ഞു. അതോടെ അവളുടെ നിരാശ മറഞ്ഞു. അദ്ദേഹത്തെപ്പററിയാണു് അവിടെ കൂടിയിരുന്നവർ ഓരോരുത്തരും അവളോടു ചോദിക്കുന്നതു്.

"മേരീ, യേശു വരുമോ? അവൻ ഇവിടംവിട്ടു പോകാൻ ഭാവിക്കുന്നതായി കേൾക്കുന്നല്ലോ. അതു പരമാത്ഥമാണോ? എ

ന്നാലും അവൻ കുറച്ചുകാലത്തിനുള്ളിൽ മടങ്ങിയെത്താതിരിക്കയില്ല; ഇല്ലേ?''

സദ്യ അങ്ങനെ മുറയ്ക്കു നടക്കയാണ്. യേശു അപ്പോഴും വന്നെത്തിയിട്ടില്ല. മകൻ വരുമെന്ന ആശ മേരിയിലും മിക്കവാറും അസ്തമിച്ചു. അപ്പോഴാണ് മുൻവാതിലിൽ ആരോ മുട്ടുന്നതു്. വാതിൽ തുറന്നു. മേരി ആ ദിക്കിലേക്കു നോക്കി. അതാ നിൽക്കുന്നു യേശു, അദ്ദേഹത്തിൻെറ പുതിയ സുഹൃത്തുക്കളോടുകൂടി. ആ ഗൃഹനാഥനോടു് അദ്ദേഹം സംസാരിക്കയാണ്—സുഹൃത്തുക്കളെ ഓരോരുത്തരെയും പരിചയപ്പെടുത്തിക്കൊണ്ടു്. "ഇതു് ബെത്ത്സൈദാസ്വദേശിയായ ശിമയോനാണ്. പക്ഷേ, ഞങ്ങൾ പത്രോസെന്നാണ് ഈ സുഹൃത്തിനെ വിളിക്കുക. ഇതു പത്രോസിൻെറ സഹോദരൻ അന്ത്രയോസ്. ഇതു് പീലിപ്പോസ്—യാക്കോബ്—യോഹന്നാൻ. നഥാനിയലിനെ ഞാൻ പരിചയപ്പെടുത്തേണ്ടതില്ലല്ലോ......" തികഞ്ഞ സൗഹൃദത്തോടെ അതിഥികൾ കുശലപ്രശ്നം നടത്തി. മററുള്ളവരെ മനസ്സിലാക്കി പെരുമാറാൻ വശ്യതയുള്ള ഒരു സാമർത്ഥ്യമുണ്ടു് യേശുവിനു്.

"എൻെറ യേശു മെലിഞ്ഞുപോയി; അവനു പ്രായവും കൂടുതൽ തോന്നിക്കുന്നു."—അദ്ദേഹത്തെ നോക്കിക്കൊണ്ടു മേരി ചിന്തിച്ചു. "അവൻ ഉപവസിക്കയായിരുന്നിരിക്കാം.'' എന്നാൽ യേശുവിൻെറ മുഖത്തു അനാരോഗ്യത്തിൻെറ ലക്ഷണം ലേശവുമില്ല. അദ്ദേഹത്തിൻെറ ശബ്ദത്തിനാണെങ്കിൽ മുമ്പുണ്ടായിരുന്ന മാധുര്യം വർദ്ധിച്ചിട്ടേയുള്ളു. അദ്ദേഹത്തിൻെറ പുതിയ സുഹൃത്തുക്കൾ സുശക്തരും അദ്ധ്വാനികളും എന്നാൽ കേവലം സാധാരണക്കാരുമായിരുന്നെന്നു പ്രഥമ ദൃഷ്ടിയിൽത്തന്നെ മനസ്സിലാക്കാം. അങ്ങനെയുള്ള സുഹൃത്തുക്കളെയാണ് അദ്ദേഹം തിരഞ്ഞെടുത്തതു്! പക്ഷേ, പ്രാർത്ഥനമൂലം ദൈവഹിതം അദ്ദേഹം ആരാഞ്ഞിരിക്കയില്ലേ?

ആതിഥേയൻെറ മുൻപിൽ യേശു നിൽക്കുമ്പോൾ അവിടെയുണ്ടായിരുന്നവർ അദ്ദേഹത്തെ നോക്കി. യേശു എത്തിക്കഴിഞ്ഞല്ലോ.

"യേശു സ്ഥലത്തില്ലായിരുന്നു. നിങ്ങളും അറിഞ്ഞിരിക്കുമല്ലോ, അക്കാര്യം. ആശാരിപ്പണി അയാൾ പരിത്യജിച്ചതായി ഒരു സംസാരം പരന്നിട്ടുണ്ടു്. പക്ഷേ, അതെത്രത്തോളം പരമാത്ഥമാണെന്നു് അറിവില്ല. അതാ അക്കാണുന്ന മനുഷ്യരില്ലേ—അവരാണു് അയാളുടെ പുതിയ സ്നേഹിതർ."

"ആ ബത്‌സെദാക്കാരോ—അവർ സെബദിയുടെ പുത്രന്മാരല്ലേ? വൃദ്ധൻ സെബദി-അയാൾ ആൾ വീരനാണു്."

നവദമ്പതികൾക്കു യേശു ആശിസ്സുകൾ നേന്നു. അതിനുശേഷം കൂട്ടുകാരോടൊത്തു മേരിക്കു സമീപം വന്നു് അദ്ദേഹമിരുന്നു. അവിടെ കൂടിയിരുന്നവരുടെ സംസാരം പാത്രങ്ങളുടെ കിലുകിലുക്കം — അതുകൊണ്ടു് മേരിക്കു സാധിക്കുന്നില്ല, യേശു എന്താണു് പറയുന്നതെന്നു വ്യക്തമായി കേൾക്കാൻ എന്നാൽ ചുററുമുള്ളവർ അദ്ദേഹത്തോടു ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നതും, അവക്കു സമാധാനം നൽകുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരിക്കമൂലം ഭക്ഷണം കഴിക്കാൻപോലും അദ്ദേഹത്തിനു വിഷമമുള്ളതും കാണാൻ ആ മാതാവിനു സാധിച്ചു. അവരുടെ ചോദ്യങ്ങൾക്കു് അദ്ദേഹം ആത്മാത്ഥമായ സമാധാനങ്ങൾ നൽകുന്നു. എന്നാൽ ഇടയ്ക്കിടെ അദ്ദേഹം മാതാവിനെ നോക്കി മന്ദഹസിക്കയും ചെയ്യുന്നുണ്ടു്. ആ പുഞ്ചിരി കാണുമ്പോഴൊക്കെ മേരിക്കു തോന്നും, അദ്ദേഹം പറയുന്നെന്നു്: "അമ്മേ, നാമിരുവരും ഒന്നുചേന്നുള്ള പ്രവത്തനമാണിതു്. നാം പരസ്പരം മനസ്സിലാക്കുന്നുണ്ടല്ലോ. നാം ചെയ്യുന്നതെന്താണെന്നു ധരിക്കാൻ ഇരുവരും അന്യോന്യം സംസാരിക്കേണ്ടതില്ല." അതോടെ അദ്ദേഹം ദൃഷ്ടികൾ മാററം—അന്ത്രയോസിൻെറയോ, നഥാനിയേലിൻെറയോ, ശിമയോൻ പത്രോസിൻെറയോ എന്തെങ്കിലും സംശയങ്ങൾ നിവാരണം ചെയ്യാൻ. വിളമ്പുകാർ കൂടുതൽ മത്സ്യവും വീഞ്ഞുമായി അതാ അദ്ദേഹത്തെ സമീപിക്കുന്നു. അദ്ദേഹം പുഞ്ചിരിയോടെ അവരോടു പറയും, ഇനിയൊന്നും വേണ്ടെന്നു്. എന്നാൽ, അവർ ആ സന്നിധിയിൽനിന്നകലുമ്പോൾ അവക്കൊരു തോന്നലുണ്ടാകും:—"അദ്ദേഹം ഞങ്ങളുടെയും സുഹൃത്താണു്" എന്നു്.

സദ്യ അങ്ങനെ മുറയ്ക്കു ഭംഗിയായി നടക്കുന്നു. അതിഥികൾ സംതൃപ്തരാണെന്ന് അവരുടെ ചിരിയും ആഹ്ലാദവും പ്രത്യാപിയ്ക്കുന്നുണ്ട്. മററ സ്ത്രീകളുടെ കൂട്ടത്തിൽ ഇരുന്ന മേരി വിളമ്പുകാർ മാംസവും, റൊട്ടിയും, കനികളും, വീഞ്ഞുമായി അതിഥികളെ യഥാവിധി സൽക്കരിയ്ക്കുന്നതു നോക്കിക്കണ്ടു. "കലവറക്കാരൻ വിഭവങ്ങൾ വേണ്ടത്ര കരുതിയിട്ടുണ്ട്." അവൾ സ്വയം പറഞ്ഞു. ആതിഥേയൻെറ അക്കാര്യത്തിലുള്ള ശ്രദ്ധയെപ്പററി ചിന്തിച്ചപ്പോൾ അവൾ സംതൃപ്തയായി. അവൾ വീണ്ടും യേശുവിൻെറ മുഖത്തേയ്ക്കു നോക്കി. അദ്ദേഹം അപ്പോഴും മററതിഥികളുമായി സംഭാഷണത്തിലേപ്പെട്ടിരിക്കയാണ്.

"യേശു നല്ലതുപോലെ നന്നായിരിക്കുന്നു."—ഒരു സ്ത്രീ മേരിയോടു പറയുകയാണ്. മേരി അതിനുചിതമായ മറുപടി സ്വതസിദ്ധമായ ശാന്തതയോടെ നൽകി. എന്നാൽ ആ അവസരത്തിലും അവളുടെ ചിന്തകൾ യേശുവിൻെറ വാക്കുകൾ കേട്ടുകൊണ്ടിരുന്ന അദ്ദേഹത്തിൻെറ നൂതനസുഹൃത്തുക്കളെപ്പററിയായിരുന്നു. അദ്ദേഹത്തിൻെറ വാക്കുകൾ ശ്രദ്ധിക്കുന്നതിൽ അവർ പ്രദർശിപ്പിച്ചുകണ്ട ആത്മാർത്ഥതയും ഉത്സാഹവും അവളെ ചരിതാർത്ഥയാക്കി.

പെട്ടെന്നു അവളുടെ ശ്രദ്ധ മറെറാരുദിക്കിലേക്കു പാഞ്ഞെത്തി. വിളമ്പുകാരിൽ ഒരുവൻ മറെറാരുത്തനെ വിളിക്കയാണ്. അയാളുടെ മുഖത്തു ആശങ്കയുടേയും ഭീതിയുടേയും ലക്ഷണം കാണാനുണ്ട്. അയാൾ അപരനെ ചൂണ്ടിക്കാണിക്കയാണ്, വീഞ്ഞുഭരണി. അപരനാണെങ്കിൽ ഇല്ലായെന്നഭാവത്തിൽ ശിരസ്സു ചലിപ്പിച്ചു. ആ ആംഗ്യങ്ങൾകൊണ്ടു മേരിക്കു കാര്യം മനസ്സിലായി, വീഞ്ഞു തീൎന്നുപോയെന്നു്.

പിന്നീടു അവൾക്കു നിശ്ചയമില്ല, യേശുവിനോടു സംസാരിക്കാനുള്ള പ്രേരണനൽകിയ ചേതോവികാരമെന്തായിരുന്നെന്നു്. അദ്ദേഹം എന്തു ചെയ്യണമെന്നായിരുന്നു അവളുടെ പ്രതീക്ഷയെന്നും അവൾക്കറിവുണ്ടായിരുന്നില്ല. യേശുവിനെ സമീപിച്ച് കാര്യം പറയണമെന്നൊരു തോന്നലുണ്ടായെന്നുമാ

ത്രമേ അവൾക്കറിവുള്ളു. സാവധാനം അവളെഴുന്നേററു യേശു വിനെ സമീപിച്ചു. എന്നിട്ടു അടങ്ങിയശബ്ദത്തിൽ അവൾ മകനോടു പറയുകയാണ്:“മകനേ, ഇവിടെ ഇനി വീഞ്ഞില്ല.”

സാവധാനം, ആലോചനാനിമഗ്നനായി അദ്ദേഹം മാതാ വിനെ നോക്കി. അദ്ദേഹം അവളെയല്ല, അവൾക്കപ്പുറമാണ് നോക്കുന്നതെന്ന ഒരു വിചിത്രമായ തോന്നൽ അവൾക്കുണ്ടായി. അദ്ദേഹം മറുപടിപറഞ്ഞപ്പോഴോ? കേവലം ഔപചാരിക മായി, അപരിചിതമായ ഒരു ശബ്ദത്തിലാണതെന്ന ഒരു തോ ന്നലും. അദ്ദേഹം ചോദിക്കയാണ്:– “സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എൻെറ നാഴിക ഇതുവരെ വന്നിട്ടില്ല.”

ആ വാക്കുകൾകേട്ടു മേരി അമ്പരന്നു. അവൾ അദ്ദേഹ ത്തിൻെറ മുഖഭാവം സൂക്ഷിച്ചു. അങ്ങനെ അവൾ നോക്കവേ, അദ്ദേഹത്തിൻെറ ഭാവം മാറി. അതിരുകടന്ന ഒരു അത്ഭുതഭാവം ആ മുഖത്തുദിച്ചു. അതുകണ്ടപ്പോൾ ഏതോ ഒരു നവചേതോ വികാരത്തിനവൾ വിധേയയായി. അടുത്തതായി എന്താണ് പ്രവൎത്തിക്കേണ്ടതെന്നു അവൾ നിശ്ചയിച്ചു വിളമ്പുകാരനെ അവൾ ആംഗ്യംകൊണ്ട് അരികിലേക്കു വിളിച്ചു. യേശുവിൻെറ നേരേ വിരൽ ചൂണ്ടിക്കൊണ്ടു അവൾ ആ മനുഷ്യനോടു സാവ ധാനം പറഞ്ഞു:–“അദ്ദേഹം പറയുന്നതുപോലെ പ്രവർത്തി ക്കുക.”

അത്ഭുതഭാവം യേശുവിൻെറ മുഖത്തുനിന്നു മാറി. അദ്ദേ ഹം മാതാവിനെ സുസൂക്ഷ്മം നോക്കി. വിളമ്പുകാരൻ അദ്ദേഹ ത്തിൻെറ മുമ്പിലെത്തിയപ്പോൾ പാൎശ്വത്തിലുണ്ടായിരുന്ന വെ ള്ളം നിറക്കുന്നതിനുള്ള ആറു കൽഭരണികൾ ചൂണ്ടിക്കാണിച്ചു കൊണ്ടു യേശു ആജ്ഞാപിച്ചു:—“അവ വെള്ളമൊഴിച്ചു വക്കു വരെ നിറയ്ക്കുക.”

വിളമ്പുകാരൻ പരുങ്ങലോടെ ചുററുപാടും നോക്കി. അതുകഴിഞ്ഞാണ് ആ ആജ്ഞാനുസരണം പ്രവൎത്തിക്കാൻ അ യാൾക്കു സാധ്യമായതു്. ഇതിനിടയിൽ അതിഥികളിൽ പല

ശം എന്താണവിടെ നടക്കുന്നതെന്നു മനസ്സിലാക്കി ആ ഭാഗ ത്തേക്കു ദൃഷ്ടികളുറപ്പിച്ചു. വിളമ്പുകാരൻ ഭരണികളാറും നിറ ച്ചശേഷം വിവരം യേശുവിനെ അറിയിച്ചു.

വീണ്ടും ആജ്ഞ പുറപ്പെട്ടു:-"അതിൽനിന്നു കുറെ പകന്ന് ആതിഥേയനു കൊടുക്കുക."

അതു കേട്ടപ്പോൾ വിളമ്പുകാരൻ ഞെട്ടിപ്പോയി. എന്നാ ലും ആജ്ഞാനുസരണം ഭരണിയിൽ നിന്നു കുറെ വെള്ളമെടുത്ത് ആതിഥേയൻെറ സന്നിധിയിൽ അയാളെത്തി. പെട്ടെന്നു അവിടെയൊരു ബഹളംതന്നെയാണുണ്ടായതു്. ഭരണിയിൽ നിന്നെടുക്കുന്നതു് വെള്ളമല്ല, വീഞ്ഞാണ്. വീഞ്ഞിൻെറ മണ മുണ്ടതിനു്-രുചിയുമുണ്ട്. കണ്ടാലും വീഞ്ഞുതന്നെ. സംശ യത്തിനു അവിടെ സ്ഥാനമില്ല.

പകന്ന വീഞ്ഞുംകൊണ്ടു് വിളമ്പുകാരൻ ആതിഥേയനെ സമീപിക്കുമ്പോൾ അയാളുടെ കൈകൾ വിറക്കുന്നുണ്ടായിരുന്നു. മററുള്ള അതിഥികളോടു കുശലങ്ങൾ നിർവ്വഹിച്ചുകൊണ്ടിരുന്ന ആതിഥേയൻ അവിടെ നടന്ന സംഭവങ്ങളൊന്നും അത്ര സൂക്ഷ്മമായി കണ്ടില്ല. വിളമ്പുകാരൻ കൊണ്ടുവന്ന വീഞ്ഞു അദ്ദേ ഹം രുചിച്ചു നോക്കി. അപ്പോഴാണ് അദ്ദേഹം വിളിച്ചു പറ യുക:-"ഇതെങ്ങനെ സംഭവിച്ചു? ആദ്യം നല്ല വീഞ്ഞു കൊടു ക്കുക-അതിനുശേഷം അതിഥികൾ കുടിച്ചു കൂത്താടുമ്പോൾ താഴ്ന്നതരം വീഞ്ഞല്ലേ കൊടുക്കേണ്ടതു്. നീയാണെങ്കിൽ അവ സാനം വിളമ്പാൻ നല്ല വീഞ്ഞു കരുതിവച്ചു; അല്ലേ?" അതൊരു ശാസനയായിരുന്നു.

അപ്പോഴേക്കു ബഹളമങ്ങു വർദ്ധിച്ചു. വെള്ളത്തിൽ നിന്നു വീഞ്ഞോ? അവിടെ കൂടിയിരുന്നവർക്ക് അതു വിശ്വസിക്കാൻ സാധ്യമായില്ല. അതോടൊപ്പം ആ രംഗം കണ്ടവർ ഏകകണ്ഠ മായി വിളിച്ചു പറയുകയാണ്:-"ഞങ്ങൾ സ്വന്തം കണ്ണുകൾ കൊണ്ടു കണ്ടതാണതു്. നസ്രായക്കാരനായ യേശു വെള്ളം വീഞ്ഞാക്കി."

"എന്താണു നിങ്ങൾ ഇപ്പറയുന്നതു്? വെള്ളം വീഞ്ഞാക്കി യെന്നോ? അതൊരിക്കലും സാധിക്കാത്ത കാര്യമാണ്."

"ആയിരിക്കാം. എന്നാലും ഞങ്ങൾ ഇതു കണ്ടതാണ്. അതു വേണ്ട, ആ വീഞ്ഞു നിങ്ങളൊന്നു രുചിച്ചു നോക്കൂ."

"അയാളെങ്ങിനെയാണ് അതു സാധിച്ചത്?"

"അദ്ദേഹം വിളമ്പുകാരനോടു പറഞ്ഞു, ഭരണികൾ നിറയെ വെള്ളമൊഴിക്കാൻ. അതു നിറഞ്ഞു കഴിഞ്ഞു. അതിൽ നിന്നു പകൎന്നതെല്ലാം വീഞ്ഞായിരുന്നു."

ആ വിവാഹമണ്ഡപത്തിലുണ്ടായിരുന്നവരെല്ലാം അക്കാൎയ്യത്തെപ്പററിത്തന്നെ സംസാരിച്ചു തുടങ്ങി. അൽഭുതകരമായ ആ ഭരണികൾ കാണാൻ ആളുകൾ ഓടിയെത്തി.

ഇല്ല, സംശയമില്ല; ആ ഭരണികളിലെല്ലാം നുരഞ്ഞു പതയുന്ന ഒന്നാംന്തരം വീഞ്ഞ്.

യേശുവിൻെറ സുഹൃത്തുക്കൾ അവിടെ ഒരു ഭാഗത്തു ഒരു ചെറുസംഘമായി മാറി നിന്നു. ആ ഭരണികൾ പോയി നോക്കാൻ അവർ മുതൎന്നില്ല. ഉച്ചത്തിൽ അവർ അന്യോന്യം സംസാരിച്ചുമില്ല. ആ സംഭവം കണ്ട് മൗനമായി ആദരപൂൎവ്വം അവർ നിശ്ചലരായി നില്പുകൊണ്ടു. അവരെ സംബന്ധിച്ചിടത്തോളം ആ അൽഭുതം ഒരു സാധാരണസംഭവമല്ലായിരുന്നു. ദൈവത്തിൽനിന്നുള്ള ഒരു അടയാളമായിരുന്നു അത്. അവൎക്കു തെററു പററില്ല—യോഹന്നാൻ ചൂണ്ടിക്കാണിച്ച ഈ യേശുവിനെ അവർ പിൻതുടൎന്നത് ഒരു തെററായിത്തീൎന്നില്ല. അന്നവർ കേട്ടില്ലേ, ഒരു അശരീരി—യോൎദ്ദാൻെറ കരയിൽവച്ച്. അതങ്ങു സഫലമായിത്തീരുക മാത്രമാണ് ചെയ്യുന്നത്.

"ഇവൻ എൻെറ പ്രിയപുത്രൻ. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു."

അവരുടെ കണ്ണുകൾ നിറഞ്ഞു. ദൈവം സ്നേഹനിധി തന്നെയാണ്.

മേരിയുടെ ഹൃദയസ്പന്ദനങ്ങൾ നിയന്ത്രണാധീനമല്ലാതെ വരുന്നു. ആ അന്ധകാരത്തിൽ അവൾ മുൻപിലുള്ള മുററത്തേക്കിറങ്ങി—ആ വികാര വൈവശ്യത്തിനു തെല്ലൊരു ശമനം

വരുത്താൻ. ദൈവദൂതൻെറ സന്ദേശം — ശിമയോൻെറയും ഹന്നായുടെയും പ്രവചനങ്ങൾ—എലിശ്ബായുടെ അത്ഭുതകരമായ പ്രവചനം—ഇവയൊന്നും അവൾ തെല്ലും സംശയിച്ചില്ല—ഇപ്പോൾ സംശയിക്കുന്നുമില്ല. ഇക്കഴിഞ്ഞ മുപ്പതുവർഷക്കാലത്തിനിടയിൽ സന്ദേഹത്തിനു അവളുടെ ഹൃദയത്തിൽ സ്ഥാനമൊട്ടുണ്ടായിട്ടുമില്ല എന്നാൽ ഇന്നാകട്ടെ അവളുടെ വാക്കുകളുടെ പ്രതിഫലനമെന്നോണം, ഇതാ ഒരു മനുഷ്യനിലുപരിയായി മേരി അവളുടെ പുത്രനെ ദർശിക്കുന്നു. ഇന്നു് അവൾ ദർശിച്ചു, ആ യേശുവിനെ "ദൈവപുത്രനായി."

# IX

## നിശാസന്ദർശകൻ

വരിഷ്ഠനായ നിക്കോദിമസ് അയാളുടെ വീടിൻെറ മുൻമുററത്തു അങ്ങനെ നടക്കയാണു്. രാത്രി അതിക്രമിച്ചുകഴിഞ്ഞിരിക്കുന്നു. വീട്ടിനുള്ളിലുള്ള വിളക്കുകളാണെങ്കിൽ മങ്ങിത്തുടങ്ങി. സാർവ്വത്രികമായ മൗനം. എന്നാലും കരിയിലകൾ അനങ്ങുന്ന ശബ്ദം ആ മനുഷ്യനു് കേൾക്കാം. അന്നു് അയാളുടെ അതിഥികൾ മടങ്ങിക്കഴിഞ്ഞു. ആ ഗൃഹത്തിനുള്ളിലുള്ള പരിചാരകർ വിളക്കുകൾ കെടുത്തുക, വാതിലുകൾ അടയ്ക്കുക എന്നീ ജോലികളിലേർപ്പെട്ടിരിക്കയാണു്. അവരും ഉറങ്ങാൻ ഇനി സമയം അധികം ആവശ്യമില്ല. പക്ഷേ, അയാൾക്കു മാത്രം ഉറക്കമില്ല. വിശാലമായ ആ വസതിയുടെ മുററത്തു് അസ്വസ്ഥചിത്തനായി അയാൾ എന്തിനാണങ്ങനെ ഉലാത്തുക. നിക്കോദിമോസ്— സമ്പന്നനായ ആ പരീശൻ— സെന്നദ്രീംസംഘത്തിലെ പ്രമുഖനേതാവു്— അയാൾക്കെന്തായിരിക്കുമോ മനഃശല്യം. എന്തുകൊണ്ടു യേശുവെന്ന മനുഷ്യനെപ്പററിയുള്ള ചിന്ത അയാൾക്കു മനസ്സിൽനിന്നു അകററിക്കൂടാ? നസറേത്തിൽനിന്നുള്ള ഒരു അത്ഭുതപ്രവർത്തകൻ — ഗലീ

ലിയാക്കാരനൊരു മരയാശാരി— അയാളെപ്പററി എന്തിനു നിക്കോദിമോസ് ആലോചിച്ചു മനസ്സു പുണ്ണാക്കണം?

അന്നു രാവിലെ ദേവാലയത്തിൽവച്ചുണ്ടായ സംഭവത്തെപ്പററി മററു പരീശരെപ്പോലെതന്നെ നിക്കോദിമോസ് അരിശം കൊള്ളേണ്ടതാണ്. പക്ഷേ, ആ ഗലീലിയാക്കാരൻെറ നടപടിയായിരുന്നു ശരി. അതു സമ്മതിക്കാതെ നിക്കോദിമോസിനു നിവൃത്തിയില്ല. ബലിമൃഗങ്ങളെ വില്ക്കുന്നവരും നാണയമാററക്കാരും ദേവാലയത്തിനു ഒരു തീരാക്കളങ്കമാണ്. ആ മരയാശാരി പറഞ്ഞതുപോലെ, പരിശുദ്ധമായ ആ ആലയത്തെ അക്കൂട്ടർ ചോരന്മാരുടെ ഒരു ഗുഹയാക്കിത്തീക്കുന്നു. പക്ഷേ, ആ മനുഷ്യനെന്തിനു പുരോഹിതരേയും പരീശരേയും പരിഹസിക്കണം—അവഹേളനാപാത്രങ്ങളാക്കണം. ആ സംരംഭംകൊണ്ട് അവരെ സ്വപാൎശ്വത്തിലേക്കു ആകൎഷിക്കാമെന്നായിരിക്കുമോ അയാളുടെ പ്രതീക്ഷ? ആ രംഗത്തിൻെറ ചിത്രം മനസ്സിലുയൎന്നപ്പോഠം നിക്കോദിമോസിനു പുഞ്ചിരി അടക്കാൻ കഴിഞ്ഞില്ല. തൻെറ സഹപ്രവൎത്തകരായ ചില പരീശരോട് അത്ര തൃപ്തിയൊന്നുമല്ല നിക്കോദിമോസിന്. പക്ഷേ, ആ വിവരം അയാഠം വളരെ ഗോപ്യമായി സൂക്ഷിക്കയാണ്. മുഖത്തു നോക്കിയാൽ അവർ ഭക്തന്മാർ—സ്വയം നീതിമാന്മാരായി അഭിനയിക്കുന്ന ഒരുകൂട്ടർ.

നിക്കോദിമോസ് അല്പനേരം നിശ്ചലനായിനിന്നു. മററു പരീശരേപ്പോലെതന്നെ താനും ഭക്തി നടിക്കുന്ന ഒരു മനുഷ്യനാണോ—അയാഠം ചിന്തിക്കയാണ്. അങ്ങനെയൊരു ചിന്ത അയാഠക്കു ലേശവും രുചിക്കുന്നില്ല. അയാഠം വീണ്ടും മുററത്തുകൂടി മന്ദം നടന്നുതുടങ്ങി.

അത്ഭുതങ്ങഠം പ്രവൎത്തിക്കുന്ന ആ യേശു ഇതിനിടയിൽ പ്രശസ്തനായിക്കഴിഞ്ഞിരുന്നു. അദ്ദേഹവും അനുയായികളുംകൂടി പെസഹ ആചരിക്കാൻ ദേവാലയത്തിലെത്തിയിരിക്കയാണ്. ദേവാലയപരിസരങ്ങളിൽ നടക്കുന്ന ക്രയവിക്രയങ്ങഠം കണ്ടപ്പോഠം അദ്ദേഹം അരിശംപൂണ്ടു. അദ്ദേഹത്തിൻെറ കൈവശം

ഒരു ചമ്മട്ടിയുണ്ടായിരുന്നെന്നും അതു പ്രയോഗിച്ച് കച്ചവടക്കാരേയും മൃഗങ്ങളേയും അദ്ദേഹം അടിച്ചുപുറത്താക്കിയെന്നുമാണ് മനുഷ്യർ പറഞ്ഞുകേട്ടതു്. എന്തൊരു ഒച്ചപ്പാടായിരുന്നെന്നോ അതു്! നാണയമാററക്കാരുടെ മേശകഠം അദ്ദേഹം മറിച്ചിട്ടു. പക്ഷേ, ബലിക്കുള്ള പ്രാക്കളെ കൂട്ടിൽനിന്നു് തുറന്നുവിട്ടില്ല. "ഇവയെ പുറത്തു കൊണ്ടുപോകുക" — പ്രാക്കളെ കച്ചവടം ചെയ്തുകൊണ്ടിരുന്നവരോടു് അദ്ദേഹം ആജ്ഞാപിച്ചു. അവരെ സംബന്ധിച്ചിടത്തോളം അത്രമാത്രമെ അവിടെ നടന്നുള്ളു. ആ കച്ചവടക്കാരാണെങ്കിൽ സാധുക്കഠം. ഈ യേശുവാണെങ്കിൽ സാധുക്കളുടെ സുഹൃത്താണെന്ന പേരും സമ്പാദിച്ചുകഴിഞ്ഞിരുന്നു. ''അയാളും സാധുവായതുകൊണ്ടായിരിക്കാം ഈ സാധുക്കളോടു അയാഠക്കിത്ര മമത."– നിക്കോദിമോസ് ചിന്തിച്ചു.

ദേവാലയവളപ്പിലുണ്ടായ ബഹളം ആലോചനാമണ്ഡപത്തിനുള്ളിൽ വ്യക്തമായി അവർ കേട്ടതാണ്. താനുഠപ്പെടെയുള്ള സെന്നദ്രീംസംഘത്തിലെ അംഗങ്ങഠം കാര്യമറിയാൻ പുറത്തേയ്ക്കോടി വരികയും ചെയ്തു. അപ്പോഴാണ് ദേവാലയം കാവൽക്കാർ അവരോടു പറഞ്ഞതു്: "അതാ ഗലീലിയാക്കാരൻ യേശു"വാണെന്നു്. അതു പരമാൎത്ഥവുമായിരുന്നു. പരീശന്മാർ വന്നുനോക്കുമ്പോഴെല്ലേ കാണുക, മറിഞ്ഞുകിടന്ന മേശകളുടെ മുൻപിൽ യേശു നിൽക്കുന്നതു്. അദ്ദേഹത്തിൻെറ മുഖത്തു കോപഭാവമേ ഇല്ല. ഒരു സങ്കടഭാവം മാത്രം. തികച്ചും ദുസ്സഹമായ സങ്കടഭാവം.

ദേവാലയം പൊളിച്ചുപണിയുന്നതു് സംബന്ധിച്ച് ആ മനുഷ്യൻ പരീശരോടും പ്രധാന പുരോഹിതരോടും അങ്ങനെ പറയാതിരുന്നെങ്കിൽ!

''എന്തധികാരം പ്രയോഗിച്ചാണ് നിങ്ങഠം ഇങ്ങനെ ചെയ്യുന്നതു്? ഞങ്ങഠംക്കൊരു അടയാളം കാട്ടിത്തരിക." പുരോഹിതർ യേശുവിനോടു് അങ്ങനെതന്നെ ചോദിച്ചതാണ്. അദ്ദേഹം അത്ഭുതപ്രവൎത്തകനാണെന്നുള്ള പ്രശസ്തി സമ്പാദിച്ചതു മുൻനിറുത്തിയായിരുന്നു അവർ ഈ ചോദ്യവുംകൊണ്ടു് ആ മനുഷ്യനെ അഭിമുഖീകരിച്ചതു്.

പ്രശാന്തനായി അദ്ദേഹം അവരെ നോക്കി. എന്നിട്ട് അവരോടു പറയുകയാണ്:- "ഈ ദേവാലയം നശിപ്പിക്കുക. മൂന്നുദിവസംകൊണ്ട് അതു വീണ്ടും ഞാൻ പണിയാം." ആ ദേവാലയം വീണ്ടും നിർമ്മിക്കാൻ മൂന്നുദിവസം പോലും! അതു നിർമ്മിക്കാൻ നാല്പത്തിയാറു വഷങ്ങൾതന്നെ വേണ്ടി വന്നതാണ്. എത്ര ബുദ്ധിശൂന്യമായ ഒരുപ്രത്യുത്തരം. അതല്ലെങ്കിൽ അതൊരു കടംകഥയായിരിക്കണം. കടംകഥകൾ ആ മനുഷ്യൻ പറയാറുണ്ടെന്ന് മററുപലരും പറഞ്ഞ് നിക്കോദിമോസും കൂട്ടരും കേട്ടിട്ടുണ്ട്. പക്ഷെ, അഗാധമായ നീലക്കണ്ണുകളുള്ള ആ മനുഷ്യൻ ബുദ്ധിശൂന്യനാണെന്നോ ഭ്രാന്തനാണെന്നോ ആരാണ് പറയുവാൻ സന്നദ്ധനാകുക?"

ആ കണ്ണുകൾ വിസ്മരിക്കാനാണ് നിക്കോദിമോസിനു സാധിക്കാത്തതു്. ആ മുററത്തുക്കൂടി മന്ദംമന്ദം അയാൾ നടക്കുമ്പോഴും ആ കണ്ണുകൾ അയാളുടെ മുൻപിൽ തിളങ്ങുന്നുണ്ട്. അന്ന് ദേവാലയത്തിൽ ഒരു ബഹളം സൃഷ്ടിക്കുമ്പോഴും ആ കണ്ണുകൾ അയാളുടെ മുഖത്തു പതിഞ്ഞതല്ലെ? ആവൂ ആത്മാവിനുള്ളിൽ തുളച്ചു കയറുന്ന ആ നോട്ടം! ഏതൊ ഒരു അഭ്യർത്ഥനയുടെ നിഴലല്ലേ പ്രശാന്തഗംഭീരമായിരുന്ന ആ നോട്ടത്തിൽ നിഴലിച്ചു് കണ്ടതു്?

എന്തൊരു വിഡ്ഢിത്തമാണീചിന്തകൾ! ആയിരിക്കാം. എന്നാലും ആ റബ്ബി അത്ഭുതകരമായ ഒരു സ്വർഗ്ഗരാജ്യത്തെ സംബന്ധിച്ച് അത്യത്ഭുതകരമായ എത്രയെത്ര കാര്യങ്ങളാണ് പറഞ്ഞതു്? തന്നെ പിൻതുടരുന്നവക്ക് നിത്യജീവനല്ലേ അദ്ദേഹം വാഗ്ദാനം ചെയ്തതു്.

നിക്കോദിമോസ് വീണ്ടും നടപ്പുനിറുത്തി. എന്തുകൊണ്ട് അയാൾക്കു ആ മനുഷ്യനെ ഒന്നു പോയി കണ്ടുകൂടാ? അതിലെന്താണ് ചാകപ്പിഴ സംഭവിക്കുക? ആ സന്ദർശനം രാത്രിയിലായാൽ മതിയാകും? മററു പരീശന്മാരാരും അതൊട്ടു അറിയുകയുമില്ല. ഈ രാത്രിതന്നെ പോയാലോ? സമയം അത്രമാത്രം അതിക്രമിച്ചിട്ടില്ല.

ആ വരാന്തയുടെ ഒരുഭാഗത്തു യജമാനൻെറ ആജ്ഞകാം കാത്തുനിന്ന ഒരു ഭൃത്യനെ അയാാം വിളിച്ചു-ആംഗ്യംകൊണ്ടു്:-
''ആഹാബു്-ഒരു വിളക്കു് കൊണ്ടുവരിക."

"ഉത്തരവു്."

''എൻെറ പുറംകുപ്പായംകൂടി."

"ഉത്തരവു്."

"ഒരു കാര്യംകൂടി, ആഹാബു്. ഞാൻ പുറത്തേക്കു പോകുന്ന കാര്യം ആരും അറിയരുതു്-കേട്ടോ?"

''ഇല്ലേ.''

ഭൃത്യൻ കൊണ്ടുവന്ന പുറംകുപ്പായം നിക്കോദിമോസു് ധരിച്ചു. അയാാം കൊണ്ടുവന്ന വിളക്കും കൈയിൽ വാങ്ങി. ആ മനുഷ്യൻ പുറത്തേക്കിറങ്ങി മുൻവാതിൽ പൂട്ടി. നിക്കോദിമോസു് അന്ധകാരത്തിൽക്കൂടി മുന്നോട്ടുനീങ്ങി.

*    *    *    *

അന്നുരാത്രിയിൽ സമയം അതിക്രമിച്ചിട്ടും യേശുവും ശിഷ്യരും ഉറങ്ങിയിട്ടില്ല. യറുശലേമിലെ അവരുടെ പ്രഥമരാത്രിയായിരുന്നു അതു്. അവർ അത്താഴം കഴിച്ചുകഴിഞ്ഞിട്ടു് സമയം കുറെയായി. അവിടുന്നു അവരോടു പല കാര്യങ്ങളെയും പററി സംസാരിച്ചു. ഇപ്പോഴാണെങ്കിൽ അവിടുന്നു് മൗനിയായിരിക്കയാണു്. ഒന്നുകിൽ ചിന്തിക്കയാണു്; അല്ലെങ്കിൽ പ്രാത്ഥിക്കയാണു്. ഇതിൽ ഏതാണു് ചെയ്യുന്നതെന്നു അവക്കു കൃത്യമായി പറയുക സാദ്ധ്യമല്ല. എന്നാൽ അവിടുത്തെ ചിന്തകളെല്ലാംതന്നെ പ്രാത്ഥനകളാണെന്നു് ക്രമേണ അവക്കു ബോദ്ധ്യപ്പെട്ടുതുടങ്ങിയിട്ടുണ്ടു്.

പത്രോസു് എന്ന മറുനാമമുള്ള ശിമയോൻ അല്പമൊന്നു മാറിയിരുന്നു. അയാാംക്കു യേശുവിനോടു ചോദിച്ചാൽ കൊള്ളാമെന്നുണ്ടു്, മൂന്നു ദിവസങ്ങാംക്കുള്ളിൽ ദേവാലയം വീണ്ടും പണിയുമെന്നു അന്നുരാവിലെ അവിടുന്നു പ്രഖ്യാപിച്ചതിനെ സംബന്ധിച്ചു്. എന്നാൽ ഗുരുവിൻെറ ദൃഷ്ടികളിൽ കണ്ട വീക്ഷണം അതിനു പത്രോസിനു ധൈര്യമോ പ്രേരണയോ നൽ

കിയില്ല. ശിമയോൻ കൈവിരലുകൾ മേശയുടെ വക്കിൽ തട വിക്കൊണ്ടു മൗനമായിരുന്നു. സ്നാപകയോഹന്നാൻെറ പാൎശ്വ ത്തിൽ സ്നാനത്തിനായി യേശു വന്നെത്തിയ ആ പ്രഥമ ദിനത്തെ പ്പററി അയാൾ ഓൎക്കുകയായിരുന്നു. അതോടൊപ്പം എന്തെന്തു ചിന്താപരമ്പരകളാണ് ആ ശിഷ്യൻെറ മനസ്സിൽ ഉയൎന്നതു്! മണലാരണ്യത്തിൽ നാല്പതുദിവസങ്ങൾ കഴിച്ചുകൂട്ടിയശേഷം യോൎദ്ദാൻനദിക്കു സമീപമുള്ള കുടിലിൽ അവിടുന്നു വന്നെത്തിയ അവസരം! അതുമാത്രമോ? കാനായിലെ കല്യാണാവസരത്തിൽ യേശു നിൎവ്വഹിച്ച പ്രഥമാത്ഭുതം. അതിനുശേഷവും അത്ഭു തങ്ങൾ—അവിശ്വസനീയമായ അത്ഭുതങ്ങൾ നിൎവ്വഹിക്കപ്പെട്ടു. മാറാരോഗങ്ങൾ ബാധിച്ചവരെ അവിടുന്നു സൗഖ്യമാക്കിയി ല്ലേ? ശിശുക്കളെ ആശീർവദിച്ചില്ലേ? സ്ത്രീതുല്യമായ സൗമ്യത യല്ലേ ആ സന്ദൎഭങ്ങളിലെല്ലാം അവരോടു അവിടുന്നു് പ്രദ ൎശിപ്പിച്ചതു്? അന്നുരാവിലെ ദേവാലയാങ്കണത്തിൽനിന്നു കച്ചവടക്കാരേയും നാണയമാററക്കാരേയും ആട്ടിപ്പായിച്ച യേശുവിൽനിന്നു എത്ര വ്യത്യസ്തനായ ഒരു ഗുരുവാണ് രോഗി കളെ പരിചരിച്ചതും, ശിശുക്കളെ താലോലിച്ചതും. പക്ഷേ, ദേവാലയത്തിൽവച്ചു അദ്ദേഹം പ്രദൎശിപ്പിച്ച കോപത്തിനൊരു സവിശേഷതയുണ്ടായിരുന്നു. ആ കോപം സ്നേഹനിൎഭരമായി രുന്നു; മനോമോഹനമായ ആ സ്ഥാപനത്തോടുള്ള അതിരററ സ്നേഹം. തൻെറ പിതാവിൻെറ ആലയമെന്നല്ലേ, ആ പരി പാവനമായ സ്ഥാപനത്തെ അവിടുന്നു സംബോധനചെയ്തതു്?

വീണ്ടും, ശിമയോൻ പത്രോസ് ഇരുപ്പിടത്തിൽനിന്നിളകി യിരുന്നു. ആ സായംനം മുതൽ തുടരെയിരുന്ന അയാളുടെ ദേഹമെല്ലാം മിക്കവാറും മരവിയ്ക്കുന്നു. അങ്ങനെ പ്രവൎത്തന രഹിതനായി കഴിച്ചുകൂട്ടുക അയാൾക്കത്ര പരിചിതമല്ല. അവിടുത്തെ സമീപമിരിക്കുന്ന അന്ത്രയോസു് ഒരു ചെരിപ്പു നന്നാക്കുകയാണ്. അടുത്തൊരു ബെഞ്ചിൽ കിടന്നു് യോഹന്നാൻ ഉറങ്ങുന്നു. യോഹന്നാൻ കേവലം ഒരു യുവാവാണ്. കിടക്കേണ്ട താമസമേയുള്ളു, അയാൾക്കുറങ്ങാൻ. പക്ഷേ, ആ യുവാവിനു ഗുരുവിനോടുള്ള ഭക്തി സംശയത്തിനതീതമാണു്.

പെട്ടെന്നു കേറംക്കാം, ആരോ കതകിൽ തട്ടുന്നതു്. അതു കേട്ടു് ഉറങ്ങിക്കിടന്നിരുന്ന യോഹന്നാൻപോലും ഉണന്നു് കണ്ണുകാറം തിരുമ്മി ചുററും നോക്കി. "വാതിൽ തുറന്നതാരാണെന്നു ഞാൻ നോക്കട്ടെ."—യോഹന്നാൻ യേശുവിനോടു് അനുമതി അഭ്യത്ഥിച്ചു. യേശു അതിനു സമ്മതം നല്കി. യോഹന്നാൻ വാതിൽ തുറന്നു. ആഗതൻ ആരാണെന്നു കണ്ടപ്പോറം ആ ശിഷ്യൻ ഞെട്ടിപ്പോയി. സന്ദശകൻ ധരിച്ചിരുന്ന പുറംകുപ്പായത്തിനുള്ളിൽ വ്യക്തമായിക്കാണാം, ഒരു പരീശൻ സാധാരണ ധരിക്കപതിവുള്ള വിലയേറിയ വേഷം. ഒരു പരീശനോ— ഇവിടെയോ – രാത്രി അതിക്രമിച്ചുകഴിഞ്ഞ ഈ അവസരത്തിലോ!

"റബ്ബി ഇവിടെയുണ്ടോ?"–വിളക്കൊന്നു തെളിച്ചുകൊണ്ടു ആഗതൻ യോഹന്നാനോടു ആരാഞ്ഞു. വെളിച്ചംകണ്ടു്, കണ്ണുമഞ്ഞിയ യോഹന്നാൻ യേശുവിൻെറ മുഖത്തേക്കു ഒന്നുകൂടി നോക്കി. ആ പ്രാവശ്യവും സമ്മതഭാവത്തിൽ അവിടുന്നു ശിരസ്സു ചലിപ്പിച്ചു

"ഗുരു ഇവിടെയുണ്ടു്." – യോഹന്നാൻ സന്ദശകനെ അറിയിച്ചു.

നിക്കോദിമോസു മുറിയ്ക്കുള്ളിൽ പ്രവേശിച്ചു. "ആ അത്ഭുതപ്രവർത്തകൻെറ താമസം ഇവിടെയാണോ?" ആ പരീശൻ സ്വയം ചോദിച്ചു. ആ മുറിയ്ക്കുള്ളിൽ ഒരു മേശയുണ്ടു–മൂന്നോ നാലോ ബഞ്ചുകളുമുണ്ടു്. തറയാണെങ്കിൽ മാട്ടുവരഹിതം. കേവലം സാധാരണക്കാരനായ ഒരു സാധുവിൻെറ വസതി. പുറംകുപ്പായം ഒന്നു പൊക്കിപ്പിടിച്ചുകൊണ്ടാണു് നിക്കോദിമോസു ആ മുറിയ്ക്കുള്ളിൽ പ്രവേശിച്ചതു്. ഗുരുവിൻെറ കണ്ണുകളിലേക്കു അയാറം ഒന്നേ നോക്കിയുള്ളു. അതോടെ അയാറം പരിസരങ്ങറം പൂർണ്ണമായും വിസ്മരിച്ചു. ആ കണ്ണുകറം; അത്ഭുതകരവും സ്നേഹനിർഭരവുമായിരുന്ന ആ ദൃഷ്ടികളിൽനിന്നു പുറപ്പെടുന്ന ദയാപൂർണ്ണമായ നോട്ടം; അന്വേഷണാത്ഥം സ്നേഹത്തികവോടെ ആ കണ്ണുകറം നിക്കോദിമോസിൻെറ മുഖത്തു പതിഞ്ഞു.

യേശുവിൻെറ മുഖത്തു ആശ്ചയ്യഭാവത്തിൻെറ നേരിയ നിഴൽപോലും കാണാനില്ല. അവിടുന്നു് എഴുന്നേററു് അതിഥിയെ ഹാർദ്ദമായി സ്വീകരിച്ചു; വാടകയ്ക്കെടുത്ത ആ മുറിയിൽ യരുശലേമിലെ ഏററവും സമ്പന്നനായ പരീശനെ അദ്ധരാത്രിയോടടുസമീപിച്ച അസമയത്തു് സ്വീകരിക്കുക ഒരു സാധാരണസംഭവമെന്ന രീതിയിൽ. യേശുവിനു സമീപമുണ്ടായിരുന്ന പരുപരുത്ത ഒരു ബെഞ്ചിൽ നിക്കോദിമോസു ഉപവിഷ്ടനായി. എന്നിട്ടയാരം സംഭാഷണം ആരംഭിച്ചു.

"ഗുരോ, അങ്ങു ദൈവത്തിൽനിന്നാണു് വരുന്നതെന്നു ഞങ്ങൾക്കറിയാം. ദൈവത്തിൽനിന്നല്ല അങ്ങു വരുന്നതെങ്കിൽ ഈ അത്ഭുതങ്ങളൊന്നും പ്രവർത്തിക്കാൻ അങ്ങയ്ക്കു സാദ്ധ്യമല്ലെന്നും ഞങ്ങൾക്കറിയാം." അല്പനേരം നിക്കോദിമോസു മൗനമവലംബിച്ചു; അടുത്തതായി എന്താണു പറയേണ്ടതെന്നു ചിന്തിക്കുന്നതുപോലെ.

ആഗതനെ യേശു സൂക്ഷിച്ചുനോക്കി; ആഭിജാത്യവും അഹങ്കാരവും തുല്യമായി നിഴലിച്ചിരുന്ന ആ മുഖത്തേയ്ക്കു്. സംഭാഷണം തുടരാൻ യേശു നിക്കോദിമോസിനു സന്ദർഭം നൽകിയില്ല. പ്രശാന്തമായ ശബ്ദത്തിൽ അവിടുന്നു പറയുകയാണു്:—

"സത്യമായും, ഞാൻ നിന്നോടു പറയുന്നു, വീണ്ടും ജനിക്കാത്ത യാതൊരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കാൻ സാധിക്കയില്ല."

നീണ്ട ശ്മശ്രുക്കളുണ്ടായിരുന്ന ആഗതൻെറ മുഖത്തു നിരാശയുടെ ഒരു കരിനിഴൽ പ്രത്യക്ഷപ്പെട്ടു. വജ്രഖചിതമായ മോതിരങ്ങൾ ധരിച്ചിരുന്ന കൈവിരലുകൾ അല്പാല്പം വിറച്ചു. പരിഹാസദ്യോതകമായ ശബ്ദത്തിൽ അയാൾ ചോദിച്ചു: "വാർദ്ധക്യത്തിൽ പ്രവേശിച്ച ഒരു വ്യക്തി വീണ്ടും ജനിക്കണമെന്നോ? അങ്ങെന്താണീപറയുന്നതു്?"

കൂടുതൽ പ്രശാന്തതയോടെ യേശു ആ സന്ദേഹത്തിനു മറുപടി നൽകി:— "ഒരു മനുഷ്യൻ വെള്ളവും പരിശുദ്ധാത്മാവും മൂലം വീണ്ടും ജനിക്കുന്നില്ലെങ്കിൽ അവൻ ദൈവരാജ്യത്തിൽ

പ്രവേശിക്കയില്ലെന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു. എന്തുകൊണ്ടെന്നാൽ ജഡത്തിൽനിന്നു ജനിച്ചതു് ജഡവും; ആത്മാവിൽനിന്നു ജനിച്ചതു് ആത്മാവുമായിരിക്കും."

സന്ദർശകൻെറ മുഖത്തു സ്ഫുരിച്ച പരിഹാസദ്യോതകമായ പുഞ്ചിരി മറഞ്ഞു. ഗുരുവിൻെറ കണ്ണുകളിൽ അയാരം ദർശിച്ച കരുണാപൂർണ്ണമായ ശീതളപ്രകാശം കണ്ടപ്പോരം അയാരം ലജ്ജിതനായി; അങ്ങനെയൊരു ചോദ്യവുമായി ആ ദിവ്യനെ അയാരം സമീപിച്ചതിൽ. അയാളുടെ ചോദ്യത്തിൽ ഉടനീളം വ്യാപിച്ചിരുന്ന ഹാസ്യഭാവം റബ്ബിയുടെ ശ്രദ്ധയെ ആകർഷിച്ചതേയില്ല. ഒരു സുഹൃത്തു് എന്ന നിലയ്ക്കുള്ള പെരുമാററമാണു് യേശുവിൽനിന്നു അയാരംക്കു ലഭിച്ചതു്.

യേശു തുടൎന്നു:–"നീ വീണ്ടും ജനിക്കണമെന്നു ഞാൻ പറയുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. ആത്മാവു സ്വതന്ത്രമായി ശ്വാസോച്ഛ്വാസം നിർവ്വഹിക്കുന്നു. അതിൻെറ ശബ്ദം നീ കേരംക്കയും ചെയ്യുന്നു. എന്നാൽ, അതു എവിടെ ഉൽഭവിക്കുന്നെന്നോ, അതെങ്ങോട്ടു പോകുന്നെന്നോ നീ അറിയുന്നില്ല. അതുതന്നെയാണു് ആത്മാവിൽ ജനിക്കുന്നവരുടെ അവസ്ഥയും."

നിക്കോദിമോസു് നിശ്ചലനായിരുന്നു. അയാരം റബ്ബിയുടെ മുഖത്തു ഇമവെട്ടാതെ നോക്കി. ആ വാക്കുകളുടെ പൊരുരം അയാരംക്കു ഗ്രഹിക്കാൻ സാധിക്കുന്നില്ല. ശിമയോൻ പത്രോസും മററു ശിഷ്യരും ആ വാക്കുകരം ശ്രദ്ധിച്ചുകൊണ്ടു് നിശ്ശബ്ദരായി ഇരിക്കയാണു്. ഗുരു ഓരോ നൂതനസത്യങ്ങരം അവരെ ധരിപ്പിക്കാത്ത ദിവസങ്ങളില്ല. അവ കേട്ടിട്ടുംകേട്ടിട്ടും അവർ സംതൃപ്തിയടയുന്നില്ല.

ഒരു ചോദ്യംകൊണ്ടു് നിക്കോദിമോസു് യേശുവിൻെറ വാദത്തെ അഭിമുഖീകരിക്കാൻ ഒരു ശ്രമം നടത്തി. പക്ഷേ ആ ശബ്ദത്തിൽ നിന്ദാഭാവം ഇപ്പോഴില്ല. ചിന്താക്കുഴപ്പം ബാധിച്ച അയാരംക്കു കാര്യം മനസ്സിലാക്കണം. അത്രയേ വേണ്ടൂ.

"അതെങ്ങനെ സാധിക്കും?"– അയാരം ആരാഞ്ഞു.

യേശു ആ മനുഷ്യനെ സൂക്ഷിച്ചുനോക്കി. ഇതാ ഒരു പരി

ശൻ-ദേവാലയഭരണാധികാരികളിലൊരുവൻ-ജനങ്ങളെ ഉൽബോധിപ്പിക്കുക തൊഴിലായി സ്വീകരിച്ചിരിക്കുന്ന ഒരു വ്യക്തി. പക്ഷേ, അയാൾക്കൊരു ഊഹവുമില്ല, ദൈവത്തെ ആത്മാവിലാണ് ആരാധിക്കേണ്ടതെന്ന്-ദൈവരാജ്യം ആത്മാവിന്റെ രാജ്യമാണെന്ന്. ഈ പരീശർക്കു മറെറാരു രൂപത്തിലുള്ള ദൈവരാജ്യമാണ് ആവശ്യം. ഭൗതികമായ അധികാരം അവർക്കു പ്രദാനം ചെയ്യുന്ന ഒരു മശിഹായെയാണ് അവർക്കു വേണ്ടതു്.

യേശു നിക്കോദിമോസിനോടു ചോദിച്ചു—സങ്കടവും സഹതാപവും ധ്വനിക്കുന്ന സ്വരത്തിൽ:-"നീ ഇസ്രായേലിൽ ഒരു നാഥനായിരിക്കെ ഈ സംഗതികൾ നീ അറിയുന്നില്ലേ?" പക്ഷേ, അതിനു മറുപടി ലഭിക്കാൻ അവിടുന്നു കാത്തിരുന്നില്ല. അദ്ദേഹം തുടർന്നു പറയുകയാണ്:- "ഭൗതികകാര്യങ്ങളെപ്പററി ഞാൻ നിന്നോടു പറയുമ്പോൾ നീ വിശ്വസിക്കുന്നില്ലെങ്കിൽ ആത്മീകകാര്യങ്ങളെപ്പററി പറഞ്ഞാൽ നീ എങ്ങനെ വിശ്വസിക്കും?"

ഒരു നിമിഷനേരത്തേക്കു അവിടുന്നു മൗനമവലംബിച്ചു. എന്നിട്ടു അധരങ്ങളിൽനിന്നു അത്ഭുതകരമായ വാക്കുകൾ അടർന്നുവീണു. അതുകേട്ടു് പത്രോസും യോഹന്നാനും ആശ്ചര്യസ്തബ്ധരായി.

ആ വാക്കുകൾ കേട്ടപ്പോൾ നിക്കോദിമോസിന്റെ മുഖത്തു വിസ്മയം നിഴലിച്ചു. യേശുവിന്റെ വാക്കുകളുടെ നിഗൂഢാർത്ഥം അയാൾക്കു മനസ്സിലാകുന്നില്ല. തന്റെ മുൻപിൽ പ്രശാന്തനായിരിക്കുന്ന ആ മഹാവ്യക്തി ഒരു അത്ഭുതപ്രവർത്തകൻ മാത്രമല്ല; അദ്ദേഹം ഒരു പ്രവാചകനുമായിരിക്കുമോ? എന്തിനദ്ദേഹം ഉപമകൾ ഉപയോഗിച്ചു സംസാരിക്കുന്നു? എന്നാലും ആകർഷിക്കുവാൻ പോരുന്ന ഒരു വ്യക്തിപ്രഭാവം സ്വതസിദ്ധമായി അദ്ദേഹത്തിനുണ്ടു്-ഒരു അധികാരഭാവം.

യേശുവിനോടു് വിടവാങ്ങാൻ നിക്കോദിമോസു് എഴുന്നേററു. ഈ നിശാസഞ്ചാരത്തെപ്പററി വീട്ടിൽ ആരെങ്കിലും മനസ്സിലാക്കുന്നതിനു മുൻപു അയാൾക്കു മടങ്ങിയെത്തണം.

സാവധാനം അയാളെഴുന്നേററു. എന്നിട്ടയാൾ റബ്ബിയോട് കൃതജ്ഞത രേഖപ്പെടുത്തി. അയാൾ വിളക്കെടുത്തു് തിരി അല്പമൊന്നു നീട്ടി. പക്ഷേ, യാത്രയാകാൻ അയാൾ തിരിയുമ്പോൾ യേശുവിൻെറ കണ്ണുകൾ അയാളെ സൂക്ഷിച്ചു നോക്കുന്നുണ്ടായിരുന്നു. അതോടെ, മധുരസുന്ദരമായ ആ ശബ്ദത്തിൻെറ മുഴക്കവും: — "നീ വീണ്ടും ജനിക്കുന്നില്ലെങ്കിൽ........"

യേശു എഴുന്നേററു വാതിൽക്കലെത്തി നടന്നുപോകുന്ന ആ രൂപത്തെ ഏതാനും നിമിഷനേരം അദ്ദേഹം നോക്കി. നഗരമെല്ലാം പ്രശാന്തം. ഒന്നോ രണ്ടോ നായ്ക്കൾ കുരയ്ക്കുന്നതു കേൾക്കാം, ഇടയ്ക്കിടെ. നിക്കോദിമോസിനെപ്പററിയായിരുന്നു അദ്ദേഹത്തിൻെറ ചിന്ത. താൻ പ്രസംഗിക്കുന്ന രാജ്യത്തിൽ വിശ്വസിക്കാൻ സമ്പന്നർക്കും, അധികാരം കൈകാര്യംചെയ്യുന്നവർക്കും എത്ര പ്രയാസം. അതിൽ അവർ വിശ്വാസം അർപ്പിക്കണമെങ്കിൽ എന്തെല്ലാം അവർ പരിത്യജിക്കണം!

അദ്ദേഹം ആ ശിഷ്യരെ നോക്കി; വാൽസല്യത്തോടെ. തൻെറ വാക്കുകൾ അവർ ഗ്രഹിക്കുന്നുണ്ടോ? അദ്ദേഹം സ്വയം ചോദിച്ചു. അവയുടെ പൂർണ്ണമായ വ്യാപ്തി അവർ ധരിക്കുന്നില്ലായിരിക്കാം. എന്നാലും അവർ അദ്ദേഹത്തിൽ വിശ്വാസം നിക്ഷേപിക്കുന്നുണ്ടു്. ആ വിശ്വാസം അദ്ദേഹത്തെ കൃതാർത്ഥനാക്കി.

അടുത്തനിമിഷം അദ്ദേഹം മുറിവിട്ടിറങ്ങി. അന്ധകാരത്തിൽ അദ്ദേഹം മറഞ്ഞു. ആ ശിഷ്യർക്കറിയാം, അദ്ദേഹം പ്രാർത്ഥിക്കാൻ പോയതാണെന്നു്.

# X

# നസ്രേത്തിൽനിന്നു ബഹിഷ്കൃതൻ

നസ്രേത്തിലെ ദേവാലയപ്പടികളിൽക്കൂടി കയറുകയാണു് മേരി. പുറമുള്ള ആൾക്കൂട്ടത്തിൽ അവൾ അമന്നു. പരീശരും കച്ചവടപ്രമാണികളും തൊഴിലാളികളുമായി തോളോടുതോളുരുമ്മിയാണു് ദേവാലയത്തിൽ പ്രവേശിക്കുന്നതു്. അന്നു

ശാബത്തായിരുന്നു. ആരാധനയ്ക്കുള്ള മുഹൂർത്തവും ആസന്നമായി. പതിവിൽക്കൂടുതൽ ഉച്ചത്തിലാണ് ആളുകൾ സംസാരിക്കുന്നതു്. അതിനു കാരണവുമുണ്ടായിരുന്നു. യേശു നസ്രേത്തിൽ മടങ്ങിയെത്തിയിട്ടുണ്ടു്. ദേവാലയത്തിൽ അദ്ദേഹം പ്രവേശിക്കുന്നതു പലരും കാണുകയും ചെയ്തു.

"യേശു മടങ്ങിയെത്തിയല്ലോ. നിങ്ങൾ അദ്ദേഹത്തെ കണ്ടോ?"

"ഇല്ല–ഞാൻ കണ്ടില്ല. എങ്ങനെയിരിക്കുന്നു, ഇപ്പോൾ അദ്ദേഹത്തെ കണ്ടാൽ?"

"പറയത്തക്ക വ്യത്യാസമൊന്നുമില്ല. അല്പമൊന്നു ക്ഷീണിച്ചിട്ടുണ്ടെന്നു തോന്നുന്നു. അദ്ദേഹത്തെപ്പററിയുള്ള കഥകളിൽ സത്യം വല്ലതുമുണ്ടായിരിക്കുമോ?"

"എന്തു്, വെള്ളം വീഞ്ഞാക്കിയ കഥയോ? അതോ, ദേവാലത്തിൽനിന്നു കച്ചവടക്കാരെ ആട്ടിപ്പായിച്ച സംഭവമോ? കാനായിലെ കല്യാണത്തിനു എൻെറ അനുജനും പോയിരുന്നു. അന്നു വെള്ളം വീഞ്ഞാക്കിയ സംഭവം യഥാർത്ഥമായിരുന്നെന്നു് അവൻ സത്യംചെയ്താണു് ഞങ്ങളോടു പറഞ്ഞതു്."

"ദേവാലയത്തിലെ ആ രംഗം പുരോഹിതരെ ഭ്രാന്തുപിടിപ്പിച്ചെന്നു കേട്ടല്ലോ?"

"ശ്ശ്–അതല്ലേ യേശുവിൻെറ മാതാവു്? നമ്മുടെ സംഭാഷണം അവർ കേൾക്കാതിരിക്കയല്ലേ ഭേദം?"

മേരി അവിടെനിന്നു മാറി. പക്ഷേ, പോകുന്നിടത്തെല്ലാം യേശുവിൻെറ കാര്യത്തെപ്പററിയുള്ള സംഭാഷണമേ കേൾക്കാനുള്ളു.

"അത്ഭുതമല്ലേ, യേശുവിനെപ്പററിയുള്ള വിശേഷങ്ങൾ? അദ്ദേഹം മടങ്ങിയെത്തിയ വാർത്ത നിങ്ങൾ കേട്ടോ? ബത്സൈദായിലുള്ള എൻെറ ബന്ധുവിനറിയാം, അദ്ദേഹത്തിൻെറ രണ്ടു ശിഷ്യരെ. അദ്ദേഹം രോഗികളെപ്പോലും ഭേദമാക്കിയെന്നാണ് പറഞ്ഞതു്."

"അതാ പോകുന്നു, അദ്ദേഹത്തിൻെറ മാതാവു്. അവർ

ക്കെന്തൊരു അഭിമാനസമ്പത്തായിരിക്കണം അങ്ങനെയുള്ള ഒരു മകൻ!''

''യേശു മടങ്ങിയെത്തിയതു് ആ അമ്മയുടെ ഒരു ഭാഗ്യം തന്നെയല്ലേ?''

ഈ സംഭാഷണമെല്ലാം മേരി കേൾക്കുന്നുണ്ടു്. അതുകേൾക്കാതെ കഴിച്ചുകൂട്ടണമെന്നു് അവൾ ആഗ്രഹിക്കാതിരുന്നില്ല. സാവധാനം നടന്നു് വാതിൽകടന്നു് സ്ത്രീകൾ ഇരിക്കുന്ന ഭാഗത്തെത്തിയപ്പോൾ അവൾക്കെന്തൊരു ആശ്വാസമായിരുന്നെന്നോ? സ്വപുത്രന്റെ പ്രശസ്തി വർദ്ധിച്ചുകാണുക മറേറതു മാതാവിനെയുംപോലെ മേരിക്കും ചാരിതാർത്ഥ്യജനകമായിരുന്നു. പക്ഷെ, അതുതന്നെ അന്യർ സംസാരിച്ചുകൊണ്ടിരിക്കുന്നതു കേൾക്കുക അവളുടെ സ്വതസിദ്ധമായ ശാലീനതയ്ക്കു് അനുയോജ്യമായിരുന്നില്ല.

ദേവാലയത്തിൽ കർമ്മങ്ങൾക്കുള്ള സമയം ആകുന്നതേയുള്ളു. വെളിയിലുള്ള ആരവത്തിൽനിന്നു രക്ഷപ്പെടാൻ മേരി ഏതാനും നിമിഷനേരം കണ്ണുകളടച്ചു് പ്രാർത്ഥനയിൽ ലയിച്ചു. ഉവ്വ്, അതു ശരിയാണ്— യേശു മടങ്ങിയെത്തി. ശാബതുവിശ്രമത്തിനുള്ള പ്രഥമ കാഹളധ്വനി അങ്ങനെ മുഴങ്ങവേതന്നെ അവിടുന്നു് ദേവാലയത്തിൽ പ്രവേശിച്ചു. ആ പ്രവേശനം ആരുംതന്നെ അത്ര സൂക്ഷിച്ചില്ലെന്നു പറയാം. വിയർത്തു പരിക്ഷീണിതനായിരുന്നു, അവിടുന്നു്. അല്പനേരം മാതാവിന്റെ അടുത്തിരുന്നു, ശാന്തനായി. എന്നിട്ടവിടുന്നു് മേരിയോടുപറയുകയാണ്: "യോഹന്നാൻസ്നാപകൻ കാരാഗൃഹത്തിലാണു്. അദ്ദേഹം ഹേറോദാവിനെ ശാസിച്ചു.'' അമ്മയും മകനും അതിനുശേഷം മൗനമവലംബിച്ചു. അവരുടെ ചിന്തകൾ അന്യോന്യമവക്കറിയാം. യഹൂദിയാ ഇനി സുരക്ഷിതമല്ല. അതുകൊണ്ടാണു് യേശു മടങ്ങിയെത്തിയതു്. ആവശ്യമില്ലാത്ത ആപത്തിൽ ചെന്നുചാടാൻ സമയമായില്ല. അദ്ദേഹത്തിന്റെ പ്രവർത്തനം ഉൽഘാടനം ചെയ്യപ്പെട്ടിട്ടല്ലേയുള്ളു.

മേരി ചുററുപാടും ഒന്നുനോക്കി. ദേവാലയത്തിൽ ആളുകളങ്ങു തിങ്ങിപ്രവേശിക്കയാണു്. അവിടെ മുൻപന്തിയിലുള്ള

ഒരു ഇരിപ്പടത്തിൽ യേശു ഇരിക്കുന്നു. ഏതാനും ആഴ്ചകളായി അവിടുന്ന് ആ സ്ഥലത്തില്ലായിരുന്നു. അതിനിടയിൽ ലഭിച്ച ബഹുമതിയാണ്, ദേവാലയത്തിൽ മുൻപന്തിയിലുള്ള സ്ഥാനം. പക്ഷേ, അതല്ല പ്രാധാന്യമർഹിച്ച കാര്യം. "അനുതപിക്കുക – സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു." – അവിടുന്ന് പ്രഖ്യാപിച്ച ആ സന്ദേശംമൂലം നിരവധി ആത്മാക്കൾക്കല്ലേ ആത്മീയമായ പ്രചോദനം ലഭിച്ചതു്? അതൊന്നുമാത്രമായിരുന്നു പ്രാധാന്യംഅർഹിച്ച യാഥാർത്ഥ്യം. ''ഒരു മനുഷ്യൻ വീണ്ടും ജനിക്കുന്നില്ലെങ്കിൽ അവനു സ്വർഗ്ഗരാജ്യം കാണാൻ സാധിക്കയില്ല.'' ആ സന്ദേശംവഴിയായി എത്രയെത്ര ആത്മാക്കളെയാണ് അവിടുന്ന് പുതിയ ചൈതന്യത്തിലേക്കു ആരോഹണം ചെയ്യിച്ചതു്? ആ സിദ്ധിക്കുവേണ്ടിയാണ് മേരി ഇപ്പോൾ പ്രാർത്ഥിച്ചതു്. മററൊന്നും പരിഗണനാർഹമായി അവൾ കരുതിയില്ല.

യേശുവിൻെറ മുഖത്തു് അവൾ ദർശിച്ച ക്ഷീണം ഇപ്പോൾ കാണാനില്ല. നഗരത്തിനെതിർവശത്തുള്ള കുന്നിൽ അവിടുന്ന് പ്രാർത്ഥനാനിരതനായി കഴിച്ചുകൂട്ടുകയായിരുന്നെന്ന് അവൾക്കറിവില്ലേ? നിദ്രയേക്കാൾ വിശ്രമം നൽകുന്നതു പ്രാർത്ഥനയാണെന്നുള്ള പരമാർത്ഥവും അവൾക്കു അനുഭവത്തിൽ നിന്നു് ബോദ്ധ്യമല്ലേ?

മേരി വീണ്ടും ശിരസ്സ്നമിച്ചു്, പ്രഭാതാരാധനയ്ക്കു സന്നദ്ധയായി. ദേവാലയാധികാരി എഴുന്നേൽക്കാൻ ഇനി ഏതാനും നിമിഷമേ വേണ്ടു. പരിശുദ്ധമായ വാക്കുകൾ ഉച്ചരിച്ചുകൊണ്ടു്, അദ്ദേഹം ആരാധനാകർമ്മം ആരംഭിക്കും. അവ കേൾക്കാനും ആസ്വദിക്കാനും മേരിയുടെ മനസ്സു സന്നദ്ധമാണ്. കണ്ണുകളടച്ചു് അവൾ പ്രാർത്ഥിച്ചു. അതാ കേൾക്കുന്നു, ഒരു ശബ്ദം — ആദ്ധ്യാത്മികമായ അവളുടെ ചിന്തകളെ ഭേദിച്ച ഒരു ശബ്ദം.

''ഇസ്രായേലിൻെറദൈവമേ, ചെവിക്കൊള്ളണമേ!

"നമ്മുടെ ദൈവമായകർത്താവു് ഏകദൈവമാകുന്നു.

"നിൻെറ പൂർണ്ണഹൃദയത്തോടും ആത്മാവോടും പൂർണ്ണ
"ശക്തിയോടുംകൂടി നിൻെറ ദൈവമായ കർത്താവിനെ
സ്നേഹിക്കുക.

"ഇന്നു ഞാൻ ആജ്ഞാപിക്കുന്ന ഈ വചനങ്ങൾ
"ഈ ദിവസം നിൻെറ ഹൃദയത്തിൽ നിക്ഷേപിക്കുക."

ഈ പ്രാർത്ഥനയെ തുടന്ന്, പതിനെട്ട ആശീർവ്വാദവചസ്സുകൾ ഉച്ചരിക്കപ്പെട്ടു. മേരി നിശ്ചലയായിരിക്കയാണ്. പരിശുദ്ധവും മനോമോഹനവുമായ ആ വാക്കുകൾ പതിവനുസരിച്ചുതന്നെ അവളുടെ ഭക്തമായ മനസ്സിനെ ആകർഷിക്കുന്നുണ്ട്. ആ വാക്കുകൾ കേട്ട് അവൾക്കൊരിക്കലും മതിവന്നിട്ടില്ല. ഓർമ്മവെച്ച തിയതിമുതൽ അവൾ അവ ആവർത്തിച്ചാവർത്തിച്ച് സ്വയം ഉച്ചരിച്ചിട്ടുണ്ട്. ദേവാലയത്തിൽ ഹന്നായോടൊത്തും, അതിനുശേഷം ജോസഫിനോടും യേശുവിനോടും കൂടിയും ആ പ്രാർത്ഥനതന്നെ അവൾ ചൊല്ലിയിട്ടുള്ളതാണ്. എന്നാൽ യേശുവും മേരിയും ചേന്ന് ആ പ്രാർത്ഥന നിർവഹിക്കുമ്പോഴാണ് ആ വാക്കുകളുടെ അർത്ഥവ്യാപ്തി അവളെ കൂടുതൽ വശീകരിച്ചിട്ടുള്ളതു്. സഹസ്രാബ്ദങ്ങൾ പഴക്കമുള്ള ആ വാക്കുകൾക്ക് യേശു നവംനവമായ വ്യാഖ്യാനങ്ങൾ നൽകിയിട്ടുള്ളതു് ഈ സന്ദർഭത്തിൽ അവളുടെ ചിന്തകളിലുയന്നു. ദേവാലയത്തിൽ സന്നിഹിതരായിരുന്ന ജനക്കൂട്ടം ഏകസ്വരത്തിലായിരുന്നു പ്രാർത്ഥന ഉരുവിട്ടതു്. പക്ഷേ, മേരിയുടെ ചിന്തയിൽ അവളും യേശുവും മാത്രമേ അവിടെ സന്നിഹിതരായിരുന്നുള്ളു.

അതേത്തുടന്ന്, ദേവാലയത്തിൽ ഒരു നിമിഷനേരത്തെ മൗനം. അപ്പോഴും നമിച്ചിരുന്ന മേരിയുടെ ശിരസ്സു മേല്പോട്ടുയന്നില്ല. എന്നാലും അവൾക്കറിയാം, ദേവാലയഭൃത്യൻ വലിയ ആ പുസ്തകച്ചുരുളെടുത്തു് പ്രധാനപുരോഹിതൻെറ മുൻപിൽ സമർപ്പിക്കാൻ പോയിരിക്കയാണെന്നു്. മിക്കവാറും, പ്രധാനപുരോഹിതൻ തന്നെയാണ് ആ ചുരുളിൽനിന്നു വായിക്കുക. എന്നാൽ പ്രശസ്തരായ സന്ദർശകർ ആരെങ്കിലും ദേവാലയത്തിലെത്തിയിട്ടുണ്ടെങ്കിൽ, ചുരുൾ വായിക്കാനുള്ള ബഹുമതി പുരോ

ഹിതൻ ആ അതിഥിക്കു നൽകും. അങ്ങനെയുള്ളൊരു ബഹുമതി അസാധാരണമായി മാത്രമേ ആർക്കെങ്കിലും ലഭിക്കാറുള്ളു.

ഏതാണ്ടൊരു അസ്വാസ്ഥ്യത മേരിക്കു അനുഭവവേദ്യമായി. ആളുകൾ കണ്ണുകൾ നീട്ടി നോക്കുകയാണ്, ഏതോ ഒന്നു കാണാൻ. പുസ്തകച്ചുരുൾ പ്രധാന പുരോഹിതൻ വായിക്കാൻ യേശുവിനെ ഏല്പിക്കുമോ? അദ്ദേഹം ഒരു പ്രമുഖ സ്ഥാനത്തേക്കു ക്ഷണിക്കപ്പെട്ടു. ഇസ്രയേലിൽ അദ്ദേഹത്തിന്റെ പ്രശസ്തി വർദ്ധിച്ചുവരികയും ചെയ്യുന്നു. എന്നാലും, അദ്ദേഹം കേവലം യേശുവല്ലേ? പണ്ഡിതന്മാരുടെ ശിഷ്യത്വം സമ്പാദിച്ച്, അദ്ദേഹം ഒരു പണ്ഡിതനായി അന്നോളം അംഗീകരിക്കപ്പെട്ടിട്ടില്ല. പ്രവചനങ്ങളെപ്പറ്റി അദ്ദേഹം അജ്ഞനായിരിക്കയില്ലേ?

ഉവ്വ്, അതാ മഹാപുരോഹിതൻ ഭൃത്യനോടു ആജ്ഞാപിക്കുന്നു, പുസ്തകച്ചുരുൾ യേശുവിനെ ഏല്പിക്കാൻ. ആജ്ഞാനുസരണം ഭൃത്യൻ ചുരുൾ യേശുവിന്റെ മുൻപിൽ സമർപ്പിച്ചു. അദ്ദേഹം ചുരുൾ തുറന്നു. അവിടെ കൂടിയിരുന്ന ജനങ്ങളെ അദ്ദേഹമൊന്നു നോക്കി. എന്നിട്ട്, ദൃഢതരമായ ശബ്ദത്തിൽ അദ്ദേഹം വായിച്ചു തുടങ്ങി:—

"ദൈവത്തിന്റെ ആത്മാവു എന്റെ മേലുണ്ട്;
"എന്തുകൊണ്ടെന്നാൽ, അദ്ദേഹം എന്നെ അഭിഷേകം
ചെയ്തിരിക്കുന്നു.
"സാധുക്കൾക്കു സദ്വർത്തമാനവും, ബന്ധിതർക്കു മോചനവും, അന്ധർക്കു
"കാഴ്ചയും നൽകാൻ അദ്ദേഹം എന്നെ
നിയോഗിച്ചിരിക്കുന്നു.
"മർദ്ദിതർക്ക് സ്വാതന്ത്ര്യം പ്രഖ്യാപിക്കാൻ; കർത്താവിന്റെ
സ്വീകാര്യമായ നവവർഷം
"പ്രക്ഷേപണം ചെയ്യാൻ; പ്രതിഫലത്തിന്റെ ദിനം
ഉൽഘാടനം
"ചെയ്യാൻ; ഞാൻ നിയുക്തനായിരിക്കുന്നു."

യേശു പുസ്തകച്ചുരുളടച്ച്, അതു ഭൃത്യനെ മടക്കിയേല്പിച്ച് സ്വസ്ഥാനത്തിരുന്നു. മേരിയുടെ കൈകൾ വിറയ്ക്കുന്നുണ്ട്. ആ ദിവ്യപുത്രനിൽ നിന്നു പുറപ്പെടുന്ന വാക്കുകൾ ഒന്നുപോലും വിടാതെ സശ്രദ്ധം അവൾ കേൾക്കുകയാണ്. ഒരു പൊതുരംഗത്തിൽ യേശു പ്രസംഗിക്കുന്നതു് അന്നാദ്യമായിട്ടാണ് അവൾ കേൾക്കുന്നതു്. പക്ഷേ, അതുകൊണ്ടല്ല അവളുടെ കരങ്ങൾ വിറച്ചതു്. അദ്ദേഹം വായിച്ച വാചകങ്ങളാണ് അവളെ പ്രതീക്ഷാനിർഭരമായ ഒരു അന്തരീക്ഷത്തിലേക്കു ഉയർത്തിയതു്. മിശിഹായായി യേശുവിന്റെ പ്രവർത്തനങ്ങളെ പ്രഖ്യാപിക്കുന്ന വാക്കുകളല്ലേ അവ?

ദേവാലയത്തിലുള്ള സമസ്ത ജനങ്ങളുടെയും ദൃഷ്ടികൾ യേശുവിന്റെ മുഖത്താണ് പതിഞ്ഞിരിക്കുന്നതു്. ഒരു നിമിഷനേരം അദ്ദേഹം മൗനമവലംബിച്ചു. എന്നിട്ടദ്ദേഹം വ്യക്തവും പ്രശാന്തവുമായ ശബ്ദത്തിൽ പ്രഖ്യാപിച്ചു:—

"ഇന്നു ന്യായപ്രമാണം നിങ്ങളുടെ കേൾവിയിൽത്തന്നെ നിവർത്തിയാക്കപ്പെട്ടിരിക്കുന്നു."

ആ പ്രഖ്യാപനത്തെത്തുടർന്നുണ്ടായി, ചെറിയൊരു മൗനം. അതേത്തുടർന്നുണ്ടായി, സന്ദേഹങ്ങൾ പ്രതിധ്വനിപ്പിക്കുന്ന ഒരു മർമ്മരശബ്ദം. ആ ശബ്ദം നിമിഷന്തോറുമെന്നോണം ഉച്ചത്തിലായി. അതിൽ ധ്വനിച്ച കോപഭാവം അവഗണിക്കത്തക്കതല്ല. അക്കൂട്ടത്തിൽ ചിലർ ആ വാക്കുകൾ കേട്ടപ്പോൾ അൽഭുതപ്പെട്ടു. അവരുടെ അൽഭുതം മറച്ചുവയ്ക്കാൻ അവരൊട്ടു ബദ്ധപ്പെട്ടുമില്ല. പക്ഷേ, ഭൂരിപക്ഷവും യേശുവിനെ പരിഹസിക്കയാണുണ്ടായതു്. "ഇവൻ ആശാരിജോസഫിന്റെ പുത്രനല്ലേ? ഇവനല്ലെ ആശാരി യേശു?"

യേശു എഴുന്നേററു, കരങ്ങൾനീട്ടി; കോപാന്ധരായിത്തീരാൻ ഭാവിക്കുന്ന ആ ജനസഞ്ചയത്തെ നിയന്ത്രണാധീനരാക്കാൻ. ശാന്തനായി, അദ്ദേഹം അവരോടു പറയുകയാണ്:—
"'വൈദ്യാ, നീ സ്വയം ഭേദമാക്കുക' എന്ന പഴഞ്ചൊല്ല്, നിങ്ങൾ ഉദ്ധരിക്കുമായിരിക്കാം. കപ്പർന്നഹോമിൽ ചെയ്തതാ

യിഞങ്ങൾ കേട്ട പ്രവർത്തനങ്ങൾ നിൻെറ ഈ ജന്മസ്ഥലത്തും ആവർത്തിക്കുകയെന്നു് നിങ്ങൾ ആവശ്യപ്പെട്ടമായിരിക്കാം. ആമേൻ, ഞാൻ നിങ്ങളോട്ട പറയുന്നു, ഒരു പ്രവാചകനും അവൻെറ ജന്മസ്ഥലത്തു ആദരിക്കപ്പെട്ടുകയില്ലെന്നു്."

ആ ആരവം വദ്ധിച്ചു. അതിലടങ്ങിയ കോപത്തിൻെറ ധ്വനി വ്യക്തമായി കേൾക്കാം. ആ മനുഷ്യൻ അവരോട്ട പറയുകയാണോ; അയാൾ അവിടെ അത്ഭുതങ്ങളൊന്നും പ്രവത്തിക്കുന്നില്ലെങ്കിൽ, അതിനു കുററക്കാർ അവർതന്നെയാണെന്നു്. അയാൾ അവരോട്ട പറയുകയാണോ, താൻ മിശിഹായാണെന്നു്. അവർ അക്കാൎയ്യം വിശ്വസിക്കുന്നില്ലെങ്കിൽ താൻ കുററക്കാരനല്ലെന്നു്! സ്വന്തം നഗരത്തിൽ എങ്ങനെയാണു് സംസാരിക്കേണ്ടതെന്ന ഒരു പാഠം അയാളെ പഠിപ്പിച്ചേ അവർ വിട്ടു. നിലവിട്ടു പെരുമാറാതിരിക്കാൻ അയാളെ പഠിപ്പിക്കാതെ അവരടങ്ങുകയില്ല. ഇരിപ്പടങ്ങളിൽനിന്നവരെഴുനേററു്, യേശുവിൻെറ സമീപത്തേക്കു പാഞ്ഞെത്തി. സമീപമുണ്ടായിരുന്നവർ കൈയ്യേററത്തിനുപോലും മുതിൎന്നു്, അവിടത്തെ, വാതിലിനു ലക്ഷ്യമാക്കി, തള്ളിനീക്കി. "ഈ ദൈവദൂഷണക്കാരനെ പുറത്തിറക്കുക–അവനെ കൊല്ലുക"–ക്രുദ്ധരായി അവരട്ടഹസിച്ചു. ഒരു നിമിഷമേ ആവശ്യമായുള്ളു ആ ദേവാലയത്തിനുള്ളിൽ ക്രോധാക്രാന്തരായ ഒരു ജനസഞ്ചയത്തിൻെറ ആക്രോശങ്ങൾ മുഴങ്ങാൻ: —"ഈ ദൈവദൂഷണക്കാരനെ ഇവിടെനിന്നു ആട്ടിപ്പായിക്കുക."

അവർ യേശുവിനെ ദേവാലയത്തിൽനിന്നു തള്ളിയിറക്കി. കൂടുതൽ ദേഹോപദ്രവം അദ്ദേഹത്തെ ഏല്പിക്കാനവർ ഉദ്യുക്തരായി. പക്ഷേ, അപ്പോഴാണു അവരൊരു കാൎയ്യം ഓക്കുക—അന്നു് ശാബതാണെന്നു്–ശാബതാചരണത്തിൻെറ സമയമാണതെന്നു്. ഒന്നുരണ്ടുപേർ വീണ്ടും ദേവാലയത്തിനുള്ളിൽ പ്രവേശിക്കതന്നെ ചെയ്തു. അപ്പോൾ കേൾക്കാം, ആരോ അട്ടഹസിക്കുന്നതു്:–"ഇറക്കവനെ നഗരത്തിനുപുറത്തു്. കുന്നിൻെറ മുകളിൽ അവനെ വലിച്ചിഴച്ചുകൊണ്ടുപോകട്ടെ കുന്നിൻെറ

മുകളിൽനിന്നു് ആ ദൈവദൂഷകനെ താഴെയോട്ടു വലിച്ചെറി യുക. അവൻ മരണത്തിനു യോഗ്യൻ!"

ആ ആക്രോശം ഒരു സാംക്രമികരോഗംകണക്കേ ജനത യുടെയിടയിൽ വ്യാപിച്ചു. "കൊണ്ടുപോകട്ടെ അവനെ, പ ർവ്വതത്തിനുമുകളിൽ." അവരദ്ദേഹത്തെ തള്ളിയും പിടിച്ചുവലി ച്ചും മാക്കററിൽക്കൂടി– ഇടുങ്ങിയ വീഥിവഴി–പൊതുകിണറുംക ഴിഞ്ഞു് കുന്നിൻമുകളിലേക്കു കൊണ്ടുപോയി. "കുന്നിൻെറ മുക ളിൽനിന്നു അവനെ കീഴ്പോട്ടേക്കെറിയുക. അവൻ പറഞ്ഞ വാക്കുകൾക്കു അവൻ മരണശിക്ഷ അനുഭവിക്കുകതന്നെ വേണം."

"എൻെറ ദൈവമേ, എൻെറ അപേക്ഷകൾ കേൾക്കണമേ! എൻെറ പ്രാത്ഥന ചെവിക്കൊള്ളണമെ!" – അജപാലകനായി രുന്ന ദാവീദുരാജാവിൻെറ പ്രാത്ഥന മേരിയുടെ ഹൃദയത്തിൽ നിന്നു പുറപ്പെട്ടു. ആ ആൾക്കൂട്ടത്തിൻെറ തിരക്കിൽപ്പെട്ട അവളും തള്ളിനീക്കപ്പെടുകയാണു്.

"വരൂ, മേരി, വരൂ." അവളുടെ വലതുകരം ഗ്രഹിച്ചു കൊണ്ടു് ക്ലിയോപ്പാ മേരി നിർബന്ധപൂർവ്വം അഭ്യത്ഥിക്കയാ ണു്. "നമുക്കു ആപത്തില്ലാതെ രക്ഷനേടാൻ ഇതേ മാർഗ്ഗമുള്ളു. നീ ഇക്കൂട്ടത്തിൽ നിൽക്കുന്നതുകൊണ്ടു യേശുവിനു ഒരു രക്ഷയും ലഭിക്കാനില്ല. ഇതാ, ഇതിലേ വരൂ."

പക്ഷേ, മേരി ആ ക്ഷണം സ്വീകരിച്ചു പ്രവത്തിക്കാൻ സന്നദ്ധയായില്ല. ആൾക്കൂട്ടം യേശുവിനോടെന്തുതന്നെ ചെ യ്താലും, അദ്ദേഹത്തിൻെറ പാർശ്വത്തിലാണു് അവളുടെ സ്ഥാനം. അഴിഞ്ഞുലഞ്ഞ വസ്ത്രങ്ങൾ അവൾ ഒന്നു ശരിപ്പെടുത്തി. ആ ആൾത്തിരക്കിൽ അവൾ മുന്നോട്ടുനീങ്ങി. അപ്പോഴും അവൾ ഹൃദയംനൊന്തു പ്രാത്ഥിക്കയാണു്:– "എൻെറ ദൈവമേ, എ ൻെറ പ്രാത്ഥന കേൾക്കേണമെ! എൻെറ അപേക്ഷകളെ നിന്ദി ക്കരുതേ."

ഈ സമയത്തിനിടയിൽ ആൾക്കൂട്ടം കുന്നിൻെറ മുകളി ലെത്തിക്കഴിഞ്ഞിരുന്നു. കീഴ്ക്കാംതൂക്കായ ആ കുന്നിൻെറ വക്കിൽ അവർ യേശുവിനെ ഉന്തിയും തള്ളിയും കൊണ്ടുപോ

കയാണ്. "അവനെ തള്ളിത്താഴെയിടുക. മിശിഹായെന്നു സ്വയം സംബോധനചെയ്യുന്ന ആ ആശാരിയെ തള്ളിത്താഴെയിടുക."–അനുനിമിഷമെന്നോണം അവരുടെ ആക്രോശത്തിനു ശക്തി വർദ്ധിച്ചു.

യേശുവിനെ കാണാൻ മേരിക്കു സാധിക്കുന്നില്ല. ഭ്രാന്തു പിടിച്ച ആ ജനസഞ്ചയത്തെ മാത്രമെ അവറം കാണുന്നുള്ളു. ഏതാനും നിമിഷങ്ങറംക്കു മുൻപു ഈ ജനങ്ങറം അവളുടെ സുഹൃത്തുക്കളായിരുന്നു. യേശുവിൻെറ സുഹൃത്തുക്കളും അയൽവാസികളും! കച്ചവടക്കാരനു മേശയും, കർഷകനു കലപ്പയും അദ്ദേഹം നിർമ്മിച്ചുകൊടുത്തതല്ലേ? സാധുക്കറംക്കു അവസാന നാണയംപോലും അദ്ദേഹം സമ്മാനിച്ചിട്ടുണ്ടു്.

"കുന്നിൻ മുകളിൽ നിന്നു അവനെ താഴെയെറിയുക."–അവരട്ടഹസിക്കയാണ്.

''ദൈവമേ, എൻെറ അപേക്ഷകറം കേറംക്കണമെ!''–മേരി പ്രാർത്ഥിക്കയാണ്.

പെട്ടെന്നു കേറംക്കാം, കോപാക്രാന്തമായ ഒരു ഗർജ്ജനം; നിരാശാഭരിതമായ ഒരു മുറവിളി. ''എവിടെ അവൻ; അവൻ എവിടെ കടന്നു? അവൻ നമ്മുടെ പിടിയിൽ നിന്നു രക്ഷപ്പെട്ടെന്നോ? ആ ആശാരി കടന്നു കളഞ്ഞോ? എങ്ങോട്ടാണു അവൻ പോയതു്? അവനെ കണ്ടവരാരുമില്ലേ?"

ഒരു വൃക്ഷത്തിൻെറ മറവിൽ മാറിനിന്നു, മേരി. ആപത്തങ്ങനെ ഒഴിഞ്ഞല്ലോ! അവറം നഖശിഖാന്തം വിറയ്ക്കുന്നുണ്ടു്. അവളുടെ മുഖം വിളറിയിരുന്നു. എന്നാലും യേശു സുരക്ഷിതനായല്ലോ; ആ മാതാവു സമാശ്വസിച്ചു. ദൈവം എത്ര നല്ലവൻ! തീച്ചയായും ഈ സന്ദർഭത്തിൽ അദ്ദേഹം ഒരു അൽഭുതം തന്നെയാണു നിർവഹിച്ചതു്. ആ വൃക്ഷത്തിൽ അല്പനേരം അവറം ചാരിനിന്നു. ശ്വാസംമുട്ടുന്നതുപോലെ അവറംക്കു തോന്നി. ആ ഹൃദയത്തിൽനിന്നൊരു പ്രാർത്ഥന പൊട്ടിപ്പുറപ്പെട്ടു; അതിരററ കൃതജ്ഞത സൂചിപ്പിക്കുന്ന ഒരു പ്രാർത്ഥന

"ദൈവത്തിനു മഹത്വം കൊടുപ്പിൻ! അദ്ദേഹം

"നല്ലവനല്ലോ!

"അദ്ദേഹത്തിന്റെ കരുണ എന്നന്നേക്കും

"നിലനിൽക്കുന്നു."

"വരൂ, മേരി, അവർ നമ്മെക്കാണുംമുൻപ് നാം ഇവിടെ നിന്നു പോകണം. യേശു അവരുടെ പിടിയിൽ പെടാതിരുന്നതുകൊണ്ട് അവർ കോപിച്ചവശരായിരിക്കയാണ്." ക്ലിയോപ്പാ മേരി നിർബന്ധപൂർവ്വം അവളെ ഉപദേശിച്ചു.

ഈ പ്രാവശ്യം മേരി ആ ഉപദേശം സ്വീകരിച്ചു. ആൾക്കൂട്ടത്തിൽ നിന്നവർ വഴിമാറി ഒരു കുറുക്കുവഴിയിൽകൂടി വസതിയിലേക്കു മടങ്ങി. അവർ വീട്ടിലെത്തി കുറെസമയം കഴിഞ്ഞപ്പോഴേ പുരുഷാരം നഗരത്തിൽ മടങ്ങിയെത്തുന്നുള്ളു. അവരുടെ കോപം ഒട്ടടങ്ങി. ക്രമേണ ആ കോപം പൂർണ്ണമായും ശമിക്കും. എന്നാലും ഒരു യഥാർത്ഥ്യമല്ലേ യേശു അവരോടു പ്രഖ്യാപിച്ചതു്:–"ഒരു പ്രവാചകനും അവന്റെ ജന്മസ്ഥലത്തു് ആദരിക്കപ്പെടുകയില്ല"യെന്നു്.

# XI

## മനുഷ്യരെ പിടിയ്ക്കുന്ന മുക്കുവർ

ശിമയോൻ പത്രോസ് വള്ളത്തിലൊന്നു നിവർന്നിരുന്നു. അതിനുശേഷമാണ് വലയുടെ കയറുവലിക്കാൻ അദ്ദേഹം സന്നദ്ധനായതു്. അതു വലിച്ചുമുറുക്കുന്ന താമസം; അടുത്ത നിമിഷത്തിൽ അദ്ദേഹം കയറയച്ചു. ആ വലയിൽ ഒരു മത്സ്യം പോലുമില്ല. കൈകൊണ്ടു തൊട്ടാൽ ആ വല തെറും; വലിച്ചെടുത്താൽ വെള്ളമതിൽനിന്നു് ഇററിററുവീഴും. അങ്ങനെയുള്ള ഒരു വലയാണ് ശിമയോൻ വള്ളത്തിലേക്കു വലിച്ചിട്ടതു്. അന്ത്രയോസാണെങ്കിൽ പങ്കായത്തിൽനിന്നു കൈവിട്ടു മുഖംതുടച്ചു. കഴിഞ്ഞരാത്രിയിൽ മുഴുവൻ അവർ മീൻപിടിക്കാനുള്ള ശ്രമ

ത്തിലേർപ്പെട്ടിരിക്കയായിരുന്നു—കപ്പർണ്ണഹോം മുതൽ ബെത്സൈദാവരെ നീണ്ടുകിടന്ന ആ സമുദ്രത്തിൽ. പക്ഷേ, ആ രാത്രിയിൽ മത്സ്യമൊന്നുംതന്നെ അവർക്കു കിട്ടിയില്ല. അവരോടൊപ്പം മത്സ്യബന്ധനത്തിനു പുറപ്പെട്ടവരായിരുന്നു, യാക്കോബും യോഹന്നാനും. ശിമയോന്റെയും അന്ത്രയോസിന്റെയും ഇളയ സഹോദരന്മാരായിരുന്നവർ. ശിമയോന്റെ വള്ളത്തിനു സമീപംതന്നെ, അവരുടെ പിതാവു് സെബദിയുടെ വള്ളത്തിലാണു് യാക്കോബും യോഹന്നാനും മീൻപിടിക്കാനുള്ള ഉദ്യമത്തിലേർപ്പെട്ടതു്. പക്ഷേ, അവരുടെ പ്രയത്നങ്ങളും അപജയത്തിൽ കലാശിക്കയത്രേ ചെയ്തതു്.

അന്ത്രയോസു് നോക്കി, അദ്ദേഹത്തിന്റെ മൂത്തജ്യേഷ്ഠൻ ശിമയോന്റെ പരിക്ഷീണതമായിരുന്ന മുഖത്തേക്കു്. അതോടെ മതിയാക്കി, അദ്ദേഹം അന്നത്തെ ഭാഗ്യപരീക്ഷണം. ശക്തമായ കരങ്ങൾകൊണ്ടു് ആ വഞ്ചി അദ്ദേഹം കരയിലേക്കു ആനയിച്ചു. ആ നയമ്പിനു പിൻപിൽ കേൾക്കാം, അദ്ദേഹത്തിന്റെ സഹോദരൻ യോഹന്നാൻ നയമ്പുകൊണ്ടു തുഴയുന്ന ശബ്ദം. ഇനി ഈ രാത്രിയിൽ മീൻപിടിക്കാൻ തുടർന്നു് ശ്രമങ്ങൾ നടത്തുന്നതുകൊണ്ടു പ്രയോജനമൊന്നുമില്ല. അതിൽഭേദം വീട്ടിൽ പോയി ഉറങ്ങുകയാണു്. അടുത്ത രാത്രിയിൽ, ആർക്കറിയാം, ഭാഗ്യം അവർക്കു കൂടുതൽ അനുകൂലമായിരിക്കയില്ലേയെന്നു്! അവരങ്ങനെ അങ്ങു കരയോടടുത്തു. വഞ്ചികളുടെ കീഴ്ഭാഗം മണലിലുരസുന്ന ശബ്ദം അവർക്കു കേൾക്കാം. പിന്നെ നിമിഷങ്ങളേ വേണ്ടിവന്നുള്ളു, അവർക്കു കരയ്ക്കിറങ്ങാൻ; നനഞ്ഞ വലകൾ കടൽത്തീരത്തിറക്കിവയ്ക്കാൻ. കർത്തവ്യബോധമുള്ള മുക്കുവരെപ്പോലെ അവർ കടൽത്തീരത്തു വലകൾ ഉണക്കാൻ നിവർത്തി വിരിച്ചിട്ടു; അവയിൽനിന്നു് പായലുകളും അവർ തെളിച്ചെടുത്തു് കടലിലേക്കുതന്നെ മടക്കിയെറിയുകയും ചെയ്തു.

സൂര്യനങ്ങനെ നിൽക്കയാണു്, ആ കുന്നിന്റെ മുകളിൽ. അതിന്റെ താഴ്വരയിൽ പ്രശാന്തമായി, നിശ്ചലമായി ആ കടലോരം ഒരു മുഖക്കണ്ണാടികണക്കേ വിശ്രമസുഖം അനുഭവി

കയാണു്. കപ്പേർണ്ണഹോമിൽനിന്നു അധികം ദൂരത്തല്ല, ആ സഹോദരന്മാരും സഹപ്രവൎത്തകരും നില്ക്കുന്നതു്. മത്സ്യവും എണ്ണയും കപ്പേർണ്ണഹോം തുറമുഖത്തെത്തുന്ന പടക്കപ്പലുകളിൽ നിന്നിറക്കുന്ന തൊഴിലാളികളുടെ സംഭാഷണശബ്ദം ഏതാണ്ടു വ്യക്തമായി അവൎക്കു കേൾക്കാം. തൈബീര്യാതടാകത്തിൽ കൂടി കടന്നുപോകുന്ന ഒരു കപ്പലിന്റെ വെള്ളപ്പാമരങ്ങൾ അവൎക്കു കാണാം. ജനസരേത്തു തടാകത്തിൽ അദ്ധ്വാനിക്കുന്നവൎക്കു പ്രയത്നത്തിന്റെ ദിനം ഉദിച്ചുകഴിഞ്ഞിരുന്നു.

ആ സഹോദരന്മാൎക്കു നാലുപേൎക്കും പലതും ചിന്തിക്കാനുണ്ടായിരുന്നു, വല ഉണക്കാൻ വിരിക്കുന്ന ആ സന്ദൎഭത്തിൽ. ഇളംസൂൎയ്യൻ അപ്പോളുദിച്ചുയരുന്നതേയുള്ളൂ. യേശുവിന്റെ സഹവാസിത്വത്തിൽ അവർ ഏതാനും വാരങ്ങൾ കഴിച്ചുകൂട്ടിയതാണു്. എന്തൊരു അത്ഭുതകരമായ ദിനങ്ങളായിരുന്നെന്നോ അവ! അതോടെ അവൎക്കൊരു ബോധ്യം; മീൻപിടുത്തം ഇനി അത്ര കാൎയ്യമായി പരിഗണിക്കേണ്ടതില്ലെന്നു്. ആ തൊഴിലിനു ശേഷം അവർ മടങ്ങിയെത്തിയതു് അസ്വമനസ്സോടെയായിരുന്നു. അപ്പോഴും അവൎക്കു പ്രത്യാശയുണ്ടു്, യേശുവിനെ വീണ്ടും കാണാമെന്നു്; അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കാമെന്നു്; അദ്ദേഹത്തിന്റെ ഉദ്ബോധനങ്ങൾ കേൾക്കാൻ എത്തിക്കൂടുന്ന പുരുഷാരത്തിൽ ചേരാമെന്നു്; അദ്ദേഹം രോഗികളെ സൗഖ്യമാക്കുന്നതുകാണാമെന്നു്. യറുശലേമിൽ അവർ അദ്ദേഹത്തോടൊത്തു ചെലവഴിച്ച ദിവസങ്ങൾ അവിസ്മരണീയങ്ങളാണു്. അദ്ദേഹത്തോടൊപ്പം അവർ ഗലീലയിലേക്കു മടങ്ങിയ സന്ദൎഭവും അവൎക്കു് മറക്കാൻ സാദ്ധ്യമല്ല. അവർ അദ്ദേഹത്തോടൊപ്പം വന്നെത്തിയ സ്ഥലങ്ങളിൽ പല ദിവസങ്ങളും അവർ താമസിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ ഉൽബോധനങ്ങളും അത്ഭുതങ്ങളും അവർ കണ്ടിട്ടുമുണ്ടു്. ജ്ഞാനസ്നാനപ്പെടുത്താൻ ആ ഗുരു അവരെ അനുവദിക്കയുമുണ്ടായി. തഴമ്പിച്ച മുക്കുവരുടെ കൈകൾകൊണ്ടാണു് അവർ ആ കൃത്യം നിൎവ്വഹിച്ചതു്. ആ കൃത്യനിൎവ്വഹണത്തിലേൎപ്പെടുമ്പോൾ അവൎക്കൊട്ടു ഭയം തോ

ന്നിയതുമില്ല. അതോ, എത്ര അത്ഭുതകരങ്ങളായ വാരങ്ങളായിരുന്നു അവ! അങ്ങനെ സംഭവങ്ങളും സംഗതികളും ആശാവഹമായി പുരോഗമിക്കവേയാണ് സ്നാപകയോഹന്നാന്റെ കാര്യത്തെപ്പററി അവർ കേൾക്കുന്നത്:- "നാം ഗലീലയിലേക്കു മടങ്ങണം."-സ്വതസിദ്ധമായ പ്രശാന്തതയോടെ യേശു അവരോടു പറഞ്ഞു:- പക്ഷേ, അദ്ദേഹത്തിന്റെ മുഖത്തു വിഷാദത്തിന്റെ നിഴൽ ദൃശ്യമായിരുന്നു. അങ്ങനെയാണ് അവർ മടങ്ങിയെത്തിയത്; അവരവരുടെ വസതികളിൽ മടങ്ങിയെത്തിയതു്. പക്ഷേ അപ്പോഴും യേശു ഉൽബോധനങ്ങൾ തുടർന്നുകൊണ്ടുതന്നെയിരുന്നു. അദ്ദേഹം കപ്പർണ്ണഹോമിലോ സമീപപ്രദേശങ്ങളിലോ പ്രസംഗിക്കുന്ന സന്ദർഭങ്ങളിൽ, വള്ളം കരയ്ക്കുകയററി മറിച്ചിട്ടു്, ആ നാലു് സഹോദരങ്ങൾ ആകാംക്ഷയോടെ ആ സ്ഥാനങ്ങളിലോടിയെത്തും. ആ അവസരങ്ങളിലും അദ്ദേഹത്തിനൊരു സന്ദേശമേ പ്രഖ്യാപിക്കാനുണ്ടായിരുന്നുള്ളു:— "അനുതപിക്കുക-സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു!"

വലകൾ വൃത്തിയാക്കയും വേണ്ടിടത്തൊക്കെ നന്നാക്കുകയും ചെയ്ത ആ അവസരങ്ങളിലും അവരുടെ ചിന്തകളൊക്കെ ഈ വിധമായിരുന്നു. അക്കാരണത്താൽ കടൽതീരത്തെ സമീപിച്ചു കൊണ്ടിരുന്ന ആരവം ആ മുക്കുവർ കേട്ടില്ലെന്നു തന്നെ പറയാം. അഥവാ, അതവർ കേട്ടിരുന്നെങ്കിൽത്തന്നെ അതാകർഷിക്കാൻ അവരുടെ ശ്രദ്ധയ്ക്കു സൗകര്യമുണ്ടായില്ല. പക്ഷേ, ആ ശബ്ദം വർദ്ധമാനമായിത്തീരുന്നു; നിരവധി മനുഷ്യർ സംസാരിക്കുന്നതും ചിരിക്കുന്നതും. ആ സഹോദരന്മാർ കണ്ണുകളുയർത്തിനോക്കി. അതാ, തടാകത്തിന്റെ ഒരു കരയിൽക്കൂടി ഒരു ജനസംഘം അവർക്കഭിമുഖമായിവരുന്നു. ആ നാലു മുക്കുവരും ആ കാഴ്ച കണ്ടു് ഒന്നുരണ്ടു നിമിഷനേരം നിശ്ചലരായിനിന്നു. അത്രയേ താമസമുണ്ടായുള്ളു, അവരുടെ വലകൾ താഴെയിട്ടു്, ആ പുരുഷാരത്തിനഭിമുഖമായി അവരോടുവാൻ. യേശുവാണ് സമീപത്തേയ്ക്കു വരുന്നതു്. അദ്ദേഹത്തിനു ചുററുമുണ്ടു്, ഒരു ജനസഞ്ചയം; ആകാംക്ഷയോടെ സംസാരിച്ചും സന്തുഷ്ടരായി ചിരിച്ചുംകൊണ്ടുള്ള ഒരു പുരുഷാരം.

ആ സഹോദരന്മാരെ കണ്ടപ്പോൾ ജനക്കൂട്ടം അല്പമൊന്ന് പിൻവാങ്ങി. യേശു അവരുടെ മുമ്പിൽനിന്നു. ആ വലകൾ കണ്ടപ്പൊഴേ, അദ്ദേഹത്തിനു മനസ്സിലായി, കഴിഞ്ഞ രാത്രിയിലെ അവരുടെ അദ്ധ്വാനം പ്രയോജനരഹിതമായിരുന്നെന്ന്. ആ മുഖത്തൊരു മന്ദഹാസമുദിച്ചു. എന്നിട്ടദ്ദേഹം പത്രോസിനോടും, സമീപം നിന്നിരുന്ന അന്ത്രയോസിനോടും സസ്നേഹം പറയുകയാണ്:–"എന്നെ അനുഗമിക്കുക–ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം." അതുകഴിഞ്ഞ്, അവിടുന്ന് യാക്കോബിനേയും യോഹന്നാനേയും സമീപിച്ച്, ആ ക്ഷണം തന്നെ ആവർത്തിച്ചു:–"എന്നെ അനുഗമിക്കുക–ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം." ആ മുഖത്തുണ്ടായിരുന്ന പുഞ്ചിരി മാറി. തൽസ്ഥാനത്തു ഗൗരവത്തിന്റെ ഒരു ഭാവം നിഴലിട്ടു; അവിടുന്ന് ഉച്ചരിച്ച വാക്കുകൾ അന്വർത്ഥമാക്കിത്തീർക്കുന്ന ഒരു ഗൌരവഭാവം. ആ വാക്കുകൾ കേട്ടപ്പോൾ അവരുടെ ഹൃദയസ്പന്ദനം ശീഘ്രഗതിയിലെത്തി. യജമാനനായ യേശുവിനു അവരുടെ സേവനം ആവശ്യമാണത്രെ. അവരുടെ സേവനസന്ദർഭം കഴിഞ്ഞിട്ടില്ലെന്ന്; അദ്ദേഹത്തിന്റെ രാജ്യം സ്ഥാപിതമാകുന്നതിൽ അവരും ഭാഗഭാക്കുകളാകയാണെന്ന്.

അപ്പോഴേക്കും ആൾക്കൂട്ടം യേശുവിന്റെ ചുറ്റും വന്നെത്തിക്കഴിഞ്ഞിരുന്നു. തന്റെ ഉൽബോധനങ്ങൾ അവർക്കു കേട്ടേ മതിയാവൂ. തള്ളിക്കൂടുന്ന ജനതതിയെ യേശു നോക്കി. അടുത്തതായി അവിടുത്തെ ദൃഷ്ടിപതിഞ്ഞതു് പത്രോസിന്റെ വഞ്ചിയിലായിരുന്നു. "അതല്പമൊന്നു വെള്ളത്തിലേക്കിറക്കുക."– അദ്ദേഹം പത്രോസിനോടാജ്ഞാപിച്ചു. പത്രോസു വള്ളം നിവർത്തുവച്ച്, ആജ്ഞാനുസരണം വെള്ളത്തിലേയ്ക്കു നീക്കി.

പരുങ്ങലോടെ ആൾക്കൂട്ടം യേശുവിന്റെ മുഖത്തേയ്ക്കു നോക്കി. അവരോട് യാതൊന്നും പറയാതെ ഗുരു യാത്രയാകയാണോ? "റബി, പോകരുതേ."–അവർ ഏകകണ്ഠമായി അഭ്യർത്ഥിച്ചു. "അല്പം കൂടി നിന്ന്, അങ്ങയുടെ രാജ്യത്തെപ്പറ്റി ഞങ്ങളോട് പറയണമെ."

ആ മുഖത്തെ പ്രശാന്തതയ്ക്കു മാററുകൂട്ടുന്ന പുഞ്ചിരി വീണ്ടും ഉദയംചെയ്തു. അനുകൂലപ്രകടനമായി അദ്ദേഹം തലയാട്ടി. എന്നാലും അവിടുന്നു് പത്രോസിൻെറ വഞ്ചിയിൽ കയറുകതന്നെ ചെയ്തു. പത്രോസു് ആ വാഹനം തള്ളിമാററി; അധികം ആഴമില്ലാത്ത ഭാഗംവരെ. എന്നിട്ടു്, വഞ്ചി അദ്ദേഹം തിരിച്ചു് നങ്കൂരങ്ങൾ ഉപയോഗിച്ചു് അതിനെ ഒരു സ്ഥാനത്തുറപ്പിച്ചു. പ്രതീക്ഷിച്ചു നിന്നിരുന്ന ജനസഞ്ചയം കാര്യം മനസ്സിലാക്കി. അവരുടെ മുഖങ്ങളിൽ ദൃശ്യമായ സംതൃപ്തി ആരെയാണു് കൃതാത്ഥനാക്കാതിരിക്കുക. വഞ്ചിയിലിരുന്നുകൊണ്ടു് റബ്ബി സംസാരിക്കാൻ ഭാവിക്കയാണു്. വെയിലത്താണു് അദ്ദേഹം നില്ക്കുന്നതു്. തടാകത്തിലെ ജലം അക്ഷമതയോടെന്നവണ്ണം വഞ്ചിയുടെ ഇരുവശങ്ങളിലും അലതല്ലുന്നുണ്ടു്. അത്രത്തോളം സ്നേഹത്തികവോടെ, സമത്ഥമായി അവിടുന്നു് ഇന്നേവരെ അവരോടു സംസാരിച്ചിട്ടില്ല. സൂയ്യനുദിച്ചുയരുന്നു. ചൂടാണെങ്കിൽ, ഏറെക്കുറെ ദുസ്സഹമായും തീരുന്നു. പക്ഷേ, ആ ജനതതിയുണ്ടോ ഈ അസൗകര്യങ്ങൾ വകവയ്ക്കുന്നു! മദ്ധ്യാഹ്നത്തോടു സമീപിച്ചു കാണും, യേശു ആ പ്രഭാഷണത്തിനു വിരാമമിട്ടപ്പോൾ. അതു പൂണ്ണമായും തീന്നശേഷമേ ആൾക്കൂട്ടം പിരിഞ്ഞുപോയുള്ളു "തീർച്ചയായും ഈ യേശു ഒരു പ്രവാചകൻതന്നെയാണു്."—അന്യോന്യം അവർ അഭിപ്രായം രേഖപ്പെടുത്തി. കഫ്ണ്ണഹോമിലേക്കാണു് അവക്കു പോകേണ്ടതു്. "പരീശന്മാരേയും സാദ്ദുക്യരേയും പോലെയല്ല; തികഞ്ഞ അധികാരസ്വരത്തിലല്ലേ, അദ്ദേഹം ഓരോ കാര്യങ്ങളെയും പററി സംസാരിക്കുന്നതു്?" എന്നായിമററൊരാൾ. തുറമുഖത്തിലേയും മാക്കററിലേയും പ്രധാനസംഭാഷണവിഷയം യേശുവിൻെറ ആ ദിവസത്തെ പ്രഭാഷണമായിരുന്നു. "നിങ്ങൾ കേട്ടോ, നസ്രായനായ യേശുവിൻെറ ഇന്നത്തെ പ്രസംഗം? ശിമയോൻെറ വഞ്ചിയിലിരുന്നായിരുന്നു അദ്ദേഹം പ്രസംഗിച്ചതു്."

ആൾക്കൂട്ടം പിരിഞ്ഞു. പത്രോസു് വഞ്ചി കരയ്ക്കുകയററി. യേശു കരയിലിറങ്ങി. അവിടുന്നു് ആദ്യം പത്രോസിൻെറ മുഖ

ത്തേക്കു നോക്കി; അടുത്തതായി ഒഴിഞ്ഞുകിടന്ന വലകളിലും. "വഞ്ചി ഇറക്കു"-അവിടുന്നു് പത്രോസിനോടു പറയുകയാണു്. "ആഴമുള്ളഭാഗത്തേക്കു വഞ്ചി പോകട്ടെ. ഇനി, മീൻപിടിക്കാൻ വലയിറക്കുക." പത്രോസിൻെറ മുഖം ഈ നിർദ്ദേശങ്ങഠം കേട്ടപ്പോഠം അല്പമൊന്നു വിവർണ്ണമാകാതിരുന്നില്ല.

"ഗുരോ, യാതൊരു പ്രയോജനവുമില്ലാതെ രാത്രിമുഴുവൻ ഞങ്ങഠം അദ്ധ്വാനിക്കയായിരുന്നു. എന്നാലും, അങ്ങു ആജ്ഞാപിക്കയാണെങ്കിൽ ഞാൻ വലകളിറക്കാം."

പത്രോസും സഹപ്രവർത്തകരും വലകളിറക്കി. അവരുടെ പ്രവർത്തനങ്ങഠം നോക്കി, യേശു കരയിൽ നിൽക്കയാണു്. വലകഠം വെള്ളത്തിൽ താഴാനുള്ള താമസമേ സംഭവിച്ചുള്ളു; അതിനിടയിൽ, മുക്കുവരുടെ കൈകളിൽ കോർക്കപ്പെട്ടിരുന്ന ശക്തമായ ചരടുകഠം മുറുകി. വല പൊട്ടിപ്പോകുംപോലെ മീൻ അവയ്ക്കുള്ളിൽ ധാരാളം! അത്ഭുതസ്തബ്ധരായി, പത്രോസും അന്ത്രയോസും വലകഠം വലിച്ചുതുടങ്ങി. നന്നാ പണിപ്പെട്ടാണു് അവർ വലകഠം വഞ്ചിയ്ക്കുള്ളിലാക്കിയതു്. മത്സ്യങ്ങളുടെ ബഹുലതകൊണ്ടു് വഞ്ചിപോലും മറിയുമോ എന്നവർ സന്ദേഹിച്ചു, മത്സ്യവുമായി വഞ്ചികഠം കരയ്ക്കടുത്തു. പത്രോസു യേശുവിൻെറ സമീപത്തേയ്ക്കു ഓടിയെത്തി, മുട്ടിന്മേൽ നിന്നു. എന്നിട്ടാമനുഷ്യൻ പറയുകയാണു്:—"കർത്താവേ, എന്നെ വിട്ടകന്നു പോയാലും. എന്തുകൊണ്ടെന്നാൽ, പാപിയായ ഒരുമനുഷ്യനാണു് ഞാൻ."

യേശുവിൻെറ കോമളസുന്ദരമായ മുഖം ഒരു മന്ദഹാസത്താൽ പതിന്മടങ്ങു ആകർഷകമായി. എന്നിട്ടദ്ദേഹം പത്രോസിനോടു പറയുകയാണു്:— "ഭയപ്പെടേണ്ട. ഇനിമേലാൽ നിങ്ങഠം മനുഷ്യരെ പിടിക്കുന്ന മുക്കുവരായിത്തീരും."

ഒരു നിമിഷനേരം പത്രോസു് യേശുവിൻെറ മുൻപിൽ മുട്ടിന്മേൽത്തന്നെ നിന്നു. സാവധാനം അദ്ദേഹം ആ നിലയിൽ നിന്നെഴുന്നേററു് വഞ്ചിയുടെ സമീപത്തേയ്ക്കു നടന്നു. അദ്ദേഹവും അന്ത്രയോസും കൂടി വഞ്ചി കരയ്ക്കു കയററി; അവയ്ക്കു

ള്ളിലുണ്ടായിരുന്ന ഭാരമേറിയ വലകൾ വലിച്ചു പുറത്തെടുത്തു. അതിനുശേഷം അവർ നാലുപേരും പിന്നോക്കം നോക്കാതെ, യേശുവിനെ അനുഗമിച്ചു്, നഗരത്തിലേയ്ക്കു യാത്രയായി. അവരുടെ പൂർവ്വജീവിതം അങ്ങനെ അവസാനിച്ചുകഴിഞ്ഞു. അതോടെ, അവരുടെ നൂതനജീവിതവും ഉൽഘാടനം ചെയ്യപ്പെട്ടു; മനുഷ്യരെ പിടിയ്ക്കുന്ന മുക്കുവരെന്ന നൂതനജീവിതം!

* * * *

അടുത്ത ശാബതുദിനത്തിലെ സായാഹ്നം. സ്വവസതിയുടെ ഒരു ഭിത്തിയിൽ ചാരി നില്ക്കുയാണു് പത്രോസു്. ആഴ്‌ചതാനും ദിവസങ്ങൾക്കുള്ളിലുണ്ടായ സംഭവങ്ങൾ അദ്ദേഹം, മനസ്സിൽ അയവിറക്കയാണു്. അന്നു്, ആ പ്രഭാതത്തിൽ, തടാകതീരത്തു നിന്ന പത്രോസു് തന്നെയാണോ താൻ- അദ്ദേഹത്തിനു് സന്ദേഹമായി. "ഇതു തന്നെയാണോ എന്റെ വീടു്?"- ആ സന്ദേഹത്തോടൊപ്പം അദ്ദേഹം സ്വയം ചോദിച്ചു. ഇങ്ങനെയുമുണ്ടാകാമോ സമൂലമായ ഒരു പരിവത്തനം. സമയം അദ്ധരാത്രികഴിഞ്ഞിട്ടും ആൾക്കൂട്ടത്തിന്റെ പ്രവാഹത്തിനൊരു കുറവും സംഭവിക്കുന്നില്ല. കപ്പർന്നഹോമിലുള്ള ജനങ്ങൾ ഒന്നടങ്കം ആ വസതിയ്ക്കുള്ളിൽ പ്രവേശിച്ചു എന്നു പോലും അദ്ദേഹത്തിനു തോന്നി. ആ അവിസ്മരണീയമായ പ്രഭാതത്തിൽ യേശു അദ്ദേഹത്തെ വിളിച്ചില്ലേ? അന്നു കിട്ടിയ മത്സ്യങ്ങൾ പോലെ തന്നെ സംഖ്യാതീതമായിരുന്നു, ആ ഗൃഹത്തിനുള്ളിൽ അന്നേദിവസം എത്തിക്കൂടിയ ജനങ്ങൾ.

അതിന്റെയെല്ലാം ആരംഭമല്ലേ ഇനി കുറിക്കേണ്ടതു്? പത്രോസിന്റെ ഭാര്യാമാതാവും രോഗിണിയായിത്തീന്നു. ജ്വരമായിരുന്നു രോഗം. ഭാര്യ പത്രോസിനോടു അഭ്യത്ഥിച്ചു:- "അങ്ങു ഗുരുവിനെ ഒന്നുവിളിച്ചുകൊണ്ടുവന്നാലും." ദേവാലയത്തിലേയ്ക്കു അദ്ദേഹം യാത്രയാകുന്ന അവസരത്തിലാണു പത്നിയുടെ ഈ അഭ്യത്ഥന. "അദ്ദേഹം കാനായിൽ വച്ചു ഒരു സൈനികോദ്യോഗസ്ഥന്റെ മകന്റെ രോഗം ഭേദമാക്കിയല്ലോ.

എൻെറ അമ്മയുടെ രോഗവും ഭേദമാക്കാൻ അദ്ദേഹത്തോടു ഒന്നു പറയുകയില്ലേ?" ആ അഭ്യർത്ഥന പത്രോസു തിരസ്കരിച്ചില്ല. ദേവാലയത്തിൽനിന്നു് മടങ്ങിയെത്തിയപ്പോഠം യേശുവും പത്രോസിൻെറ കൂടെയുണ്ടായിരുന്നു. "രോഗിണിയായ ആ സ്ത്രീയുടെ നില ആശങ്കാധീനമായിത്തീർന്നിരിക്കുന്നഘട്ടം. കൈകഠം ദുഃഖഭാരംകൊണ്ടു കൂട്ടിയുരുമ്മി. അയൽക്കാരെല്ലാം രോഗിണിയുടെ സമീപമുണ്ടു്. അവരിൽ ഒരാഠം പറയുകയാണു്:– "മരണത്തിൻെറ ലക്ഷണമെല്ലാം കാണാനുണ്ടു്. ഇതുപോലെ തന്നെയിരുന്നു, മരിയ്ക്കുന്ന അവസരത്തിൽ എൻെറ അമ്മയും."

ശാന്തനായി, യേശു രോഗിണിയെ സമീപിച്ചു. ആ രോഗിണിയുടെ ചൂടുള്ള കൈകഠം അദ്ദേഹം സ്പർശിച്ചു. ആ വൃദ്ധ കണ്ണുകഠം തുറന്നു, അവരൊന്നു പുഞ്ചിരിച്ചു. എന്നിട്ടവർ എഴുന്നേററിരുന്നു. കിടക്കയിൽനിന്നെഴുന്നേല്ക്കാൻ, യേശുവിൻെറ കരമവൾക്കു ആലംബമായുണ്ടു്. ഒരു നിമിഷനേരത്തേയ്ക്കു യാതൊന്നും പറയാൻ അവൾക്കു സാധിച്ചില്ല; അവർ രോഗവിമുക്തയായെന്നു വിശ്വസിക്കാൻ പോലും അവർക്കു സാധ്യമായില്ല. അതിനുശേഷമാണു്, അവരുടെ ആശ്ചര്യവും കൃതജ്ഞതയും, വാഗ്രൂപത്തിൽ പുറത്തേയ്ക്കു പ്രവഹിക്കുന്നതു്. "ഗുരു ആ വീട്ടിലിരുന്നു് അവരോടൊത്തു ആഹാരം കഴിക്കണം! ആ ദിവസം മറെറാരിടത്തും പോകാതെ, അവിടുന്നു് ആ വസതിയിൽത്തന്നെ കഴിച്ചുകൂട്ടണം! അവിടുത്തേയ്ക്കു ആവശ്യമായ ആഹാരം തയാറാകാൻ ഏതാനും നിമിഷങ്ങളേ വേണ്ടൂ!" എന്നു്. "അങ്ങു് എന്നെ നോക്കു; എനിക്കിപ്പോഠം യാതൊരു രോഗവുമില്ല." കിടക്കയിൽ നിന്നു അവർ നിഷ്പ്രയാസമെഴുന്നേററു. എന്നിട്ടവർ ചുററുമുള്ളവരുടെ അടുത്തെത്തി, വികാരനിർഭരമായ ശബ്ദത്തിൽ പറയുകയാണു്:– "ഇതാ, ഗുരു എൻെറ രോഗം ഭേദമാക്കി!"

ആ മുറിക്കുള്ളിൽ കൂടിയിരുന്ന അയൽവാസികഠം ബദ്ധപ്പെട്ടു് വെളിയിലിറങ്ങി. അവർക്കു് മററുള്ളവരെ അറിയി

ക്കണം, പത്രോസിൻെറ അമ്മാവിയമ്മയുടെ കഠിനരോഗം, യേശുവിൻെറ സ്പർശനത്താൽ സുഖപ്പെട്ടുവെന്നു്. പിന്നെ അധികസമയം വേണ്ടിവന്നില്ല, ആ വിശേഷം കപ്പർണ്ണഹോമിൽ മുഴുവൻ വ്യാപിക്കാൻ. "യേശു ശിമയോൻെറ അമ്മാവിയമ്മയുടെ കഠിനജ്വരം സുഖപ്പെടുത്തിയെന്ന വാർത്തമാത്രമെ ആ ദിക്കിൽ കേൾക്കാനുള്ളു. അതോടൊപ്പം, മറെറാരൽഭുതത്തിൻെറ വിവരവും അവിടെ വ്യാപിച്ചു; ഭ്രാന്തു ബാധിച്ച ഒരു ബാലനിൽ നിന്നു്, യേശു, അശുദ്ധാന്മാവിനെ പുറത്താക്കിയെന്നു്.

"ആ ബാലനെ അശുദ്ധാത്മാവു് ബാധിച്ചിരുന്നെന്നാണോ നിങ്ങൾ പറയുന്നതു്?"

"അതുതന്നെയാണു് ഞാൻ പറഞ്ഞതു്."

"ശിമയോൻെറ അമ്മാവിയമ്മയ്ക്കു രോഗം കലശലായിരുന്നോ?"

"അവർ ഊർദ്ധ്വശ്വാസം വലിക്കയായിരുന്നു. ആ മുഖത്തു നോക്കിയാൽ ആരും പറയും, അവർ മരിച്ചെന്നുതന്നെ."

"അദ്ദേഹം എൻെറ മകനെ സുഖപ്പെടുത്തുമോ? അവൻ ജനനാൽത്തന്നെ ഞൊണ്ടിയാണു്. ഗുരു ഇപ്പോൾ എവിടെയുണ്ടു്?"

"ശിമയോൻ പത്രോസിൻെറ വീട്ടിൽ."

അങ്ങനെയാണതു് സംഭവിച്ചതു്. സൂര്യാസ്തമനത്തോടെ, കപ്പർണ്ണഹോമിലുള്ള രോഗികളെല്ലാം പത്രോസിൻെറ വസതിയിലേയ്ക്കു തിരിച്ചു. അക്കൂട്ടത്തിൽ അന്ധന്മാരും മുടന്തരും, മാറാരോഗങ്ങൾ ബാധിച്ചവരുമുണ്ടു്. ശാബതുവിശ്രമാവസരം അവസാനിച്ച ഘട്ടത്തിലായിരുന്നതു്. ആദ്യന്തമില്ലാത്ത ഒരു ഘോഷയാത്ര! ഗലീലിയാ മുഴുവൻ അന്വേഷിച്ചാൽപോലും, അത്രമാത്രം രോഗികളുണ്ടാകുമായിരുന്നോയെന്നു് പത്രോസിനു് തന്നെ വിശ്വസിക്കാൻ സാധിച്ചില്ല. അതിനുള്ള പ്രാരംഭം, തൻെറ ഭാര്യാമാതാവിൻെറ രോഗമുക്തിയാണെന്നു് വിചാരിച്ചപ്പോൾ, അദ്ദേഹം അൽഭുതസ്തബ്ധനായി. അദ്ദേഹത്തിനപ്പുഴം കേൾക്കാം, അവിടെ കൂടിയിരുന്ന രോഗികൾക്കു് ദാഹശമന

ത്തിനായി, വെള്ളവും കൊണ്ടു ധൃതഗതിയിൽ നടക്കുന്ന ആ മാന്യവൃദ്ധയുടെ കാലടി ശബ്ദം.

''എൻെറ മകനല്ലേ, ഒന്നു മിണ്ടാതിരിക്കു. ഗുരു വന്നു്, നിമിഷത്തിനുള്ളിൽ നിൻെറ രോഗം ഭേദപ്പെടുത്തും. അദ്ദേഹം എന്നെ സുഖപ്പെടുത്തിയില്ലേ! അതുപോലെതന്നെ, നിങ്ങളെ ഓരോരുത്തരേയും അദ്ദേഹം സുഖപ്പെടുത്തുകതന്നെ ചെയ്യും. ഒട്ടും സംശയിക്കേണ്ടാ. ഇതാ, കുട്ടീ, അല്പം വെള്ളം കുടിക്കു. ഒരു നിമിഷനേരം കൂടി ക്ഷമിക്കു, കുഞ്ഞേ; യേശു നിൻെറ സമീപമെത്താൻ, ഇനി താമസമില്ല. സ്വല്പം വെള്ളംകൂടി കുടിക്കു, മകനേ.''

ഇതെല്ലാം പത്രോസു കേൾക്കുന്നുണ്ടു്. അദ്ദേഹം സ്വയം ചിന്തിക്കയാണു്:–"എന്തൊരു വ്യത്യാസമാണു് ആ അമ്മയിൽ സംഭവിച്ചിരിക്കുന്നതു്! അവർ ഒരു നല്ല സ്ത്രീതന്നെ! പക്ഷേ, യേശു അവരുടെ രോഗം സുഖപ്പെടുത്തിയ നിമിഷംമുതൽ എന്തൊരു പരിവർത്തനമാണു് അവരിലുണ്ടായിരിക്കുന്നതു്!" ശാരീരികമായ രോഗങ്ങൾ യേശു അകററും; അതോടൊപ്പം, ആത്മാവിൻെറ രോഗങ്ങളും! അതായിരുന്നു ദിവ്യനായ ആ വൈദ്യൻെറ സവിശേഷത.

പത്രോസിൻെറ ഭാര്യ, മുൻവാതിൽക്കൽത്തന്നെയുണ്ടു്. ആഗതരോടു അവർ പറയും:–"ഗുരു അകത്തുതന്നെയുണ്ടു്. ഒരു നിമിഷം കഴിഞ്ഞാൽ മതിയാകും, അകത്തുപ്രവേശിക്കാൻ. നിങ്ങൾക്കും സൗകര്യം ലഭിക്കാതിരിക്കയില്ല.'' അതിനിടയിൽ പത്രോസിനും അന്ത്രയോസിനും ധാരാളം ജോലിയുണ്ടു്. രോഗികളെ വീട്ടിനുള്ളിലേയ്ക്കു കൊണ്ടുപോകുന്നതു് അവരിരുവരുമാണു്. രോഗവിമുക്തരായവരെ പുറത്തേക്കാനയിക്കുന്നതും അവർതന്നെ.

"ഇനിയുമൊന്നു പുറത്തേക്കു പോകാമോ?– മററുപലരും വെളിയിൽ നിൽക്കുന്നു."– അവർ ആ ആൾക്കൂട്ടത്തെ ഉൽബോധിപ്പിച്ചു.

പക്ഷേ, രോഗശാന്തി ലഭിച്ചവക്കു് പുറത്തേക്കുപോകു

വാൻ അത്ര സമ്മതമില്ല. അവർക്കവിടെ നിൽക്കണം. യേശു വിൻെറ അത്ഭുതപ്രവർത്തനങ്ങൾ കാണണം. പത്രോസും അന്ത്രയോസും വിശ്രമമില്ലാതെ, ആ രാത്രിമുഴുവൻ പ്രവർത്തനനിരതരായിരിക്കയാണ്. അവർ ക്ഷീണിതരായി. "നേതൃവും പരിക്ഷീണതനായിക്കാണണം." പത്രോസിൻെറ ചിന്ത അതായിരുന്നു. പക്ഷേ, ക്ഷീണമുള്ള ലക്ഷണമൊന്നും ആ ഗുരുവിൻെറ മുഖത്തു കാണാനില്ല. ജാഗ്രതയോടെ, സഹതാപത്തോടെ അദ്ദേഹം ഓരോ രോഗിയേയും സമീപിയ്ക്കുന്നു. ആകാശമണ്ഡലത്തിൽ നക്ഷത്രങ്ങൾ അപ്രത്യക്ഷീഭവിച്ചുതുടങ്ങുന്നു. കിഴക്കേദിക്കിൽ വെള്ളവീശിത്തുടങ്ങിക്കഴിഞ്ഞിരുന്നു. അപ്പോൾമാത്രമേ, സന്ദർശകരുടെ അവസാനസംഘം ആ വസതിയിൽനിന്നു യാത്രയായുള്ളൂ.

"ഗുരോ, അങ്ങ് ഇനി അല്പം വിശ്രമിക്കണം."–പത്രോസു വിനീതനായി യേശുവിനോട്ട് പറഞ്ഞു. അപ്പോൾ അവരിരുവരുംമാത്രമേ ആ മുറിക്കുള്ളിലുണ്ടായിരുന്നുള്ളു. പക്ഷേ, യേശു നിഷേധഭാവത്തിൽ തലയാട്ടി. അവിടുന്ന് ആ വാതിൽക്കൽ നിന്നു്, തൻെറ സന്നിധിയിൽനിന്നു് യാത്രയായ ഓരോരുത്തരേയും സ്നേഹത്തോടെ നോക്കുകയാണ്. പിന്നീട്, അവിടുത്തെ നോട്ടത്തിൻെറ ലക്ഷ്യമൊന്നു മാറി. ആദ്യം, യേശു പത്രോസിനെ നോക്കി. അതിനുശേഷം, ആ നോട്ടം അന്ത്രയോസിൻേറയും പത്രോസിൻെറ ഭാര്യയുടേയും, അവളുടെ മാതാവിൻേറയും മുഖത്തു പതിഞ്ഞു. അടുത്തനിമിഷം, യേശു ആ വീടുവിട്ടിറങ്ങി; വീഥിയിൽക്കൂടി നടന്നുമറഞ്ഞു. വിശ്രമത്തെസംബന്ധിച്ചിടത്തോളം, യേശുവിനു് സ്വന്തവും സ്വതന്ത്രവുമായുള്ള അഭിപ്രായങ്ങളാണുണ്ടായിരുന്നതു്; ഏകനായി തൻെറ സ്വർഗ്ഗീയപിതാവുമായുള്ള വിശ്രമം!

പത്രോസ് ആ വാതിൽക്കൽ ഒരുനിമിഷനേരം നിശ്ചലനായിനിലകൊണ്ടു. യേശു നടന്നകലുന്നതു്, അദ്ദേഹം സൂക്ഷിക്കയാണ്. ദേവാലയത്തിൽ ചിലപ്പോൾ താൻ വായിച്ചുകേ

ട്ടിട്ടുള്ള ഒരു വാക്യം ആ സന്ദർഭത്തിൽ അദ്ദേഹത്തിൻെറ ചിന്ത യിലുയൎന്നു:—

"നമ്മുടെ ബലഹീനതകൾ അദ്ദേഹം സ്വയം ഏററെടുത്തു;

"നമ്മുടെ പാപങ്ങളുടെ ഭാരം അദ്ദേഹം സ്വയം വഹി ക്കുകയും ചെയ്തു."

പത്രോസു, വീടുവിട്ടിറങ്ങി, തുറമുഖത്തേക്കു് നടന്നു. യേശു ആ ദിക്കിലേക്കാണ് നടന്നതു്. അവിടെയുണ്ടു് ഒരു രഹസ്യ സങ്കേതം. അവിടെയെത്തി പ്രാൎത്ഥിക്കുന്നതാണ് യേശുവിനു ഹിതകരം. പത്രോസു ആ സ്ഥാനത്തെത്തി. അപ്പോൾ കാണാം, അവിടെ ഒരു മഹാപുരുഷാരത്തെ; സൂൎയ്യൻ ഉദിക്കപോലും ചെ യ്തിട്ടില്ല. അവരങ്ങനെ ഉദ്വേഗത്തോടെ, അടങ്ങിയ സ്വരത്തിൽ അന്യോന്യം സംഭാഷണത്തിലേർപ്പെട്ടിരിക്കയാണ്.

"അതാ പോകുന്നു, രോഗികളെ സൗഖ്യമാക്കിയ റബ്ബി! അതാണ് യേശുഗുരു!" അപ്പോഴാണ് അവർ പത്രോസിനെ കാണുക. അവരദ്ദേഹത്തോടു അഭ്യൎത്ഥിച്ചു:– "ശിമയോനേ, അദ്ദേഹത്തിൻെറ അനുയായികളിൽ ഒരുവനല്ലേ, അങ്ങ്? ഞ ങ്ങളോടു എന്തെങ്കിലുമൊന്നു പറയാൻ അങ്ങുതന്നെ അദ്ദേഹ ത്തോടു പറയുക." പത്രോസ് മുന്നോട്ടുനടന്ന് യേശുവിനൊ പ്പമെത്തി. പുരുഷാരം അദ്ദേഹത്തെ പിൻതുടരുന്നുണ്ടു്. പത്രോ സ് യേശുവിനോടു പറയുകയാണ്:– "ഈ പുരുഷാരം അങ്ങ യെയന്വേഷിച്ചിറങ്ങിയിരിക്കയാണ്."

യേശു, സൗമ്യമായി, വിസമ്മതം രേഖപ്പെടുത്തി. "മററു സ്ഥലങ്ങളിലും ദൈവരാജ്യത്തെപ്പററി ഞാൻ പ്രസംഗിക്കേണ്ടി യിരിക്കുന്നു."

ആൾക്കൂട്ടത്തിനഭിമുഖമായി പത്രോസു തിരിഞ്ഞു:–"അവി ടുത്തേയ്ക്കു് മററുസ്ഥലങ്ങളിൽ പോകേണ്ടിയിരിക്കുന്നു." — അ ദ്ദേഹം അവരെ അറിയിച്ചു.

ഗുരു മനസ്സൊന്നു മാററുമെന്നു പ്രതീക്ഷിച്ചു്; പുരുഷാരം അ ല്പനേരം അവിടെനിന്നു. പക്ഷേ, യേശു മുന്നോട്ടുതന്നെയാണ് നടക്കുന്നതു്. ആ ജനസഞ്ചയം നഗരത്തിലേക്കു മടങ്ങി.

പത്രോസും അന്ത്രയോസും യോഹന്നാനും യാക്കോബും മാത്രം അവിടെ അവശേഷിച്ചു.

യേശു അവരുടെനേരേ തിരിഞ്ഞു:-"വരിക"-അവിടുന്നു് അവരെ ആഹ്വാനംചെയ്തു. "നമുക്കു സമീപസ്ഥിതങ്ങളായ ഗ്രാമങ്ങളിലും നഗരങ്ങളിലുമെത്തി ദൈവവചനം അറിയിക്കാം."

ചാരിതാൎത്ഥ്യംകൊണ്ടു് ആ ശിഷ്യരുടെ ഹൃദയങ്ങൾ തുടിച്ചു അവരെ പാൎശ്വത്തിൽ വേണമദ്ദേഹത്തിന്നു്. അന്നുരാവിലേയല്ലേ അദ്ദേഹം അവരോടു പറഞ്ഞതു്, അവർ മനുഷ്യരെ പിടിക്കുന്ന മുക്കുവരായിത്തീരുമെന്നു്.

# XII

## പരീശന്റെ സൽക്കാരം

പരീശനായ ശിമയോൻ കൊട്ടാരതുല്യമായ അയാളുടെ വസതിക്കുമുമ്പിൽ നിൽക്കയാണു്, ആ വസന്തത്തിലെ സൂൎയ്യപ്രകാശത്തിൽ ദൃഷ്ടികളുറപ്പിച്ചുകൊണ്ടു്. ആ ദീപ്തിയുടെമുമ്പിൽ അയാളുടെ കണ്ണുകൾ അല്പമൊന്നു ചുളുങ്ങി. ആ വസതിയുടെ മുമ്പിൽനിന്നു് നോക്കിയാൽ പ്രകൃതിയുടെ മനോഹരത ആൎക്കാണു് ആസ്വദിക്കാൻ സാധിക്കാത്തതു്! പക്ഷേ, ആ പ്രകൃതിസൗന്ദൎയ്യത്തിൽ ആകൃഷ്ടനായി നിൽക്കയല്ല, ശിമയോൻ. ആ നഗരത്തിൽ അത്യധികം ഒച്ചപ്പാടുണ്ടാക്കിയ നസ്രായനെപ്പററിയാണു് അയാളുടെ ചിന്തകൾ. അവിടെയുള്ള ഒരു വിധവയുടെ മകൻ മരിച്ചു. ആ മരിച്ചയാളിനെ ഈ നസ്രായൻ ജീവിപ്പിച്ചുപോലും!

ആ ഗൃഹത്തിലെ ഒരു ഭൃത്യനാണു് ഈ വിശേഷം ശിമയോനെ ധരിപ്പിച്ചതു്. ശിമയോനു അതു വിശ്വസിക്കാൻ സാധിച്ചില്ല. അയാൾ ഭൃത്യനോടു ചോദിക്കയാണു്:-"എടാ,

നിനക്കു് പൂർണ്ണബോദ്ധ്യം വന്നകാര്യമാണോ ഇതു്? വിധവയുടെ മകൻ ഉറങ്ങുകയായിരുന്നില്ലേ?”

ആ ഭൃത്യനു പൂർണ്ണമായി ബോദ്ധ്യപ്പെട്ട ഒരു സംഭവംതന്നെയായിരുന്നു. അയാൾക്കതു ബോദ്ധ്യമാകാതിരിക്കാൻ കാരണവുമൊന്നുമില്ല. “അവർ അയാളെ ശ്മശാനത്തിലേക്കു കൊണ്ടുപോകയായിരുന്നു. അപ്പോഴാണു് പട്ടണത്തിലേക്കുപോകാൻ യേശു ആ വഴിയേ കടന്നുപോകുന്നതു്. മൃതശരീരവുമായി പുരുഷാരം കടന്നുപോകുന്നതു അദ്ദേഹം കണ്ടു. ആ ജനസഞ്ചയത്തെ അദ്ദേഹം നിറുത്തി; ആ മൃതശരീരത്തോടു അദ്ദേഹം ആജ്ഞാപിച്ചു:—‘എഴുന്നേൽക്ക’യെന്നു്. ആ നിമിഷത്തിൽത്തന്നെ മരിച്ചയാൾ എഴുനേററിരുന്നു. അവിടെ കൂടിയിരുന്നവർ അത്ഭുതസ്തബ്ധരായി. അതിൽ സംശയിക്കാനൊന്നുമില്ല. ആ നസ്രായൻ മരിച്ചവനു് വീണ്ടും ജീവൻ നൽകി.”

ശിമയോൻ ആ ഭൃത്യനെ അവിടെനിന്നു് പറഞ്ഞയച്ചു. പക്ഷേ, ആ അത്ഭുതത്തെപ്പററിയുള്ള ചിന്ത അയാളെ അലട്ടിക്കൊണ്ടേയിരിക്കുന്നു. “ഇതൊന്നു സസൂക്ഷ്മം അന്വേഷിക്കാതെ തരമില്ല.”—അയാൾ സ്വയം പറയുകയാണു്. ഒരുവർഷത്തിൽ കൂടുതലായിട്ടുണ്ടു്, ഈ അത്ഭുതപ്രവർത്തകനെ സംബന്ധിച്ചു് ശിമയോൻ കേട്ടുതുടങ്ങിയിട്ടു്. കരുതലോടെ കരുക്കൾനീക്കുന്ന ഒരു മനുഷ്യനാണു് ശിമയോൻ. ആലോചനാശൂന്യമായി അയാളൊന്നുംതന്നെ പ്രവർത്തിക്കയില്ല. പക്ഷേ, ജിജ്ഞാസ അയാളുടെ ഒരു പ്രത്യേകതതന്നെയായിരുന്നു. നസ്രായൻ പറയുന്നതു കേൾക്കാൻ സാധാരണമനുഷ്യരോടൊപ്പം ഇറങ്ങിപ്പുറപ്പെടുക അയാളുടെ സ്ഥിതിക്കും സ്ഥാനത്തിനും അനുയോജ്യമല്ലതന്നെ. പിന്നെ, ഒരുമാർഗ്ഗമേ അവശേഷിക്കുന്നുള്ളു, ഈ വിചിത്രമനുഷ്യനുമായൊന്നു പരിചയപ്പെടാൻ. അദ്ദേഹത്തെ സ്വഗൃഹത്തിലേക്കു ക്ഷണിക്കുക. അദ്ദേഹത്തിനൊരു സൽക്കാരം നൽകുകതന്നെ. അങ്ങനെ ഗുരുവിനെ താൻ ക്ഷണിക്കയാണെങ്കിൽ അതദ്ദേഹത്തിനു തികച്ചും ചാരിതാർത്ഥ്യജനകംതന്നെയായിരിക്കും. പ്രസംഗത്തിനിറങ്ങി പുറപ്പെടുംമുമ്പു ആ മനുഷ്യൻ കേവലം ഒരാശാരിയായിരുന്നില്ലേ?

ശിമയോൻ മറെറാരുഭൃത്യനെ വിളിച്ച്, സൽക്കാരത്തിനു വേണ്ട നിർദ്ദേശങ്ങൾ നൽകി. "അത്താഴം സാധാരണരീതിയിൽ മതിയാകും, കേട്ടോ? നല്ല വീഞ്ഞൊന്നും വിളമ്പേണ്ടതില്ല. അതുപോലെതന്നെ, പ്രധാനാതിഥിയുടെ കാലുകൾ കഴുകി സുഗന്ധദ്രവ്യം പൂശുന്ന ചടങ്ങും വേണ്ടെന്നുവയ്ക്കാം. അയാളതൊട്ടു പ്രതീക്ഷിക്കാനുമിടയില്ല."

അതോടെ തീൻ, സൽക്കാരത്തിനുള്ള നിർദ്ദേശങ്ങൾ. ഇപ്പോൾ ആതിഥേയൻ അതിഥികളുടെ ആഗമനം പ്രതീക്ഷിച്ചു ഗൃഹത്തിനു മുൻപിൽ നിൽക്കയാണ്. അപ്പോഴും അയാളുടെ ചിന്തകൾ ഈ ഗുരുവിനെപ്പററിയാണ്. യേശു മരിച്ചവരെ ജീവിപ്പിച്ച ആദ്യസംഭവമാണ് വിധവയുടെ മകൻെറ കാര്യം. എന്നാൽ, അദ്ദേഹം നിരവധി രോഗികളെ ഭേദപ്പെടുത്തിയ വിവരം ശിമയോൻ കേട്ടിട്ടുണ്ട്. "അതും ശാബതിൽപോലും!" ശിമയോൻ ചിന്തിക്കാണ്. യറുശലേമിലെ ബത്സേബാകുളത്തിൽ വച്ചും യേശു ഒരു തളർവാതരോഗിയെ സൗഖ്യമാക്കി. ശാബതു് ലംഘിച്ചതായി ഒരു ആരോപണത്തോടെ പരീശർ യേശുവിനെ അഭിമുഖീകരിച്ചു. അതിന് അവിടുന്ന് അവർക്കു നല്കിയ സമാധാനം എന്തായിരുന്നെന്നോ, താൻ ശാബതിൻെറയും നാഥനാണെന്ന്. മറെറാരു ശാബതുദിനത്തിൽ ദേവാലയത്തിൻെറ മുൻപിൽവച്ചുതന്നെ വരണ്ട കൈയുള്ള ഒരു മനുഷ്യനെ അവിടുന്ന് സൗഖ്യമാക്കി. പരീശരെ ഈ അവസരത്തിൽ അദ്ദേഹം സുധീരം വെല്ലുവിളിക്കയായിരുന്നു. അവിടുന്ന് അവരോടു് ആ സന്ദർഭത്തിൽ ചോദിച്ചത്രേ: "ശാബതുദിനത്തിൽ നന്മ ചെയ്യാനാണോ, തിന്മ ചെയ്യാനാണോ; ഒരു ആത്മാവിനെ രക്ഷിക്കാനാണോ, നശിപ്പിക്കാനാണോ അനുവദിക്കപ്പെട്ടിട്ടുള്ളതു്?" അതിനു അനുയോജ്യമായ പ്രത്യുത്തരം നല്കാൻ അവർക്കു സാധിച്ചില്ല. എന്നാൽ, അവരുടെ അധികാരത്തെ ചോദ്യംചെയ്യുകയും, ലഘൂകരിക്കയും ചെയ്ത നസ്രായനോടു അവർക്കുള്ള വിദ്വേഷം അതോടെ ശതഗുണീഭവിച്ചു.

അതോ, പോകട്ടെ — ഈ ഗുരു ഖണ്ഡിതമായും സാധുക്ക

ളുടെ പക്ഷത്താണു് നിലകൊള്ളുന്നതു്. അതിനുദാഹരണമാണു് അവിടുത്തെ അപ്പോസ്തോലന്മാരെന്നു വിളിക്കപ്പെട്ടുവന്ന പന്ത്രണ്ടു് അനുയായികൾ. അവരിൽ മിക്കവരും മുക്കുവരാണു്. രണ്ടുപേർ യേശുവിന്റെ ബന്ധുക്കളും. അക്കൂട്ടത്തിൽ മത്തായിയെന്നൊരു ചുങ്കക്കാരനും ഉൾപ്പെടുന്നു. ചുങ്കക്കാരനെ അനുയായിയായി സ്വീകരിക്കുന്ന ഒരു ഗുരുപോലും! ആ അനുയായികളുടെ കൂട്ടത്തിൽ അല്പമെങ്കിലും നിലയും വിലയുമുള്ള ഒരുവനുണ്ടെങ്കിൽ, അതു് ഒരു യൂദാ മാത്രമാണു്. എന്നാൽപോലും, അവരുടെ നേതൃസ്ഥാനം അയാൾക്കു യേശു നൽകിയിട്ടില്ല. പത്രോസു് എന്നു പേരുള്ള ഭീമകായനായ ഒരു മുക്കുവനാണു് ആ ശിഷ്യസംഘത്തിന്റെ നേതാവായി അവരോധിക്കപ്പെട്ടതു്.

"അയാളുടെ അനുയായികളെക്കൂടെ സൽക്കാരത്തിനു് ക്ഷണിക്കേണ്ടതായിവന്നേക്കാം.":-ഭൃത്യനോടു ശിമയോൻ പറയുകയാണു്. എന്നാൽ, മുക്കുവരുടെയും ചുങ്കക്കാരന്റെയും കൂടെ ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുന്ന കാര്യം ആ പരീശനു അരോചകം തന്നെയായിരുന്നു. അതു സഹിക്കാതെ തരമില്ല. എന്തുകൊണ്ടെന്നാൽ, ഈ ഗുരുവിനെപ്പററി കൂടുതൽ വിവരങ്ങൾ മനസ്സിലാക്കുവാൻ ശിമയോനു് അത്യാകാംക്ഷയാണുള്ളതു്.

അതിഥികൾ ആഗതരാകാൻ സമയമാകുന്നു ശിമയോൻ വീട്ടിനുള്ളിൽ പ്രവേശിച്ചു. ആ അതിഥികളെ ആകാംക്ഷയോടെ പ്രതീക്ഷിച്ചുകൊണ്ടു്, അയാൾ വെളിയിൽ നിൽക്കയാണെന്നു്, അവരോ മററാരെങ്കിലുമോ, ധരിക്കുന്നതു അശേഷം അഭിലഷണീയമല്ല.

* * * *

യേശു, മന്ദം മന്ദം നടന്നു്, പരീശനായ ശിമയോന്റെ കുന്നിൻപുറത്തുള്ള കൊട്ടാരതുല്യമായ മന്ദിരത്തിലേക്കു പ്രവേശിക്കാൻ ഭാവിക്കയാണു്. ആ വസതിയിൽ ചെന്നെത്താൻ യേശുവിനു ധൃതിയോ തത്രപ്പാടോ ഒന്നുമില്ല. അവിടുത്തേയ്ക്കറിയരുതേ, സല്ക്കാരത്തിനുള്ള അധിഷ്ഠാനം സൗഹൃദമല്ലെന്നു്! ആ സല്ക്കാ

രത്തിൽ പങ്കുകൊള്ളുന്നതിനേക്കാം എത്ര ആനന്ദകരമാണു്, ശീതളമായ വസന്തത്തിലെ സൂര്യപ്രകാശംമററു്, തൻെറ അനുയായികളായ പന്ത്രണ്ടു സുഹൃത്തുക്കളോടു് സംഭാഷണത്തിലേപ്പെടുക. തൻെറ പ്രവത്തനത്തിൻെറ ഉദ്ദേശ്യവും ലക്ഷ്യവും അവർ കൂടുതൽ കൂടുതൽ മനസ്സിലാക്കിവരുന്നുണ്ടു്. സ്വനാമം ഉപയോഗിച്ചു് രോഗികളെ സൗഖ്യമാക്കാനും, സ്വരാജ്യത്തെ–സ്വൎഗ്ഗരാജ്യത്തെപ്പററി പ്രസംഗിക്കുവാനും, യഥാൎത്ഥത്തിൽ അദ്ദേഹം അനുമതിയും അധികാരവും അവക്കു നൽകിക്കഴിഞ്ഞിരുന്നു. അവരും ആദ്യം വിചാരിച്ചു, ഗുരു ഒരു ഭൗതികരാഷ്ട്രം സ്ഥാപിക്കാൻ ആഗതനായിരിക്കയാണെന്നു്. അവരും അഭിലഷിച്ചു, ഭൗതികാധികാരത്തിനും, സമ്പൽസമൃദ്ധിക്കുംവേണ്ടി. പക്ഷെ, ആ പ്രതീക്ഷ അവരുടെ മനസ്സിലുദിച്ചിട്ടു് അധികദിവസങ്ങളാകുന്നതിനുമുൻപു്, റബ്ബി അവരെ അറിയിക്കയാണു്, അവർ തൻെറ സുഹൃത്തുക്കളാണെന്നു്. അവരേയും, അവിടുത്തെ പിൻതുടരാൻ സന്നദ്ധരായ ഒരു ജനസംഘത്തേയും, പച്ചപ്പുല്ലുകൊണ്ടു് ആകൎഷകമായിരുന്ന ഒരു കുന്നിൻപുറത്തേക്കു കൂട്ടിക്കൊണ്ടുപോയി; അവരോടു അവിടുന്നു് തുടരെ സംസാരിച്ചു, അവക്കു മനസ്സിലാകുംവിധം തന്നെ.

ആ പുൽത്തകിടിയിൽ, പുരുഷാരത്തെ അഭിമുഖീകരിച്ചുകൊണ്ടു്, യേശു നില്ക്കുകയാണു്. പ്രതീക്ഷാനിർഭരമായി, ആ മുഖത്തുതന്നെ നോക്കിക്കൊണ്ടിരുന്ന ആ മനുഷ്യദൃഷ്ടികളിൽ അവിടുത്തെ നീലനയനങ്ങറം പതിഞ്ഞു. ആ അവസരത്തിൽ അവിടുത്തേയ്ക്കു് അവരോടു സഹതാപമാണുണ്ടായതു്. അവിടുത്തേയ്ക്കറിയരുതോ, താൻ നൽകാൻ ഭാവിക്കുന്ന സന്ദേശത്തിൽ അവർ നിരാശരാകുമെന്നു്. അവർ ആ അവസരത്തിൽ സ്വയം ചോദിക്കയാവാം: "ഈ മനുഷ്യൻ നമ്മെ സ്വതന്ത്രരും സമ്പന്നരും ആക്കുമോ? റോമൻ നുകത്തിൻകീഴിൽ നിന്നു് അദ്ദേഹം നമ്മെ മോചിതരാക്കുമോ? ഹേറോദ്യാവിനെ ആട്ടിപ്പായിച്ചു്, അദ്ദേഹംതന്നെ ഇസ്രായേലിൻെറ കിരീടം ധരിക്കുമോ?" എന്നൊക്കെ.

പക്ഷെ, അവരുടെ പ്രതീക്ഷകൾക്കു വിപരീതമായിരുന്നു യേശുവിൻെറ സന്ദേശം. അവിടുന്നു് അവരോടു പറയുകയാണു്:

"ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ;

"എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗരാജ്യം അവരുടേതാകുന്നു.

"താഴ്മയുള്ളവർ ഭാഗ്യവാന്മാർ!

"എന്തുകൊണ്ടെന്നാൽ, അവർ ഭൂമിയെ അവകാശമാക്കും.

"ദുഃഖിതർ ഭാഗ്യവാന്മാർ!

"എന്തുകൊണ്ടെന്നാൽ, അവർ ആശ്വസിപ്പിക്കപ്പെടും.

"നീതിനിമിത്തം വിശപ്പും ദാഹവും സഹിക്കുന്നവർ ഭാഗ്യവാന്മാർ!

"എന്തുകൊണ്ടെന്നാൽ, അവർ സംതൃപ്തരാകും.

"കരുണയുള്ളവർ ഭാഗ്യവാന്മാർ!

"എന്തുകൊണ്ടെന്നാൽ, അവരുടെമേൽ കരുണയുണ്ടാകും.

"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ!

"എന്തുകൊണ്ടെന്നാൽ, അവർ ദൈവത്തെ കാണും.

"സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ!

"എന്തുകൊണ്ടെന്നാൽ, അവർ ദൈവത്തിൻെറ പുത്രന്മാരെന്നു വിളിക്കപ്പെടും.

"നീതിനിമിത്തം പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ!

"എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗരാജ്യം അവരുടേതാകുന്നു..."

അതേ, യേശുവിനു് അവരോടു അനുകമ്പയാണു തോന്നിയതു്. അദ്ദേഹം ആവർത്തിച്ചാവർത്തിച്ചു് അവരെ ഉപദേശിച്ചു, കാര്യങ്ങൾ അവർ ഗ്രഹിക്കാൻ.

ശിമയോൻെറ സമ്പൽസമൃദ്ധമായ വസതിയിലേക്കു മന്ദമന്ദം നടക്കുകയാണു്, യേശു. അപ്പോഴും അവിടുന്നു് ചിന്തിക്കുന്നുണ്ടു്, ആ പ്രദേശത്തെ വിധവയുടെ പുത്രനെ താൻ മരണത്തിൽനിന്നു് ജീവനിലേക്കുയർത്തിയതു്. കൃതജ്ഞതകൊണ്ടു് ആ സാധുസ്ത്രീയുടെ നയനങ്ങൾ നിറഞ്ഞ കാഴ്ച, വിസ്മരിക്കാൻ സാദ്ധ്യമല്ല. ആ അവസരത്തിൽ അവിടുത്തെ കണ്ണുകളും അശ്രുപൂരിതങ്ങളായി. കൃതജ്ഞതയോളം മഹനീയ

മായ മറെറാരു ചേതോവികാരവും മനുഷ്യഹൃദയത്തിലുണ്ടാകാനില്ല. ജീവൻ പുനർലഭിച്ച ആ യുവാവിനെ സംബന്ധിച്ചോ? അയാഠം ഏറെക്കുറെ വിചാരശൂന്യനായി ജീവിതം നയിച്ചുപോന്നതാണു്. എന്നാൽ, നവജീവൻ അയാഠംക്കു ലഭ്യമായതോടെ, ആ വിചാരശൂന്യത അയാളെ വിട്ടകന്നുകഴിഞ്ഞിരുന്നു. ആ മാതാവിനോടു സസ്നേഹം അയാഠം പെരുമാറിപ്പോന്നു. "അയാളെ ഒന്നു കണ്ടാൽ തരക്കേടില്ല."–യേശു ആ സന്ദർഭത്തിൽ ചിന്തിച്ചു. പഴയ മാർഗ്ഗങ്ങഠം പരിത്യജിച്ചു്, ഒരു നൂതനപന്ഥാവിൽക്കൂടി ജീവിതം നയിക്കാൻ അവിടുന്നു് പ്രേരണ നല്കിയ ഒരാളെ വീണ്ടും കാണുക യേശുവിനു സംതൃപ്തിജനകമാണു്.

ഏഴു് അശുദ്ധാത്മാക്കളെ താൻ ബഹിഷ്ക്കരിച്ച മഗ്ദലനമേരിയെപ്പററിയും യേശു ചിന്തിച്ചു. അത്ഭുതകരമായ ഒരു ആത്മാവാണു് അവഠംക്കുണ്ടായിരുന്നതു്. പക്ഷേ, അവഠംക്കു കൂടുതൽ സഹായം ആവശ്യമാണു്. ശക്തവും വികാരവിവശവുമായ ഒരു ആത്മാവാണു് അവളുടേതു്. അതു് സങ്കടഭാരംകൊണ്ടു് മൃദുലമാകണം; അനുതാപംകൊണ്ടു മധുരതരമാകണം. അതോടെ, അവളുടെ ആത്മാവു് പവിത്രമായി, മനോമോഹനമായിത്തീരുകതന്നെ ചെയ്യും. യേശു നഗരത്തിൽ പ്രവേശിച്ച അവസരത്തിൽ അവളെ കണ്ടു. അതുകൊണ്ടാണു്, അവളെപ്പററിയുള്ള ചിന്ത അവിടുത്തെ മനസ്സിൽ സ്ഥലം പിടിച്ചതു്. ഒരു പരിചിതഭാവം ആ അവസരത്തിൽ അവളുടെ മുഖത്തു സ്ഫുരിച്ചു. പക്ഷേ, അവഠം ഗൃഹത്തിനുള്ളിൽ കയറി മറയുകയാണുണ്ടായതു്. "അവഠം വന്നെന്നെ കണ്ടെത്തിക്കൊള്ളും."–ശിമയോൻെറ വീട്ടിലേക്കുള്ള യാത്രാവസരത്തിൽ യേശു സ്വയം പറഞ്ഞു.

ശിമയോൻെറ വസതിയുടെ വളപ്പിൽ അവർ ചെന്നെത്തി. അല്പനേരം അവർ അവിടെനിന്നു; ആ വസന്തത്തിൻെറ പരിശുദ്ധമായ വായു ശ്വസിച്ചുംകൊണ്ടു്. പത്രോസു് മുന്നോട്ടു കടന്നു്, വാതിൽക്കൽ മുട്ടി. ഒരു ഭൃത്യൻവന്നു വാതിൽ തുറന്നു. അയാളുടെ പിന്നാലെ വന്നെത്തി; ശിമയോൻ, പുഞ്ചിരിച്ചും

കൊണ്ടു്: പതിവനുസരിച്ചു്, കൈവെള്ളകൾ കൂട്ടിയുരുമ്മിക്കൊണ്ടു്.

"ഈ ഭവനത്തിൽ സമാധാനം അധിവസിക്കട്ടെ!"-ലളിതമായി, യേശു പറഞ്ഞു. അതാണു്, സാധാരണയായി, അവിടുന്നു് എവിടെയും നൽകുകപതിവുള്ള ആശിസ്സു്.

"ഇസ്രായേലിന്റെ ദൈവം അങ്ങയെ കാത്തുരക്ഷിക്കട്ടെ!"-ശിരസ്സു നമിച്ചുകൊണ്ടു് ശിമയോൻ യേശുവിനു സ്വാഗതമരുളി. "എന്റെ വിനീതമായ വസതി ഗുരുവിന്റെ സാന്നിധ്യത്താൽ ബഹുമാനിതമായി." അയാൾ അതിഥികളെ വിരുന്നുമേശയുടെ അടുക്കലേക്കാനയിച്ചു. എന്നാൽ, സമ്പന്നരായ ആതിഥേയരുടെ വസതികളിൽ ചെയ്യുപതിവുള്ളവിധം' അതിഥികളുടെ കാലുകൾ കഴുകുവാനോ, അവരുടെ തലയിൽ എണ്ണപൂശുവാനോ ആ ആതിഥേയൻ ഭൃത്യനോടു് ആംഗ്യംകൊണ്ടുപോലും ആജ്ഞാപിച്ചില്ല. ആ പതിവിന്റെ ലംഘനം കണ്ടഭാവമൊന്നും യേശു പ്രദർശിപ്പിച്ചുമില്ല.

"ആ പതിവൊന്നും ഇയാൾക്കറിവില്ലേ?"-ശിമയോൻ ചിന്തിക്കയാണു്. "അങ്ങനെ നാഗരികമായ ചടങ്ങുകളൊന്നും ഇയാൾക്ക വശവുമുണ്ടായിരിക്കയില്ല."

എന്നാലും, സന്തോഷഭാവത്തിൽ അയാൾ അതിഥിയോടു സംഭാഷണമാരംഭിച്ചു:—"ഗുരോ, അങ്ങയുടെ പ്രസംഗചാതുരിയേയും, അങ്ങു പ്രവർത്തിക്കുന്ന അത്ഭുതങ്ങളെയും പററി ഞങ്ങൾ ധാരാളം കേട്ടിട്ടുണ്ടു്. ഈ പ്രദേശത്തുള്ള ഒരു വിധവയുടെ പുത്രനെ മരണത്തിൽനിന്നു് അങ്ങു ജീവിപ്പിച്ച സംഭവത്തെപ്പററിയും ഞങ്ങൾ അറിഞ്ഞു. ഞങ്ങൾക്കൊക്കെ സംതൃപ്തമാണു്, ആ സംഭവം. അതിനു അങ്ങയെ ആദരിക്കുക ഞങ്ങളുടെ കർത്തവ്യവുമാണു്."

മര്യാദയോടെ; എന്നാൽ കരുതലോടെ, ഈ കുശലപ്രശ്നങ്ങൾക്കു പ്രത്യുത്തരം യേശു നൽകി. പരീശരുടെ തന്ത്രങ്ങൾ അദ്ദേഹത്തിനു ശരിക്കറിയരുതോ? അവരുടെ അസൂയ അന

നിമിഷം വദ്ധിച്ചുവരികയാണ്. അന്യോന്യവൈരുദ്ധ്യമുള്ള ആശയങ്ങൾ എന്തെങ്കിലും യേശുവിൽ കണ്ടുപിടിക്കാനാണ് ചോദ്യങ്ങളും സന്ദേഹങ്ങളുമായി അവരദ്ദേഹത്തെ സമീപിക്കുന്നതു്. അവരുടെ കപടഭക്തിയും, സാധുജനങ്ങളുടെ മേൽ അവർ ചുമത്തുന്ന മതപരമായ ഏകാധിപത്യഭാരവും തുറന്നു പ്രഖ്യാപിക്കാനുള്ള അവസരം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം സമീപസ്ഥിതമാകുന്നു. എന്നാൽ, ഈ സന്ദർഭത്തിൽ അദ്ദേഹം ശിമയോൻെറ അതിഥിയാണ്. അതുകൊണ്ടു് ആതിഥേയൻെറ നിർബന്ധപൂർവ്വമായ മനഃപൂർവ്വപ്രേരണയുണ്ടാകാത്തപക്ഷം, ഒരു വാദപ്രതിവാദത്തിലേർപ്പെടാൻ യേശു സന്നദ്ധനായില്ല. കൂടാതെ, ശിമയോനിൽ ചില നല്ലവശങ്ങളുണ്ടു്. അതുകൊണ്ടു ഒരു ആത്മാവിനെ നേർവഴിക്കു നയിക്കാൻ സാധിക്കുമെങ്കിൽ, അയാളിൽ നിന്നുണ്ടാകാനിടയുള്ള പരിഹാസഭാവം സഹിക്കാൻ യേശു സ്വയം സന്നദ്ധനായി.

സദ്യ ഭംഗിയായിത്തന്നെ നടക്കുന്നു. അതിൻെറ വിജയത്തിൽ ശിമയോൻ സ്വയം അഭിമാനം കൊള്ളുകയാണ്. അപ്പോഴാണ്, ഒരു മുന്നറിവും നൽകാതെ ആ മുറിയുടെ വാതിൽ ആരോ തള്ളിത്തുറക്കുന്നതു്. ഒരു സ്ത്രീ, ഓടി മുറിക്കുള്ളിൽ പ്രവേശിച്ചു. വസ്ത്രാലങ്കാരവിഭൂഷിതയാണവൾ. അവളുടെ കൈവശം ഒരു വെങ്കൽഭരണിയുമുണ്ടു്. സ്ത്രീസൗന്ദര്യത്തിനു് അവളൊരു മാതൃക തന്നെയാണെന്നു് ആരും പറയുകതന്നെ ചെയ്യും. പക്ഷേ, അവളുടെ വസ്ത്രങ്ങൾ അഴിഞ്ഞുലഞ്ഞിരുന്നു; അവ ധരിക്കുമ്പോൾതന്നെ അവളതിലൊന്നും പറയത്തക്കവിധം ശ്രദ്ധ പതിപ്പിച്ചില്ലെന്ന രീതിയിൽ. അവളുടെ മുഖത്താണെങ്കിൽ, സൗന്ദര്യത്തോടൊപ്പംതന്നെ, ഉദ്ദേശദാർഢ്യവും ശക്തിയായി സ്ഫുരിക്കുന്നുണ്ടു്.

പരീശനായ ശിമയോൻ ആഗതയെ ഭയത്തോടെ-അറപ്പോടെ-വെറുപ്പോടെ ഒന്നു നോക്കി. ഇതല്ലേ, കുപ്രസിദ്ധയായ മഗ്ദലനാമറിയം? അവളെ അറിയാത്ത സ്ഥാനങ്ങളില്ല;

ഗലീലയിലോ, യൂദിയായിലോ, അവളുടെ ജന്മസ്ഥലമായ ബെഥനിയിലോ. ബെഥനിയിൽ അവളൊരു വീട്ടിലും സ്വാഗതാർഹയല്ല. "ആ സ്ത്രീ ഒരു പാപിനിയായിരുന്നു." അതേയുള്ള അവളെ വിവരിക്കാൻ വാക്കുകൾ!–പരീശൻ ശിമയോൻ ചിന്തിക്കയാണ്. "പൊതുജനങ്ങളുടെയിടയിൽ അവളൊരു മഹാപാപിനി." അവളങ്ങനെ ആ മാന്യഗൃഹത്തിൽ വന്നു കയറുകയോ!

എന്നാൽ, അതൃപ്തിയോ പ്രതിഷേധമോ രേഖപ്പെടുത്താൻ ശിമയോനു സാധിക്കുന്നതിനു മുൻപുതന്നെ അവൾ യേശുവിനെ സമീപിച്ചു; അവിടുത്തെ പാദത്തിങ്കൽ സാഷ്ടാംഗം വീണു. പെട്ടെന്നവൾ വിങ്ങിവിങ്ങിക്കരയാൻ തുടങ്ങി. ധാരധാരയായി അവളുടെ കണ്ണുകളിൽ നിന്നു് പ്രവഹിച്ച ബാഷ്പബിന്ദുക്കൾ യേശുവിൻെറ ഇരുപാദങ്ങളും നനച്ചു; ആതിഥ്യമര്യാദയനുസരിച്ചു് ശിമയോൻ കഴുകേണ്ടിയിരുന്ന പാദങ്ങൾ! കണ്ണീരുകൊണ്ടു് ആ പാദങ്ങൾ നനഞ്ഞതു് അവൾ കണ്ടു. തിങ്ങി, പനങ്കുലപോലെ വളർന്നിരുന്ന അവളുടെമനോഹരമായ തലമുടിക്കെട്ടു് അവൾ അഴിച്ചു. അതുകൊണ്ടു് ആ പാദങ്ങൾ അവൾ തുടച്ചു. എന്നിട്ടാപാദങ്ങൾക്കു മുൻപിൽ, അവളിരുന്നു. ആ വെങ്കൽഭരണി തുറന്നു്, അതിനകത്തു നിറയെയുണ്ടായിരുന്ന സുഗന്ധദ്രവ്യംകൊണ്ടു്, ആ പാദങ്ങളെ അവൾ അഭിഷേകം ചെയ്തു. ഒരു നിമിഷത്തിനുള്ളിൽ വിശാലമായ ആ മുറി മുഴുവൻ സുഗന്ധം വ്യാപിച്ചു.

സങ്കടവും കണ്ണീരും കൊണ്ടു നിറഞ്ഞിരുന്ന ആ സ്ത്രീയുടെ മുഖത്തേക്കു യേശു നോക്കി. ആ നോട്ടം അവളുടെ ഹൃദയത്തെ സ്പർശിക്കുന്നു. ആ ഹൃദയമാവട്ടെ, അനുതാപവും കൃതജ്ഞതയും കൊണ്ടു് പവിത്രമാക്കപ്പെട്ടു കഴിഞ്ഞിരുന്നു. ഒരു മഹാപാപിനിയുടെ ഹൃദയമായിരുന്നതു്. ആരും അതു നിഷേധിക്കാൻ മുതിരുകയില്ല. എന്നാൽ, ഇപ്പോഴാകട്ടെ അതൊരു പരിശുദ്ധയുടെ ഹൃദയമായി പരിവർത്തനം ചെയ്യപ്പെട്ടു കഴിഞ്ഞു. അവളെ നോക്കുമ്പോൾ, യേശുവിൻെറ ഹൃദയം ചാരിതാർത്ഥ്യമടഞ്ഞു.

വെറുപ്പോടെ, പരീശനായ ശിമയോൻ യേശുവിൻെറ സാമീപ്യത്തിൽനിന്നകന്നു മാറി. അയാാം സ്വയം പറയുകയാണ്:– "ഈ മനുഷ്യൻ, ഒരു പ്രവാചകനാണെങ്കിൽ, ഏതു വിധമുള്ള ഒരു സ്ത്രീയാണ് അയാളുടെ പാദങ്ങളെ സ്പർശിക്കുന്നതെന്നു മനസ്സിലാക്കയില്ലേ? അവാം മഹാപാപിനിയല്ലേ?"

യേശു അയാളെ നോക്കി, ദുഃഖത്തോടെ. അയാളുടെ ചിന്തകാം അവിടുന്നു് മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. അഹങ്കാരം നിറഞ്ഞ ഒരു ഹൃദയത്തെ, യാഥാർത്ഥ്യം മനസ്സിലാക്കാൻ ലഭിച്ച ഒരു സുവർണ്ണാവസരമായിരുന്നതു്. ആ അവസരം പാഴാക്കാൻ യേശു ഒരുമ്പെട്ടില്ല. അവിടുത്തേയ്ക്കു് കോപമില്ല; ആ അവസരത്തിലും അവിടുന്നു് സ്നേഹനിധിതന്നെ. അവിടുന്നു് ആ പരീശനോട്ട് ശാന്തമായി പറയുകയാണ്:–

"ശിമയോനേ, നിങ്ങളോട്ട് എനിക്കൊരു കാര്യം പറയാനുണ്ടു്."

"ഗുരോ, പറഞ്ഞാലും."

"പണം കടംകൊടുക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരുന്ന ഒരാാംക്കു് രണ്ടു വ്യക്തികാം കുറെ പണം കൊടുത്തു തീർക്കേണ്ടതുണ്ടായിരുന്നു. ഒരാാം അഞ്ഞൂറു വെള്ളിക്കാശും, അപരൻ അൻപതു വെള്ളിക്കാശും. ഈ കടം വീട്ടാൻ ഇരുവക്കും വശമില്ലാതെ വന്നുകൂടി. അതുകൊണ്ടു്, ഈ കടങ്ങാം ഇരുവക്കും അയാാം ഇളച്ചുകൊടുത്തു. അങ്ങനെയാണെങ്കിൽ ആ കടക്കാരിൽ ആക്കായിരിക്കാം, അയാളോടു കൂടുതൽ സ്നേഹം?"

ഏതാണ്ടൊരു പരുങ്ങലോടെ ശിമയോൻ മറുപടി നല്കി:– "കൂടുതൽ കടമുണ്ടായിരുന്നവനെന്നാണ് എനിയ്ക്കു തോന്നുന്നതു്."

"നിങ്ങളുടെ വിധി ശരിയാണ്."–ശിമയോനെ സൂക്ഷിച്ചു നോക്കികൊണ്ടു യേശു പറഞ്ഞു.

"നിങ്ങാം ഈ സ്ത്രീയെ കാണുന്നില്ലേ? ഞാൻ നിങ്ങളുടെ ഗൃഹത്തിലെത്തി. എന്നാൽ, എൻെറ പാദങ്ങാം കഴുകാൻ നിങ്ങാം എനിക്കു വെള്ളം തന്നില്ല. ഈ സ്ത്രീയാണെങ്കിൽ,

കണ്ണീരുകൊണ്ടു് എൻെറ പാദങ്ങറം കഴുകി, അവളുടെ തലമുടികൊണ്ടു് അവ തുവത്തി. ഒരു ആതിഥേയനെന്ന നിലയിൽ ഒരു ചുംബനത്തോടെ നിങ്ങറം എന്നെ സ്വീകരിച്ചില്ല. ഇവളാകട്ടെ, ഈ മുറിയിൽ അവറം പ്രവേശിച്ച നിമിഷംമുതൽ എൻെറ പാദങ്ങളെ ചുംബിക്കയായിരുന്നു. നിങ്ങറം എൻെറ തലയിൽ എണ്ണ പൂശിയില്ല. ഇവറം സുഗന്ധദ്രവ്യംകൊണ്ടു് എൻെറ പാദങ്ങളെ അഭിഷേകം ചെയ്തു. അതുകൊണ്ടു്, ഞാൻ പറയുന്നു:-"കൂടുതൽ സ്നേഹിച്ച അവളുടെ പാപങ്ങറം, നിരവധിയായിരുന്നാലും, അവയെല്ലാം പൊറുക്കപ്പെട്ടു. എന്നാൽ, അല്പമായി പാപങ്ങറം പൊറുക്കപ്പെട്ടവൻ, അല്പമേ സ്നേഹിക്കയുള്ളൂ.''

സ്നേഹത്തോടെ, എന്നാൽ സഗൗരവം, ശാസന നൽകാൻ യേശുവിനു വശമുണ്ടായിരുന്നു. ആ ശാസനാരീതിയിലായിരുന്നു അതു്. ശിമയോൻെറ മുഖം ലജ്ജകൊണ്ടു വിളറി. ഗുരുവിൻെറ മുഖത്തുനിന്നു് അയാറം നോട്ടം പിൻവലിച്ചു. യേശു പറഞ്ഞ കാര്യം അക്ഷരശ: സത്യമായിരുന്നു.

അതിനുശേഷം, യേശു ആ സ്ത്രീയെ നോക്കി. സ്ത്രീസൗന്ദര്യത്തിനു ഒരു തിലകക്കുറിതന്നെയായിരുന്നവറം. എന്നാൽ, യേശുവിൻെറ കണ്ണുകറം ദശിച്ചതു അവളുടെ ആത്മീയസൗന്ദര്യമാണു്. പശ്ചാത്താപംകൊണ്ടു് സംശുദ്ധമായ ആ ആത്മാവിൻെറ സൗന്ദര്യം അന്യാദൃശമായിരുന്നു

സ്നേഹവും ശാന്തതയും സമ്മിശ്രമായിരുന്ന ശബ്ദത്തിൽ അവിടുന്നു് അവളോടു് പറയുകയാണു്:-"നിൻെറ പാപങ്ങറം പൊറുക്കപ്പെട്ടിരിക്കുന്നു. നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചു. സമാധാനത്തോടെ പോകുക."

ഒരുനിമിഷനേരം മുട്ടിന്മേൽ നിന്നു്; അവറം സാവധാനം എഴുനേററു. അതിവേഗം അവറം വാതിൽക്കലേക്കു നടന്നു. തറയിൽ പതിഞ്ഞിരുന്ന കണ്ണുകറം അവറം ഉയത്തിയില്ല മുറിവിട്ടു്, അവറം ഇറങ്ങിപ്പോയി. ആ മുറിയിലുണ്ടായിരുന്നവരുടെ എല്ലാവരുടെയും മുൻപിൽ അവറം വിനീതയായിത്തീന്നിരി

ക്കാം. എന്നാൽ "നിൻെറ പാപങ്ങൾ പൊറുക്കപ്പെട്ടിരിക്കുന്നു!" എന്ന വാക്കുകൾ കേൾക്കാൻ അവൾക്കു സാധിച്ചില്ലേ?

സന്തോഷത്തോടെ യേശു, ശിമയോൻെറ വീട്ടിൽനിന്നു് മടങ്ങി. ഒരു ആത്മാവുകൂടി രക്ഷ കണ്ടെത്തി. സ്വർഗ്ഗത്തിൽ ദൈവദൂതർ ആ സംഭവത്തിൽ ആനന്ദം കൊള്ളും.

# XIII

## അമ്മയുടെ സഹകരണം

യേശുവിൻെറ മാതാവു്, മേരി, കപ്പർണ്ണഹോമിലെ അവളുടെ ചെറുഗൃഹത്തിൽ ഗോതമ്പു പൊടിച്ചുകൊണ്ടിരിക്കയാണു്. അവിടെയാണു് ഇപ്പോൾ അവളുടെ വീടു്. തിരികല്ലു തിരിക്കുന്ന ആ സന്ദർഭത്തിൽ, അവളുടെ മുഖത്തു വിഷാദച്ഛായ വ്യക്തമായി കാണാനുണ്ടു്. യോഹന്നാൻ സ്നാപകൻ മരണമടഞ്ഞുകഴിഞ്ഞിരുന്നു. കഴിഞ്ഞ സായാഹ്നത്തിൽ യേശുവാണു് അവിടെ വന്നു്, അവളെ ആ ചരമവാർത്ത അറിയിച്ചതു്. അവിടുന്നു് അവളുടെ പാർശ്വത്തിൽ വന്നിരുന്നു. ഒരു വാക്കുപോലും അല്പനേരത്തേക്കു അവിടുന്നു് പറഞ്ഞില്ല. അമ്മ നൂൽ നൂൽക്കുന്നതു നോക്കി, മകൻ നിശ്ചലനായിരിക്കയാണു്. ആ മുഖത്തു നോക്കിയപ്പോൾ മേരിക്കു മനസ്സിലായി, എന്തോ അത്യാഹിതം സംഭവിച്ചെന്നു്. പക്ഷേ, മേരി യാതൊന്നും മകനോടു ചോദിച്ചില്ല. സമയംപോലെ കാര്യം അദ്ദേഹം അറിയിക്കുമല്ലോ എന്നു് ആ അമ്മ സമാധാനപ്പെട്ടു.

ശാന്തസ്വരത്തിൽ അവിടുന്നു് അമ്മയെ അറിയിച്ചു:– "യോഹന്നാൻ സ്നാപകൻ മരിച്ചു. ഭാര്യയെ പ്രീണിപ്പിക്കാൻ ഹേറോദാവു അദ്ദേഹത്തെ വധിക്കയാണു് ചെയ്തതു്." ഹേറോദാവിൻെറ ഭാര്യ ഹേറോദ്യാ ആദ്യം അയാളുടെ ജ്യേഷ്ഠൻെറ ഭാര്യയായിരുന്നു. അവളെ ഭാര്യയായി സ്വീകരിച്ചതിൽ യോഹ

നാൻ ഹേറോദാവിനെ ഭത്സിച്ചു. അതിൽ ആ നാടുവാഴി കുപിതനായി, യോഹന്നാനെ വധിക്കാൻ ആജ്ഞ നൽകി.

വീണ്ടും യേശു മൗനമവലംബിച്ചു. അവിടുത്തെ മുഖത്തു് ക്ഷീണവും പാരവശ്യവും ദൃശ്യമായിരുന്നു. മനസ്സു മന്ദീഭവിക്കുമ്പോൾ, അങ്ങനെയായിരുന്നു അവിടുത്തെ ഭാവം. നേരം രാത്രിയായപ്പോൾ അവിടുന്നു് വീടുവിട്ടിറങ്ങി. മേരിക്കറിയരുതോ, യേശു പ്രാർത്ഥിക്കാൻ പോയിരിക്കയാണെന്നു്. യോഹന്നാൻ സ്നാപകനേക്കാൾ യേശു സ്നേഹിച്ച മറെറാരു വ്യക്തിയുമുണ്ടായിരുന്നില്ല.

ഈയിടയായി യേശു ചുരുക്കം അവസരങ്ങളിലേ അമ്മയെ കാണാൻ വന്നെത്താറുള്ളൂ. പക്ഷേ, മേരിക്കു അതിൻെറ കാരണം മനസ്സിലായി. തൻെറ പിതാവിനുവേണ്ടിയുള്ള പ്രവത്തനങ്ങളിൽ ഏപ്പെടാൻ യേശു ബാദ്ധ്യസ്ഥനല്ലേ? കേവലം പന്ത്രണ്ടുവയസ്സുള്ള ഒരു ബാലനായിരിക്കുമ്പോൾ യേശു ഉച്ചരിച്ച ആ വാക്കുകൾ ഇന്നു, പൂർവ്വാധികം സാക്ഷാല്ക്കരിക്കപ്പെട്ടിരിക്കയാണു്. എന്നാലും, അവിടുന്നു് അവളുടെകൂടെ സാധാരണ ഉണ്ടായിരിക്ക പതിവില്ലെങ്കിലും, അവിടുത്തോടൊപ്പം അവൾ പുത്രൻെറ "പ്രവൎത്തനങ്ങളിൽ" ഭാഗഭാക്കായി. അതിൽ അവൾ നിർവ്വഹിച്ച പങ്കു രഹസ്യമായിരുന്നു. വീട്ടിലിരുന്നു പ്രാർത്ഥിക്കുക; യേശു തൻെറ കൂടെയില്ലെങ്കിലും സൽപ്രവൎത്തികൾ ചെയ്യുക; സ്വപുത്രനെ സംബന്ധിച്ചിടത്തോളം വദ്ധമാനമായിത്തീരുന്ന ഉൽക്കണ്ഠാഭാരം ക്ഷമയോടെ വഹിക്കുക. പരീശൎക്കു അവിടുത്തോടുള്ള അസൂയ വദ്ധിച്ചുവരുന്നുണ്ടെന്നുള്ള പരമാത്ഥം മേരി മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടു്. യേശുവിൻെറ പ്രേഷിതപ്രവർത്തനങ്ങൾ സ്തംഭിപ്പിക്കാൻ അഹോരാത്രം അവർ ഭഗീരഥപ്രയത്നം നിർവ്വഹിക്കുന്നുണ്ടെന്നും അവൾക്കറിയാം. "ദുഃഖിതനായ ഒരു മനുഷ്യൻ — സങ്കടങ്ങളോടു പരിചിതൻ." എന്ന പ്രവചനങ്ങൾ അവിടുത്തെ ചിത്രീകരിച്ചിരിക്കുന്നതും അവൾക്കു അജ്ഞാതമല്ല. സർവ്വോപരി, അവൾക്കു ഓൎമ്മയില്ലേ, മുപ്പത്തിരണ്ടു വർഷങ്ങൾക്കുമുൻപു്, യറുശലേം

ദേവാലയത്തിൽവച്ച് വൃദ്ധനായ ശിമയോൻ ഉച്ചരിച്ച വാക്കുകഠം.

"അനേകഹൃദയങ്ങളുടെ വിചാരങ്ങഠം വെളിപ്പെടേണ്ടതിന്ന്

"ഇവൻ ഇസ്രായേലിൽ പലരുടേയും ഉയർച്ചക്കും വീഴ്ചയ്ക്കും കാരണമായിത്തീരും.

"നിൻെറ സ്വന്തം ആത്മാവിൽക്കൂടി ഒരു വാളു കടക്കും."

എന്നാൽ ഈ അവസരത്തിലും ദൈവപാദങ്ങളിൽ സമർപ്പിക്കാൻ അവഠംക്കൊരു പ്രത്യുത്തരം മാത്രമേയുണ്ടായിരുന്നുള്ളു.

"കർത്താവിൻെറ ദാസി ഇതാ—

"അങ്ങയുടെ വചനംപോലെ എന്നിൽ നിവർത്തിയാകട്ടെ!"

ആ വാക്കുകഠം പ്രഥമമായി ഉച്ചരിക്കുമ്പോഠം, മേരി കേവലം ഒരു ബാലിക മാത്രമായിരുന്നു. ഇപ്പോഴാണെങ്കിൽ, അവഠം ചെറുപ്പമല്ല. അവളുടെ തലമുടി നരച്ചിട്ടില്ലായിരിക്കാം. അവളുടെ ശരീരം ഇപ്പോഴും ഒതുക്കമുള്ളതാണ്; അതിനു വാർദ്ധക്യസഹജമായ കൂനൊന്നും സംഭവിച്ചിട്ടില്ല അവളെ കണ്ടശേഷം പലരും അന്യോന്യം പറയാറുണ്ട്:—"യേശുവിൻെറ മാതാവാണ് അവളെന്നാണോ നിങ്ങഠം പറയുന്നതു്? അവളിപ്പോഴും ചെറുപ്പമാണല്ലോ!"

പൊതുജനദൃഷ്ടിയെ ആകർഷിക്കുക മേരിക്കു ലേശവും ഹിതകരമല്ല. എന്നാലും, ചിലപ്പോഴൊക്കെ ശിരസ്സ് നല്ലതുപോലെ മൂടി; കഫർണ്ണഹോമിലോ, സമീപപ്രദേശങ്ങളിലോ യേശു പ്രസംഗിക്കുമ്പോഠം, അതു കേഠംക്കാൻ അവഠം പോകാറുണ്ട്. ചിലപ്പോഠം ക്ലിയോപ്പാ മേരി അവളുടെകൂടെയുണ്ടായിരിക്കും—അല്ലെങ്കിൽ, മററു ചില ബന്ധുക്കളായിരിക്കും അവളെ അനുഗമിക്കുക. ആഠംക്കൂട്ടത്തിൻെറ തിരക്കിൽപ്പെടാതെ ഒരരുകിൽ അവഠം ഒഴിഞ്ഞു മാറിനിൽക്കും. എന്നിട്ടാണ്, മകൻെറ ആ വിലതീരാത്ത വാക്കുകഠം അവഠം

ശ്രദ്ധിക്കുന്നതു്. അവയുടെ ആന്തരാർത്ഥം മററാക്കെങ്കിലും മേരിയോളം മനസ്സിലാക്കാൻ സാധിക്കുമോ?

"ചോദിപ്പിൻ—എന്നാൽ നിങ്ങൾക്കു ലഭിക്കും.

"അന്വേഷിപ്പിൻ—എന്നാൽ നിങ്ങൾ കണ്ടെത്തും.

"മുട്ടുവിൻ—എന്നാൽ തുറക്കപ്പെടും.

"എന്തുകൊണ്ടെന്നാൽ, ചോദിക്കുന്ന ഏവനും ലഭിക്കുന്നു.

"അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു.

"മുട്ടുന്നവനു തുറക്കപ്പെടും.

"ദോഷികളായ നിങ്ങൾ, നിങ്ങളുടെ മക്കൾക്കു നല്ല ദാനം കൊടുക്കാൻ

"അറിയുന്നെങ്കിൽ, സ്വർഗ്ഗസ്ഥനായ പിതാവു്, അദ്ദേഹത്തോടു് ചോദിയ്ക്കുന്നവർക്കു്, നന്മ എത്രയധികം ചെയ്യും!"

തനിക്കുചുററം നിൽക്കുന്ന ജനങ്ങളുടെ മുഖങ്ങൾ മേരി സൂക്ഷിക്കും. ആ മുഖങ്ങളിൽ സ്ഫുരിക്കുന്ന പരുങ്ങലും പ്രതീക്ഷാഭാവവും അവൾ കാണുന്നുണ്ടു്. ദൈവം നല്ലവനാണെന്നും, അദ്ദേഹം സ്നേഹനിധിയാണെന്നും, അദ്ദേഹം ഒരു പിതാവാണെന്നും മനസ്സിലാക്കാൻ മനുഷ്യർക്കു വിഷമമാണെന്നു കാണുക വിചിത്രമല്ലേ; മേരി ചിന്തിക്കും. ആ ചിന്ത മനസ്സിലുയരുമ്പോൾ, സഹതാപംകൊണ്ടു് അവളുടെ ഹൃദയം മൃദുലമാകും.

ആൾക്കൂട്ടത്തിൽ ആരും അവളെ കാണരുതു്; മനസ്സിലാക്കരുതെന്നു മേരിക്കാഗ്രഹമുണ്ടു്. എന്നാലും, ചിലപ്പോൾ ചിലർ അവളെ മനസ്സിലാക്കുകതന്നെ ചെയ്യും. അപ്പോൾ അവർ അന്യോന്യം ആരായും:—

"അതു് അദ്ദേഹത്തിൻെറ മാതാവല്ലേ? അവൾക്കു സമീപം നില്ക്കുന്നതു് അദ്ദേഹത്തിൻെറ ബന്ധുക്കളല്ലേ?"

അങ്ങനെയുള്ള ഒരു സന്ദർഭത്തിൽ ശ്രോതാക്കളെ ഒരു പാഠം പഠിപ്പിക്കാൻ യേശുവിനു സാധിച്ചു. ആൾക്കൂട്ടത്തിനു നേരെ തിരിഞ്ഞുകൊണ്ടു്, ആ അവസരത്തിൽ അവിടുന്നു് ചോദിക്കുകയാണു്:—

"എൻെറ അമ്മയും സഹോദരന്മാരും ആരാണു്?

"സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ അഭീഷ്ടമനുസരിച്ചു പ്രവർത്തിക്കുന്നവർ ആരോ, അവരാണ് എന്റെ അമ്മയും സഹോദരന്മാരും."

ആ പ്രഖ്യാപനത്തിന്റെ പൊരുൾ മേരിക്കു മനസ്സിലായി. യേശുവിന്റെ ഒരു വാക്കിന്റേയും ആന്തരാർത്ഥം അവൾക്കു മനസ്സിലാകാതിരുന്നില്ല.

അവിടുന്നു ആരെയെല്ലാം സഹായിച്ചുവോ, അവരെല്ലാം തന്നെ മേരിയുടെ സുഹൃത്തുക്കളായിത്തീന്നു യേശു സൌഖ്യമാക്കിയ ഒരു സ്ത്രീയുണ്ടായിരുന്നു. അവളുടെ കൃതജ്ഞതയുടെ അഗാധത കണ്ടാൽ ആരുടേയും മനസ്സലിയുമായിരുന്നു. അവളുടെ ഹൃദയത്തിലെ ആനന്ദപ്രവാഹം അറിയിക്കാൻ ആ സ്ത്രീ മേരിയുടെ സന്നിധിയിൽ വന്നെത്തി. അതുപോലെതന്നെ യേശു മരണത്തിൽ നിന്നു ജീവിപ്പിച്ച ജയ്റൂസിന്റെ ചെറുപുത്രി. "എന്നെ ഒന്നു നോക്കു—എന്റെ രോഗം ഭേദമായി!"—മേരിയുടെ മുൻപിൽ അവളോടിയെത്തി, ആഹ്ലാദത്തോടെ പറയുകയാണ്: —"യേശുഗുരു എന്റെ രോഗം സൌഖ്യമാക്കി." അവൾ മേരിയെ ആലിംഗനം ചെയ്തു. "അദ്ദേഹത്തെ പരമാവധി സന്തോഷിപ്പിക്കാൻ ഞാൻ എന്തായിരിക്കുമോ ചെയ്യേണ്ടതു്?"

മന്ദസ്മിതത്തോടെ മേരി ആ ബാലികയെ ചുംബിച്ചു. "നല്ല ഒരു പെൺകുട്ടിയായി വളരുക. അതായിരിക്കും അദ്ദേഹത്തെ ഏററവും കൂടുതൽ സന്തോഷിപ്പിക്കുന്നതു്."

ശിഷ്യന്മാർ പന്ത്രണ്ടുപേരും, പ്രത്യേകിച്ചു പത്രോസും യോഹന്നാനും മേരിയെ കാണാനെത്തും. അവർ അവളെ പറഞ്ഞുകേൾപ്പിക്കും, യേശു എന്തൊക്കെയാണ് പ്രവർത്തിക്കുന്നതെന്നു്.

"യേശു ഒരന്ധനു ഇന്നു കാഴ്ച നൽകി." — ഒരാൾ പറയും.

"നെയിമിലെ ഒരു വിധവയുടെ മകനെ അദ്ദേഹം മരണത്തിൽനിന്നു ജീവിപ്പിച്ചു."—എന്നായി മറെറാരാൾ.

"ഒരു ശതാധിപന്റെ ഭൃത്യനെ യേശു സൗഖ്യമാക്കി."—മൂന്നാമതൊരാൾ മേരിയോടു പറയും.

''ഓരോ ദിവസം കഴിയുംതോറും കൂടുതൽ കൂടുതൽ ആളുകൾ അദ്ദേഹത്തെ പിൻതുടരുന്നു. അദ്ദേഹം ഒരു രാജാവായി ഉയർത്തപ്പെട്ടുമെന്നുപോലും സംസാരമുണ്ട്."

തുടരെ, കുറെ ദിവസങ്ങൾ അവരദ്ദേഹത്തെ കണ്ടിട്ടില്ലാത്ത സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. അപ്പോഴവരോടിയെത്തും, മേരിയുടെ സന്നിധിയിൽ. "രണ്ടുമൂന്നു ദിവസമായി, ഞങ്ങൾ അദ്ദേഹത്തെ കണ്ടിട്ട്". അദ്ദേഹത്തെ കാണാത്തതുകൊണ്ടു അന്വേഷണങ്ങളുമായി ആളുകൾ ഞങ്ങളെ അലട്ടുന്നു.''

യേശു എവിടെയാണെന്നുള്ള വിവരം കൃത്യമായി മേരിക്കും അറിവുണ്ടായിരിക്കയില്ല. എന്നാലും, അവൾക്കുഹിക്കരുതോ? നസ്രേത്തിലുള്ള കുന്നിൻമുകളിൽ രാത്രിമുഴവൻ പ്രാർത്ഥനയിൽ കഴിച്ചുകൂട്ടിയ യേശു ഇന്നും വ്യത്യസ്തനല്ല.

ആ ചെറുഗൃഹത്തിനുള്ളിൽ മേരി ഗോതമ്പു പൊടിച്ചുകൊണ്ടിരിക്കയാണ്. അവളുടെ അപ്പോഴത്തെ ചിന്തയും യേശുവിനെപ്പററിത്തന്നെ; യേശുവിനേയും യോഹന്നാൻ സ്നാപകനേയും പററി. യോഹന്നാൻെറ ജനനത്തിനു മുൻപു സ്ഥറിയായോടു ദൈവദൂതൻ പറഞ്ഞ വാക്കുകൾ അപ്പോളവളുടെ ഓർമ്മയിലുദിച്ചു.

"എന്തുകൊണ്ടെന്നാൽ, ദൈവത്തിൻെറ മുൻപിൽ അവൻ വലിയവനെന്നു വിളിക്കപ്പെടും. ഇസ്രായേൽ സന്തതികളിൽ പലരേയും അവരുടെ ദൈവമായ കർത്താവിങ്കലേക്കു അവൻ കൊണ്ടുവരും."

യോഹന്നാൻ പ്രവർത്തനമാരംഭിച്ചശേഷം, ഇക്കഴിഞ്ഞ രണ്ടുവർഷക്കാലം, ഇസ്രായേലിൽ സംഭവിച്ചതെല്ലാം അത്ഭുതകരമായിരുന്നു. യോഹന്നാൻ മാർഗ്ഗം സജ്ജമാക്കി. അതിൻശേഷം യേശു ആഗതനായി. നിരവധി ആത്മാക്കൾ അദ്ദേഹത്തിൻെറ സന്നിധിയെ അഭയം പ്രാപിക്കുന്നുണ്ട്. എന്നാൽ, അദ്ദേഹത്തിൻെറ വാക്കുകൾ ശ്രദ്ധിക്കയും വിശ്വസിക്കയും ചെയ്യുന്നവരും, ശ്രദ്ധിക്കാതെയും വിശ്വസിക്കാതെയും ഇരിക്കുന്നവരും തമ്മിലുള്ള അഭിപ്രായവ്യത്യാസത്തിനു മൂച്ച് കൂടി വന്നുകൊണ്ടി

രിക്കുന്നു. പണ്ട് എയിൻകരീമിൽ എലീശ്ബായുടെ വീട്ടുവാതിൽക്കൽവച്ച് മേരി ഉച്ചരിച്ച വാക്കുകൾ അവൾ (മേരി) ഒരു നൂതനരീതിയിൽ മനസ്സിലാക്കിത്തുടങ്ങി.

"അവൻ പ്രഭുക്കന്മാരെ സിംഹാസനത്തിൽ നിന്നിറക്കി
"താണവരെ ഉയർത്തിയിരിക്കുന്നു.
"വിശന്നിരിക്കുന്നവരെ നന്മകളാൽ നിറച്ചു
"സമ്പന്നന്മാരെ അവൻ വെറുതെ അയച്ചുകളഞ്ഞിരിക്കുന്നു."

"പക്ഷേ, ഒരുത്തരേയും അദ്ദേഹം വെറുംകൈയ്യോടെ അയക്കുകയില്ല."- മേരി ചിന്തിച്ചു. "അഥവാ, ആരെയെങ്കിലും അദ്ദേഹം അങ്ങനെ അയക്കുകയാണെങ്കിൽ, അത് വചനം കേൾക്കാൻ വിസമ്മതിക്കുന്നവരെയായിരിക്കും." അതോടൊപ്പം അവളുടെ ചിന്തയിലുയർന്നു, യേശുവിൻെറ വിലയേറിയ വാക്കുകൾ.

"ചോദിപ്പിൻ—എന്നാൽ നിങ്ങൾക്കു ലഭിക്കും.
"അന്വേഷിപ്പിൻ—നിങ്ങൾ കണ്ടെത്തും."

ഒരുനിമിഷനേരത്തേക്കു തിരികല്ലു നിറുത്തി, മേരി ശ്രദ്ധിച്ചു. ആരോ കതകിൽ തട്ടുന്നുണ്ടോ? ഇല്ല; ഒരു ശബ്ദവും കേൾക്കാനില്ല. വീണ്ടും അവൾ ഗോതമ്പു പൊടിച്ചുതുടങ്ങി. പക്ഷേ, വീണ്ടും അവളതു നിറുത്തി. അതാ, ആരോ കതകിൽ മുട്ടുന്ന ശബ്ദം.

മേരി എഴുന്നേററ് വാതിൽക്കലേക്കു നടന്നു. അവൾ കതക് തുറന്നു. അടുത്തനിമിഷം, അമ്പരപ്പോടെ അവൾ ഒന്നുരണ്ടു ചുവടു പിന്നോക്കം വച്ചു. അതിസുന്ദരിയായ ഒരു സ്ത്രീ അതാ, വാതിൽക്കൽ നിൽക്കുന്നു.

ആ സ്ത്രീയാണ് സംഭാഷണം ആരംഭിച്ചത്:- "അവിടുന്നു നസ്രേത്തിലെ ഗുരുവിൻെറ അമ്മയാണോ? ഞാൻ മേരി—മഗ്ദലനമേരിയാണ്. ഞാൻ അകത്തേക്കു വരട്ടെയോ?"

മേരി ആ അപരിചിതയെ വീട്ടിനുള്ളിലേക്ക് കൂട്ടിക്കൊണ്ടുപോയി. ആഗത വീട്ടിനുള്ളിലൊന്നു കണ്ണോടിച്ചു. ഇതാണ്

ഗുരുവിൻെറ മാതാവു്! ഇതാണ് അദ്ദേഹത്തിൻെറ വസതി! മഗ്ദലനമേരി കണ്ടിട്ടുള്ളതിൽ ഏററവും വിനീതമായ ഒരു ഗൃഹം. എന്നാൽ, അതിനകം എത്ര ശുചിയായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു! തൻെറ മുൻപിൽ നിൽക്കുന്ന സ്ത്രീയോ? യേശുവിൻെറ മാതാവു്! എത്ര അസാധാരണമായ മുഖം! എങ്ങനെ അതു് വാക്കുകൾകൊണ്ടു വർണ്ണിക്കുന്നു! പരിപൂർണ്ണമായ ശാന്തി സ്ഫുരിക്കുന്ന മനോമോഹനമായ ഒരു മുഖം.

പെട്ടെന്നവൾ, യേശുവിൻെറ മാതാവിൻെറ മുൻപിൽ മുട്ടുകുത്തി. കണ്ണീരോടെ തൻെറ പരിതാപകരമായ ജീവിതകഥ അവൾ പറയാനാരംഭിച്ചു. ബെഥനിയിൽ അവളുടെ ശൈശവകാല ജീവിതം–അവളുടെ സഹോദരി മാർത്താ–സഹോദരൻ ലാസർ എന്നീവിവരങ്ങളെല്ലാം ഒന്നും വിടാതെ അവൾ പറഞ്ഞു കേൾപ്പിച്ചു. "അന്നു ഞാൻ നല്ലവളായിരുന്നു." — ഏങ്ങലടിച്ചുകൊണ്ടു് അവൾ പറഞ്ഞു. അതിനുശേഷം മഗ്ദലിനായിലെ സമ്പന്നനായ സൈനികോദ്യോഗസ്ഥനുമായി അവൾക്കുണ്ടായ പ്രേമബന്ധകഥ അവൾ വിവരിച്ചു. പിന്നീടവൾ സങ്കടാധിക്യംകൊണ്ടു് അപൂർണ്ണമായ വാചകങ്ങളിലാണു് പടിപടിയായി അവൾക്കു് സംഭവിച്ച അധഃപതനത്തെപ്പററി മേരിയെ പറഞ്ഞു കേൾപ്പിച്ചതു്—പാപകരവും നിന്ദ്യവുമായ ജീവിതം.

യേശുവിൻെറ മാതാവു്, മേരി, ശാന്തയായിരുന്നു് അതു മുഴുവൻ ശ്രദ്ധിച്ചു. അവൾ പാപിനിയായ മേരിയുടെ മനോഹരമായ തലമുടി തടവി; യേശുവിൻെറ പാദങ്ങൾ തുവർത്തിയ ആ തലമുടി.

സങ്കടകരമായ ആ കഥ അവസാനിച്ചപ്പോൾ ആ മാതാവു് മഗ്ദലനമേരിയെ ഉപദേശിച്ചു:–"സഹോദരീ, വീട്ടിലേക്കു മടങ്ങുക; നിൻെറ ഉത്തമയായ സഹോദരിയുടേയും സ്നേഹസമ്പന്നനായ സഹോദരൻെറയും അടുക്കലേക്കു മടങ്ങുക. നല്ല ജീവിതം ഭാവിയിൽ നയിക്കാൻ അവർ നിന്നെ സഹായിക്കും."

"എന്നാലും, എന്റെ ലജ്ജാഭാരമോ? അവരെന്നെ സ്വീകരിക്കയില്ല."

"നീ ഇപ്പോൾ പരിവർത്തനം ചെയ്യപ്പെട്ടവളല്ലേ? ഇപ്പോൾ നീ പുതിയ ഒരു മേരിയായിത്തീർന്നിരിക്കുന്നു. നിനക്കു ഇഷ്ടമാണെങ്കിൽ ഇവിടെ ഏതാനും ദിവസങ്ങൾ താമസിക്കുക; അതിനുശേഷം, കുടുംബത്തിലേക്കു മടങ്ങണം. നീ ജീവിതം പുനരാരംഭിക്കുക."

മനോഹരമായ ആ ഇരുണ്ട കണ്ണുകൾ യേശുവിന്റെ അമ്മയുടെ മുഖത്തു പതിഞ്ഞു; വിവിധങ്ങളായ ചിന്തകളോടെ.

"അമ്മേ, അമ്മയും അമ്മയുടെ പുത്രനും തുല്യസ്വഭാവമുള്ളവരാണ്." ഒരു നിമിഷനേരം അവൾ മൗനമവലംബിച്ചു. വീണ്ടും അവൾ സംസാരിച്ചു തുടങ്ങി:—"സ്വപ്രവർത്തനങ്ങൾ പ്രയാസരഹിതം നടത്തുന്നതിനു ഗുരുവിനു സ്ത്രീകളുടെ സേവനം ആവശ്യമില്ലെന്നു് വരുമോ?" തുടന്നു്, വാക്കുകൾകിട്ടാതെ വിഷമിച്ചു്, അവൾ അല്പനേരം സംസാരം നിറുത്തി. "ഗുരുവും ശിഷ്യരും ജനങ്ങളെ ഉൽബോധിപ്പിക്കുന്ന പ്രധാനസ്ഥാനങ്ങളിൽ അവരുടെ ക്ഷേമസൗകര്യങ്ങൾ അന്വേഷിക്കാൻ എന്തുകൊണ്ടു് ഒരു സംഘം സ്ത്രീകൾ രംഗപ്രവേശം ചെയ്തുകൂടാ?"

യേശുവിന്റെ മാതാവു പുഞ്ചിരിച്ചു. അവൾ മറുപടിയൊന്നും പറഞ്ഞില്ല. അക്കാര്യം തീരുമാനിക്കേണ്ടതു് യേശുവാണ്, അവളല്ല. എന്നാലും, ഒരു ചെറുസംഘം സ്ത്രീകളുടെ, പരിശുദ്ധകളായ ഒരു സംഘം സ്ത്രീകളുടെ, ഒരു സംഘടന രൂപം പ്രാപിച്ചുവരുന്നതു അവൾ മനസ്സുകൊണ്ടു് കണ്ടു. ക്ലിയോപ്പാ മേരി, ചൂസായുടെ ഭാര്യ ജോയാനാ, സൂസന്നാ; ഇപ്പോൾ മഗ്ദലന മേരിയും.

കുറെ സമയത്തിനുശേഷം ആ വീടിന്റെ വാതുക്കൽനിന്നു്, മഗ്ദലനമേരിയോടു ക്രിസ്തുവിന്റെ മാതാവു മേരി യാത്ര പറഞ്ഞ അവസരത്തിലും; ആ സംഘടനയുടെ ചിത്രം അവളുടെ മനസ്സിൽനിന്നു മാഞ്ഞിരുന്നില്ല. "നീ മടങ്ങിവരണം, സഹോദരി." മേരി സസ്നേഹം അവളോടു പറഞ്ഞു: "വേഗം മടങ്ങി

വരണം. ബെഥനിയിൽ സ്വഗൃഹത്തിലേക്കു പോകാൻ തയാറാകുമ്പോൾ മടങ്ങിയെത്തി, ഏതാനും ദിവസങ്ങൾ എൻെറ കൂടെ താമസിക്കണം." കോമളയായ ആ സ്ത്രീ നടന്നകലുമ്പോൾ, മേരി ചിന്തിക്കയാണ്:–"അവൾ പറഞ്ഞതു യഥാർത്ഥമാണ്. യേശുവിനായി സേവനം അനുഷ്ഠിക്കാൻ ഒരു സംഘം സ്ത്രീകൾ ഇറങ്ങിപുറപ്പെടുക അഭിലഷണീയമായ ഒരു സംരംഭമായിരിക്കും."

# XIV

## അഞ്ചപ്പവും രണ്ടുമീനും

കീപ്പർണ്ണഹോമിൻെറ വടക്കുഭാഗത്തുനിന്നു്, തടാകത്തിൻെറ തീരം വഴി നടന്നുപോകയാണ്, വമ്പിച്ച ആ ജനക്കൂട്ടം. അവരുത്സാഹഭരിതരായിരുന്നു; അവരുടെ സംസാരത്തിൻെറ ശബ്ദം ഒട്ടകലെ കേൾക്കത്തക്കവിധം ഉച്ചത്തിലുമായിരുന്നു. കൈത്തൊഴിലുകാർ അവരുടെ തൊഴിൽശാലകൾ വിട്ടിറങ്ങി. കച്ചവടക്കാർ അന്നത്തേക്കു കച്ചവടം വേണ്ടെന്നുവച്ചു. സ്ത്രീകൾ വീട്ടുജോലികൾ വളരെനേരത്തേതന്നെ ചെയ്തുതീർത്തു. കുഞ്ഞുങ്ങളാണെങ്കിൽ, അന്നത്തേയ്ക്കു കളികൾ ആവശ്യമില്ലെന്നു് തീരുമാനിച്ചു എന്നിട്ടാണവർ കൂട്ടംകൂട്ടമായി പുറപ്പെട്ടതു്. ഒരു വിശ്രമദിവസത്തിലെ ആനന്ദമാണ് അവർക്കു അന്നു് അനുഭവവേദ്യമായതു്. അവർ പാട്ടുകൾപാടി; പൊട്ടിച്ചിരിച്ചു. ഇടയ്ക്കിടെ അവർ സൂക്ഷിക്കുന്നുണ്ടു്, തടാകത്തിൽക്കൂടി അവർക്കു മുൻപായി പോകുന്ന ഒരു വഞ്ചിയുടെ ഗതി. അവരേക്കാൾ മുൻപിൽ പുറപ്പെട്ടതാണ് ആ വഞ്ചി. പക്ഷേ, മന്ദമായി മാത്രമെ അതു നീങ്ങുന്നുള്ളു.

"അതിൽ ഭാരം കൂടുതലാണ്.":– ആൾക്കൂട്ടത്തിൽ ഒരാൾ അഭിപ്രായപ്പെട്ടു. അയാളൊരു മുക്കുവനായിരുന്നു. പക്ഷേ,

ആരംക്കൂട്ടത്തിലെല്ലാവക്കും അറിവുണ്ടു്, വഞ്ചിയിൽ ഭാരക്കൂടുത ലിനു കാരണമെന്താണെന്നു്. അതു ശിമയോൻ പത്രോസിൻെറ വഞ്ചിയായിരുന്നു. യേശുവും പന്ത്രണ്ടു ശിഷ്യരുമാണു് അതിൽ കയറിയിരിക്കുന്നതു്.

"തടാകത്തിൻെറ ഉപരിഭാഗത്തു ഒരു സ്ഥലമുണ്ടു്. അദ്ദേഹ വും ശിഷ്യരും ചിലപ്പോരം അങ്ങോട്ടാണു്പോകാറുപതിവു്." ഒരാരം മററുള്ളവരെ അറിയിച്ചു. കുറെ അധികദൂരം നടന്നാലേ ആ സ്ഥാനത്തു ചെന്നെത്തുകയുള്ളു. എന്നാൽ, ഗുരുവിനെ കാ ണാനും അവിടുത്തെ സംസാരംകേരംക്കാനും അവക്കു സാധിക്കു മെങ്കിൽ, എത്രദൂരം നടക്കുന്നതിനും അവർക്കു വിഷമമില്ല; സന്തോഷമേയുള്ളു. അദ്ദേഹത്തിൻെറ രാജ്യത്തെപ്പററി കൂടുതൽ വിവരങ്ങരം കേരംക്കാൻ സാധിക്കുമെങ്കിൽ, പകൽ മുഴുവൻ നട ക്കാൻ അവർ സന്നദ്ധരാണു്.

പരീശന്മാരേയും, ശാസ്ത്രികളേയും, സമ്പന്നരായ കച്ചവട പ്രമാണികളേയും പോലെയല്ല, സാധാരണജനങ്ങരം. യേശുവി ൻെറ ഉൽബോധനങ്ങളിൽ പ്രത്യാശയും ആശ്വാസവും കണ്ടെ ത്തി ആ മണലിൽക്കൂടി നടന്നുപോകുന്ന ജനങ്ങരം "ആത്മാവിൽ ദരിദ്രരാണു്:–" ആത്മാവിൽമാത്രമല്ല, വസ്തുവകകളിലും. ദൈ വരാജ്യം അങ്ങനെയുള്ളവരുടേതാണെന്നു് യേശു അവക്കു ഉറ പ്പുനൽകിയിട്ടുണ്ടു്. അവർ സൗമ്യരാണു്. അവർ ഭൂമിയെ അവ കാശപ്പെടുമെന്നു് അവിടുന്നു് അവരോടു വാഗ്ദാനംചെയ്തിട്ടുണ്ടു്. അവർ ദുഃഖിച്ചിട്ടുള്ള അവസരങ്ങരം നിരവധിയാണു്. അവക്കു ആശ്വാസം ലഭിക്കുമെന്നു് അവിടുന്നു് തുറന്നു പ്രസ്താവിച്ചുകഴി ഞ്ഞിരിക്കുന്നു. അവരിൽ ഏററവും ചെറിയവൻ തൻെറ രാജ്യ ത്തിൽ വലിയവനായിരിക്കുമെന്നും, അവസാനത്തെയാരം ആ ദ്യത്തേവനായിത്തീരുമെന്നും അവിടുന്നു് പ്രഖ്യാപിച്ചില്ലേ? അ വിടുന്നു് അവരെ ഉപദേശിച്ചില്ലേ, അവർ ദയയുള്ളവരായിരി ക്കണമെന്നു്: ശത്രുക്കളെ സ്നേഹിക്കണമെന്നു്: അന്യോന്യം ക്ഷമിക്കണമെന്നു്: ഉള്ളതു്, അന്യോന്യം പങ്കുവയ്ക്കണമെന്നു്. അവർ സന്മനസ്സുള്ളവരായതുകൊണ്ടു് അതനുസരിച്ചു പ്രവർത്തി

ച്ചുനോക്കാൻ അവർ ശ്രമിക്കും. "എങ്ങിനെ ജീവിക്കുമെന്നോ, എന്തു് ഭക്ഷിക്കുമെന്നോ, എന്തു് ധരിക്കുമെന്നോ നിങ്ങൾക്കു ആശങ്ക വേണ്ടാ."—അവിടുന്നു് അവരെ ഉൽബോധിപ്പിച്ചതാണു്:— "ഇവയെല്ലാം നിങ്ങൾക്കാവശ്യമാണെന്നു് നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിനു അറിവുണ്ടു്." എത്ര ആശ്വാസകരമായ വാക്കുകൾ!

ചിലപ്പോൾ, അവിടുന്നു് അവരോടു് കഥകളും, ഉപമകളും വഴിയായാണു് സംസാരിക്കാറുള്ളതു്. അതെപ്പോഴും അവക്കു് മനസ്സിലായെന്നു വരില്ല. എന്നാലും, അവ കേൾക്കുക അവക്കിഷ്ടമാണു്. വഴിയരികിൽ വിത്തു് വിതച്ച ഒരാളുടെ കഥ ഒരവസരത്തിൽ അവിടുന്നു് അവരെ പറഞ്ഞു കേൾപ്പിച്ചു. വഴിയരികിൽ വീണ വിത്തുകളെല്ലാം പക്ഷികൾ കൊത്തിക്കൊണ്ടു പറന്നു. കുറെ വിത്തുകൾ പാറപ്പുറത്താണു് വീണതു്. അവ മുളയ്ക്കാത്ത താമസം, വാടിക്കരിഞ്ഞുപോകാൻ. ചില വിത്തുകൾ വീണതു്, മുള്ളുകൾക്കിടയിലാണു്. അവ വളരാനാരംഭിച്ചപ്പോൾ, മുള്ളുകൾ അവയെ ഞെരുക്കി നശിപ്പിച്ചു. നല്ല നിലത്തിലും ചില വിത്തുകൾ വീണു. അവ കിളിർത്തുതളിർത്തു്, നൂറുമേനി വിളവും നൽകി. ആ കഥ അവസാനിച്ചപ്പോൾ യേശു അവരെ നോക്കി, പുഞ്ചിരിക്കയുണ്ടായി. എന്നിട്ടവിടുന്നു് പറയുകയാണു്.— "കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ"യെന്നു്.

"ഗുരോ, ആ കഥ ഞങ്ങൾക്കൊന്നു വിശദീകരിച്ചു തന്നാലും."—ശിഷ്യർ യേശുവിനോടു് അഭ്യർത്ഥിച്ചു. അവിടുന്നു വിശദീകരണം നൽകുകയും ചെയ്തു. വിത്തു് ദൈവവചനമാണു്. വഴിയരികിലോ, മുള്ളുകൾക്കിടയിലോ വീണ വിത്തുകൾ; ദൈവവചനം കേട്ടിട്ടും വിശ്വസിക്കാതിരുന്നവരെ പ്രതിനിധാനം ചെയ്യുന്നു. അതെല്ലെങ്കിൽ അവരുടെ ഉത്തമമായ അഭിവാഞ്ഛകളെ മററു് ആഗ്രഹങ്ങൾ ഞെരിച്ചു് നശിപ്പിയ്ക്കുന്നു. യേശു പറയുന്ന വചനങ്ങൾ ശ്രദ്ധിക്കയും വിശ്വസിക്കയും ചെയ്യുന്ന

വരെയാണ് നല്ല നിലത്തിൽ വീണ വിത്തുകൾ വിവക്ഷിക്കുന്നതു്. അവർ നൂറുമേനി വിളവുനൽകുകതന്നെ ചെയ്യും.

"ഗുരോ, അങ്ങെന്താണ് ഈ വിധം ഉപമകൾകൊണ്ടു ഞങ്ങളെ ഉൽബോധിപ്പിക്കുന്നതു്?"-ശിഷ്യർ, ചില അവസരങ്ങളിൽ അവിടുത്തോടു ചോദിച്ചിട്ടുണ്ടു്. അതിനും അവിടുന്നു് ഖണ്ഡിതമായ മറുപടിതന്നെയാണ് നൽകിയതും. മിത്രങ്ങൾക്കു മനസ്സിലാകണം; ശത്രുക്കൾ അവയുടെ നിഗൂഢാർത്ഥം മനസ്സിലാക്കി, ആ വാക്കുകൾ അവിടത്തേക്കെതിരായി വിനിയോഗിക്കാൻ സന്ദർഭമുണ്ടാകയുമരുതു്.

"ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ മനസ്സിലാക്കാനുള്ള സന്ദർഭം നിങ്ങൾക്കാണ് നൽകപ്പെട്ടിരിക്കുന്നതു്. മററുള്ളവർക്കു ഉപമകളായിട്ടാണ് ദൈവരാജ്യസൂചന നൽകപ്പെടുക. അവർ കണ്ടാലും, കാണാതെയിരിക്കണം. കേട്ടാലും, അവർക്കു മനസ്സിലാകാതിരിക്കണം." അവിടുത്തെ ഉപമകൾക്കൊരു സവിശേഷതയുണ്ടായിരുന്നു. അവർക്കറിയാവുന്ന സംഗതികളാണ് അവയിൽ പ്രതിപാദിക്കപ്പെട്ടുവന്നതു്—വിത്തു്, അപ്പം, മുന്തിരിവള്ളി, അത്തി; അതുപോലെതന്നെ, ആട്ടിൻകുട്ടികൾ, പുളിച്ചമാവു്. ആ വാക്കുകൾ അഹോരാത്രം കേട്ടാലും, അവർക്കൊരു മുഷിവും തോന്നുകയില്ല.

അങ്ങനെ, ഈ ദിവസവും പൂഴിപാറുന്ന വഴിയിൽക്കൂടി വളരെദൂരം നടന്നു. അവിടുത്തെ ഉപദേശങ്ങൾ കേൾക്കാൻ അവർക്കു് സന്തോഷമേ ഉണ്ടായിരുന്നുള്ളു. ആ ആൾക്കൂട്ടത്തിൽ വൃദ്ധന്മാരുമുണ്ടു്, ചെറുകുട്ടികളുമുണ്ടു്. എന്നാൽ, ശക്തിയുള്ളവർ ബലഹീനരെ സഹായിച്ചു്, ആ പുരുഷാരം മുന്നോട്ടുപോയി.

"വല്യമ്മേ, കാലു കുഴയുന്നുണ്ടോ? ഇതാ, ഈ വടി പിടിച്ചുകൊള്ളൂ."

"വേണ്ടാ കുഞ്ഞേ; നിന്റെ സന്മനസ്സിനു ദൈവം നിന്നെ അനുഗ്രഹിക്കട്ടെ!"

"കൊച്ചുകുഞ്ഞേ നീ ക്ഷീണിച്ചോ? ഞാൻ കുറേദൂരം നിന്നെ എടുത്തുകൊണ്ടു് പോകട്ടെ?"

അപ്പോഠം കേഠംക്കാം, ഒരു ആരവം:–"അതാ, വഞ്ചി അതിവേഗം പോകുന്നു! അനുകൂലമായി കാററു വീശുന്നുണ്ടു്. അതിനോക്കാഠംമുമ്പു് ആ സ്ഥാനത്തു് നമുക്കെത്തണമെങ്കിൽ, കൂടുതൽ വേഗത്തിൽ നാം നടക്കേണ്ടിയിരിക്കുന്നു."

നടന്നുനടന്നു്, ആളുകഠം ക്ഷീണിതരായിക്കഴിഞ്ഞിരുന്നു. അവരുടെ കാലുകഠം കുഴയുന്നുണ്ടു്. വഴിയിൽ ഒരു കിണറുകണ്ടാൽ, അതിൽനിന്നു് വെള്ളം കോരിക്കുടിക്കാതെ അവർ മുന്നോട്ടു് പോവില്ല. സൂര്യൻ എതാണ്ടു് ഉച്ചസ്ഥാനത്തെത്തിയിരുന്നു. ചൂടാണെങ്കിൽ, ദുസ്സഹം.

അപ്പോഠം ഒരു മദ്ധ്യവയസ്കൻ ഒരു ബാലനോടു് ചോദിക്കയാണു്:– "അതെന്താണു്, കുട്ടീ, ആ പൊതിയിൽ? നിൻെറ പ്രാതലോ? നീയാണല്ലോ, ഞങ്ങളേക്കാഠം സമത്ഥൻ! ഞങ്ങഠം അക്കാര്യം കരുതിയില്ല. ധൃതിയിൽ ഇറങ്ങിത്തിരിച്ചതുകൊണ്ടു് പ്രാതലിൻെറ കാര്യം അത്ര ശ്രദ്ധിച്ചില്ല. എന്തുണ്ടു് കുഞ്ഞേ, ആ പൊതിയിൽ? അഞ്ചു അപ്പങ്ങളും രണ്ടു ചെറുമത്സ്യങ്ങളുമോ? നീ, ഏതായാലും ഒരു കാര്യം ചെയ്യണം. മററു കുട്ടികളോടു ഇക്കാര്യം പറയരുതു്. അതു കേട്ടാൽ നിൻെറ പൊതി കണ്ടില്ലെന്നു വന്നേക്കാം."

* * * *

പത്രോസും മററു പതിനൊന്നു ശിഷ്യരും ആകാംക്ഷാപൂർവ്വം പ്രതീക്ഷിക്കയായിരുന്നു, ആ ദിവസമെങ്കിലും ഗുരുവിൻെറ സാന്നിദ്ധ്യം അവക്കുതന്നെ ലഭിക്കുമെന്നു്. കപ്പൎന്നഹോമിൽവെച്ചു അന്നുരാവിലെ അവിടുന്നു് അവരോടു പറയുകയും ചെയ്തതാണു്: –"എൻെറ കൂടെ വന്നു് അല്പം വിശ്രമിക്കുക." അവിടുന്നാണു് അവരെ നയിച്ചതും, പത്രോസിൻെറ വഞ്ചിയിലേക്കു്. ശിഷ്യരാണെങ്കിൽ, ഗുരു അവരെ പ്രഥമമായി ഭരമേല്പിച്ച പ്രവത്തനങ്ങഠം നിവ്വഹിച്ചശേഷം മടങ്ങിയെത്തിയതേയുള്ളു. അവക്കു് നിരവധി കാര്യങ്ങഠം അറിയിക്കാനുണ്ടു്. ഈരണ്ടുപേരെ

യായി, അവിടുന്നു് അവരെ അയച്ചതാണു്, വചനം പ്രസംഗിക്കാനും രോഗികളെ സൗഖ്യമാക്കാനും. അതായിരുന്നു അവരുടെ പ്രഥമപ്രവർത്തനസന്ദർഭം. അവിടുത്തെ നാമത്തിൽ അവർക്കു പ്രവർത്തിക്കാൻ സാധിച്ച അത്ഭുതങ്ങൾ ആശ്ചര്യകരമായിരുന്നു. അവർ ജനങ്ങളെ ഉൽബോധിപ്പിച്ചു. മുടന്തരേയും അന്ധരേയും അവർ സൗഖ്യമാക്കി. മനുഷ്യരെ ബാധിച്ച പിശാചുക്കളെപ്പോലും അവർ പുറത്താക്കി. അക്കാര്യമെല്ലാം അദ്ദേഹത്തെ അറിയിക്കാൻ അവർ അക്ഷമരാണു്.

ആ ഒരു അന്തരീക്ഷത്തിലാണു് അവർ വഞ്ചിയിൽ കയറുക. കരയ്ക്കുനിന്നകലെ തുഴഞ്ഞു്, അവർ കരയിൽ നിന്നകലുകയും ചെയ്തു. എന്നാൽ, വഞ്ചിക്കു് പാ കെട്ടിയപ്പോൾ കാററു് അശേഷവും അടിക്കുന്നില്ല. വഞ്ചിയിൽനിന്നു് നോക്കിയാൽ അവർക്കു കാണാം, കരവഴി, ഒരു ജനക്കൂട്ടം അവരെ പിൻതുടരുന്നതു്. അതാണു് എപ്പോഴുമുള്ള പതിവു്. ഏതായാലും, നദീമുഖത്തുള്ള പുരുഷാരത്തേക്കാൾ ആദ്യം ചെന്നെത്തിയതു് അവരുടെ വഞ്ചിതന്നെയായിരുന്നു. എന്നാലും, ആ ജനസംഘത്തെ നിരാശരാക്കാൻ യേശു സന്നദ്ധനല്ല. ആത്മാക്കളുടെ ആഹ്വാനം ശ്രവിക്കാൻ, സ്വന്തം ആഗ്രഹങ്ങളെ വിസ്മരിക്കാൻ, തന്നെപ്പോലെതന്നെ ശിഷ്യരും സന്നദ്ധരാകണം. എന്നാൽമാത്രമെ, ശിഷ്യർ ഗുരുവിനെപ്പോലെ ആയിത്തീരുകയുള്ളൂ. അതായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായവും, ആഗ്രഹവും. "ഒരു ശിഷ്യനും ഗുരുവിനുപരിയല്ല."—അദ്ദേഹം അവരോടു പറഞ്ഞിട്ടുണ്ടു്, അക്കാര്യം. അദ്ദേഹത്തെപ്പോലെതന്നെ ത്യാഗം എന്താണെന്നു് അവരും മനസ്സിലാക്കണം.

ഒരു പുൽത്തകിടിയിൽ, ഉയർന്നൊരുഭാഗത്തു യേശു ഇരുന്നു. ആ വമ്പിച്ച ജനസഞ്ചയം അവിടുത്തെ ചുററും ഇരിപ്പുറപ്പിച്ചു. ആ തടാകം അവർക്കു് താഴെയായി നീലനിറത്തിൽ മിന്നിത്തിളങ്ങുന്നുണ്ടു്. മലകളാണെങ്കിൽ, ഒരു മാലകണക്കേ, ചക്രവാളത്തെ വലയം ചെയ്യുന്നു. തുടരെ, അവിടുന്നു് ആ ജനസഞ്ചയത്തോടു സംസാരിച്ചു. അവരാണെങ്കിൽ, നിശബ്ദരായി അദ്ദേഹത്തി

ന്റെ ഓരോ വാക്കുകളും ശ്വാസമടക്കി ശ്രദ്ധിക്കയാണു്. അതു കഴിഞ്ഞു് പ്രഭാഷണം അല്പനേരത്തേക്കു നിറുത്തി; രോഗികളെ സൗഖ്യമാക്കാൻ. വീണ്ടുമുണ്ടായി, ജനക്കൂട്ടത്തിൽനിന്നഭ്യർത്ഥന, അവിടുന്നു വീണ്ടും അവരെ ഉപദേശിക്കണമെന്നു്. ആ അഭ്യർത്ഥനയെ അവിടുന്നു് നിരസിച്ചില്ല. വീണ്ടും ഉൽബോധനങ്ങൾ തുടന്നു സൂര്യൻ പടിഞ്ഞാറു് അസ്തമിക്കാൻ ഭാവിക്കയാണു്. നിഴലുകളുടെ ദൈർഘ്യം വദ്ധിച്ചു വദ്ധിച്ചു വരുന്നു.

"നേരം വൈകുന്നല്ലോ! ഗുരു എന്താണു് ഈ ആൾക്കൂട്ടത്തെ പിരിച്ചയക്കാത്തതു്?"– ശിഷ്യർ അന്യോന്യം ആരാഞ്ഞു തുടങ്ങി. "നഗരത്തിൽ നിന്നു വളരെ ദൂരെയാണല്ലോ നാം. ഈ ജനങ്ങൾക്കാണെങ്കിൽ, ഭക്ഷണവുമില്ല." കുറെനേരംകൂടി കഴിഞ്ഞു്; അവർ, യേശുവിനെ സമീപിച്ചു്, അവിടുത്തെ ശ്രദ്ധയെ ആകർഷിച്ചു.

അവർ പറയുകയാണു്:– "മനുഷ്യവാസമില്ലാത്ത ഒരു സ്ഥലമാണിതു്. ഗുരുവിന്നു് അതറിയാമല്ലോ. സമയമാണെങ്കിൽ, അതിക്രമിക്കുന്നു. ഇരുട്ടു് വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. ചുറ്റുമുള്ള ഗ്രാമങ്ങളിലോ, മനുഷ്യർ താമസിക്കുന്ന സ്ഥലങ്ങളിലോ ഈ പുരുഷാരത്തെ പറഞ്ഞയച്ചാലും. എന്തെങ്കിലും ഭക്ഷണസാധനം അവർക്കു് അവിടെ കിട്ടാതിരിക്കയില്ല."

"അവർക്കു് ഭക്ഷണം നിങ്ങൾതന്നെ കൊടുക്കൂ."—അത്രയും പറഞ്ഞുകൊണ്ടു് യേശു ഉൽബോധനങ്ങൾ തുടന്നു.

ആ പുരുഷാരത്തിനു ഭക്ഷണം കൊടുക്കാനോ! ഗുരു എന്താണീപ്പറയുന്നതു്? ഭക്ഷണവിഭവങ്ങളൊന്നും അവരുടെ കൈവശമില്ല. ആ ജനസഞ്ചയത്തിനു വിശപ്പടക്കാനെങ്കിലും, കുറഞ്ഞതു്, ഇരുന്നൂറു വെള്ളിനാണയങ്ങൾക്കുള്ള വിഭവങ്ങൾ വേണ്ടിവരും. ആ കുന്നിൻചരുവിൽ, എത്രകുറഞ്ഞാലും, അയ്യായിരം ജനങ്ങൾ കൂടിയിട്ടുണ്ടു്.

യേശു പ്രഭാഷണം നിറുത്തി. അവിടുന്നു ശിഷ്യരിൽ ഒരുവനോടു ചോദിക്കയാണു്:–

"എന്തെങ്കിലും ഭക്ഷണസാധനം കൈവശമുള്ളവർ ആരെങ്കിലുമുണ്ടോ, ഇവിടെ?"

നിരാശാഭാവത്തിൽ അന്ത്രയോസ് മുഖം ചുളുക്കി. എന്നിട്ട് ശിഷ്യൻ പറയുകയാണ്:—"അഞ്ചപ്പങ്ങളും, രണ്ടു് മീനും ഒരു ബാലൻ കൊണ്ടുവന്നിട്ടുണ്ടു്. പക്ഷേ, അതുകൊണ്ടു് ഈ ജനസഞ്ചയത്തെ എങ്ങനെയാണു് സംതൃപ്തരാക്കുക?"

"ആ പൊതി ഇങ്ങു് കൊണ്ടുവരൂ:"—ആജ്ഞാസ്വരത്തിൽ യേശു പറഞ്ഞു. "അൻപതു പേർവീതം ഓരോ ഭാഗങ്ങളിലായി ഇരിക്കാൻ ഇവരോടു് പറയുക."

ആജ്ഞയനുസരിച്ചു്, ശിഷ്യർ പ്രവർത്തിച്ചു. പക്ഷേ, അവർക്കു് ആ ആജ്ഞയുടെ അർത്ഥം മനസ്സിലാകുന്നില്ല. ഗുരു എന്താണു് ചെയ്യാൻ ഭാവിക്കുന്നതു്!

ശിഷ്യരിലൊരുവൻ ആ ബാലനെ സമീപിച്ചു് പറഞ്ഞു: "നോക്കു, കുട്ടീ, നിൻെറ കൈവശമുള്ള അപ്പവും മീനും ഗുരുവിനു കിട്ടിയാൽ കൊള്ളാമെന്നുണ്ടു്."

"തരാമല്ലോ!" ആ ബാലൻ മുന്നോട്ടുവന്നു. അവൻെറ മുഖത്തു് ഒരു വല്ലായ്മ ദൃശ്യമാകുന്നുണ്ടു്. അവനുതന്നേ വിശക്കുന്നു. എന്നാലും, ഗുരുവിൻെറ ഇംഗിതമല്ലേ, അതു്. അവൻ കൃതാർത്ഥനായി.

യേശു ആ അപ്പങ്ങൾ വാങ്ങി, അവയെ ആശീർവദിച്ചു. ആകാശത്തിലേക്കാണു് അവിടുത്തെ ദൃഷ്ടികൾ പതിഞ്ഞിരുന്നതു്. എന്നിട്ടു്, അവിടുന്നു് അവയെ കഷണങ്ങളായി മുറിച്ചു. എന്നാൽ, കഷണങ്ങളായി മുറിയ്ക്കുംതോറും ആ അപ്പങ്ങൾ വർദ്ധിച്ചുതുടങ്ങി. അദ്ദേഹം ശിഷ്യരോടു ആജ്ഞാപിച്ചു, അപ്പക്കഷണങ്ങൾ ജനസഞ്ചത്തിനു വിതരണം ചെയ്യാൻ. അവരതങ്ങനെ വിതരണം ചെയ്യാനുമാരംഭിച്ചു. അൻപതുപേരടങ്ങുന്ന ഓരോ വിഭാഗത്തിനും അവർ അപ്പം വിളമ്പി.

"നോക്കൂ–നോക്കൂ–എന്താണീ സംഭവിക്കുന്നതു്!" ജനക്കൂട്ടത്തിൽ ഓരോരുത്തർ അന്യോന്യം പറയുകയാണു്. "ആ ബാലൻെറ അഞ്ചപ്പങ്ങളല്ലേ, ഈ സമൃദ്ധമായ ഭക്ഷണം? ആ സമൃദ്ധിക്കു അന്ത്യവുമില്ലെന്നോ? നമുക്കു് മൃഷ്ടാന്നമായ ആഹാരത്തിനു ഇതു് ധാരാളം മതിയാകുമല്ലോ."

അടുത്തതായി ആ മത്സ്യങ്ങൾ യേശു കയ്യിലെടുത്തു്, അതും വിഭജിച്ചു തുടങ്ങി. അപ്പത്തോടൊപ്പംതന്നെ, അതും യഥേഷ്ടം വിളമ്പാനുണ്ടായിരുന്നു. ആ പുരുഷാരത്തിൻെറ വിശപ്പു മാറി, അവർ സംതൃപ്തരായി. അവരുടെ ആവശ്യങ്ങൾ നിർവ്വഹിക്കപ്പെട്ടശേഷം, പന്ത്രണ്ടു കുട്ട നിറയെ ആഹാരസാധനങ്ങൾ അവശേഷിച്ചു. പുല്ലുമുളച്ചു മനോഹരമായിരുന്ന ആ കുന്നിൻചരുവിൽ ഇരുന്ന ആ ജനക്കൂട്ടം, വികാരഭരിതരായിത്തീൎന്നു. "നമുക്കെല്ലാം അദ്ദേഹം യഥേഷ്ടം ഭക്ഷണം നൽകിയല്ലോ. ഇങ്ങനെയൊരു അൽഭുതം ഇന്നോളം നടന്നിട്ടില്ല. അഞ്ചപ്പവും രണ്ടു മീനുംകൊണ്ടു അയ്യാരത്തിൽപരം ജനങ്ങളെ അദ്ദേഹം സംതൃപ്തരാക്കിയില്ലേ?" അപ്പവും മീനും നൽകിയ ബാലനാണെങ്കിൽ, സന്തോഷവും സംതൃപ്തിയുംകൊണ്ടു ആനന്ദമടഞ്ഞു. 'നോക്കണേ, എൻെറ അപ്പവും മീനുംകൊണ്ടു സാധിച്ച സംഗതി!" സ്വന്തം കണ്ണുകളെ വിശ്വസിക്കാൻ അവനു സാധിക്കാതെ വന്നു.

"അദ്ദേഹം യഥാർത്ഥത്തിൽ ഒരു പ്രവാചകൻ തന്നെയാണു്." – പ്രായംചെന്ന മനുഷ്യർ അന്യോന്യം പറയുകയാണു്. "ഇദ്ദേഹത്തിനേയല്ലേ, നാം ഇതുവരെ കാത്തിരുന്നതു്!" പെട്ടെന്നു ആൾക്കൂട്ടത്തിൽ നിന്നു ഉച്ചത്തിൽ ഒരു വിളി ഉയൎന്നു: – "യേശുവിനെ നമ്മുടെ രാജാവായി സ്വീകരിക്കുക. ന്യായവാനായ യേശുവിനെ രാജാവായി ഞങ്ങൾക്കു ലഭിക്കണം; ലഭിച്ചേ മതിയാവൂ." പുരുഷാരം ആ നിർദ്ദേശം ആവൎത്തിച്ചാവൎത്തിച്ചു് അട്ടഹസിച്ചു.

ജനസഞ്ചയത്തിൻെറ ആ മുറവിളി കേട്ടപ്പോൾ, യേശു ശിഷ്യരുടെ നേരെതിരിഞ്ഞു പറഞ്ഞു: – "ഞാൻ പോകയാണു്." അത്രയും പറഞ്ഞു തീരേണ്ട താമസം, ശിഷ്യർ എന്തെങ്കിലും പറയുന്നതിനു മുൻപു, യേശു അന്ധകാരത്തിൽ മറഞ്ഞുകഴിഞ്ഞു. ആ രാത്രി മുഴുവൻ പ്രാൎത്ഥനാനിരതനായി അദ്ദേഹം മലമുകളിൽ കഴിച്ചുകൂട്ടുമെന്നു് അനുഭവംകൊണ്ടു അവൎക്കറിയരുതോ?

അവിടന്നു് അവിടെ നിന്നു പോയകാൎയ്യം പെട്ടെന്നു ആ

ആൾക്കൂട്ടത്തിന്റെ ശ്രദ്ധയിൽ പെട്ടില്ല. അവർ ആരവം തുടർന്നു കൊണ്ടേയിരുന്നു:–"നസ്രായനായ യേശുവിനെ മതി, ഞങ്ങൾക്കു രാജാവായിട്ട്." അല്പം കഴിഞ്ഞാണ് അവർ അറിയുന്നത്, യേശു അവിടെയില്ലെന്ന്. അതോടെ, അവരുടെ ആരവവും ശമിച്ചു. ഒന്നടങ്കം, അവർ നദീതീരത്തേക്കു ഓടി. ശിഷ്യർ പന്ത്രണ്ടുപേരും അവക്കു മുൻപേ തീരഭാഗത്തെത്തി, വഞ്ചിയിൽ കയറുകയായിരുന്നു.

പുരുഷാരം മടക്കയാത്ര ആരംഭിച്ചു. പരിക്ഷീണിതരായിരുന്നു, അവർ. വിഷമിച്ചാണ് അവർ ഓരോ അടിയും മുന്നോട്ടു വയ്ക്കുന്നത്. വിവിധ സംഘങ്ങളായി അവർ നഗരത്തിലേക്കു മടങ്ങി. അവരിൽ ഓരോരുത്തക്കും യേശുവിന്റെ വചനങ്ങളെപ്പററിയും, അവിടുന്ന് ഒരു മഹാത്ഭുതം മൂലം അവക്കു ഭക്ഷണം നൽകിയതിനെ സംബന്ധിച്ചും അവരവരുടേതായ വിശദീകരണം നൽകാനുണ്ടായിരുന്നു. അതെങ്ങനെയായാലും, ഒരു കാര്യം സുനിശ്ചിതമാണ്. യേശുഗുരു അഞ്ചപ്പവും രണ്ടു ചെറിയ മീനും കൊണ്ട് അയ്യായിരംപേക്ക് ഭക്ഷണംനൽകി. അതിന്റെ നിജസ്ഥിതി നിഷേധിയ്ക്കാൻ ആരുംതന്നെ മുതിന്നില്ല.

*           *           *

ജനസറേത്തുതടാകത്തിൽ ആ സായാഹ്നത്തിൽ അന്ധകാരം പെട്ടെന്നാണ് വ്യാപിച്ചതു്; പതിവിൽ നേരത്തേ. അതിനു കാരണവുമുണ്ടായിരുന്നു. ഒരു ഊക്കൻ കൊടുങ്കാററിനുള്ള ലക്ഷണമെല്ലാം ദൃശ്യമായി. പന്ത്രണ്ടുയാത്രക്കാർ കയറിയിരുന്ന പത്രോസിന്റെ വഞ്ചി, മിക്കവാറും വെള്ളത്തിൽ മുങ്ങിയാണ് മുന്നോട്ടുപോകുന്നതു്. ചെറുതെങ്കിലും, ശക്തമായ ഓളങ്ങൾ ആ വഞ്ചിയുടെ ഇരുവശങ്ങളിലും ആഞ്ഞടിക്കുന്നുണ്ട്. അതിൽ നിന്നുള്ള വെള്ളം വഞ്ചിയിൽ കയറുന്നുമുണ്ട്. കാററിപ്പോൾ ആവശ്യത്തിലധികമുണ്ടുതാനും; സുരക്ഷിതത്വത്തെ ഭീഷണിപ്പെടുത്താൻപോലും പ്രാപ്തമായ തോതിൽ.

ഒരു പണ്ഡിതന് സ്വന്തംഗ്രന്ഥം ഹൃദിസ്ഥമായിരിക്കുന്ന വിധം, പത്രോസിനും അന്ത്രയോസിനും ആ തടാകത്തെപ്പററി

സുസൂക്ഷ്മമായ അറിവുണ്ട്. അതിൻെറ ഓരോ കോണും മൂലയും, അതിനുള്ളിലെ ഒഴുക്കുകളും, ചുഴലികളും, പാറക്കെട്ടുകളും അവ ക്കു തികച്ചും പരിചിതമാണ്. അതുകൊണ്ട്, കാററടിച്ച പ്രാ രംഭഘട്ടത്തിൽ അവർ ഭയപ്പെട്ടില്ല. വഞ്ചിയിലുണ്ടായിരുന്ന മററ സഞ്ചാരികൾ അന്നേദിവസത്തെ സംഭവങ്ങളെപ്പററി സംസാരിച്ചുകൊണ്ട് കുനികുത്തിയിരിക്കയാണ്. പെട്ടെന്ന്, കാററിൻെറ ശക്തിയങ്ങു വദ്ധിച്ചു. വഞ്ചിയുടെ പായിൽ അതു ഊക്കോടെ അടിച്ചു. വഞ്ചി മിക്കവാറും മറിഞ്ഞെന്നുതന്നെ പറയാം. അതിനുള്ളിൽ വെള്ളം ധാരാളം കയറി.

"പായ് അഴിക്കുക:"- പത്രോസു വിളിച്ചുപറഞ്ഞു. "സൂക്ഷി ക്കണേ." കാററ അവരുടെ വസ്ത്രങ്ങൾപോലും പറത്തിക്കൊ ണ്ടുപോകുവാൻ ഭാവിക്കുന്നതുപോലെ പത്രോസിനും അന്ത്രയോ സിനും തോന്നി.

"അന്ത്രയോസേ, നീയും യോഹന്നാനും പങ്കായമെടുക്കുക. ഞാൻ അമരത്തു നിൽക്കാം."- പത്രോസു ആജ്ഞാപിച്ചു. ആവൂ, ആ കൊടുംകാററിനെതിരായി തുഴയുക കഠിനാദ്ധ്വാനംതന്നെ യായിരുന്നു. അവരുടെ കൈകളുടെ മാംസപേശികൾ വേദ നിക്കുന്നു. അവരങ്ങു വിയക്കയും ചെയ്യുന്നുണ്ട്. കൊടുംകാ ററിൻെറ ശക്തി അനുനിമിഷം വദ്ധിക്കുകയാണ്. ഓളമാണെ ങ്കിൽ, മലപോലെ ഉയരുന്നു. പറയത്തക്കവിധം വഞ്ചി മുന്നോ ട്ടൊട്ടു നീങ്ങുന്നുമില്ല.

അതോടെ, തുടരെത്തുടരെ മിന്നൽപ്പിണരുകളും— അന്ധ കാരം ഭേദിക്കുന്ന ദീപ്തിയോടെ. ഓരോ ഓളം അടിക്കുമ്പോഴും ധാരാളം വെള്ളം വഞ്ചിയിൽ കയറുന്നുണ്ട്. വഞ്ചി മുങ്ങി, മുങ്ങി യില്ല എന്ന അവസ്ഥയിലെത്തി. അതു മുങ്ങുകതന്നെ ചെയ്യു മെന്ന ഘട്ടത്തിലായി. യേശു അവരുടെകൂടെ ഉണ്ടായിരുന്നെ ങ്കിൽ! അദ്ദേഹം കൂടെയുണ്ടെങ്കിൽ, എങ്ങനെയെന്നവക്കറിഞ്ഞു കൂടാ, അവക്കു ഭയമുണ്ടാകയില്ല.

ഒരു മിന്നൽപ്പിണർ കൂടി. അന്ധകാരം ഭേദിക്കപ്പെട്ടു. അവരെല്ലാം ഭയത്തോടും അത്ഭുതത്തോടും ഒരേദിക്കിൽത്തന്നെ

ദൃഷ്ടികളുറപ്പിച്ചു. ഏതാനും വാരകൾക്കപ്പുറം അവർ കണ്ടകാഴ്ച! അവർക്കതു വിശ്വസിക്കാൻ സാധിക്കുന്നില്ല. പക്ഷേ, അതു യാഥാർത്ഥ്യം തന്നെയായിരുന്നു. വഞ്ചിക്കുസമീപം യേശു അതാ വെള്ളത്തിന്റെ ഉപരിതലത്തിൽകൂടി നടക്കുന്നു. കോപിഷ്ഠയായി, പതഞ്ഞുപൊങ്ങുന്ന ഓളത്തിന്റെ മുകളിൽകൂടിയാണു് അദ്ദേഹം നടക്കുന്നതു്. ശിഷ്യർ പന്ത്രണ്ടും; പത്രോസുപോലും നഖശിഖാന്തം വിറച്ചു.

ഓളത്തിന്റേയും കാററിന്റേയും ഉപരിയായി അദ്ദേഹത്തിന്റെ ശബ്ദം അവർ കേട്ടു:– "ധൈര്യമായിരിക്കുക. ഞാനാണു്; ഭയപ്പെടേണ്ടതില്ല."

അപ്പോഴം പത്രോസിനുറപ്പായി, അതു യേശു തന്നെയാണെന്നു്– അവരെ വഞ്ചിക്കാൻ വന്നെത്തിയ ഒരു ദുർഭൂതമല്ലെന്നു്. സന്തോഷാധിക്യത്താൽ മതിമറന്നു വഞ്ചിയിൽ എഴുന്നേററു നിന്നു്, അദ്ദേഹം വിളിച്ചു പറയുകയാണു്:– "ഗുരോ, അങ്ങുതന്നെയാണതെങ്കിൽ, വെള്ളത്തിൽകൂടി നടന്നു് അങ്ങയെ സമീപിക്കാൻ എന്നെ അനുവദിച്ചാലും."

കാററിന്റെ ശബ്ദത്തെ മുറിച്ചുകടന്നു്, യേശുവിന്റെ സ്വരം പത്രോസിന്റെ കാതുകളിലെത്തി–"വരിക."

വഞ്ചിയിലുണ്ടായിരുന്ന മററുള്ളവർ ശ്വാസമടക്കിയിരുന്നു. പത്രോസു് വഞ്ചിയിൽനിന്നു വെള്ളത്തിലേക്കിറങ്ങുകയാണു്: അദ്ദേഹം യേശു നിന്ന ദിക്കിലേക്കു നടന്നു തുടങ്ങി. ആദ്യം അദ്ദേഹത്തിന്റെ മനസ്സിൽ യേശുവിനെപ്പററിയുള്ള ചിന്ത മാത്രമേയുണ്ടായിരുന്നുള്ളു. തന്റെ കാലിൽ ശക്തിയായി അടിച്ചുകൊണ്ടിരുന്ന ഓളങ്ങൾ പിന്നെയാണു് അദ്ദേഹം സൂക്ഷിക്കുക. പെട്ടെന്നു അദ്ദേഹം ഭയാക്രാന്തനായി. ഒരടികൂടി അദ്ദേഹം മുന്നോട്ടുവച്ചു. അതിനുശേഷം അദ്ദേഹം മുങ്ങിത്തുടങ്ങി. വഞ്ചിയിൽ പിടിക്കാൻ അദ്ദേഹം കൈ നീട്ടി. പക്ഷേ, അതങ്ങു അകലെയായിരുന്നു.

വെള്ളത്തിൽ കിടന്നു പിടച്ചുകൊണ്ടു്, അദ്ദേഹം നിലവിളിച്ചു:–"കർത്താവേ, എന്നെ രക്ഷിക്കണേ!" എന്നാൽ ഇതിനിടയിൽ യേശു പത്രോസിന്റെ സമീപം എത്തിക്കഴിഞ്ഞിരുന്നു.

അദ്ദേഹം കൈനീട്ടി; വിചാരശൂന്യനും വികാരവിവശനും സ്നേഹസമ്പന്നനുമായ ആ ശിഷ്യൻെറ കരം ഗ്രഹിച്ചു.

“അല്പവിശ്വാസീ, നീ എന്തിനു് സംശയിച്ചു?”–അവിടന്നു് പത്രോസിനെ വഞ്ചിക്കടുക്കലേക്കു കൂട്ടിക്കൊണ്ടുപോയി; ഇരുവരും അതിനുള്ളിൽ പ്രവേശിക്കയും ചെയ്തു. അപ്പോഴാണു് മറെറാരു അത്ഭുതം സംഭവിക്കുന്നതു്. യേശു വഞ്ചിയിൽ കയറിയനിമിഷം കൊടുംകാററു ശമിച്ചു. തടാകത്തിലെ കോളിളക്കം ശാന്തമായി. ആകാശവിരപ്പിൽ നക്ഷത്രങ്ങഠം പ്രകാശിച്ചുതുടങ്ങി.

ആ പന്ത്രണ്ടു ശിഷ്യരും വഞ്ചിയിൽവച്ചുതന്നെ യേശുവിൻെറ പാദങ്ങഠം നമിച്ചു. യഥാത്ഥത്തിൽ ഇതാ ദൈവപുത്രൻ!

അടുത്ത പ്രഭാതത്തിൽ അവരുടെ വഞ്ചി കപ്പർണ്ണഹോമിൽ ചെന്നെത്തി. തലേദിവസത്തെ ആഠംക്കൂട്ടം യേശുവിനെ വഞ്ചിയിൽ കണ്ടില്ല. ഇപ്പോഴിതാ, അവിടുന്നു് ശിഷ്യരോടൊപ്പം വഞ്ചിയിലുണ്ടു്. “ഗുരോ, അങ്ങു എങ്ങിനെയാണു് വഞ്ചിയിൽ പ്രവേശിച്ചതു്?”–അവർ ആരാഞ്ഞു. ആ ചോദ്യത്തിനു യേശു മറുപടി നൽകിയില്ല. അതിനുപകരം അദ്ദേഹം അവരോടു പറയുകയാണു്:–“ഞാൻ നിങ്ങളോടു പറയുന്നു, അടയാളങ്ങഠം കണ്ടതുകൊണ്ടല്ല; പിന്നെയോ, അപ്പം ഭക്ഷിച്ചു സംതൃപ്തരായതുകൊണ്ടാണു് നിങ്ങഠം എന്നെ അന്വേഷിക്കുന്നതു്. നശിക്കുന്ന ഭക്ഷണത്തിനായി പ്രയത്നിക്കാതിരിക്കുക. നിത്യജീവൻവരെ നിലനില്ക്കുന്ന ഭക്ഷണത്തിനായി അദ്ധ്വാനിപ്പിൻ.”

അവർ ഉത്സാഹഭരിതരായി അഭ്യത്ഥിച്ചു:–കത്താവേ, ആ അപ്പം ഞങ്ങഠംക്കു തന്നാലും:

അതിനു മറുപടിയായി യേശു അവരോടു പറയുകയാണു്:–“ഞാൻ ജീവൻെറ അപ്പമാകുന്നു.....എന്തുകൊണ്ടെന്നാൽ എൻെറ അഭീഷ്ടമനുസരിച്ചു പ്രവത്തിക്കാനല്ല, എന്നെ അയച്ചവൻെറ ഹിതമനുസരിച്ചു പ്രവത്തിക്കാനാണു് സ്വർഗ്ഗത്തിൽനിന്നു ഞാനെത്തിയിരിക്കുന്നതു്.”

ഈ വാക്കുകഠം കേട്ടവർ അന്യോന്യം മന്ത്രിക്കയാണു്:—

"ഇദ്ദേഹം നമുക്കു പരിചിതരായ ജോസഫിൻെറയും മേരിയുടെയും പുത്രനല്ലേ? സ്വർഗ്ഗത്തിൽനിന്നു വന്നെത്തിയെന്നു ഇദ്ദേഹത്തിന്നു പറയാൻ എങ്ങനെ സാധിക്കും?

യേശു ആവർത്തിച്ചുപറഞ്ഞു:- "ഞാൻ ജീവൻെറ അപ്പമാകുന്നു. സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന ജീവനുള്ള അപ്പമാകുന്നു ഞാൻ........ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നന്നേക്കും ജീവിക്കും. ഞാൻ നൽകുന്ന അപ്പം ലോകത്തിൻെറ ജീവനുവേണ്ടിയുള്ള എൻെറ മാംസമാകുന്നു."

അതുകൂടി കേട്ടപ്പോറം, ശ്രോതാക്കറം കൂടുതൽ പരുങ്ങലിലായി. "ഈ മനുഷ്യൻ അയാളുടെ മാംസം നമുക്കു ഭക്ഷിക്കാൻ തരുന്നതെങ്ങനെയാണ്?"

യേശു ഒരു വിശദീകരണത്തിന്നു സന്നദ്ധനായില്ല. അദ്ദേഹം തുടർന്നുസംസാരിച്ചു:-"മനുഷ്യപുത്രൻെറ മാംസം നിങ്ങറം ഭക്ഷിക്കാതിരിക്കയും, അദ്ദേഹത്തിൻെറ രക്തം നിങ്ങറം കുടിക്കാതിരിക്കയും ചെയ്താൽ, നിങ്ങളിൽ ജീവനുണ്ടായിരിക്കയില്ല. എൻെറ മാംസം ഭക്ഷിക്കയും, എൻെറ രക്തം കുടിക്കുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്."

"ആ വാക്കുകറം കുറേ അധികം കടന്നുപോയി!"-ആളുകറം അന്യോന്യം പറഞ്ഞു. തൻെറ ആ വചനങ്ങറം വിശ്വസിക്കാത്തവർ നിരവധിയുണ്ടെന്നു യേശുവിനുതന്നെ മനസ്സിലായി. അപ്പോറംമുതൽ പലരും അദ്ദേഹത്തിൻെറ ശിഷ്യസ്ഥാനം വച്ചൊഴിഞ്ഞു.

അതിനുശേഷം യേശു ശിഷ്യന്മാരെനോക്കി ചോദിക്കയാണ്:-"ഞാൻ പറഞ്ഞവാക്കുകറം നിങ്ങളേയും ചഞ്ചലചിത്തരാക്കുന്നുണ്ടോ? നിങ്ങളും എന്നെ വിട്ടുപോകാൻ ആഗ്രഹിക്കുന്നോ?"

ഞൊടിയിടയിൽ പത്രോസു മുന്നോട്ടുവന്നു:-"കർത്താവേ, ഞങ്ങറം ആരുടെ അടുക്കലേക്കാണു പോകേണ്ടതു്. നിത്യജീവൻെറ വാക്കുകളാണ് അങ്ങ് ഉച്ചരിക്കുന്നതു്."

യേശുവിൻെറ മുഖത്തു ഒരു സന്തോഷഭാവം ദൃശ്യമായി. പെട്ടെന്നു അതു സങ്കടഭാവമായി മാറി. സാവധാനത്തിൽ അദ്ദേഹം പറഞ്ഞു:—"നിങ്ങൾ പന്ത്രണ്ടുപേരെ ഞാൻ തിരഞ്ഞെടുത്തതല്ലേ? എന്നാൽ നിങ്ങളിലൊരുവൻ സാത്താനാണ്."

പിന്നെ അദ്ദേഹം യാതൊന്നും പറഞ്ഞില്ല. പെട്ടെന്നു അദ്ദേഹം തിരിഞ്ഞു്, അവരുടെയടുക്കൽനിന്നു നടന്നകന്നു.

# XV

## സ്വർഗ്ഗത്തിൻെറ താക്കോലുകൾ

പത്രോസു അല്പമൊന്നു് അണയ്ക്കുന്നുണ്ടു്. അല്പനേരം അദ്ദേഹം നിന്നു ചുററം നോക്കി. അവർ—യേശുവും പന്ത്രണ്ടുശിഷ്യരും-പാറകൾനിറഞ്ഞ ഒരു പ്രദേശത്തുകൂടി സഞ്ചരിക്കയായിരുന്നു. ഏതാനും ദിവസത്തേക്കു ഗലീലിയാവിട്ടു് യോർദാനുസമീപമുള്ള സിസേറിയാ ഫിലിപ്പിയുടെ വടക്കൻപ്രദേശങ്ങളിൽ പ്രയാണം നിർവഹിക്കയാണു് അവർ. എന്തിനാണു് അവരവിടെയെത്തിയതെന്നു യേശു അവരോടു വിശദീകരിച്ചില്ല. എന്നാലും ആ യാത്രയുടെ ഉദ്ദേശം അവൎക്കു ഊഹിക്കാൻകഴിഞ്ഞിരുന്നു. ഗലീലിയായിൽ അദ്ദേഹത്തിൻെറ ശത്രുക്കൾ വദ്ധിച്ചുവരികയാണു്. "യേശുവിനെ രാജാവായി ഞങ്ങൾക്കു വേണം" എന്നു നിരവധിയാളുകൾ പ്രഖ്യാപിച്ചുതുടങ്ങിയിരുന്നു. അധികാരസ്ഥാനങ്ങളിലിരുന്നവൎക്കു് ആ പ്രഖ്യാപനം അശേഷം രുചിച്ചില്ല. അസൂയയും ഭയവും ഒരേസന്ദർഭത്തിൽത്തന്നെ അക്കൂട്ടരെ ബാധിച്ചു.

ഗുരു ഇന്നു അധികം സംസാരിക്കുന്നില്ല. അതുകൊണ്ടു് അവിടത്തെ അനുയായികളും ഏറെക്കുറെ മൗനം ഭജിച്ചു. എന്നാലും, പല കാൎയ്യങ്ങളെപ്പററിയും അവൎക്കു ചിന്തിക്കാനുണ്ടായിരുന്നു. രണ്ടുവർഷക്കാലത്തിൽ കൂടുതലായി അവർ യേശുവിനെ

പിൻതുടരാൻ തുടങ്ങിയിട്ട്. അതിനു മുൻപുള്ള ജീവിതം അവൎക്ക വിദൂരസ്ഥിതമായി തോന്നുന്നിപ്പോൾ. മത്സ്യം പിടിക്കുന്ന തൊഴിൽ, സായാഹ്നങ്ങളിൽ അയൽക്കാരുമായുള്ള നൎമ്മസംഭാഷണങ്ങൾ, സ്വവസതികളുടെ നാലുഭിത്തികൾക്കുള്ളിൽ അമൎന്നുള്ള ജീവിതം, ഇവയൊക്കെ. ഈ രണ്ടിൽപ്പരം വൎഷങ്ങൾ അവർ യേശുവിനോടൊപ്പം ഓരോ സ്ഥലങ്ങളിൽ സഞ്ചരിക്കയാണ്. അദ്ദേഹത്തിന്റെ വചനങ്ങൾ കേൾക്കാൻ എത്തിക്കൂടുന്ന പുരുഷാരത്തിനിടയിലായിരിക്കും ചിലപ്പോളവർ. അതല്ലെങ്കിൽ അവിടുന്നു് പ്രാൎത്ഥിക്കാൻ സ്ഥാനം കണ്ടുപിടിക്കുന്ന പൎവ്വതങ്ങളുടെ മുകളിലായിരിക്കാമവർ.

അദ്ദേഹം നിൎവ്വഹിച്ച അൽഭുതങ്ങൾ സ്വന്തം കണ്ണുകൾകൊണ്ടു കണ്ടവരാണവർ. അവിസ്മരണീയമായ അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടവരുമാണവർ. എന്നാൽ, കാലം മുന്നോട്ടു പോകുംതോറും അദ്ദേഹത്തിൽ വിശ്വാസമൎപ്പിച്ചവരുടേയും, അദ്ദേഹത്തെ അവിശ്വസിച്ചവരുടേയും ഇടയിലുള്ള അഭിപ്രായഭിന്നതകൾക്കും, മാത്സൎയ്യമനോഭാവത്തിനും മൂൎച്ചകൂടിവരികയാണ്. വിരലിലെണ്ണാവുന്നവരെ നീക്കിയാൽ, പരീശരിൽ ബഹുഭൂരിപക്ഷവും അവിടുത്തേക്കു് എതിരാണ്. യേശു അവരെ സംബന്ധിച്ചുള്ള പരമാൎത്ഥം ശക്തമായ ഭാഷയിൽ തുറന്നു പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. "കപടഭക്തിക്കാരേ"—അദ്ദേഹം മുഖത്തു നോക്കി അവരെ സംബോധന ചെയ്തിട്ടുണ്ട്. ശിഷ്യരെ അദ്ദേഹം ഉപദേശിച്ചിട്ടുമുണ്ട്:-"പരീശരുടെ പുളിച്ച മാവു് നിങ്ങൾ സൂക്ഷിക്കണം; അതു കപടഭക്തിയാണ്." പരീശരുടെ വഞ്ചനാപരമായ ഉപദേശങ്ങളെയാണ് അദ്ദേഹം പുളിച്ച മാവെന്നു വിശേഷിപ്പിച്ചതു്!

എന്നാൽ, കേസറിയാഫിലിപ്പയുടെ ചുററുമുള്ള പ്രദേശങ്ങളിൽ വളരെ ചുരുക്കമാളുകളേ ഇതേവരെ യേശുവിനെ അറിയൂ. രോഗികളെ സൗഖ്യമാക്കുന്ന ഒരു ഗലീലിയനെപ്പററി നേരിയ കിംവദന്തി മാത്രമേ ആ പ്രദേശങ്ങളിൽ പരന്നിട്ടുള്ളു. അതുകൊണ്ടു അന്യരുടെ ശ്രദ്ധയെ ആകൎഷിക്കാതെ യേശുവിനു

ആ പ്രദേശങ്ങളിൽ സഞ്ചരിക്കാൻ നിഷ്പ്രയാസം സാധിച്ചു. അധികസമയം അദ്ദേഹം പ്രാർത്ഥനയിലും ശിഷ്യരെ ഉൽബോധിപ്പിക്കുന്നതിലും വ്യാപൃതനായിരുന്നു. അവിടുത്തെ രാജ്യത്തെ സംബന്ധിച്ചിടത്തോളം അവർ ക്രമേണ കാര്യങ്ങൾ ഗ്രഹിച്ചുവരികയാണ്. അതൊരു ഭൗതികരാജ്യമല്ല, പ്രത്യുത, സ്വർഗ്ഗീയരാജ്യമാണെന്ന് അവർ മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ട്. ആ രാജ്യത്തിൽ വിനീതന്മാരായിരിക്കും പ്രമുഖർ. അവർ ശിശുതുല്യരാകണമെന്നു അദ്ദേഹം അവരെ സദാ ഉൽബോധിപ്പിച്ചുകൊണ്ടിരുന്നു. പ്രായപൂർത്തിയായി, ഏതാണ്ടു അഹങ്കാരികളായിരുന്ന മനുഷ്യർക്കു് ആ ഉൽബോധനം മനസ്സിലാക്കുക അത്ര എളുപ്പമല്ല.

ആ പ്രദേശം ഗലീലിയാപോലെ അത്ര ഫലഭൂയിഷ്ഠമല്ല. ഗുരു കുറേ സമയമായി മൗനമായി നടക്കാൻ തുടങ്ങിയിട്ട്. അദ്ദേഹത്തിൻെറ തൊട്ടടുത്തു പിന്നാലേ; പത്രോസും, യാക്കോവും യോഹന്നാനും നടക്കുന്നുണ്ട്. അവരെ പിൻതുടർന്നുകൊണ്ടു മററുശിഷ്യരും. സാധാരണയായി ഈ പതിവനുസരിച്ചാണ് ഈയിടയായി അവർ സഞ്ചരിക്കാറുള്ളതു്.

ആ ഇടുങ്ങിയ മലംപാതവിട്ടവർ, വീതി കൂടിയ ഒരു വഴിയിലെത്തിച്ചേർന്നു. യേശു അവിടെ നിന്നു് അവരെ നോക്കി. അവർ കൂടെ നടന്നെത്താൻ അവിടുന്നു് നില്ക്കുയാണ്. എന്നിട്ടു അവരെ അൽഭുതസ്തബ്ധരാക്കിയ ഒരു ചോദ്യം അവിടുന്നു് അവരോടു ചോദിച്ചു:–"ഞാൻ ആരാണെന്നാണ് ജനങ്ങൾ പറയുന്നതു്?" തന്നെ മിക്കവാറുംതന്നെ കണ്ടിട്ടില്ലാത്ത ആ പ്രദേശത്തെ ജനങ്ങളെപ്പററി അവിടുന്നു് ചിന്തിക്കുയായിരുന്നു. അവിടെ ഏതാനും ചില ഗ്രാമങ്ങളിൽ താൻ പ്രസംഗിച്ചിട്ടുണ്ട്. എന്നാൽ, കേസറിയായായിൽ ആരും തൻെറ വാക്കുകൾ കേട്ടിട്ടില്ല.

"ചിലർ പറയുന്നു, അങ്ങു് യോഹന്നാൻ സ്നാപകനാണെന്നു്"–അവർ മറുപടിനല്കി "മറെറാരുകൂട്ടർ പറയുന്നു, അങ്ങു്

ഏലിയാപ്രവാചകനാണെന്നു്. അങ്ങു ജറമിയാപ്രവാചകനാണെന്നു പറയുന്ന ആളുകളുമുണ്ടു്."

പെട്ടെന്നു അവരോടു അദ്ദേഹം ചോദിക്കയാണ്:— "ഞാൻ ആരാണെന്നാണു നിങ്ങൾ പറയുന്നതു്?"

ഒരു നിമിഷനേരത്തെ തികഞ്ഞ മൗനം. സാവധാനം ഒരു ചിന്ത മനസ്സിൽ രൂപംപ്രാപിക്കുംവിധം, പത്രോസു അതിനു മറുപടിനൽകി:—"ജീവനുള്ള ദൈവത്തിൻെറ പുത്രനായ ക്രിസ്തുവാണ് അങ്ങു്!" അതേവരെ ആ ശിഷ്യപ്രമുഖൻ അത്രത്തോളം കടന്നു യാതൊന്നും പറഞ്ഞിട്ടുള്ളതല്ല.

യേശു മൗനമായി നിന്നു. അവിടുത്തെ കണ്ണുകൾ ആ പ്രദേശംവിട്ടു വിദൂരതയിലേക്കു നോക്കുകയാണ്. ആ മുഖഭാവം കൊണ്ടു ശിഷ്യർക്കു മനസ്സിലായി, അവിടുന്നു സംതൃപ്തനായെന്നു്. യേശു പത്രോസിൻെറനേരെ തിരിഞ്ഞു പറയുകയാണ്:–

"യോനായുടെ പുത്രനായ ശിമയോനേ! നീ അനുഗ്രഹീതൻ. എന്തുകൊണ്ടെന്നാൽ, മാംസമോ രക്തമോ അല്ല, സ്വർഗ്ഗത്തിലുള്ള എൻെറ പിതാവാണ് ഇക്കാര്യം നിനക്കു വെളിപ്പെടുത്തിയതു്."

അവിടുന്നു് ഒരു നിമിഷനേരം മൗനമവലംബിച്ചു. അടുത്തതായി പറയാൻ ഭാവിക്കുന്നതിനു കൂടുതൽ ഓജസ്സുനൽകാനെന്നവിധം.

"ഞാൻ നിന്നോടുപറയുന്നു—പത്രോസേ, നീ പാറയാകുന്നു. ഈ പാറമേൽ ഞാനെൻെറ ആലയം പണിയും. നരകവാതിലുകൾ അതിനെതിരായി പ്രബലപ്പെടുകയില്ല. ഭൂമിയിൽ നീ ബന്ധിക്കുന്നതെല്ലാം, സ്വർഗ്ഗത്തിലും ബന്ധിക്കപ്പെടും. ഭൂമിയിൽ നീ അഴിക്കുന്നതെല്ലാം, സ്വർഗ്ഗത്തിലും അഴിക്കപ്പെടും."

വീണ്ടും അദ്ദേഹം മൗനിയായി ഏതാനും നിമിഷനേരം നിന്നു. അദ്ദേഹവും ശിഷ്യരും നിശ്ചലരായി നിലകൊണ്ടു. പക്ഷേ, ശിഷ്യരുടെ ചിന്തകൾ അദ്ദേഹത്തിൻെറ വാക്കുകളിൽ കേന്ദ്രീകരിച്ചു.

യേശുവാണ് ആ മൗനംഭഞ്ജിച്ചതു്. "ഞാനാണ് ക്രിസ്തുവെന്നു നിങ്ങൾ ആരോടും പറയരുതു്." അദ്ദേഹം സാവധാനം നടന്നുതുടങ്ങി. അല്പനേരം നടന്നശേഷം അദ്ദേഹം വീണ്ടും നിന്നു. ശിഷ്യർ അദ്ദേഹത്തിനുചുററും കൂടി. ശാന്തമായി അദ്ദേഹം അവരോടു പറഞ്ഞു:–"മനുഷ്യപുത്രൻ പലതും സഹിക്കേണ്ടതായിവരും." മനുഷ്യപുത്രനെന്നാണ് അദ്ദേഹം സാധാരണ സ്വയംസംബോധനചെയ്യുക പതിവു്. "മൂപ്പന്മാരും പ്രധാനപുരോഹിതരും, ശാസ്ത്രികളും അവനെ പരിത്യജിക്കും. അവനെ അവർ മരണത്തിനു വിധിക്കും. മൂന്നാംദിവസം അവൻ ഉയത്തെഴുന്നേൽക്കും."

അവരുടെ ഓരോരുത്തരുടേയും മുഖത്തെ ഭാവം അവിടുന്നു സൂക്ഷിച്ചു. ആ മുഖങ്ങളിൽ അവിടുന്നു് ദർശിച്ചതു പരിഭ്രമവും ഭയവുമായിരുന്നു.

എന്താണ് ഗുരു ഇപ്പറയുന്നതു്? അവരുടെ സകല പ്രത്യാശകളും അദ്ദേഹത്തിലാണ് സമർപ്പിതമായിരുന്നതു്. അവിടന്നു് ഒരു ഭൗതികരാജാവായിത്തീരുമെന്നു അവർ പ്രതീക്ഷിച്ചില്ലായിരിക്കാം. അങ്ങനെ വിശ്വസിച്ച ചില ഗലീലിയാക്കാരുണ്ടായിരുന്നു. എന്നാലും, അവിടുത്തെ അധികാരവും പ്രഭാവവും വർദ്ധിക്കുകതന്നെ ചെയ്യുമെന്നു ആ ശിഷ്യർ പ്രതീക്ഷിച്ചു. നിരവധി ശത്രുക്കൾ അവിടുത്തേക്കുണ്ടു്. ആ വസ്തുത മററാരേയുംകാൾ കൂടുതലായി അവർക്കറിയാം. എന്നാൽ, ദൈവം ശക്തനാണ്. യഥാകാലം ഈ ശത്രുക്കളെ താൻ കീഴടക്കുകതന്നെ ചെയ്യും. അതായിരുന്നു അവരുടെ വിശ്വാസം. അപ്പോഴാണവിടുന്നു പറയുന്നതു്, അദ്ദേഹം പരിത്യക്തനാകുമെന്നു്; മരണത്തിനു വിധിക്കപ്പെടുമെന്നു്. മൂന്നാംദിവസം അവിടുന്നു് ഉയത്തെഴുനേൽക്കുമെന്നു പറഞ്ഞതിനെ സംബന്ധിച്ചാണെങ്കിൽ അതിന്റെ ആന്തരാർത്ഥം മനസ്സിലാകാതെ അവർ കുഴങ്ങി.

അത്ഭുതമൊട്ടൊതുങ്ങി, സംസാരശക്തി അവർക്കു വീണ്ടും ലഭിച്ചപ്പോൾ, പത്രോസ് യേശുവിനെ സമീപിച്ചു പറഞ്ഞു:- "കർത്താവേ, അങ്ങേക്കു ആ അത്യാഹിതമൊന്നും ഒരിക്കലും സംഭവിക്കയില്ല."

തികഞ്ഞ ഗൗരവഭാവത്തിൽ യേശു പത്രോസിനെ നോക്കി:– "സാത്താനേ, എൻെറ പിന്നിൽപോകുക. നീ എനിക്കൊരു ഉതപ്പാണ്. എന്തുകൊണ്ടെന്നാൽ ദൈവകാര്യങ്ങളിലല്ല, മനുഷ്യകാര്യങ്ങളിലാണ് നിൻെറ ശ്രദ്ധപതിയുന്നതു്." രൂക്ഷമായ വാക്കുകൾ. അതും, അല്പംമുമ്പ് സഭയുടെ അധികാരം പത്രോസിനെ ഏല്പിച്ചതിനെത്തുടൎന്നുള്ള വാക്കുകൾ. ത്യാഗവും ക്ലേശങ്ങളും ദൈവപരിപാടിയുടെ ഒരു ഭാഗമാണെന്നു പത്രോസ് മനസ്സിലാക്കിയേ മതിയാവൂ.

എന്നാൽ അതിനു സമയം ഇനിയും വേണ്ടിയിരിക്കുന്നു. സാവധാനംമാത്രമേ അവരെ ഈ സത്യങ്ങൾ മനസ്സിലാക്കാൻ സാധിക്കയുള്ളു. എന്നാൽ, ഏതാനും ദിവസങ്ങൾക്കുശേഷം കൂടുതൽ അനുയായികൾ കൂടെയുണ്ടായിരുന്നപ്പോൾ ഇക്കാൎയ്യത്തെപ്പററി വീണ്ടും അവിടുന്ന് പരാമൎശിച്ചു. ഏതുവിധമൊരു മരണമാണ് തനിക്കു സംഭവിക്കുവാൻ പോകുന്നതെന്ന് ഈ അവസരത്തിൽ അദ്ദേഹം സൂചിപ്പിക്കയുണ്ടായി. തൻെറ അനുയായികളായിത്തീരണമെങ്കിൽ, അതിൽ അവർ ഭാഗഭാക്കുകളാകാതെ തരമില്ല.

"എൻെറ പിന്നാലേ വരുവാൻ ആഗ്രഹിക്കുന്നവർ സ്വയം പരിത്യജിച്ച് തൻെറ കുരിശുമെടുത്തുകൊണ്ടു വരട്ടെ."

കാൎയ്യം മനസ്സിലാകാതെ അവർ അന്യോന്യം നോക്കി. ചിലപ്പോൾ ചെയ്യാറുള്ളതുപോലെ, ഇപ്പോഴും യേശു കടംകഥകൾ പറയുകയായിരിക്കുമോ? അവർ തലയാട്ടി; അവക്കൊന്നും മനസ്സിലാകുന്നില്ല. യറുശലേംനഗരത്തിൻെറ ഭിത്തികൾക്കപ്പുറം, ആ നഗരത്തിൻെറ പ്രാന്തപ്രദേശത്ത് ചക്രവാളത്തിനു അഭിമുഖമായി നിരകളായി നിൽക്കുന്ന കുരിശുകൾ കണ്ടിട്ടില്ലാത്തവർ അക്കൂട്ടത്തിൽ ഒരുവൻപോലുമില്ല. കുററവാളികൾ അതിൽ തൂങ്ങുന്നതു അവർ കണ്ടിട്ടുണ്ട്. കുരിശും വഹിച്ചുകൊണ്ടു ഒരു കുററവാളി റോമൻപടയാളികളുടെ അകമ്പടിയോടെ അങ്ങോട്ടുപോകുന്നതും അവരെ സംബന്ധിച്ചിടത്തോളം അഭൂതപൂൎവ്വമായ ഒരു കാഴ്ചയല്ലതന്നെ. ആ കാഴ്ച ഏതൊരു മനുഷ്യ

നേയും ഭയചകിതനാക്കുകതന്നെ ചെയ്യും. ഇപ്പോഴിതാ, ഗുരു അവരോടു പറയുന്നു: – "സ്വയം പരിത്യജിക്കുക – നിങ്ങളുടെ കുരിശുകൾ വഹിക്കുക; എന്നെ അനുഗമിക്കുക" എന്നു്. അതിൻെറ അർത്ഥം ചോദിക്കാൻ അവർ മുതിർന്നില്ല. – ശ്രദ്ധിക്കമാത്രമാണു് അവർ ചെയ്തതു്.

മററാരുടേയും ശല്യമില്ലാതെ, യേശുവിൻെറ സാന്നിദ്ധ്യം ലഭിച്ചതിൽ ശിഷ്യർ കൃതാർത്ഥരായി. കുറഞ്ഞൊരു കാലമായി അവർ ദുഃഖിതരാണു്. മനസ്സിലാക്കാൻ വിഷമകരമായ ഭയം ജനിപ്പിക്കുന്ന കാര്യങ്ങളാണു് ഗുരു ഈയിടെ പറഞ്ഞുവന്നതു്. ഒരുപക്ഷേ, ഇന്നു് താൻ പഴയ രീതിയനുസരിച്ചു അവരോടു് സംസാരിച്ചേക്കാം. അതുകൊണ്ടു പ്രതീക്ഷയോടെ അവരവിടുത്തെ പിൻതുടന്നു. ഏതാനും ചുവട്ടടികൾ പിന്നിലാണവർ. ഇന്നവിടന്നു മിക്കവാറും മൗനമവലംബിച്ചിരിക്കയാണു്. സ്വന്തം ചിന്തകളിൽ വ്യാപരിക്കുകയാവാം.

ആരംഭത്തിൽ അവർ വേഗം നടന്നു. പർവ്വതത്തിൻെറ അടിവാരം കയറാൻ പറയത്തക്ക വിഷമമൊന്നും ഉണ്ടായില്ല. അതുകഴിഞ്ഞപ്പോൾ ആരംഭിച്ചു, കിഴ്ക്കാംതൂക്കായ മലമ്പാത. അവരുടെ നടപ്പു മന്ദീഭവിച്ചു. യേശുവിൻെറ തൊട്ടടുത്തു, പിന്നിൽത്തന്നെയുണ്ടു് യോഹന്നാൻ. യോഹന്നാൻ ചെറുപ്പമാണു്; നടക്കാൻ അദ്ദേഹത്തിന്നു പറയത്തക്ക പ്രയാസമൊന്നുമില്ലതാനും. പക്ഷേ, പത്രോസിൻെറയും യാക്കോബിൻെറയും സ്ഥിതി അതായിരുന്നില്ല. അവരങ്ങനെ പ്രയാസപ്പെട്ടു നടക്കയാണു്. യേശു തിരിഞ്ഞുനിന്നു, അവർ കൂടെ വന്നെത്താൻ. ഗ്രാമങ്ങളും കൃഷിസ്ഥലങ്ങളുമുള്ള ആ സമതലം മനോഹരമായ ഒരു കാഴ്ചതന്നെയായിരുന്നു. വടക്കുഭാഗത്തോട്ടു നോക്കുകയാണെങ്കിൽ കാണാം, നീലനിറത്തിൽ പ്രകാശിക്കുന്ന ജനസരേത്തു തടാകം. തെക്കുഭാഗത്താണെങ്കിൽ, വീതികുറഞ്ഞ യോർദ്ദാൻ നദി അതാ വെട്ടിത്തിളങ്ങുന്നു.

പർവ്വതത്തിൻെറ ഉയരത്തിലെത്തിയപ്പോൾ ശിഷ്യർ അണച്ചുനുണ്ടായിരുന്നു. സംതൃപ്തിയോടെ അവരവിടെയിരുന്നു,

യേശു ഒഴികെ മററെല്ലാരും. ആ താഴ്‌വര നോക്കിക്കൊണ്ടു് അവിടുന്നു് അവിടെ നിന്നു. എന്നിട്ടവിടുന്നു് കണ്ണുകളടച്ചു, പ്രാർത്ഥനാവസരത്തിൽ സാധാരണ ചെയ്യാറുള്ളതുപോലെ.

അദ്ദേഹത്തിൻെറ മൂന്നു അനുയായികളുടെ കണ്ണുകളുമടഞ്ഞു. പക്ഷെ, പ്രാർത്ഥനയായിരുന്നില്ല അതു്. ആ മല കയറിയ ക്ഷീണം-ശീതളസുന്ദരമായ മന്ദമാരുതൻ-ഇവകൊണ്ടു് അവക്കു ഒന്നു മയങ്ങിയാൽ കൊള്ളാമെന്നാണാഗ്രഹം. അല്പനേരം കഴിഞ്ഞു് പെട്ടന്നവർ മയക്കത്തിൽ നിന്നുണന്നു. അവരുടെ കണ്ണുകളിൽ ഒരു മഹാപ്രകാശമിതാ തുളച്ചു കയറുന്നു. എന്തൊരു അത്ഭുതമാണതു്. അസ്തമനസൂര്യൻ ചക്രവാളത്തിലങ്ങു താഴാൻ ഇനി നിമിഷങ്ങളേ വേണ്ടു. അവരുടെ കണ്ണുകളെ അഞ്ചിച്ച ഈ മഹാപ്രകാശം എന്തായിരിക്കുമോ! അവർ പിടഞ്ഞെഴുന്നേററു ചുററുപാടും നോക്കി. അവർ കണ്ട കാഴ്ച അവരെ നഖശിഖാന്തം വിറപ്പിച്ചു.

യേശു നിന്നസ്ഥാനത്തുതന്നെ നിൽക്കുന്നുണ്ടു്. എന്നാൽ ഇപ്പോഴാവട്ടെ അവിടുത്തെ ചുററും ഒരു ദീപ്തി വ്യാപിച്ചിരിക്കുന്നു. സൂര്യനേപ്പോലെ ആ മുഖം പ്രകാശിതമാണു്. ഹിമത്തേക്കാറം വെൺമയുണ്ടാവസ്ത്രങ്ങറംക്കു്. അവിടുത്തെ ഇരുപാർശ്വങ്ങളിലും ഓരോ മനുഷ്യർ നില്ക്കുന്നു. അവരുടെ ചുററുമുണ്ടു് ആ പ്രഭാപൂരം. നിയമദാതാവായ മോശയായിരുന്നു അവരിലൊരാറം. അപരൻ പ്രവാചകരിൽ പ്രഥമഗണനീയനായിരുന്ന ഏലിയായും. ആ കാഴ്ചകണ്ടു് ശിഷ്യർ മൂവരും ഭയന്നുവിറച്ചു.

യേശു അവരെ സൂക്ഷിച്ചു. വികാരവിവശനായി പത്രോസു ഒരടി മുന്നോട്ടുവച്ചു. എന്നിട്ടദ്ദേഹം പറയുകയാണു്-"കത്താവേ, നമുക്കിവിടെ താമസിക്കാം. മൂന്നു കൂടാരങ്ങറം നമുക്കിവിടെ സജ്ജമാക്കാം. ഒന്നു അങ്ങേയ്ക്കും, ഒന്നു മോശയ്ക്കും, ഒന്നു ഏലിയായ്ക്കും." പക്ഷേ, അദ്ദേഹം സംസാരിച്ചുകൊണ്ടിരിക്കവേ, ശുഭ്രവർണ്ണത്തിലുള്ള ഒരു കാർമേഘം അവരെ ആവരണം ചെയ്തു. അതിൽനിന്നൊരു അശിരീരി പുറപ്പെട്ടു.

"ഇതെൻെറ പ്രിയപുത്രനാകുന്നു-ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു-അവൻെറ വാക്കുകൾ കേൾക്കുക."

ഭയംകൊണ്ടു അവശരായി ആ ശിഷ്യർ സാഷ്ടാംഗം തറയിൽ വീണു. യേശു ജ്ഞാനസ്നാനം സ്വീകരിച്ച ആ ദിവസം-മൂന്നുവഷങ്ങൾക്കുമുൻപു്-യോൎദ്ദാൻ തീരത്തുവച്ചു് അവർ അതേ ശബ്ദംതന്നെ കേട്ടതാണു്. എന്നാൽ ഇതു കൂടുതൽ അത്ഭുതകരമായിരിക്കുന്നു; കൂടുതൽ ഭയജനകമായിരിക്കുന്നു. "ദൈവത്തെ കണ്ടശേഷം ഒരു മനുഷ്യനും ജീവിക്കാൻ സാദ്ധ്യമല്ല."—ആ തിരുവെഴുത്തു എത്ര യഥാൎത്ഥമായിരിക്കുന്നു.

വിറച്ചുകൊണ്ടു കുറേ സമയം ശിഷ്യർ തറയിൽത്തന്നെ കിടന്നു. അപ്പോഴാണു് ഓരോരുത്തൎക്കും തോന്നുക, മൃദുലമായി ആരോ തങ്ങളെ സ്പൎശിക്കുന്നെന്നു്. ഗുരുവിൻെറ ശബ്ദം അവർ കേട്ടു:-"എഴുന്നേല്ക്കുക-ഭയപ്പെടേണ്ടാ." അവർ മുട്ടിന്മേൽ നിന്നുകൊണ്ടു സാവധാനം കണ്ണുകൾ തുറന്നു. ആ ദീപ്തി കാണാനില്ല. യേശുവല്ലാതെ മററാരും അവിടെയില്ലതാനും. സൗമ്യതയും കരുണയുമുള്ള യേശുമാത്രം. അവരുടെ മുട്ടുകൾ അപ്പോഴും വിറയ്ക്കുന്നുണ്ടു്. അല്പംകഴിഞ്ഞു് അവർ മലയിറങ്ങാൻ ആരംഭിച്ചു. മൗനമായാണു് അവർ നടക്കുന്നതു്. സംസാരിക്കാൻ അവരിൽ ആരുംതന്നെ മുതിൎന്നില്ല. അങ്ങനെ കുറെ ദൂരം അവർ നടന്നു. അപ്പോഴാണു് യേശു തിരിഞ്ഞു നിന്നു അവരോടു പറയുന്നതു്:-മനുഷ്യപുത്രൻ മരിച്ചവരിൽനിന്നു ഉയൎത്തെഴുന്നേല്ക്കുന്നതുവരെ ഈ ദൎശനത്തെപ്പററി നിങ്ങൾ ആരോടും പറയരുതു്. ശേഷമുള്ള ഒമ്പതുശിഷ്യരിൽനിന്നുപോലും മറച്ചുവക്കേണ്ട ഒരു മഹാരഹസ്യമായിരുന്നതു്.

തിളങ്ങുന്ന നക്ഷത്രങ്ങളുടെ കീഴിൽ, മേലങ്കികൾ പുതച്ചു് ആ രാത്രിയിൽ അവർ പൎവ്വതത്തിൻെറ അടിവാരത്തിൽ കിടന്നുറങ്ങി. അടുത്ത പ്രഭാതത്തിൽ നേരത്തെതന്നെ അവർ യാത്രയാരംഭിച്ചു. മററുള്ള ശിഷ്യർ അവരെ കാത്തിരിക്കയായിരിയ്ക്കും; ഗുരുവിനെ കാണുവാൻ അവർ തിടുക്കംകൊള്ളുകയാവാം. അവർ പത്രോസിനോടോ, യാക്കോബിനോടോ, യോഹന്നാനോ

ടോ ചോദിക്കാതിരിക്കയില്ല:-"ഇന്നലെ രാത്രിയിൽ നിങ്ങൾ എവിടെയായിരുന്നെന്നു്- അതല്ലെങ്കിൽ യേശു എന്തൊക്കെയാണു പറഞ്ഞതെന്നു്." ആ ചോദ്യം കേൾക്കുമ്പോൾ മൂവരുടേയും ഹൃദയങ്ങൾ കൂടുതൽവേഗത്തിൽ സ്പന്ദിക്കും. പക്ഷേ, അവർക്കൊരു മറുപടിയേ നൽകാൻ സാധിക്കയുള്ളൂ. "ഞങ്ങൾ പർവ്വതത്തിന്റെ മുകളിലായിരുന്നു. ഗുരു പ്രാർത്ഥനയിൽ ലയിക്കയും ചെയ്തു."

* * * * * *

ആൾക്കൂട്ടം ആ വഴിയേ സാവധാനം നീങ്ങുകയാണു്. "യേശു ആ മാർഗ്ഗേണ വരും"- ശിഷ്യരിൽ ഒരാൾ ജനക്കൂട്ടത്തെ അറിയിച്ചു. "മുകളിലത്തെ വഴിയിൽക്കൂടിയാണു് അവിടുന്നു നടന്നതു്. പത്രോസും, യാക്കോബും, യോഹന്നാനും അദ്ദേഹത്തിന്റെ കൂടെയുണ്ടു്."

"ഗുരു രാത്രിമുഴുവൻ സാധാരണയായി പർവ്വതത്തിന്റെ മുകളിലാണോ കഴിച്ചുകൂട്ടുന്നതു്?"

"മിക്കവാറും അങ്ങനെതന്നെയാണു്. അവിടെയെത്തിയാണു് അദ്ദേഹം പ്രാർത്ഥിക്കുക പതിവു്."

"ശ്ശ്-ഒന്നു മിണ്ടാതിരിക്കൂ, കുട്ടീ"-ഒരു കുട്ടിയെ സാന്ത്വനപ്പെടുത്താൻ ആൾക്കൂട്ടത്തിൽ ഒരാൾ ശ്രമിക്കയാണു്. അതൊരു കുട്ടിയാണെന്നും പറഞ്ഞുകൂടാ. പൂർണ്ണവളർച്ച മിക്കവാറും പ്രാപിച്ച ഒരു യുവാവു്. അവനെ കണ്ടാൽ ആർക്കും ആ നിമിഷത്തിൽ മനസ്സിലാകും, അവനു ഭ്രാന്താണെന്നു്. അവൻ തുടരെ അലറുന്നുണ്ടു്-മുഖം ചുളിക്കുന്നുണ്ടു്-കണ്ണുകൾ മിഴിക്കുന്നുമുണ്ടു്.

"ആ ചെറുക്കനെന്താണമ്മേ സുഖക്കേടു്?"—ഒരു ബാലൻ അമ്മയുടെ കൈയിൽ മുറുകെപ്പിടിച്ചുകൊണ്ടു ചോദിക്കയാണു്.

"പാവം ചെറുക്കൻ-അവനെ പിശാചു ബാധിച്ചിരിക്കയാണു്."

"അവനെന്തിനാണമ്മേ ഇങ്ങനെ അലറുന്നതു്."?

"മിണ്ടാതിരിക്കു മകനേ. അലറാതെ അവനു നിവൎത്തിയില്ല."

"മററാൎക്കും അവനെ സുഖമാക്കാൻ സാധിക്കയില്ലേ, അമ്മേ?"

"ഏതാണ്, കുഞ്ഞേ, മററാളുകൾ? യേശുവിൻെറ ശിഷ്യരോ?"

"അതേ — കണ്ണിനു ദീനമുണ്ടായിരുന്ന ഒരാളെ അവർ സൗഖ്യമാക്കിയല്ലോ."

"അതൊന്നും എനിക്കറിവില്ല. നീ ഒന്നു സംസാരിക്കാതിരിക്കു. നീ പറയുന്നതു അവരാരെങ്കിലും കേൾക്കും. നോക്കു, അതാ വരുന്നു യേശു. അദ്ദേഹവും മൂന്നു ശിഷ്യന്മാരും വഴിയുടെ വളവുകഴിഞ്ഞ് ഇപ്പോൾത്തന്നെ ഇങ്ങു വന്നുചേരും."

"ഞാൻ അദ്ദേഹത്തിൻെറ അടുക്കലേക്കു ഓടിപ്പോകട്ടെ, അമ്മേ? അമ്മ ഒന്നു നോക്കു, മററകുട്ടികൾ അതാ അദ്ദേഹത്തിൻെറ അടുക്കൽ ഓടിയെത്തുന്നു. അദ്ദേഹം ഞങ്ങളെ ആശീൎവ്വാദിക്കയില്ലേ, അമ്മേ? മററ നഗരങ്ങളിൽ കൊച്ചു കുഞ്ഞുങ്ങളെ അദ്ദേഹം ആശീൎവ്വദിച്ചല്ലോ."

"നില്ക്കൂ, മകനേ-തത്രപ്പെടാതെ. അതാ, ആ മനുഷ്യൻ-പിശാചു ബാധിച്ച ആ കൊച്ചനോടുകൂടി വന്നിരിക്കുന്ന ആളിന് അടിയന്തിരമായി യേശുവിനെ സമീപിക്കേണ്ടിയിരിക്കുന്നു."

പക്ഷേ, ആ മനുഷ്യനു അത്രവേഗമോ, വിഷമം കൂടാതെയോ യേശുവിനെ സമീപിക്കാൻ സാധിക്കുന്നില്ല- അത്രയ്ക്കുണ്ട് അദ്ദേഹത്തിൻെറ ചുററും ജനപ്പെരുപ്പം. പിശാചുബാധിതനായ ആ ബാലനാണെങ്കിൽ, തുടരെ അട്ടഹസിക്കയും, കണ്ണുരുട്ടുകയും ഞെളിപിരികൊള്ളുകയും ചെയ്തുകൊണ്ടിരുന്നു.

"ഇതാ, ഈ മനുഷ്യനെ അദ്ദേഹത്തിൻെറ അടുക്കലേക്കു കടത്തിവിടു. പിശാചുബാധിതനായ ഈ ബാലനേയും അയാളോടൊപ്പം അങ്ങോട്ടു വിടു."

അന്ത്രയോസാണ് അങ്ങനെ പറഞ്ഞതു്. അദ്ദേഹം ആ മനുഷ്യനേയും ബാലനേയും ആൾത്തിരക്കിനിടയിൽക്കൂടി യേശുവിന്റെ സമീപത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി. യേശുവിന്റെ ചുററുമാണെങ്കിൽ, നിരവധി കുഞ്ഞുങ്ങൾ എത്തിക്കൂടിയിട്ടുണ്ടു്. യേശു ആ മനുഷ്യനെ കരുണയോടെ നോക്കി.

"എന്റെ ഗുരോ"–ആ സാധുമനുഷ്യൻ വിളിച്ചുപറഞ്ഞു. അപ്പോഴും അയാളുടെ മകൻ അയാളെ പിന്നോക്കം പിടിച്ചു വലിക്കയാണു്. അവന്റെ വായിൽനിന്നു നുരയും പതയും അങ്ങു ഒഴുകിക്കൊണ്ടിരിയ്ക്കുന്നു. "എന്റെ ഗുരോ"–ആ പിതാവു് വീണ്ടും ഗദ്ഗദത്തോടെ നിലവിളിച്ചു. "എന്റെ മകനെ അങ്ങു് ഒന്നു നോക്കണേ. എനിയ്ക്കു മററു കുട്ടികളില്ല. ഒരു ദുരാത്മാവു് അവനിൽ പ്രവേശിച്ചിരിക്കയാണു്. അവൻ നിലവിളിയ്ക്കുമ്പോൾ ആ ദുർഭൂതം അവനെ നിലംപതിപ്പിക്കുന്നു. ആ അശുദ്ധാത്മാവിനെ പുറത്താക്കാൻ അങ്ങയുടെ ശിഷ്യരോടു ഞാൻ അഭ്യർത്ഥിച്ചു. പക്ഷേ, അവക്കതു സാധിക്കുന്നില്ല."

ഉൽക്കണ്ഠാകുലവും, ദുഃഖനിർഭരവുമായ ആ പിതാവിന്റെ മുഖത്തുനിന്നു യേശു കണ്ണുകളുയർത്തി, തനിക്കു ചുററും തിക്കിത്തിരക്കിക്കൊണ്ടിരുന്ന പുരുഷാരത്തെ നോക്കി, സന്താപത്തോടെ. എന്നിട്ടു് അവരോടു പറയുകയാണു്:–"വിശ്വാസമില്ലാത്ത തലമുറ! എത്രകാലം ഞാൻ നിങ്ങളുടെ കൂടെയുണ്ടായിരിക്കും? എത്രകാലം ഞാൻ നിങ്ങളോടു ക്ഷമ പ്രദർശിപ്പിക്കും." അദ്ദേഹം ആ മനുഷ്യന്റെ നേരേ തിരിഞ്ഞു:—"ആ ബാലനെ ഇവിടെ കൊണ്ടുവരിക."— അവിടുന്നു് ആജ്ഞാപിച്ചു.

പിതാവു മകനെ യേശുവിന്റെ സന്നിധിയിലേക്കു ആനയിച്ചു. ഞെളിപിരികൊണ്ടു് ഒരു ഗർജ്ജനത്തോടെ അവൻ അവിടെ വീണു.

"അവനീബാധയുണ്ടായിട്ടു എത്രകാലമായി?"

"അവൻ ഒരു ചെറുകുട്ടിയായിരിക്കുമ്പോൾ മുതൽ തുടങ്ങിയതാണിതു്. പല പ്രാവശ്യം അവൻ തീയിലും വെള്ളത്തിലും വീണിട്ടുണ്ടു്. അങ്ങയ്ക്കു എന്തെങ്കിലും ചെയ്യാൻ സാധിക്കുമെങ്കിൽ, ദയ തോന്നി ഞങ്ങളെ സഹായിക്കണേ."

അപ്പോഴും രോഗി തറയിൽക്കിടന്നു ഞെളിപിരികൊള്ളുകയാണ്. ആൾക്കൂട്ടം നിശബ്ദരായിനിന്നു, എന്താണ് സംഭവിക്കുവാൻ ഭാവിക്കുന്നതെന്നു നോക്കുകയാണ്. കുഞ്ഞുങ്ങളാണെങ്കിൽ; ഭയന്നു പിന്നോക്കം നീങ്ങി.

''നിങ്ങൾ വിശ്വസിക്കുന്നോ?''–യേശു ചോദിച്ചു. ''വിശ്വസിക്കുന്നവനു ഏതു കാര്യവും സാദ്ധ്യമാണ്.''

''ഞാൻ വിശ്വസിക്കുന്നേ''—ആ സാധുമനുഷ്യൻെറ മറുപടി ഒരു രോദനമായിരുന്നു. ആ മുഖത്തു കണ്ണീരങ്ങനെ ഒഴുകുകയാണ്. ''കൂടുതൽ വിശ്വാസമുണ്ടാകാൻ എന്നെ സഹായിച്ചാലും.''

യേശു സഗൗരവം, സാധുബാലനെ ബാധിച്ച ദുരാത്മാവിനോടു കല്പിച്ചു:–''മൂകനും ബധിരനുമായ ദുരാത്മാവേ, ഈ ബാലനെ വിട്ടുപോകുക എന്നു ഞാൻ ആജ്ഞാപിക്കുന്നു. ഇനി അവനിൽ പ്രവേശിക്കയുമരുതു.''

ആ അശുദ്ധാത്മാവു് ഉച്ചത്തിൽ ഗർജ്ജിച്ചുകൊണ്ടു് ബാലനെ വിട്ടുപോയി. ബാലനാകട്ടെ, നിശ്ചലനായി തറയിൽ കിടന്നു.

''അവൻ മരിച്ചു.''–കൂടിയിരുന്നവർ അന്യോന്യം പറയുകയാണ്. യേശു അവൻെറ കയ്യിൽ പിടിച്ചു അവനെ ഉയർത്തി. ബാലൻ എഴുന്നേററുനിന്നു. അവൻെറ മുഖം വിളറിയിരുന്നു. പക്ഷേ, അവൻെറ രോഗം ഭേദമായി.

ഒരു നിമിഷനേരത്തേയ്ക്കു് ജനക്കൂട്ടം നിശ്ചലമായി നിലകൊണ്ടു. ആ കാഴ്ച അവരെ അമ്പരപ്പിക്കതന്നെ ചെയ്തു. അടുത്തനിമിഷം വികാരഭരിതരായ ജനസഞ്ചയത്തിൻെറ ആരവം അന്തരീക്ഷത്തിൽ മുഴങ്ങി. അവർ വിളിച്ചുപറയുകയാണ്:— ''നോക്കൂ–നോക്കൂ, യേശു എന്താണ് ചെയ്തതെന്നു്!''

''അമ്മേ–അമ്മേ–ആ ചെറുക്കനു സുഖമായല്ലോ.''

''അതേ–മകനേ–യേശു അവൻെറ രോഗം ഭേദമാക്കി.''

''അമ്മേ–ഇനി ഞാൻ യേശുവിൻെറ അടുക്കലേയ്ക്കു് പോകട്ടോ?''

"ഉവ്വ്, മകനേ, ഇനി അദ്ദേഹത്തിന്റെ അടുക്കലേയ്ക്കു് നിനക്കു പോകാം."

യേശുവും ശിഷ്യരും നഗരത്തിൽ മടങ്ങിയെത്തി. ആൾക്കൂട്ടം പിരിഞ്ഞുപോയി. അപ്പോൾ മാത്രമേ യേശുവിന്റെ കൂടെ തനിയെ കഴിച്ചുകൂട്ടാൻ ശിഷ്യർക്കു സാധിച്ചുള്ളു. അവർ അദ്ദേഹത്തോടു ചോദിക്കയാണ്:–"ഗുരോ, ആ അശുദ്ധാത്മാവിനെ പുറത്താക്കാൻ എന്തുകൊണ്ടാണ് ഞങ്ങൾക്കു സാധിക്കാതെ വന്നതു്?"

കാരുണ്യത്തോടെ, എന്നാൽ ദുഃഖഭാവത്തിൽ അദ്ദേഹം അവരെ നോക്കി. "നിങ്ങളുടെ വിശ്വാസക്കുറവാണ് അതിനു കാരണം. ആ വിധ ദുരാത്മാക്കളെ പ്രാർത്ഥനയും ഉപവാസവും കൊണ്ടു മാത്രമേ ബഹിഷ്കരിക്കാൻ സാധിക്കു."

# XVI

## ദേവാലയത്തിൽ

കഫർണ്ണഹോംനഗരത്തിൽ സാർവ്വത്രികമായ ഉത്സാഹവും ബഹളവുമാണ് ആ പ്രഭാതത്തിലുണ്ടായിരുന്നതു്. അന്നാണ് അവിടെനിന്നു് തീർത്ഥാടകർ കൂടാരപ്പെരുന്നാളിനു യാത്രയാകുക. യാത്രചെയ്യാൻ സുഖവും സൗകര്യവുമുള്ളവരെല്ലാം തന്നെ ആ പെരുന്നാളിനു യരുശലേമിലെത്തും. വലിയ പെരുന്നാളെന്നാണ് അതിനെ ജനങ്ങൾ വിളിച്ചുപോന്നതു്.

സൂര്യനുദിച്ചപ്പോൾമുതൽ ആളുകളങ്ങനെ വന്നുകൂടുകയാണ്. മാർക്കററിലാണെങ്കിൽ വലിയ തിക്കും തിരക്കും ബഹളവും. കച്ചവടക്കാർ അർദ്ധരാത്രിയായപ്പോഴേ അവിടെയെത്തിക്കൂടി സാധനങ്ങൾ വില്ക്കാൻ സന്നദ്ധരായിക്കഴിഞ്ഞിരുന്നു.

സൂര്യനുദിച്ചുയർന്നുകഴിഞ്ഞു. അപ്പോൾ തീർത്ഥാടകസംഘനേതാക്കളിൽ ഒരാൾ വിളിച്ചുപറയുകയാണ്:–"ഇനി യാത്ര

ആരംഭിക്കാം. ഇതാ, നോക്കൂ, സൂര്യൻ ഉയൎന്നുകഴിഞ്ഞു. കപ്പൎണ്ണ ഹോമിൽനിന്നു പോകുന്നവരെല്ലാം ഇവിടെ കൂടിയിട്ടുണ്ടോ?"

ആളുകൾ ചുററും നോക്കി. പരിചിതരെ അവരോരുത്തരും എണ്ണിത്തിട്ടപ്പെടുത്തി:—ജയിറൂസ്, ലേവി, യോനാ, യേശു........പക്ഷേ, യേശു എവിടെ? അവിടെയെങ്ങും അദ്ദേഹത്തെ കാണാനില്ല. പന്ത്രണ്ടു ശിഷ്യരോടൊപ്പം അവിടുന്ന് എന്തുകാരണത്താലായിരിക്കാം അവിടെ എത്തിച്ചേരാതിരിക്കുന്നതു്? കൂടാരപ്പെരുനാളിനു അവിടുന്ന് തീൎച്ചയായും പോകാതിരിക്കയില്ല."

ഒരാൾ അല്പം ധൃതിയിൽ ആൾക്കൂട്ടത്തിന്റെ മുന്നണിയിലെത്തി:—"ഇല്ല—യേശു നമ്മുടെകൂടെ വരുന്നില്ല." അയാളുടെ മുഖത്തു അരിശഭാവം കാണാനുണ്ടു്.

"നിങ്ങൾ അദ്ദേഹത്തിന്റെ ഒരു ബന്ധുവല്ലേ?"—ആ മനുഷ്യനോടു മറെറാരാൾ ചോദിച്ചു. "നിങ്ങൾ വിചാരിച്ചാൽ നമ്മുടെകൂടെ വരുന്നതിനു യേശുവിനെ പ്രേരിപ്പിക്കാൻ കഴിയുകയില്ലേ? യേശു നമ്മുടെ കൂടെയുണ്ടായിരിക്കണമെന്നാണു് എല്ലാവരുടെയും ആഗ്രഹം."

"ഞാനല്ലേ പറയുന്നതു, അദ്ദേഹം നമ്മുടെകൂടെ വരുന്നില്ലെന്നു്."—ആദ്യമനുഷ്യൻ അരിശം വൎദ്ധിച്ചു് ഉച്ചത്തിൽ പറഞ്ഞു: അവരൊത്തു യറുശലേമിലേക്കു പോകാൻ യേശുവിനെ ആവതും പ്രേരിപ്പിച്ചശേഷം അയാൾ ആ സ്ഥാനത്തു വന്നെത്തിയതെയുള്ളു. ഗലീലയായിൽനിന്നു ധാരാളം തീൎത്ഥാടകർ ഈ അവസരത്തിൽ യറുശലേമിലെത്തും. യേശുവിന്റെ ആശയങ്ങളും ആദൎശങ്ങളും അങ്ങേയററം പിൻതാങ്ങാൻ സന്നദ്ധരാണു് അവർ. അതുകൊണ്ടു് യേശു ഈ അവസരത്തിൽ അവരോടൊത്തു അങ്ങോട്ടു യാത്രയാകുന്നതു നാനാപ്രകാരേണയും ശുഭകരമായിരിക്കും. ആൎക്കറിയാം—കഴിഞ്ഞ ഒരു വൎഷക്കാലമായി അവർ നിൎദ്ദേശിച്ചുവന്നതുപോലെ അദ്ദേഹത്തെ രാജസ്ഥാനത്തേക്കുയൎത്താൻ അവൎക്കു സാധിക്കയില്ലെന്നു്? അങ്ങോട്ടേക്കുള്ള യാത്രാവേളയിൽ യഹൂദിയാഭാഗത്തുവച്ചു അദ്ദേഹം ഒന്നുരണ്ടു

അത്ഭുതങ്ങൾ പ്രവർത്തിക്കയാണെങ്കിൽ രാജസ്ഥാനം നിഷ്പ്രയാസം അദ്ദേഹത്തിനു കരസ്ഥമാക്കാൻ സാധിക്കതന്നെ ചെയ്യും. കാര്യങ്ങൾ ഇങ്ങനെയിരിക്കേ യേശു അവരോടൊന്നിച്ചു് യാത്രചെയ്യാൻ വിസമ്മതിച്ചതു മനസ്സിലാക്കാൻ പ്രയാസമായിത്തീന്നിരിക്കുന്നു. എന്നാൽ യേശു ഒരു സംഗതി തീച്ചപ്പെടുത്തിക്കഴിഞ്ഞാൽ ആ തീരുമാനത്തിൽ നിന്നു അവിടത്തെ മാററാൻ ആക്കും സാദ്ധ്യമല്ല. ശാന്തനായി അദ്ദേഹം സമാധാനം നൽകും — പക്ഷേ, തൻെറ തീരുമാനം അദ്ദേഹം ഭേദപ്പെടുത്തുകയുമില്ല. തികഞ്ഞ പ്രശാന്തതയോടെ, എന്നാൽ ദൃഢചിത്തനായി അദ്ദേഹം ഈ അവസരത്തിൽ പറഞ്ഞതെന്താണെന്നോ? "എൻെറ സമയം വന്നെത്തിയിട്ടില്ല." — അത്രമാത്രം.

പക്ഷേ, അല്പമകലെ ഒരു സ്ഥലത്തു നിന്നുകൊണ്ടു് യേശു തീത്ഥാടകരുടെ യാത്രസ്സുള്ള ഒരുക്കങ്ങൾ കാണുകയാണു്; അവരവിടത്തെയൊട്ടു കാണുന്നുമില്ല. അവരുടെ ശ്രദ്ധയിൽ നിന്നകന്നു നിൽക്കാൻ അതേയുള്ള മാർഗ്ഗം, അവിടത്തേക്കു്. ഗലീലിയായിലെ തൻെറ പ്രവർത്തനം ഉപസംഹരിക്കാൻ സമയമായിരിക്കയാണു്. ഗലീലിയയിൽ താൻ സഞ്ചരിക്കാത്ത പ്രദേശങ്ങളില്ല; തൻെറ വചനം കേൾക്കാത്തവരും ആ ദിക്കിലുണ്ടായിരുന്നില്ല. എന്നാൽ, എന്നെത്തേയുംകാൾ അഭിപ്രായവൈരുദ്ധ്യം സൃഷ്ടിക്കപ്പെട്ട ഒരു അവസരമായി അതു കലാശിക്കയാണു് ചെയ്തതു്. അദ്ദേഹത്തിൻെറ വാക്കുകൾ വിശ്വസിച്ചവരും വിശ്വസിക്കാത്തവരും- എന്നിങ്ങനെ ഏതാണ്ടു് തുല്യശക്തിയുള്ള രണ്ടു കക്ഷികൾ ഗലീലിയയിലുണ്ടായി. അവക്കു്, അവരുടെ അവസാനസന്ദർഭം ലഭിച്ചുകഴിഞ്ഞിരുന്നു. കൂടാരപ്പെരുന്നാൾ, അതു കഴിഞ്ഞാൽ പ്രതിഷ്ഠപ്പെരുന്നാൾ; തുടന്നു പെസഹാപ്പെരുന്നാൾ. പെസഹാപ്പെരുന്നാളോടുകൂടി യേശുവിൻെറ പ്രവർത്തനം പര്യവസാനിക്കും. അവിടന്നു് പ്രവർത്തനത്തിലേർപ്പെട്ടിട്ടു മൂന്നു വർഷം തികയാൻ ഇനി ആറുമാസക്കാലമേ വേണ്ടു. അവിടത്തെ വധിക്കാൻ യറുശലേമിലെ നേതാക്കൾ ഇപ്പോഴേ ഗൂഢാലോചനകളിൽ ഏപ്പെട്ടുകഴിഞ്ഞിരിക്കുന്നു. കൂടാരപ്പെ

ത്തനാളിൽ സംബന്ധിക്കാൻ യേശു യറുശലേമിലേക്ക പോകുന്നുണ്ട്. പക്ഷേ, അതു രഹസ്യമായിരിക്കും. അതു കഴിഞ്ഞാൽ അവശേഷിക്കുന്ന സമയംകൊണ്ട തനിക്ക യഹൂദിയായിലെ നഗരങ്ങളിലും യോർദ്ദാൻ തീരത്തെ പ്രദേശങ്ങളിലും സഞ്ചരിക്കേണ്ടിയിരിക്കുന്നു. ആ സ്ഥലങ്ങളിലെ ആളുകളും സുവിശേഷം കേഠംക്കേണ്ടതു അത്യാവശ്യം തന്നെയാണ്. അവരേയും രക്ഷിക്കാനാണ് അദ്ദേഹം ആഗതനായതു്. എന്നാലും കപ്പർണ്ണഹോമിലെ തീർത്ഥാടകർ തന്നെക്കൂടാതെ യാത്രയാകുന്നതു കണ്ടപ്പോഠം, അവിടുത്തേക്ക സങ്കടമുണ്ടായി. അവരെ-തന്നിൽ വിശ്വാസമർപ്പിക്കാത്തവരെപ്പോലും അവിടുന്നു അവഗാഢം സ്നേഹിച്ചു. അവർ തൻെറ സ്വന്തംജനമല്ലേ?

*　　　*　　　*

കപ്പർണ്ണഹോമിൽ നിന്നുള്ള തീർത്ഥാടകർ യറുശലേമിലെത്തിച്ചേർന്നപ്പോഠം ആ നഗരത്തിലെ തിക്കിനെയും തിരക്കിനേയും പററി ഒന്നും പറയാനില്ല. കൂടാരപ്പെരുന്നാഠം അവസരത്തിലേപ്പോലെ ആഠംബഹളവും ഒച്ചപ്പാടും മറെറാരവസരത്തിലും അവിടെ ഉണ്ടാകാറില്ല. പല നൂററാണ്ടുകഠംക്ക മുൻപ് ഇസ്രായേൽജനത ഈജിപ്തിലെ അടിമത്വത്തിൽ നിന്നു മോചിതരായ സന്ദർഭത്തെ അനുസ്മരിപ്പിക്കുന്ന കർമ്മങ്ങളാണ് കൂടാരപ്പെരുന്നാഠംഘട്ടത്തിൽ അനുഷ്ഠിക്കപ്പെടുന്നതു്. പ്രതിവർഷവും യറുശലേമിൽ എത്തിക്കൂടുന്ന ജനങ്ങഠം പച്ചിലകളുള്ള വൃക്ഷശിഖരങ്ങഠംകൊണ്ട താൽക്കാലിക വസതികഠം നിർമ്മിച്ച് ഏഴു രാത്രികളിൽ അവയിലുറങ്ങും. ഈജിപ്തിൽനിന്നു യാത്രയായശേഷം വനാന്തരത്തിൽ പൂർവ്വപിതാക്കഠം നയിച്ച ജീവിതത്തെ അനുസ്മരിപ്പിക്കുന്ന ഒരു ചടങ്ങായിരുന്നു അതു്. ഈവിധ താല്ക്കാലിക കുടിലുകഠം നിർമ്മിക്കുന്ന ബഹളം അങ്ങനെ നടക്കുന്നു.

ഒരു വാരക്കാലത്തേക്ക ദിവസംപ്രതി നഗരത്തിൻെറ വീഥികളിൽ കൂടി ശീലോവാക്കുളത്തിലേക്ക ഓരോ ഘോഷയാത്രയുണ്ടാവും. തങ്ങളുടെ പൂർവ്വപിതാക്കഠം മണലാരണ്യത്തിൽ വെ

ള്ളമില്ലാതെ ക്ലേശിച്ചതും മോശ ഒരു വടികൊണ്ടു പാറയിൽ അടിച്ചപ്പോൾ സമൃദ്ധമായി അവക്കു വെള്ളം കിട്ടിയതുമാണു് ഈ ഘോഷയാത്രകളുടെ പശ്ചാത്തലം. കുളത്തിൽ നിന്നു ഒരു സ്വർണ്ണപ്പാത്രത്തിൽ ഒരു പുരോഹിതൻ വെള്ളം മുക്കിയെടുക്കും. ആ ഘോഷയാത്രയായി ജനങ്ങൾ നഗരത്തിലേക്കു മടക്കി ക്കൊണ്ടുപോകും. ആൾക്കൂട്ടം അപ്പോൾ കുരുത്തോലകൾ ഉയരത്തിൽ വീശിക്കൊണ്ടു പാടുന്നുണ്ടാവും:—

"രക്ഷയുടെ ഉറവയിൽ നിന്നു നിങ്ങൾ സന്തോഷത്തോടെ വെള്ളമെടുക്കും."

പുരോഹിതൻ സ്വർണ്ണപ്പാത്രത്തിലെ വെള്ളവുമായി ദേവാലയത്തിൽ പ്രവേശിച്ചു്, അതു ശുദ്ധിയുടെ ശുദ്ധസ്ഥലത്തൊഴിക്കും; ദൈവത്തോടുള്ള കൃതജ്ഞതയുടെ സൂചനയായി. ആകർഷകമായ ഒരു പെരുന്നാളായിരുന്നു അതു്. വിദൂരപ്രദേശങ്ങളായ ഗ്രീസിലും റോമിലുംനിന്നു ഈ പെരുന്നാളിൽ സംബന്ധിക്കാൻ ആളുകൾ ധാരാളം വന്നെത്തുക പതിവായിരുന്നു. വീഥികളിൽ കൂടി കടന്നുപോകുമ്പോൾ കേൾക്കാം, വിവിധവേഷത്തിലുള്ള വിവിധസംഘങ്ങൾ വിവിധഭാഷകളിൽ സംഭാഷണം ചെയ്തു കൊണ്ടു് നടക്കുന്നതു്.

പെരുന്നാളിൻെറ ആദ്യദിവസം ജനങ്ങൾ അന്യോന്യം ആരായുകയാണു്; യേശു എന്തുകൊണ്ടു് പെരുന്നാളിൽ സംബന്ധിക്കുന്നില്ലെന്നു്. അദ്ദേഹത്തിൻെറ അത്ഭുതങ്ങൾ ചിലവയെങ്കിലും കാണാൻ സാധിക്കുമെന്നായിരുന്നു അവരുടെ പ്രത്യാശ. രണ്ടാം ദിവസവും മൂന്നാം ദിവസവും അവരദ്ദേഹത്തെ അന്വേഷിച്ചു. പക്ഷേ, അദ്ദേഹത്തെ അവിടെയെങ്ങും കാണാനില്ല. എന്നാൽ, നാലാം ദിവസം അവരദ്ദേഹത്തെ കാണുക തന്നെ ചെയ്തു. ദേവാലയാങ്കണത്തിൽ പ്രശാന്തനായി അവിടുന്നു് നിൽക്കുയാണു്; ആരും തന്നെ അന്വേഷിച്ചിട്ടുണ്ടാവില്ല എന്ന ഭാവത്തിൽ.

"ഞങ്ങളോടു് സംസാരിച്ചാലും, ഗുരോ!"— ജനങ്ങൾ അഭ്യർത്ഥിച്ചു. "സ്വർഗ്ഗരാജ്യത്തെപ്പറ്റി അങ്ങയുടെ വാക്കുകൾ

കേൾക്കാൻ ഞങ്ങൾക്കാഗ്രഹമുണ്ട്." അവരുടെ അഭ്യർത്ഥനയെ ആദരിച്ച്, യേശു അവരോട് സംസാരിച്ചു. എന്നാൽ, അവിടുത്തെ വാക്കുകൾ കേൾക്കുന്നതിനിടയിൽ ആൾക്കൂട്ടത്തിൽ ചിലർ അന്യോന്യം ചോദിക്കയാണ്: —"ഈ മനുഷ്യനു പറയത്തക്ക പഠിപ്പൊന്നുമില്ല. എങ്ങിനെ ഇദ്ദേഹത്തിനു ഇത്രയേറെ അറിവു ലഭിച്ചു?"

ഇക്കൂട്ടരുടെ സംശയം മനസ്സിലാക്കി, യേശു അവരെ നോക്കി പറയുകയാണ്: —"എന്റെ വചനങ്ങൾ എന്റേതല്ല, എന്നെ അയച്ചവന്റേതാണ്."

അതിനുശേഷം അവിടെ ഒരുഭാഗത്തുകൂടിനിന്ന കുറെ പരീശരുടെ നേരെ തിരിഞ്ഞു, അവിടുന്നു ചോദിച്ചു:—"നിങ്ങളെന്തിനു എന്നെ വധിക്കാനുദ്യമിക്കുന്നു?"

പരീശരുടെ മുഖത്തു ഒരു പരുങ്ങൽഭാവം ദൃശ്യമായി. എന്നാൽ, ഈ വധോദ്യമത്തെപ്പറ്റി അജ്ഞരായിരുന്നവർ ഏകകണ്ഠേന അദ്ദേഹത്തോടു ചോദിച്ചു; അങ്ങയെ വധിക്കാൻ ആരാണുദ്യമിക്കുന്നതെന്ന്.

സങ്കടത്തോടെ അവരെ നോക്കി യേശു നിശ്ചലനായി നിന്നു. ആ പിറുപിറുപ്പിനിടയിൽ അവിടുത്തേക്ക് അവരോടു പറയാൻ എന്താണുള്ളതു? അല്പനേരത്തെ മൗനത്തിനുശേഷം അവിടുന്ന് അവരോട് പറയുകയാണ്: — "അല്പകാലംകൂടി ഞാൻ നിങ്ങളോടുകൂടിയുണ്ടായിരിക്കും. അതിനുശേഷം എന്നെ അയച്ചവന്റെ സന്നിധിയിലേക്ക് ഞാൻ പോകും ഞാൻ പോകുന്നിടത്തേക്ക് നിങ്ങൾക്ക് എന്നെ അനുഗമിക്കാൻ സാധിക്കയുമില്ല." ഇതുകൂടി കേട്ടപ്പോൾ അവരുടെ ജിജ്ഞാസ വർദ്ധിക്കയാണ് ചെയ്തതു.

ജനക്കൂട്ടം അന്യോന്യം ആരാഞ്ഞു: — "നമുക്കു കാണാൻ സാദ്ധ്യമല്ലാത്ത വിധം അദ്ദേഹം എങ്ങോട്ടേക്കായിരിക്കുമോ പോകുന്നതു?" ആ ബഹളത്തിനിടയിൽ യേശു പുരുഷാരത്തിനിടയിൽനിന്നു വഴുതിമാറി. പറയാനുള്ള സൗകര്യം ലഭിക്കുമ്പോൾ അവരോടു പറയാൻ പല സംഗതികളും അദ്ദേഹത്തി

നുണ്ടായിരുന്നു. അല്പംകൂടി കഴിഞ്ഞാൽ അതിനുള്ള സന്ദർഭം നഷ്ടപ്പെടും. മോശ സ്വജനങ്ങൾക്കു മണലാരണ്യത്തിൽവച്ച് വെള്ളം നൽകി; യേശുവിനാകട്ടെ ജീവനുള്ള വെള്ളം — കരുണയുടെ ജലം–അവക്കു കൊടുക്കാൻ സാധിക്കും; അവർ ശ്രദ്ധിക്കമാത്രം ചെയ്തിരുന്നെങ്കിൽ. അഭിവാഞ്ചയും, ദുഃഖവും കൊണ്ട് അവിടുത്തെ ഹൃദയം നൊമ്പരപ്പെട്ടു.

പെരുന്നാളിന്റെ അവസാനദിവസം അവിടുന്ന് ദേവാലയത്തിന്റെ വിസ്തൃതമായ പൂമുഖത്തുനിന്നു. നിരവധി ജനങ്ങൾ അവിടെ കൂടിയിട്ടുണ്ട്. നഗരത്തിലെ വീഥികളിൽക്കൂടി ഏഴുദിവസം തുടച്ചയായി ഘോഷയാത്രകൾ ശീലോഹാകുളം വരെ പോയി മടങ്ങിയെത്തി. ഇന്നു എട്ടാം ദിവസമാണ്. എട്ടാം ദിവസം ഘോഷയാത്രയില്ല. പുരോഹിതൻ സ്വർണ്ണപ്പാത്രത്തിൽ വെള്ളവുമായി ദേവാലയത്തിലേക്കു പ്രവേശിക്കുന്ന ആ ഭാഗത്തു് യേശു നിൽക്കയാണ്. പുരുഷാരത്തെ അഭിമുഖീകരിച്ചുകൊണ്ട് സാധാരണയിൽ കവിഞ്ഞുള്ള ദൃഢസ്വരത്തിൽ അവരോടു അദ്ദേഹം പറഞ്ഞു:

"ആർക്കെങ്കിലും ദാഹിയ്ക്കുന്നുണ്ടെങ്കിൽ അവർ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ."

"ന്യായപ്രമാണങ്ങളിൽ പറയുന്നതനുസരിച്ച്, എന്നിൽ വിശ്വസിക്കുന്നവനിൽനിന്നു് ജീവനുള്ള വെള്ളം കവിഞ്ഞൊഴുകുന്ന നദികൾ പ്രവഹിക്കും.''

ജനക്കൂട്ടം ഈ വാക്കുകൾ കേട്ടപ്പോൾ അത്ഭുതസ്തബ്ധരായി. നിശ്ചലരായി അവർ നിന്നുപോയി. അപ്പോൾ ആരോ ചിലർ വിളിച്ചുപറയുകയാണ്:–"തീച്ചയായും ഇദ്ദേഹം ഒരു പ്രവാചകനാണ്." ആ പ്രഖ്യാപനം മററു ചിലർ ഏററുചൊല്ലി. "അദ്ദേഹം ക്രിസ്തുവാണ്." അതോടൊപ്പം മറെറാരു പിറുപിറുപ്പും കേട്ടുതുടങ്ങി. "ക്രിസ്തു ഗലീലിയയിൽനിന്നു വരുമെന്നോ? ദാവീദിന്റെ നഗരമായ ബത്ലഹേമിൽനിന്നു് ക്രിസ്തു ആഗതമെന്നല്ലേ ന്യായപ്രമാണങ്ങളിൽ പറഞ്ഞിരിക്കുന്നതു്?"

ആ അഭിപ്രായവ്യത്യാസങ്ങൾ ഉച്ചകോടിയിലെത്തി. അ

തോടെ യേശുവിനെ പിടികൂടാനുള്ള മുഹൂർത്തം വന്നണഞ്ഞെന്നു മഹാപുരോഹിതരും പരീശരും സങ്കല്പിക്കുകയും ചെയ്തു. അദ്ദേഹത്തെ പിടിക്കാൻ അവർ ദേവാലയകീഴ്ജീവനക്കാരെ നിയോഗിച്ചു. പക്ഷെ, ആ ഭൃത്യർ വെറുംകയ്യായാണ് മടങ്ങിയെത്തിയതു്.

"ആ ഗലീലിയാക്കാരനെവിടെ?" കോപാന്ധരായി പരീശർ ചോദിച്ചു.

ആ ഭൃത്യരാകട്ടെ, അത്ഭുതസ്തബ്ധരായി നിൽക്കയാണ്. "ആ മനുഷ്യനെപ്പോലെ ഇന്നേവരെ ആരും സംസാരിച്ചിട്ടില്ല." അതായിരുന്നു അവരുടെ മറുപടി.

പരിഹാസസ്വരത്തിൽ പരീശർ അവരോട് ചോദിക്കയാണ്:- "അങ്ഹാ—നിങ്ങൾക്കും വഴിപിഴച്ചുപോയോ? ഭരണകർത്താക്കളിലും പരീശരിലും ആരെങ്കിലും ആ മനുഷ്യനിൽ വിശ്വസിക്കുന്നുണ്ടോ? നിയമം അറിവില്ലാത്ത സാധാരണ മനുഷ്യർ മാത്രമല്ലേ അയാളിൽ വിശ്വസിക്കുന്നുള്ളൂ?"

പെട്ടെന്നു പരീശരിൽ ഒരാൾ മുന്നോട്ടുവന്നു്, ആ ശത്രുസംഘത്തെ അഭിമുഖീകരിച്ചു. അയാളുടെ മുഖം വിളറിയിരുന്നെങ്കിലും ഉദ്ദേശദാർഢ്യം അവിടെ ദൃശ്യമായിരുന്നു. മൂന്നുവർഷങ്ങൾക്കു മുൻപൊരുരാത്രിയിൽ രഹസ്യമായി യേശുവിനെ സന്ദർശിച്ച നിക്കോദിമോസായിരുന്നു അതു്. യേശുവിൻെറ ഭാഗം വാദിക്കാൻ ആ മനുഷ്യനിപ്പോൾ സന്നദ്ധനായി. ശാന്തസ്വരത്തിൽ അയാൾ അവരോട് ചോദിച്ചു:—"ഒരു മനുഷ്യൻെറ ഭാഗം ആദ്യംകേട്ട്, അയാൾ എന്താണ് പ്രവർത്തിച്ചതെന്നു മനസ്സിലാക്കാതെ, വിധികല്പിക്കാൻ നമ്മുടെ നിയമം അനുവദിക്കുന്നുണ്ടോ?''

അവർ അയാളെ പരിഹസിച്ചു:- "നിങ്ങളും ഒരു ഗലീലക്കാരനോ?" അവജ്ഞയോടെ അവർ ചോദിക്കയാണ്: "ന്യായപ്രമാണം ആരാഞ്ഞാൽ നിങ്ങൾക്കു ഗ്രഹിക്കാമല്ലോ ഗലീലിയായിൽ നിന്നൊരുപ്രവാചകനും ആഗതനാകയില്ലെന്നു്." ഈ വാദമുഖത്തിനു മുൻപിൽ ഒരു നിമിഷനേരത്തേക്കു മൗനമവലം

ബിക്കാൻ നിക്കോദിമോസും നിർബന്ധിതനായിത്തീൎന്നു. പക്ഷേ, ഒരു സംഗതി അയാ൦ തീർച്ചയാക്കി; അനന്തരഫലങ്ങ൦ എന്തുതന്നെയായാലും, അയാ൦ യേശുവിൻെറ പാർശ്വത്തിൽ നിലകൊള്ളുമെന്നു്. കാലം വൈകിയിട്ടാണെങ്കിലും അയാ൦ "വീണ്ടും ജനിച്ചു"കഴിഞ്ഞിരുന്നു.

ഏതായാലും യേശുവിനെ പിടികൂടാനുള്ള സംരംഭത്തിൽ നിന്നു് പരീശർ തൽക്കാലം പിൻവാങ്ങി. ഗണ്യമായ ഒരു വിഭാഗം ജനങ്ങ൦, അപ്പോഴുമുണ്ടു് അദ്ദേഹത്തെ അനുകൂലിക്കുന്നവരായി. അവിടുത്തെ പൊതുജനസമ്മതി ഉന്മൂലനം ചെയ്യാൻ മറെറന്തെങ്കിലും മാൎഗ്ഗം അവർ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. എന്നാൽമാത്രമേ അവിടുത്തെ നശിപ്പിക്കാൻ അവക്കു സാദ്ധ്യമാകയുള്ളു.

ആ൦ക്കൂട്ടത്തിൽനിന്നു് പിൻവാങ്ങി, പ്രാൎത്ഥിക്കാനായി യേശു ഒലീവുമലയിലേക്കു പോയി. ചിലപ്പോ൦ അവിടുന്നു് ഗത്സമനുഉദ്യാനത്തിലാണു പ്രാൎത്ഥിക്കുവാൻ പോകുക. മററു ചില അവസരങ്ങളിൽ മലയുടെ ഏററവും ഉന്നതസ്ഥാനത്തു ചെന്നെത്തും. അദ്ദേഹം പരമാവധി സ്നേഹിച്ച നഗരത്തെ ആ സ്ഥാനത്തുനിന്നു നോക്കിയാൽ അവിടുത്തേക്കു കാണാം. ആ രാത്രി മുഴുവൻ അവിടുന്നു പ്രാൎത്ഥനയിൽ കഴിച്ചുകൂട്ടി, അടുത്ത പ്രഭാതത്തിൽ ദേവാലയത്തിൽ മടങ്ങിയെത്തി. നഗരത്തെ നോക്കിക്കൊണ്ടു് അവിടുന്നു ദേവാലയത്തിൻെറ മുൻപിൽ നിൽക്കവേയാണു് പുരുഷാരം തന്നെ കാണുക. ഉടൻതന്നെ അവർ ചുററും കൂടി, തങ്ങളെ ഉപദേശിക്കണേ എന്നഭ്യൎത്ഥിച്ചു. നിമിഷംകൊണ്ടു് ജനങ്ങ൦ അവിടെ തിങ്ങിക്കൂടി. അടുത്തുണ്ടായിരുന്ന ഒരു കരിങ്കൽബെഞ്ചിൽ ഇരുന്നു് യേശു അവരെ ഉൽബോധിപ്പിച്ചുതുടങ്ങി.

ആരോ-കുറെയാളുക൦ അതാ അരിശത്തോടെ അട്ടഹസിക്കുന്നു. ജനക്കൂട്ടം തിരിഞ്ഞുനോക്കിയപ്പോ൦ ദേവാലയഭൃത്യർ ഒരു സ്ത്രീയെ വലിച്ചിഴച്ചുകൊണ്ടുവരുന്നതാണു് കാണുക. അവ൦ക്കു ചുററും ശാസ്ത്രികളും പരീശരുമുണ്ടു്.

ഒരു പരീശൻ യേശുവിനെ അറിയിക്കയാണ്:–"ഗുരോ, ഈ സ്ത്രീ പാപത്തിൽ അകപ്പെടുന്നതു കണ്ടു് ഞങ്ങൾ അവളെ പിടികൂടിയതാണ്. അങ്ങനെയുള്ളവരെ കല്ലെറിയണമെന്നാണ് മോശയുടെ നിയമം അനുശാസിക്കുന്നതു്. അങ്ങയുടെ അഭിപ്രായം അറിയാൻ ഞങ്ങൾക്കാഗ്രഹമുണ്ടു്." യേശുവിനെ പരീക്ഷിക്കാനുള്ള ഒരു തന്ത്രമായിരുന്നതു്. പല തലമുറകളിലായി മോശയുടെ പ്രസ്തുത നിയമം പ്രാബല്യത്തിലില്ല. എന്നാൽ ആ നിയമം പ്രയോഗിക്കേണ്ടതില്ലെന്നു യേശു അപ്പോൾ പറയുകയാണെങ്കിൽ, ശത്രുക്കൾ ആരോപണവുമായി അവിടുത്തെ അഭിമുഖീകരിക്കും. "ഈ മനുഷ്യൻ മോശയുടെ നിയമത്തെ നിഷേധിക്കുന്നു."—എന്ന ആരോപണം.

യേശു കുനിഞ്ഞു കൈവിരൽകൊണ്ടു് തറയിൽ എന്തൊക്കെയോ എഴുതിത്തുടങ്ങി. ഏതാനും നിമിഷങ്ങൾക്കു ശേഷം അവിടുന്നു് നിവർന്നിരുന്നു്, സാവധാനം അവരെ നോക്കി. ഇരയെ ഉററുനോക്കുന്ന പ്രാപ്പിടയൻ പക്ഷിയെപ്പോലെ, അവരും ഇമവെട്ടാതെ അദ്ദേഹത്തിന്റെ മുഖത്തു സൂക്ഷിച്ചുനോക്കുകയാണ്.

"നിങ്ങളിൽ പാപമില്ലാത്തവൻ ആദ്യം അവളെ കല്ലെറിയട്ടെ!"–തികഞ്ഞ ശാന്തതയോടെ യേശു അവരോടു പറഞ്ഞു. വീണ്ടും കുനിഞ്ഞു അവിടുന്നു് തറയിൽ എഴുതാനാരംഭിച്ചു. പരീശർ ഓരോരുത്തരായി സ്ഥലംവിട്ടു. അവരെല്ലാം പൊയ്ക്കഴിഞ്ഞപ്പോൾ യേശു ആ സ്ത്രീയെ നോക്കി. അവൾ അദ്ദേഹത്തിന്റെ മുൻപിൽനിന്നു വിറയ്ക്കുയാണ്.

"സ്ത്രീയെ,"—സൗമ്യമായി യേശു വിളിച്ചു. "അവരെവിടെ? ആരും നിന്നെ ശിക്ഷയ്ക്കു വിധിച്ചില്ലേ?"

"ആരും ശിക്ഷയ്ക്കു വിധിച്ചില്ല, ഗുരോ!"

"ഞാനും നിന്നെ വിധിയ്ക്കുന്നില്ല. നിന്റെ വഴിയേ നീ പോകുക. ഇനി പാപം ചെയ്യുകയുമരുതു്."

അവളുടെ മുഖത്തു് പരിഭ്രമത്തിന്റെ ലക്ഷണം ദൃശ്യമായി; അതേത്തുടർന്നു് അത്ഭുതഭാവവും. ഇതു യഥാർത്ഥമായിരിക്കുമോ?

പരീശരെല്ലാം സ്ഥലംവിട്ടെന്നോ? ഗുരു അവറംക്ക മാപ്പനൽകി യെന്നോ? യേശു സഹതാപത്തോടെ വീണ്ടും അവളെ നോക്കി. പരീശരെ അദ്ദേഹം ഇക്കുറിയും പരാജിതരാക്കി. അതുമാത്ര മോ? അതിൽ മഹനീയമായ ഒരു സിദ്ധികൂടി അവിടുത്തേ ക്കുണ്ടായി. ഒരു ആത്മവിനെക്കൂടി അദ്ദേഹം രക്ഷയിലേക്ക ആനയിച്ചു.

വീണ്ടും ഒരു പുരുഷാരം യേശുവിനുചുററം കൂടി. "ഗുരോ, ഞങ്ങളെ ഉപദേശിച്ചാലും"—അവർ അപേക്ഷിച്ചു. അവിടുന്നു വീണ്ടുമിരുന്നു അവരെ ഉപദേശിച്ചുതുടങ്ങി. ഉത്സാഹഭരിതവും പ്രതീക്ഷാനിർഭരവുമായ അവരുടെ മുഖഭാവം അവിടുന്നു കണ്ടു. ഇനി അല്പകാലമേ തനിക്കവശേഷിക്കുന്നുള്ളു. അതിനിടയിൽ നിരവധികാര്യ്യങ്ങറം അവരെ പറഞ്ഞു മനസ്സിലാക്കാനുമുണ്ടു്. യേശു ഉപദേശമാരംഭിച്ചു.

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു. എന്നെ അനുഗമി ക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല. അവനു ജീവൻെറ പ്രകാശം ലഭ്യമാകും."

ആരോ പിന്നിൽക്കൂടി നടന്നുവരുന്ന ശബ്ദം കേട്ടു. അടു ത്തനിമിഷം ഒരു പരീശൻെറ അഹങ്കാരദ്യോതകമായ ശബ്ദം അവിടുത്തെ കാതുകളിലെത്തി.

"അങ്ങു സ്വയം സാക്ഷ്യം പറയുന്നു. ആ സാക്ഷ്യം സത്യ മല്ല."

പരീശനു യേശു മറുപടി നൽകി. അതിനുശേഷം അവി ടുന്നു് ജനങ്ങളോടുള്ള ഉപദേശം തുടൻു. തന്നെ ദ്രോഹിക്കാൻ ശത്രുക്കറംക്ക സമയമായില്ലെന്നു അവിടുത്തേക്കറിയാം.

"എൻെറ വാക്കുകളിൽ അഭയം തേടുമെങ്കിൽ നിങ്ങറം എൻെറ ശിഷ്യരായിത്തീരും. നിങ്ങറം സത്യം ഗ്രഹിക്കും. സത്യം നിങ്ങളെ സ്വതന്ത്രരാക്കും.

"ഞാൻ സത്യം പറയുന്നതുകൊണ്ടു് നിങ്ങറം എന്നെ വി ശ്വസിക്കുന്നില്ല. എന്നാൽ പാപം എന്നിൽ ആരോപിക്കാൻ നിങ്ങളിൽ ആർക്കാണു് സാധിക്കുന്നതു്?

"ഞാൻ സ്വയം മഹത്വപ്പെടുത്തുന്നെങ്കിൽ എന്റെ മഹത്വം അർത്ഥരഹിതമാണ്. എന്റെ പിതാവാണ് എന്നെ മഹത്വപ്പെടുത്തുന്നതു്. അദ്ദേഹം നിങ്ങളുടെ പിതാവാണെന്നു് നിങ്ങൾ പറയുകയും ചെയ്യുന്നു."

പലരും ആ വാക്കുകൾ ശ്രദ്ധിച്ചു്, അവയിൽ ആകൃഷ്ടരായി. എന്നാൽ അതോടൊപ്പം യേശുവിനെ എറിയാൻ ചിലർ കല്ലുകളെടുത്തു. അവർ വാദപ്രതിവാദത്തിലേപ്പെട്ടിരിക്കവേ, സങ്കടത്തോടെ യേശു ആ ആൾക്കൂട്ടത്തിൽനിന്നു പിൻവാങ്ങി. സാധുക്കളും വിനീതരുമായ ആളുകളുടെയിടയിൽ ഗ്രാമങ്ങളിലേക്കു പോകുവാൻ അദ്ദേഹം തീരുമാനിച്ചു. അവരെങ്കിലും അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടു വിശ്വസിക്കുമല്ലോ.

# XVII

## മരിച്ച ലാസർ

കാൽപ്പെരുമാററ ശബ്ദംപോലും കേൾപ്പിക്കാതെ, ഉൽക്കണ്ഠയോടെ ആളുകൾ ലാസറിന്റെ വസതിയിൽ സാവധാനം നടക്കുന്നു. ഏതാനും ആഴ്ചകൾക്കു മുൻപാണ് പ്രതിഷ്ഠാപ്പെരുന്നാളവസരത്തിൽ ശിഷ്യർ പന്ത്രണ്ടുപേരോടും കൂടി യേശു ആ വസതിയിൽ വന്നെത്തിയതു്. അന്നത്തെ ആഹ്ലാദപ്രകടനവും ഇന്നത്തെ ആശങ്കാഭരിതമായ അന്തരീക്ഷവും എത്ര വ്യത്യസ്തമായിരിക്കുന്നു!

"യേശു ഇവിടെയുണ്ടായിരുന്നെങ്കിൽ!" —ലാസറിന്റെ സഹോദരി മേരി വ്യാകുലചിത്തയായി ചിന്തിക്കയാണ്. സഹോദരന്റെ പാർശ്വത്തിലാണ് അവളിരിക്കുന്നതു്. ശുദ്ധജലംകൊണ്ടു അവൾ ലാസറിന്റെ മുഖം തുടരെ തുടയ്ക്കുന്നുണ്ടു്. അവളെ സൗഖ്യമാക്കിയതുപോലെതന്നെ ലാസറിനേയും രോഗവിമുക്തനാക്കാൻ യേശുവിനു സാധിക്കും. അവളുടെ വീട്ടിനു

ട്ടത്തു താമസിക്കുന്ന കുഷ്ഠരോഗി ശിമയോനേയും ഗുരു സൗഖ്യമാക്കിയില്ലേ? അദ്ദേഹം അവിടെയുണ്ടായിരുന്നെങ്കിൽ പറയും:- ലാസറേ, എഴുന്നേൽക്കയെന്നു്. അതോടെ അദ്ദേഹം അയാളുടെ കരങ്ങൾ ഗ്രഹിച്ചു് അയാളെ കിടക്കയിൽനിന്നുയർത്തും. ആ നിമിഷത്തിൽത്തന്നെ ലാസർ എഴുന്നേല്ക്കും. അയാളുടെ രോഗം പൂർണ്ണമായും ആ നിമിഷത്തിൽത്തന്നെ ഭേദമാകയും ചെയ്യും. പഴയ പുഞ്ചിരി ആ മുഖത്തെങ്ങും ഉദിക്കും.

പക്ഷേ, യേശു അവിടെയില്ല. കിടക്കയിൽക്കിടന്നു ലാസർ ഉരുളുകയാണു്. "വെള്ളം-വെള്ളം"- അയാൾ നിലവിളിക്കുന്നു. ഭക്ഷണമൊന്നും അയാൾക്കു് വേണ്ട; നിമിഷംപ്രതി അയാൾക്കു് ക്ഷീണം വർദ്ധിക്കയും ചെയ്യുന്നു.

അയൽക്കാർ വന്നു് അന്വേഷിക്കും:- ഇന്നു ലാസറിനു എങ്ങനെയിരിക്കുന്നു എന്നു്.

"ഒരു കുറവുമില്ല. പനി കൂടിവരികയാണു്. ഭക്ഷണവും വേണ്ട." ഈ മറുപടി ആവർത്തിച്ചാവർത്തിച്ചു ആ സഹോദരികൾ വശംകെട്ടു.

"യേശു ഇവിടെ ഉണ്ടായിരുന്നെങ്കിൽ....!" തണുത്ത വെള്ളത്തിൽ നനച്ചതുണി മുക്കിപ്പിഴിഞ്ഞു് മേരി സഹോദരന്റെ തലയിൽ വച്ചു.

പെട്ടെന്നവൾ കട്ടിലിൽ നേരേയിരുന്നു. അവളുടെ മുഖത്തു് ഒരു സന്തോഷഭാവം ദൃശ്യമായി. ഒരുപക്ഷേ, യേശു അങ്ങകലെയെങ്ങും ആയിരിക്കയില്ല. ആളയച്ചാൽ അദ്ദേഹം വരാതിരിക്കുമോ? അഥവാ, വന്നില്ലെങ്കിൽത്തന്നെ ദൂരയിരുന്നുകൊണ്ടു് അദ്ദേഹത്തിനു ലാസറിനെ സൗഖ്യപ്പെടുത്താൻ സാധിക്കാതെ വരുമോ? ഗലീലയിൽ ശതാധിപന്റെ ഭൃത്യനെ അദ്ദേഹം ആ വിധമല്ലേ രോഗവിമുക്തനാക്കിയതു്? "കർത്താവേ, എന്റെ ഗൃഹത്തിൽ അങ്ങു പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല. അങ്ങു് ഒരു വാക്കു പറഞ്ഞാൽ മതിയാകും-എന്റെ ഭൃത്യനു രോഗശാന്തിയുണ്ടാകും"—ശതാധിപൻ യേശുവിനോടു അങ്ങനെയാണു പറഞ്ഞതു്. കാനായിൽവച്ചു ആ വാക്കു യേശു ഉച്ചരിച്ചു.

കപ്പർണ്ണഹോമിൽ രോഗിയായി, ആസന്നമരണനായി കിടന്ന ആ ഭൃത്യനു പൂർണ്ണമായ രോഗശാന്തി സംഭവിക്കയും ചെയ്തു. അതേവിധംതന്നെ ലാസറിനെ സംബന്ധിച്ചും യേശുവിനു് ചെയ്തുകൂടെന്നു വരുമോ?

ഒരു കലത്തിൽ എന്തോ പാകം ചെയ്തുകൊണ്ടിരുന്ന മാർത്തായെ മേരി സമീപിച്ചു: "മാർത്താ, നമുക്കു് യേശുവിൻെറ പക്കൽ ആളയക്കാം. അതിനിനി സമയമുണ്ടു്."

മാർത്താ നേരേയിരുന്ന സഹോദരിയെ നോക്കി. "അദ്ദേഹം ഏതു ദിക്കിലാണെന്നു് നമുക്കു അറിവില്ലല്ലോ."

പക്ഷേ ആ പ്രതിബന്ധങ്ങളൊന്നും മേരിയെ ബാധിച്ചില്ല. അവൾ ഖണ്ഡിതമായ ഒരു തീരുമാനത്തിലെത്തിക്കഴിഞ്ഞിരുന്നു. "അദ്ദേഹം കിഴക്കൻദിക്കിൽ യോർദ്ദാൻ പ്രദേശത്തേക്കു പോയിരിക്കയാണെന്നാണു് ഞാൻ കേട്ടതു്."

വിവരമൊന്നും അറിയാതെ ഒരാളെ തിരക്കിപ്പിടിക്കാൻ അത്രദൂരം പോകുക പ്രയോജനരഹിതമായ ഒരുദ്യമമാണെന്നേ ആരും വിധിക്കൂ. എന്നാൽ അതൊന്നു ശ്രമിച്ചുനോക്കുന്നതുകൊണ്ടു് ദൂഷ്യമൊന്നും സംഭവിക്കാനില്ലല്ലോ. ചിലപ്പോൾ അതു് പ്രയോജനപ്രദമായി കലാശിക്കാനുമിടയുണ്ടു്.

മേരി ഭൃത്യനെ വിളിച്ചു. കൃഷ്ണവർണ്ണത്തിലുള്ള മൗനസ്വഭാവിയായ ഒരു യുവാവു്. അയാളുടെ കണ്ണുകൾ കണ്ടാലറിയാം ആൾ വിശ്വസ്തനാണെന്നു്.

"നിനക്കു യേശുഗുരുവിനെ കണ്ടുപിടിക്കാൻ സാധിക്കുമോ?"

ആ ഭൃത്യൻെറ കണ്ണുകൾ വികസിച്ചു. അയാൾ തലയാട്ടി. "കൊച്ചമ്മേ, ഞാൻ ശ്രമിക്കാം."

"അദ്ദേഹം എവിടെയായിരിക്കാമെന്നു ഞങ്ങൾക്കറിവില്ല. എന്നാൽ യോർദ്ദാൻ ഭാഗത്തേക്കാണു് അദ്ദേഹം പോയിരിക്കുന്നതെന്നു ചിലർ പറയുന്നുണ്ടു്. ഏതായാലും ലാസറിൻെറ കഴുതപ്പുറത്തുതന്നെ നീ പോകുക. യേശുവിനെ നീ കാണു

കയാണെങ്കിൽ അദ്ദേഹം ഇത്രടം ഒന്നുവരാൻപറയൂ; അല്ല, അങ്ങു സ്നേഹിക്കുന്ന ലാസർ ആസന്നമരണനായി കിടക്കുന്നു എന്നാണ് അദ്ദേഹത്തോടു് പറയേണ്ടതു്: മനസ്സിലായല്ലോ?"

"ഉവ്വ്, കൊച്ചമ്മേ."

"വളരെ വേഗം നീ യാത്രചെയ്യുകയും വേണം."

"അങ്ങനെ തന്നെ, കൊച്ചമ്മേ." അവൻെറ കറുത്ത കണ്ണുകൾ വെട്ടിത്തിളങ്ങി. തൻെറ യജമാനൻ ലാസറിനോടു് ആ ഭൃത്യനു എന്തെന്നില്ലാത്ത ആദരവും സ്നേഹവുമാണുള്ളതു്. എന്നാൽ ഗലീലയിലെ ആ ഗുരുവിനോട്ട് അതിലപ്പുറം സ്നേഹാദരങ്ങളുണ്ടവനു്. അദ്ദേഹത്തോടു് തുല്യനായി ആ വീട്ടിൽ ആരും ഇതഃപര്യന്തം പ്രവേശിച്ചിട്ടില്ല.

* * * *

ആ മരം കോച്ചുന്ന മഞ്ഞുകാലത്തു യേശു അങ്ങനെ പ്രതീക്ഷിച്ചിരിക്കയാണു്; അദ്ദേഹത്തിൻെറ അനുയായികൾ മടങ്ങിയെത്താൻ. പർവ്വതങ്ങളിൽനിന്നുള്ള ശക്തിയായ കാററു് യോർദ്ദാൻ തീരത്തടിക്കുന്നുണ്ടു്. അവിടുന്നു് മേലങ്കി ഒന്നുകൂടി മുറുക്കി.

ഇന്നാണു് ആ എഴുപത്തിരണ്ടുപേർ അവരുടെ പ്രഥമപ്രവർത്തനങ്ങൾക്കു ശേഷം മടങ്ങിയെത്തേണ്ട ദിവസം. ഗലീലയിൽ തന്നെ വിശ്വസ്തതയോടെ—ആത്മാർത്ഥതയോടെ അനുഗമിച്ച മനുഷ്യരിൽ നിന്നാണു് അവിടുന്നു് ആ എഴുപത്തിരണ്ടുപേരെ തിരഞ്ഞെടുത്തതു്. അദ്ദേഹത്തിൻെറ നാമത്തിൽ ഈരണ്ടുപേർ വീതമായി പ്രസംഗിക്കാൻ അദ്ദേഹം അവരെ നിയോഗിച്ചു; സ്വന്തം ശിഷ്യരെ അദ്ദേഹം നിയോഗിച്ചതുപോലെതന്നെ. ഇനി അധികകാലതാമസമില്ല, ആറു മാസങ്ങളിൽ കൂടുതലില്ല, അദ്ദേഹം അവരെ വിട്ടുപിരിയാൻ. താൻ കൂടെയുള്ളപ്പോൾ അവർ സ്വയം പരീക്ഷിച്ചുനോക്കണം; പരിശോധിച്ചുനോക്കണം. അദ്ദേഹത്തിൻെറ നാമത്തിൽ പ്രവർത്തനത്തിനുള്ള അധികാരം അവർ മനസ്സിലാക്കണം. അങ്ങനെയാണവർ യാത്രയായതു്. അവരുടെ മനസ്സിനിളക്കമൊന്നുമില്ല. പക്ഷേ, അല്പം

പരിഭ്രമം അവരെ ബാധിക്കയുണ്ടായെന്നു പറഞ്ഞേ തീരൂ. ഇപ്പോഴവർ മടങ്ങുകയാണ്, അദ്ദേഹം അവരെ അയച്ചതുപോലെ തന്നെ, ഈരണ്ടുപേർ വീതമായിട്ട്. ചക്രവാളത്തിൽ ദൃഷ്ടിയുറപ്പിച്ചിരുന്ന അദ്ദേഹത്തിനു് കാണാം, അവർ മടങ്ങിയെത്തുന്നതു്. യഹൂദിയായിലെ നിരപ്പില്ലാത്ത വഴിയിൽ കൂടിയാണ് അവർ നടന്നുവരിക. അവരുടെ വസ്ത്രങ്ങളിലെല്ലാം പൊടി പുരണ്ടിട്ടുണ്ട്. യാത്രാക്ലേശംകൊണ്ട് അവർ പരിക്ഷീണിതരുമാണ്. പക്ഷേ, ഉത്സാഹഭരിതരായാണ് അവർ ഓരോ അടിയും മുന്നോട്ട് വയ്ക്കുന്നതു്. അവരുടെ നടപ്പുകണ്ടാൽ ആർക്കും മനസ്സിലാക്കാം, അവരുടെ പ്രയാണവും പ്രയത്നവും വിജയകരമായിരുന്നെന്നു്.

അതേവഴിയിൽത്തന്നെ അതാ മററൊരു മനുഷ്യരൂപവും പ്രത്യക്ഷമാകുന്നു. അതങ്ങ് അകലെയാണ്. ഇരുണ്ട ഒരു മുഖം. പരുപരുത്ത വസ്ത്രങ്ങൾ. കണ്ണുകളിലാണെങ്കിൽ ഉൽക്കണ്ഠയുടെ കരിനിഴൽ. അയാൾ കയറിയിരിക്കുന്ന കഴുതയുടെ കാലുകൾ ഞൊണ്ടുന്നുമുണ്ട്. ആ കഴുതയുടെ ഇരുവശങ്ങളും മുറിവേററിരുന്നു. അതിനെ അതിവേഗം ഓടിക്കാൻ കുതികൾകൊണ്ടു ഞെരിച്ചതിൻെറ ഫലമായിരുന്നതു്.

സാധു ലാസർ! അയാൾ മരിക്കാൻ ഭാവിക്കുന്നു. സാധുക്കളായ ആ സഹോദരികൾ, മാർത്തായും മേരിയും. അവർ മനസ്സുനൊന്തു പ്രാർത്ഥിക്കുകയാണ്, യേശു വരണമേയെന്നു്.

"പ്രിയപ്പെട്ട യേശുവേ, വേഗം വരണമേ!"

"അതല്ലെങ്കിൽ ഒരു വാക്കു പറഞ്ഞാലും! ഞങ്ങളുടെ സഹോദരൻ രോഗവിമുക്തനാകും."

യേശുവിനു്, മനുഷ്യനും ദൈവവുമായ ആ യേശുവിനു്, വിദൂരസ്ഥിതമായ ബഥനിയിൽ കണ്ണീർ പൊഴിച്ചുകൊണ്ടിരിക്കുന്ന ആ സഹോദരികളെ കാണാം. അവക്കു സങ്കടത്തിനു കാരണം നൽകുക വിഷമകരമായ ഒരു കാര്യമാണ്. സ്നേഹനിധികളാണ് അവർ. വിശ്വാസത്തിൽ അവർ ആക്കും പിന്നിലുമല്ല. എന്നാലും യാഥാർത്ഥ്യം അവക്കു മനസ്സിലാകയില്ല.

ആ ഒരു പ്രയാസം ആരംഭഘട്ടത്തിലായിരിക്കും അവർ അഭിമുഖീകരിക്കുന്നതു്. അതിനുശേഷമോ? അവർ ആനന്ദത്തിലാറാടും—കൃതജ്ഞതാനിർഭരമായിത്തീരും അവരുടെ ഹൃദയങ്ങൾ. ദൈവത്തിന്റെ ശക്തിയേയും, നന്മയേയും കുറിക്കുന്ന ഒരു നൂതനതെളിവല്ലേ അവക്കു ലഭിക്കുന്നതു്?............

കയററംകയറി, വഴിയിലൂടെ വരികയാണു് ആ എഴുപത്തിരണ്ടുപേർ. പുൽത്തകിടികൾ കടന്നു് അവർ യേശുവിന്റെ സമീപമെത്തി. അദ്ദേഹം അല്പമുയന്ന ഒരു ഭാഗത്തിരിക്കയാണു്. അവരെ അദ്ദേഹം അഭിവാദനങ്ങളോടെ സ്വീകരിച്ചു. പരിക്ഷീണിതരായിരുന്ന അവർ, തറയിലിരുന്നു. അവരുടെ അത്ഭുതപ്രവർത്തനങ്ങളെപ്പററി അദ്ദേഹത്തെ അറിയിക്കാൻ അവർ അക്ഷമരാണു്. അത്ഭുതകരമായ പ്രവർത്തനങ്ങളാണവർ നിർവ്വഹിച്ചതു്. അവർ ജനങ്ങളെ ഉൽബോധിപ്പിച്ചു, രോഗികളെ സൗഖ്യമാക്കി, മനുഷ്യരെ ബാധിച്ച അശുദ്ധാത്മക്കളെപ്പോലും അവർ പുറത്താക്കി. അതാണു അവക്കു ഏററവും കൂടുതൽ അത്ഭുതത്തിനു വക നൽകിയതു്. അവർ അദ്ദേഹത്തോടു പറയുകയാണു്:—"കത്താവേ, അങ്ങയുടെ നാമത്തിൽ പിശാചുക്കൾപോലും ഞങ്ങളുടെ ആജ്ഞകൾക്കു വിധേയരായിത്തീന്നു." ഉത്സാഹഭരിതരായ അവർ ആ അവസരത്തിൽ ശിശുക്കൾക്കു തുല്യരായിരുന്നു.

യേശുവിന്റെ നയനങ്ങൾ ആ പ്രദേശത്തെ വീക്ഷിക്കയാണു്. "സാത്താൻ മിന്നൽകണക്കേ സ്വർഗ്ഗത്തിൽനിന്നു വീഴുന്നതു് ഞാൻ നോക്കുകയായിരുന്നു"—സാവധാനം അദ്ദേഹം പറഞ്ഞു. അതിനുശേഷം അവരെ യേശു ഒന്നു നോക്കി; കാരുണ്യത്തോടെ, എന്നാൽ ഗൗരവഭാവത്തിൽ. എന്നിട്ടവിടുന്നു് അവരോടു പറയുന്നു:—"കണ്ടാലും, ശത്രുവിനുപരിയായി അധികാരം ഞാൻ നിങ്ങൾക്കു നൽകുന്നു. യാതൊന്നും നിങ്ങളെ ഉപദ്രവിക്കയില്ല. പക്ഷേ, ദുരാത്മാക്കൾ നിങ്ങൾക്കു് വിധേയരായതിലല്ല നിങ്ങൾ ആനന്ദം കൊള്ളേണ്ടതു്. നിങ്ങളുടെ പേരുകൾ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നതിനാൽ സന്തോഷിക്കുക."

അവിടന്നു ആകാശത്തിലേക്കു കണ്ണുകളുയർത്തി. അനുയായികൾ കൂടി കേൾക്കുന്നതിനായി ശബ്ദമുയർത്തി ഇങ്ങനെ പ്രാർത്ഥിച്ചു:-

"ബുദ്ധിമാന്മാരിൽനിന്നും വിവേകശാലികളിൽനിന്നും ഈ സംഗതികൾ മറച്ചുവച്ച് ചെറിയവർക്ക് ഇവ വെളിപ്പെടുത്തിയതിനാൽ, സ്വർഗ്ഗത്തിൻെറയും ഭൂമിയുടേയും കർത്താവായ പിതാവേ, ഞാൻ അങ്ങയെ മഹത്വപ്പെടുത്തുന്നു."

യേശു അവരെ വീണ്ടും നോക്കി. ആ മുഖം അപ്പോൾ തികച്ചും സൗമ്യമായിരുന്നു. അവരെപ്പററി തൻെറ പേർക്കായി അവർ അനുഭവിക്കാനിരിക്കുന്ന ക്ലേശങ്ങളെപ്പററി, അവിടുന്ന് അപ്പോൾ ചിന്തിക്കയാണ്. അതോടൊപ്പം മറെറാരു ചിന്തയും അവിടത്തെ മനസ്സിലുയരുന്നുണ്ട്. കഴുതപ്പുറത്ത് ആവുംവിധം വേഗത്തിൽ തന്നെ സമീപിക്കാൻ ഓടിയെത്തുന്ന ആ മനുഷ്യൻ—ബഥനിയിലെ രണ്ടു സഹോദരികൾ രോഗിയായ സഹോദരൻെറ പാർശ്വത്തിൽ ഉല്കണ്ഠയോടെ കണ്ണീർ പൊഴിച്ചുകൊണ്ട് അനുഷ്ഠിക്കുന്ന പരിചരണം. അതോടെ മറെറാരുമാർഗ്ഗത്തിൽക്കൂടി ചിന്തകൾ പാഞ്ഞു. ക്ഷീണിതരായി, സങ്കടപ്പെടുന്ന ആത്മാക്കൾ; ലോകാന്ത്യംവരെയുള്ള അവരുടെ ക്ലേശങ്ങൾ.

സൗമ്യനായി യേശു അവരോടു പറഞ്ഞു:-"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമേ, എൻെറ സമീപമെത്തുവിൻ. ഞാൻ നിങ്ങൾക്കു ആശ്വാസം പ്രദാനം ചെയ്യും. എൻെറ നുകം നിങ്ങൾ വഹിക്കുക. അതോടെ ആത്മാവിൽ നിങ്ങൾ ആശ്വാസം കണ്ടെത്തും. ഞാൻ ഹൃദയത്തിൽ സൗമ്യനും വിനീതനുമാണ്."

യേശു അവരെ നോക്കുന്നുണ്ട്! അതിലപ്പുറം അവിടുന്ന് കാണുന്നുമുണ്ട്. അതാ, ക്ഷീണിച്ചുതളൎന്ന ഒരു മനുഷ്യൻ കഴുതപ്പുറത്തുനിന്നിറങ്ങുന്നു. അയാൾ കഴുതയെ ഒരു വൃക്ഷത്തിൽ കെട്ടുകയാണ്. അതുകഴിഞ്ഞ് അയാൾ യേശുവിൻെറ സന്നിധിയിലേക്കു നടന്നുവരുന്നു, കുഴയുന്ന കാലുകളോടെ.

യേശുവിനെ കണ്ടുപിടിക്കുക ലാസറിൻെറ ഭൃത്യനു അത്ര

നിഷ്പ്രയാസമായ ഒരു കാര്യമായിരുന്നില്ല. കാണുന്നവരോടൊക്കെ അയാഠം ചോദിക്കും: — ''യേശു ഈ വഴിയെ കടന്നുപോയോ, ഗലീലിയനായ യേശു?''

അവർ അയാളോട് പറയും:-"ഉവ്വ്, അദ്ദേഹം ഈ വഴി കടന്നുപോയല്ലോ." ഒരു സ്ഥലത്തുവച്ച് ആ അന്വേഷണത്തിനു അയാഠക്കു പ്രത്യുത്തരം ലഭിച്ചു. "അദ്ദേഹം പത്തു കുഷ്ഠരോഗികളെ സൗഖ്യമാക്കയും ചെയ്തു." പക്ഷേ, അതുകൊണ്ട് ആ ഭൃത്യന്റെ അന്വേഷണത്തിനു പറയത്തക്ക സഹായമൊന്നും ലഭിച്ചില്ല. ആ കുഷ്ഠരോഗികളെ യേശു സൗഖ്യമാക്കിയതു് പ്രതിഷ്ഠാപ്പെരുന്നാളിനു മുൻപു് ബഥനിയിൽ വച്ചായിരുന്നു.

മറെറാരു കൂട്ടർ അയാളോട് പറയുകയാണ്:-''ഉവ്വ് — ഈ വഴി കടന്നു പോകുമ്പോഠം മുന്തിരിത്തോട്ടത്തിലെ തൊഴിലാളികളെപ്പററി അദ്ദേഹം ഞങ്ങളോട് ഒരു കഥ പറയുകയുണ്ടായി." എന്നാൽ അതും കുറച്ചുകാലം മുൻപായിരുന്നു. അങ്ങനെ യാത്രചെയ്തു്, ആ ഭൃത്യൻ മറെറാരുസ്ഥലത്തെത്തി. അവിടെ നടത്തിയ അന്വേഷണത്തിനു് ആശാവഹമായ മറുപടിയാണു അയാഠക്കു ലഭിച്ചതു്:-' ഉവ്വ്, അദ്ദേഹം ഇന്നലെ ഇവിടെയുണ്ടായിരുന്നു. യോർദ്ദാൻ കരയിലാണു അദ്ദേഹമിപ്പോഠം." അതു കേട്ടപ്പോഠം ഭൃത്യനു് ആശ്വാസമായി. അയാളുടെ യാത്രയും അന്വേഷണവും മിക്കവാറും പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. അയാഠം ഗുരുവിനെ കാര്യമറിയിക്കും. യേശു അയാളോടൊപ്പം വരികയും ചെയ്യും. അതല്ലെങ്കിൽ അവിടുന്നു് ഒരു വാക്കു പറഞ്ഞാൽപ്പോരേ, ലാസറിന്റെ രോഗം ഭേദമാകാൻ. യേശുവിന്റെ സമീപത്തേക്കു കഴുതപ്പുറത്തു പോകുമ്പോഠം ഇതൊക്കെയായിരുന്നു അയാളുടെ വിചാരം. അയാഠം ചിന്തിക്കയാണ്:— ''ബഥനിയിലേക്കു ദൂരം വളരെയുണ്ട്. അതുകൊണ്ടു് ഇവിടെ നിന്നുതന്നെ അദ്ദേഹത്തിൽനിന്നു ആജ്ഞ പുറപ്പെടും. ലാസർ രോഗവിമുക്തനാകയും ചെയ്യും.''

ഭൃത്യൻ അടുത്തടുത്തു വരുന്നു. അയാളെ കണ്ടു യേശു ഒന്നു് മന്ദഹസിച്ചു. അയാളുടെ ആഗമനം അവിടുന്നു പ്രതീക്ഷിച്ചതു

പോലെതന്നെ തോന്നും, ആ മന്ദഹാസം കണ്ടാൽ. ആ ഭാവത്തിൻെറ അസാധാരണത്വം ഭൃത്യനെ അത്ഭുതപ്പെടുത്തുകതന്നെ ചെയ്തു. ശിരസ്സുനമിച്ചുകൊണ്ടു് മേരിയുടെ സന്ദേശം അയാറം യേശുവിനെ അറിയിച്ചു. മാർഗ്ഗമദ്ധ്യേ, അയാറം ആ സന്ദേശം എത്രയെത്ര പ്രാവശ്യം ഉരുവിട്ടതാണു്? "അങ്ങു് സ്നേഹിക്കുന്ന മനുഷ്യൻ സുഖക്കേടായി കിടക്കുന്നു. ആ വിവരം അങ്ങയെ അറിയിക്കാനാണു് എന്നെ അവരയച്ചതു്."

സ്നേഹത്തികവോടെ, കാരുണ്യത്തോടെ യേശു അയാറം പറഞ്ഞതു കേട്ടു. അദ്ദേഹം ശിഷ്യരുടെ നേരേ തിരിഞ്ഞു പറയുകയാണു്:– "ഈ രോഗം മരണത്തിനായുള്ളതല്ല. ദൈവമഹത്വത്തിനും, ആ മാർഗ്ഗത്തിലൂടെ ദൈവപുത്രൻെറ മഹത്വീകരണത്തിനും വേണ്ടിയുള്ളതാണിതു്."

ആ വാക്കുകറം കേട്ടപ്പോറം ഭൃത്യൻെറ ഉൽക്കണ്ഠാകുലമായ മുഖം തെളിഞ്ഞു. അയാളുടെ പ്രിയപ്പെട്ട യജമാനൻ മരിക്കയില്ല! യേശു അദ്ദേഹത്തെ സൗഖ്യമാക്കും. ശതാധിപൻെറ ദാസനെ സൗഖ്യമാക്കിയതുപോലെ, ദൂരെയിരുന്നു വാക്കുകറം കൊണ്ടു്, ഗുരു ലാസറിനെയും ഇതിനിടയിൽത്തന്നെ സുഖമാക്കിയിരിക്കാം. ആർക്കറിയാം, രോഗവിമുക്തനായ ലാസർ കിടക്കയിലിരുന്നു സഹോദരികളെ നോക്കി സ്നേഹപൂർവ്വം പുഞ്ചിരിക്കുന്നില്ലെന്നു്? "ദൈവത്തിനു മഹത്വം."–ആ ഭൃത്യൻ സ്വയം പറഞ്ഞു. "ഇസ്രായേലിൻെറ ദൈവത്തിനു മഹത്വം."

അയാറം കുനിഞ്ഞു യേശുവിൻെറ വസ്ത്രം ചുംബിച്ചു. അതിനുശേഷം അയാറം കെട്ടിയിടപ്പെട്ടിരുന്ന കഴുതയുടെ സമീപമെത്തി. ആ സദ്വാർത്തയുമായി ആവതു വേഗം അയാറംക്കു മടങ്ങിയെത്തണം. ലാസറിനെയും അയാളുടെ രണ്ടു സഹോദരികളേയും കാണാൻ ആ ഭൃത്യനു് ധൃതിയായി. ദൈവത്തിനു മഹത്വം!

അയാറം ബഥനിയിൽ മടങ്ങിയെത്തി. പക്ഷേ, ലാസർ മരിച്ചുകഴിഞ്ഞിരുന്നു.

യോർദ്ദാൻ നദീതീരത്തു യേശു രണ്ടുദിവസം താമസിച്ചു. അവിടം വിട്ടുപോകാനുള്ള ഭാവമൊന്നും അവിടുന്നു് പ്രകടിപ്പിക്കു

ന്നില്ല. ലാസറിനു് ആപത്തൊന്നും സംഭവിക്കാൻ പോകുന്നില്ല. അതുകൊണ്ടു് യേശുവിൻെറ ഈ മനോഭാവം ശിഷ്യരെ അത്ഭുതപ്പെടുത്തിയില്ല. കൂടാതെ, യറുശലേമിനോട്ടു് അത്ര സമീപം യേശു പോകുന്നതു ആപല്ക്കരവുമാണു്. പ്രതിഷ്ഠാപ്പെരുന്നാറം വേളയിൽ അദ്ദേഹത്തെ കല്ലെറിയാൻ പരീശർ ഒരു ശ്രമം നടത്തിയതല്ലേ? കൂടാരപ്പെരുന്നാറം സന്ദർഭത്തിലും അങ്ങനെയൊരു സംരംഭത്തിനു് അക്കൂട്ടർ സന്നദ്ധരായതാണു്. എന്നാൽ മൂന്നാം ദിവസം യേശു ശിഷ്യരോടു് പറയുകയാണു്:- "വരൂ, നമുക്കു യഹൂദിയായിലേക്കു പോകാം."

അതു് കേട്ടപ്പോറം ശിഷ്യർ ഉൽക്കണ്ഠാഭരിതരായി. അങ്ങോട്ടു പോകാതിരിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നതിനു് അവരൊരു ശ്രമം നടത്തി: — "ഗുരോ, മുന്നൊരവസരത്തിൽ അങ്ങു് അവിടെയെത്തിയപ്പോറം, യഹൂദർ അങ്ങയെ കല്ലെറിയാൻ ഉദ്യമിച്ചതല്ലേ? ആ ദിക്കിലേക്കു് വീണ്ടും പോകണമെന്നാണോ അങ്ങു് പറയുന്നതു്?"

പക്ഷേ, അതുകൊണ്ടൊന്നും യേശുവിൻെറ തീരുമാനം ഭേദപ്പെട്ടില്ല. അവിടുന്നു് ശിഷ്യരോടൊത്തു യാത്ര ആരംഭിക്കതന്നെ ചെയ്തു. യാത്രയിൽ യേശു എന്തോ അവഗാഢം ചിന്തിക്കയാണു്. യാതൊന്നും തന്നെ അവിടുന്നു പറയുന്നില്ല. കുറേ ദൂരം നടന്നപ്പോറം ശിഷ്യരെ നോക്കി അവിടുന്നു് പറയുകയാണു്:- "നമ്മുടെ സുഹൃത്തു ലാസർ ഉറങ്ങുന്നു. എന്നാൽ ആ നിദ്രയിൽനിന്നു് അയാളെ ഉണർത്താൻ ഞാൻ ഭാവിക്കയാണു്."

അപ്പോഴാണു് ശിഷ്യർക്കു മനസ്സിലാകുക, അദ്ദേഹത്തിൻെറ യാത്രയുടെ ഉദ്ദേശം. ആ സമയത്തും അവരൊരു ശ്രമം നടത്തി, ആ യാത്രയിൽനിന്നു് യേശുവിനെ പിൻതിരിക്കാൻ:-"ഗുരോ, ലാസർ ഉറങ്ങുകയാണെങ്കിൽ, അയാറംക്കു ആപത്തൊന്നും സംഭവിക്കാനില്ലല്ലോ."

യേശു വ്യക്തമായി കാര്യം അവരെ അറിയിച്ചു:— "ലാസർ മരിച്ചു." അതേത്തുടർന്നു നിഗൂഢാത്ഥത്തിൽ അദ്ദേഹം

അവരോട് പറഞ്ഞു: – 'ആ അവസരത്തിൽ ഞാൻ അവിടെയില്ലാതിരുന്നതിൽ നിങ്ങളെപ്രതി എനിക്കു സന്തോഷമാണുള്ളത്. നിങ്ങൾക്കു വിശ്വസിക്കാനുള്ള മാർഗ്ഗം അങ്ങനെ തുറന്നു കിട്ടാൻ ഭാവിക്കുന്നു. ഏതായാലും ലാസറിൻെറ വീട്ടിലേക്കു നമുക്കു പോകാം."

യഹൂദിയായിലേക്കുള്ള കുറുക്കുവഴിയേയാണ് അവർ സഞ്ചരിച്ചത്. വലിയ നഗരങ്ങളിൽക്കൂടി അവർ കടന്നുപോയില്ല. ആപത്തൊഴിവാക്കാനുള്ള ഒരു കരുതൽ നടപടിയായിരുന്നു്. എന്നാൽ അവർ ബഥനിയിൽ ചെന്നെത്തിയപ്പോൾ ലാസർ മരിച്ചിട്ടു നാലുദിവസങ്ങൾ കഴിഞ്ഞിരുന്നു. മാർത്തായേയും മറിയയേയും ആശ്വസിപ്പിക്കാൻ അവരുടെ വസതിയിലേക്കു പോകുന്ന കുടുംബസുഹൃത്തുക്കൾ, വഴിയിൽവച്ചു യേശുവിനെയും ശിഷ്യരേയും കണ്ടു. അവർ ഓടിയെത്തി ആ സഹോദരികളെ വിവരം അറിയിച്ചു:—''യേശു വന്നെത്തിയിട്ടുണ്ട്. നഗരത്തിലദ്ദേഹവും ശിഷ്യരും പ്രവേശിക്കുന്നതു ഞങ്ങൾ കണ്ടതാണ്.''

ആ സഹോദരികളുടെ മുഖത്തു പ്രത്യാശയുദിച്ചു. അവരുടെ സഹോദരൻ രോഗബാധിതനായശേഷം ഇത്രയും സന്തോഷകരമായ ഒരു വാർത്ത അവർ കേട്ടിട്ടില്ല. യേശുവിനോടു അതിരററ ഭക്തിയും സ്നേഹവുമാണ് ആ രണ്ടു സ്ത്രീകൾക്കുമുള്ളത്. എന്നാലും പറയാതിരിക്കാൻ അവർക്കു നിവൃത്തിയില്ല: –"ഗുരു, നേരത്തെ വന്നിരുന്നെങ്കിൽ! തീർച്ചയായും അവിടുന്നു ലാസറിനെ സുഖപ്പെടുത്തുമായിരുന്നു.'' ഭൃത്യനെ യേശുവിൻെറ അടുക്കൽ അയച്ചതിനെ തുടർന്നുള്ള ഓരോ ദിവസവും ആ സഹോദരികൾ മാറിമാറി അന്യോന്യം പറഞ്ഞുപോന്നു: –"തീർച്ചയായും ഗുരു ഇന്നുവരും–അദ്ദേഹം ലാസറിനെ സുഖപ്പെടുത്തുകയും ചെയ്യും." എന്നാൽ ലാസറിനു അനുനിമിഷവും ക്ഷീണം വർദ്ധിച്ചുവരികയാണ്, അയാളുടെ പനി വിട്ടുമാറുന്നുമില്ല. എന്നിട്ടും യേശു അവിടെ വന്നെത്തിയില്ല. അങ്ങനെ ലാസർ മരിച്ചു. യേശുവിൽനിന്നുള്ള സന്ദേശവുമായി ഭൃത്യൻ മടങ്ങിയെത്തി.

യഥാർത്ഥമല്ലാതിരുന്ന സന്ദേശം. എന്തുകൊണ്ടെന്നാൽ, മരണത്തിലേക്കുള്ള രോഗമാണ് ലാസറിനെ ബാധിച്ചിരുന്നതു്. മേരിക്കും മാർത്താക്കും ആ അത്യാഹിതത്തിനു മുൻപിൽ ചിന്തിക്കാൻപോലും ശക്തിയില്ലാതെ വന്നുകൂടി. എന്നാൽ ഇപ്പോഠം യേശു ആഗതനായി; പക്ഷേ, കാലം വൈകിയപ്പോഠം.

സാവധാനം മാർത്താ എഴുന്നേററു. അവഠം ആ ഗൃഹം വിട്ടു വെളിയിലിറങ്ങി. പൊടിനിറഞ്ഞ ആ വഴിയിൽക്കൂടി ജനക്കൂട്ടം ആ വീടിനു അഭിമുഖമായി വരുന്നതു അവഠംക്കു കാണാം. ഏതൊരു ചേതോവികാരമാണ്—സങ്കടമാണോ, സന്തോഷമാണോ—മനസ്സിൽ പൊന്തിനില്ക്കുന്നതെന്നു് അവഠംക്കുതന്നെ നിശ്ചയമില്ല. അദ്ദേഹത്തെ സ്വീകരിക്കാൻ അവഠം റോഡിലേക്കു നടന്നെത്തി. പെട്ടെന്നവഠം നിന്നു; യേശു അവിടെ വന്നെത്താൻ.

അവിടുന്നു് അവളുടെ സമീപം വന്നുചേൻ്നു. ശാന്തയായി, സങ്കടമടക്കിക്കൊണ്ടു് അവഠം സാവധാനം ഗുരുവിനോടു് പറയുകയാണ്:—"കർത്താവേ, അങ്ങു ഇവിടെയുണ്ടായിരുന്നെങ്കിൽ എൻെറ സാധു സഹോദരൻ മരിക്കുമായിരുന്നില്ല."

ഒരു നിമിഷനേരം അവഠം മൗനമവലംബിച്ചു. സങ്കടം കൊണ്ടു് അസ്വസ്ഥമായിരുന്ന അവളുടെ മനസ്സിൽ ഒരു ആശയം രൂപം പ്രാപിച്ചു. മന്ദം അവഠം പറഞ്ഞു:—"എന്നാൽ, ഇപ്പോഴാണെങ്കിൽ അങ്ങു ആവശ്യപ്പെടുന്നതു ദൈവം നല്കുമെന്നെനിക്കറിയാം."

സ്നേഹത്തോടെ, ആർദ്രതയോടെ യേശു അവളെ നോക്കി. "നിൻെറ സഹോദരൻ എഴുന്നേൽക്കും!"—സൗമ്യമായി അദ്ദേഹം അവളോടു പറഞ്ഞു.

"ലാസർ അന്ത്യനാളിൽ, ഉയത്തെഴുന്നേൽപ്പു ദിനത്തിൽ എഴുന്നേല്ക്കുമെന്നെനിക്കറിയാം." അതായിരുന്നു മാർത്തായുടെ മറുപടി.

കാര്യം അവഠം ഗ്രഹിക്കുന്നില്ലെന്നു യേശു മനസ്സിലാക്കി. "ഞാനാണ് ഉയത്തെഴുന്നേൽപ്പും ജീവനും!"—ഓരോ വാക്കും

സ്വവ്യക്തം ഉച്ചരിച്ചുകൊണ്ടു് അവിടുന്നു് പറഞ്ഞു. "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. എന്നിൽ ജീവിക്കയും വിശ്വസിക്കയും ചെയ്യുന്നവൻ ഒരിക്കലും മരിക്കയുമില്ല."

സംസാരിക്കുമ്പോഴ് യേശു മാർത്തായുടെ മുഖം സൂക്ഷിക്കുന്നുണ്ടായിരുന്നു. സങ്കടംകൊണ്ടു് ഹൃദയം ഭേദിക്കപ്പെട്ട ആ സന്ദർഭത്തിലും, ആ മുഖഭാവം വ്യത്യാസപ്പെട്ടില്ല. പക്ഷേ, അവളുടെ മറുപടിയിൽ അവിടുന്നു് സംതൃപ്തനായി.

"ഉവ്വു്, കർത്താവേ. ഈ ലോകത്തിൽ വന്നെത്തിയ ദൈവപുത്രനായ ക്രിസ്തുവാണങ്ങു് എന്നു ഞാൻ വിശ്വസിക്കുന്നു."

അവഠം വീട്ടിനുള്ളിൽ പ്രവേശിച്ചു മേരിയെ വിളിച്ചു. "മേരി, ഗുരു ഇവിടെയുണ്ടു്. അദ്ദേഹം നിന്നെ വിളിക്കുന്നു."

കണ്ണീരുകൊണ്ടു് കുതിർന്നിരുന്ന മുഖം മേരി ഉയർത്തി. അപ്പോഠം അവളുടെ മുഖഭാവം കണ്ടാൽ ആർക്കും തോന്നും, മാർത്തായുടെ വാക്കുകഠം അവഠം ശരിയായി കേട്ടില്ലെന്നു്. അല്പം പണിപ്പെട്ടു വികാരങ്ങഠം അവഠം നിയന്ത്രിച്ചു. ഗുരു — യേശു — അവിടെയുണ്ടു്. പെട്ടെന്നു അവഠം എണീററു അദ്ദേഹത്തിൻെറ മുമ്പിലെത്തി. അവിടെ മുട്ടിന്മേൽ അവഠം നിന്നു. ഏങ്ങലടിച്ചുകൊണ്ടു് ദയനീയമായ ശബ്ദത്തിൽ അവളും പറഞ്ഞു:—

"ഗുരോ, അങ്ങു് ഇവിടെയുണ്ടായിരുന്നെങ്കിൽ, എൻെറ സഹോദരൻ മരിക്കയില്ലായിരുന്നു."

അവളുടെ മുഖത്തു് ദൃശ്യമായിരുന്ന കഠിനമായ സങ്കടഭാവം യേശുവിനെ വ്യാകുലപ്പെടുത്തി. മേരിയോടും, മാർത്തായോടും, അവരുടെ സഹോദരൻ ലാസറിനോടും അഗാധമായ സ്നേഹമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നതു്. അവരേ അത്രമാത്രം സ്നേഹിച്ച അദ്ദേഹമല്ലേ, അവരെ കൂടുതൽ സങ്കടപ്പെടുത്തിയതു? എന്നാൽ, അവക്കു വേണ്ടിയും ലോകത്തിനൊട്ടുക്കു് വേണ്ടിയുമാണു് അദ്ദേഹം ആ വിധം പ്രവർത്തിച്ചതു്.

"നിങ്ങഠം എവിടെയാണു് ലാസറിനെ അടക്കം ചെയ്തിരിക്കുന്നതു? — സാവധാനം അദ്ദേഹം ചോദിച്ചു.

"കർത്താവേ, വന്നു കണ്ടാലും!"–മേരി ഗുരുവിനെ പട്ടണാതിർത്തിയിലുള്ള ശവകുടീരത്തിങ്കലേക്കു കൂട്ടിക്കൊണ്ടുപോയി.

അവർ പോകുന്നതു ജനങ്ങൾ കണ്ടു്, പിന്നാലേ നടന്നു തുടങ്ങി. "ഗുരു ലാസറിന്റെ ശവകുടീരത്തിങ്കലേക്കു പോകയാണ്, മാർത്തായോടും മറിയയോടുമൊപ്പം, അയാൾക്കായി വിലപിക്കാൻ."–അവർ അന്യോന്യം പറഞ്ഞു. മററു ജനങ്ങളും വീടുവിട്ടിറങ്ങി അവരെ അനുഗമിച്ചു. "ഗലീലിയനായ യേശു അതാ ലാസറിന്റെ ശവകുടീരം സന്ദർശിക്കാൻ പോകുന്നു." അതോടൊപ്പം ചുരുക്കം ചിലർ സംശയം പ്രകടിപ്പിച്ചു:–"അദ്ദേഹത്തിനു ലാസറിനോടു അത്രയധികം സ്നേഹമുണ്ടായിരുന്നെങ്കിൽ, എന്തുകൊണ്ടു് അദ്ദേഹം സ്ഥലത്തെത്തി അയാളെ സൗഖ്യമാക്കിയില്ല?"

യേശു ശവകുടീരത്തിനു സമീപമെത്തി. ജനങ്ങൾ അവിടത്തെ ചുററും കൂടിനിന്നു. അവിടുന്നു് മുദ്രവയ്ക്കപ്പെട്ടിരുന്ന വാതിൽ നോക്കി. അതുകഴിഞ്ഞു് തന്റെ കണ്ണുകൾ കണ്ണീർപൊഴിച്ചുകൊണ്ടുനിന്ന ആ സഹോദരികളുടെ മുഖത്തു പതിഞ്ഞു. അവിടുത്തെ കണ്ണുകൾ നിറഞ്ഞു. തല കുനിച്ചുനിന്നുകൊണ്ടു് യേശുവും കരഞ്ഞു.

കൂടിനിന്നവർ അന്യോന്യം മന്ത്രിച്ചു:–"നോക്കണേ, ലാസറിനോടു് അദ്ദേഹത്തിനു് എത്ര സ്നേഹമുണ്ടായിരുന്നു!"–എന്നു്. പക്ഷേ അക്കൂട്ടത്തിൽ ചുരുക്കം ചിലർ പറയാതെയുമിരുന്നില്ല–"അന്ധക്കു കാഴ്ച നൽകിയ ഇദ്ദേഹത്തിനു് ലാസറിനെ മരണത്തിൽനിന്നു രക്ഷിക്കാമായിരുന്നില്ലേ?" ഇവിടെയും യേശുവിനു് സുഹൃത്തുക്കളും ശത്രുക്കളുമുണ്ടായിരുന്നു.

യേശു ശവകുടീരത്തോടു് ഒന്നുകൂടി സമീപിച്ചു. പാറ തുരന്നുള്ള ഒരു ഗുഹയായിരുന്നതു്. ഒരു വലിയ പാറകൊണ്ടു് അതടച്ചു മുദ്രവയ്ക്കപ്പെട്ടുമിരുന്നു.

"ആ പാറ എടുത്തുമാററു."–അവിടുന്നു് ആജ്ഞാപിച്ചു.

"കർത്താവേ, ലാസർ മരിച്ചിട്ടു് ഇന്നു നാലുദിവസമായി." പ്രതിഷേധരൂപത്തിൽ മാർത്താ അവിടുത്തെ അറിയിച്ചു.

സൗമ്യമായി യേശു അവളോടു് ചോദിച്ചു:- "വിശ്വസിക്കുമെങ്കിൽ നീ ദൈവത്തിൻെറ മഹത്വം ദർശിക്കുമെന്നു് ഞാൻ നിന്നോടു് പറഞ്ഞിട്ടില്ലേ?"

അമ്പരപ്പോടെ മാർത്താ ഗുരുവിൻെറ മുഖത്തു നോക്കി. കല്ലുമാററാൻ അവൻ അവിടെ നിന്നവരോടു് ആവശ്യപ്പെട്ടു. അവർ കല്ലു മാററി. ആകാശത്തിലേക്കു് കണ്ണുകളുയർത്തി യേശു പ്രാർത്ഥിച്ചു. അതിനുശേഷം ഉച്ചത്തിൽ അവിടുന്നു വിളിച്ചു പറഞ്ഞു:- "ലാസറേ, പുറത്തു വരിക."

പുരുഷാരം ശ്വാസമടക്കി നിശ്ചലരായി നിൽക്കയാണു്. പെട്ടെന്നു് ലാസറിൻെറ മൃതദേഹം ഒന്നനങ്ങി. അതു കണ്ടപ്പോൾ ജനങ്ങളുടെ മുഖം വിളറി. ലാസർ സാവധാനം എഴുന്നേററിരുന്നു. ദേഹത്തിൽ ബന്ധിച്ചിരുന്ന തുണിക്കഷണങ്ങളോടെ അയാൾ നിവർന്നുനിന്നു.

"ആ കെട്ടുകൾ അഴിച്ചു് അയാളെ വിടുക." —യേശു ആജ്ഞാപിച്ചു.

വിറച്ചുകൊണ്ടു് ആളുകൾ ആ തുണികളഴിച്ചു. ലാസർ അവരുടെ മുൻപിൽ നിൽക്കുന്നു. അതിശീഘ്രം അയാൾ കണ്ണുകൾ അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നുണ്ടു്; എന്താണു് സംഭവിച്ചതെന്നു ഓർക്കാൻ ശ്രമിക്കുംപോലെ. അത്ഭുതസ്തബ്ധരായി ജനങ്ങൾ അവിടെ നിൽക്കുന്നു. അടുത്ത നിമിഷം അവർ മുന്നോട്ടു പാഞ്ഞെത്തി. ഏകശബ്ദത്തിൽ അവർ വിളിച്ചുപറയുകയാണു്:-"ലാസർ ജീവനോടെയിരിക്കുന്നു. ഗുരു മരണത്തിൽ നിന്നു ലാസറിനെ ഉയർപ്പിച്ചു" "നാലുദിവസമായി ശവകുടീരത്തിലായിരുന്ന ഒരു മനുഷ്യനെ നസ്രായനായ യേശു ജീവിപ്പിച്ചിരിക്കുന്നു." അവർ പട്ടണത്തിലേക്കു മടങ്ങി- ജയാരവത്തോടെ. ബഥനിയിൽ ആ വാർത്ത പ്രചരിക്കാൻ നിമിഷങ്ങളേ ആവശ്യമായിരുന്നുള്ളു. അതോടെ ആ അത്ഭുതത്തെപ്പററിയുള്ള വിവരങ്ങൾ യരുശലേമിലും വ്യാപിച്ചു. "ഇന്നേവരെ സംഭവിച്ചിട്ടില്ലാത്ത അത്ഭുതം ഗലീലിയാക്കാരനായ യേശു പ്രവർത്തിച്ചിരിക്കുന്നു. നാലുദിവസംമുമ്പു് മരിച്ച ഒരു മനുഷ്യനെ അദ്ദേ

ഹം ഉയൎപ്പിച്ചു." ആരുടെയും ശ്രദ്ധയെ ആകൎഷിക്കാതെ യഹൂദിയായിൽ കഴിഞ്ഞുകൂടണമെന്നു യേശു അഭിലഷിച്ചെങ്കിൽ അതു അസാദ്ധ്യമായി വന്നുകൂടി. എന്നാൽ സംഭവിക്കാനിരിക്കുന്നതു് ഈ വിധമാണെന്നു് അവിടുത്തേക്കു മുൻകൂട്ടി അറിയാമായിരുന്നു.

സ്വസഹോദരൻ ജീവനോടെ മുൻപിൽ നിൽക്കുന്നതു് കണ്ടപ്പോൾ അത്ഭുതംകൊണ്ടു ഒരു വാക്കുപോലും ഉച്ചരിക്കാൻ മാൎത്തായിക്കും മേരിക്കും സാധിച്ചില്ല. ക്രമേണ ആ അത്ഭുതം സന്തോഷത്തിനു വഴിമാറിക്കൊടുത്തു. ഗുരു അവരെ നിരാശരാക്കിയില്ല. അവരിരുവരും പരിഭവത്തോടെ അദ്ദേഹത്തെക്കുറിച്ചു സംസാരിച്ചു. അതിനു ഈ വിധമാണു് അദ്ദേഹം പ്രത്യുത്തരം നൽകിയതു്. അവിടുന്നു ശാസനാരൂപത്തിൽ ഒരുവാക്കുപോലും അവരോടു പറഞ്ഞില്ല. തീർച്ചയായും മാർത്താ പറഞ്ഞതു് അക്ഷരംപ്രതി ശരിയായിരുന്നു: — "ദൈവപുത്രനായ ക്രിസ്തുവാണു് അങ്ങു്."


ACHARYA PALACKAL … KENDRAM
18583
LIBRARY

## ഈ പുസ്തകത്തെപ്പററി

യേശുക്രിസ്തുവിൻെറ ജീവചരിത്രം ജാതിമതഭേദം കൂടാതെ സവ്വക്കും ഹൃദ്യമായ ഒന്നാണു്. ലോകൈകഗുരുവായ യേശുവിൻെറ ചരിത്രം പല വീക്ഷണകോണിൽക്കൂടി അനേകംപേർ എഴുതിയിട്ടുണ്ടു്. സുവിശേഷങ്ങളിലെ ക്രിസ്തുവിനെ, അവിടന്നു് ഇടപഴകി ജീവിച്ച ഗ്രാമീണരുടെ മദ്ധ്യത്തിൽ ആവിഷ്കരിക്കയാണു് മദർ മേരി ഈ ഗ്രന്ഥത്തിൽ ചെയ്തിട്ടുള്ളതു്. ഈ ഗ്രന്ഥത്തിൽക്കൂടി സുവിശേഷത്തിലെ ക്രിസ്തു സാമാന്യജനങ്ങളുടെ ക്രിസ്തുവായിത്തീരുകയും അവരുടെ ജീവിതത്തിനൊരു നവ ആത്മപ്രകാശം നല്കുമെന്നതും നിസ്സംശയമാണു്.

പ്രതിമാസ ഗ്രന്ഥക്ലബ്ബ്,
എറണാകുളം.

Cover Printed at Parishath Press, Ekm.



# സ്നേഹയജ്ഞം

Book-a-Month Club

232
LE

Indic Digital Archive Foundation
gpura.org